
# ZÚME



v5.0 - 10

# സെഷൻ 1

**ചെക്ക് - ഇൻ ചെയ്യുക**

**(1 മിനിറ്റ്)**

എല്ലാ പങ്കാളികളും സഹായികളും ചെക്ക്-ഇൻ ചെയ്യുക.

അല്ലെങ്കിൽ zume.training/checkin ചെയ്ത് കോഡ് ഉപയോഗിക്കുക: **5678**

**പ്രാർത്ഥിക്കുക**

**(5 മിനിറ്റ്)**

പ്രാർത്ഥനയോടെ ആരംഭിക്കുക. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമില്ലാതെ ആത്മീയ ഉൾക്കാഴ്ചയും പരിവർത്തനവും സാധ്യമല്ല. ഈ സെഷനിൽ നിങ്ങളെ നയിക്കാൻ അവനെ ക്ഷണിക്കാൻ ഒരു ഗ്രൂപ്പായി സമയം കണ്ടെത്തുക.

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ, നമ്മൾ ഈ ആശയങ്ങൾ കേൾക്കുകയും ചർച്ച ചെയ്യുകയും ചെയ്യും:**

- ദൈവം സാധാരണക്കാരെ ഉപയോഗിക്കുന്നു
- ശിഷ്യൻ്റെയും സഭയുടെയും ലളിതമായ നിർവ്വചനം
- ആത്മീയശ്വസനം

**ടൂൾകിറ്റിലേക്ക് ഈ ഉപകരണങ്ങൾ ചേർക്കുന്നു:**

- എസ്.ഒ.എ.പി.എസ്. ബൈബിൾ വായന
- ഉത്തരവാദിത്ത ഗ്രൂപ്പുകൾ

---

## വായിക്കുക

**(5 മിനിറ്റ്)**

**ദൈവം സാധാരണക്കാരെ ഉപയോഗിക്കുന്നു**

സൂമെ പരിശീലനത്തിലേയ്ക്ക് സ്വാഗതം സൂമെ എന്ന ഗ്രീക്ക് വാക്കിൻറെ അർത്ഥം 'പുളിപ്പ്' എന്നാണ്.

യേശു പറഞ്ഞു സ്വർഗ്ഗരാജ്യം എന്നാൽ പുളിച്ച മാവിനോട് സദൃശ്യം. ഒരുസ്ത്രീ അല്പം പുളിച്ച മാവെടുത്ത് 3 പറ മാവിൽഇട്ടു.

അവൾ അല്പം പുളിച്ച മാവെടുത്തു കലക്കി തൻ നിമിത്തം ആ മാവു മുഴുവൻ പുളിച്ചു.

ഒരുസാധാരണക്കാരനു കൂടി ഒരു ചെറിയ കാര്യങ്ങൾചെയ്ത് വലിയ ഫലങ്ങൾ ഉണ്ടാകുമെന്ന് യേശു പറഞ്ഞുതരുകയായിരുന്നു.

നമ്മുടെ സ്വപ്നം യേശു പറഞ്ഞത് ചെയ്യുക എന്നതാണ്. ലോകമെമ്പാടുമുള്ള സാധാരണക്കാരെ ചെറിയ കാര്യങ്ങൾ ചെയ്ത് ദൈവരാജ്യത്തിൽ വലിയ ഫലങ്ങൾ ഉളവാക്കുവാൻ സഹായിക്കുന്നു എന്നുള്ളതാണ്.

യേശു അനുയായികൾക്ക് കൊടുത്ത നിർദ്ദേശങ്ങൾ ലളിതമായിരുന്നു. അവൻ പറഞ്ഞു

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരങ്ങളും എനിക്ക് നല്കപ്പെട്ടിരിക്കുന്നു. അവരെ പിതാവിൻറെയും പുത്രൻറെയും പരിശുദ്ധാത്മാവിൻറെയും നാമത്തിൽ സ്നാനപ്പെടുത്തുക. ഞാൻ നിങ്ങൾക്ക് തന്ന കല്പനകളെ അനുസരിക്കുവാൻ അവരെ ഉപദേശിക്കുക. ഞാൻ ലോകാവസാനത്തോളവും നിങ്ങളോടു കൂടെ ഇരിക്കും.

യേശുവിൻറെ കല്പന ലളിതമായിരുന്നു.

ശിക്ഷ്യരാക്കുവീൻ അത് എങ്ങനെ ചെയ്യണമെന്നുള്ള നിർദ്ദേശങ്ങളും ലളിതമായിരുന്നു.

- നിങ്ങൾ പോകുന്നടത്തുള്ള എല്ലാവരെയും ശിക്ഷ്യപ്പെടുത്തുക. അവർക്ക് പിതാവിൻറെയും പുത്രൻറെയും പരിശുദ്ധാത്മാവിൻറെയും നാമത്തിൽ ജ്ഞാന സ്നാനം നൽകുക.
- അവൻ കല്പിച്ചതെല്ലാം അനുസരിക്കുവാൻ ശിഷ്യന്മാരെ പഠിപ്പിക്കുക.

അപ്പോൾ ശിഷ്യരാക്കുവാൻ എന്തെല്ലാംചെയ്യണം.

- നാം എവിടെയൊക്കെ പോകുന്നുവോ അവിടെയുള്ളവരെയൊക്കെ ശിഷ്യപ്പെടുത്തുവാനായി ശ്രമിക്കുക.
- ഒരാൾ യേശുവിനെ പിന്തുടരുവാനായി ആഗ്രഹിച്ചാൽ അവനെ സ്നാനപ്പെടുത്തണം.
- അവൻ വളരുമ്പോൾ യേശുവിൻറെ കല്പനകൾ ഒക്കെയും അവനെ അനുസരിക്കുവാൻ പഠിപ്പിക്കണം.

അവൻറെ കല്പനകളിലൊന്ന് ശിഷ്യരാക്കുക എന്നതായതിനാൽ യേശുവിനെ പിന്തുടരുന്ന എല്ലാ ശിഷ്യരും എങ്ങനെ മറ്റുള്ളവരെ ശിഷ്യരാക്കാം എന്ന് പഠിച്ചിരിക്കണം.

നിങ്ങളുടെ ശിഷ്യർ ശിഷ്യന്മാരെ ഉണ്ടാക്കി ആ ശിശ്യഷ്യന്മാർ വീണ്ടും ശിഷ്യന്മാരെ ഉണ്ടാക്കും.

അങ്ങനെ ശിഷ്യഗണം വർദ്ധിക്കും. അങ്ങനെയാണ് സൂമെ പ്രവർത്തനം വർദ്ധിക്കുന്നത്.

പുളിച്ച മാവു പോലെ മാവു മുഴുവൻ പുളിക്കുന്നതു വരെ പ്രവർത്തിച്ചു കൊണ്ടേയിരിക്കും.

ശിഷ്യരാക്കുവീൻ എന്ന കല്പന യേശു കൊടുത്തതോടൊപ്പം ഒരു വാഗ്ദാനവും യേശു നല്കിയിരുന്നു.

യേശു പറഞ്ഞു ഈ ലോകാവസാനം വരെ ഞാൻ നിങ്ങളോടൊപ്പം ഉണ്ടായിരിക്കും.

യേശു എന്നും നമ്മോടൊത്ത് എന്ന വാഗ്ദാനം അവൻറെ എല്ലാ ശിഷ്യന്മാരും വിശ്വസിക്കണം. കാരണം അവൻ ദൈവമാണ്.

പക്ഷെ വേറൊന്നുണ്ട് യേശുവിൻറെ അനുയായികൾ എല്ലാവരെയും ശിഷ്യപ്പെടുത്തണം എന്ന് അവൻ ആഗ്രഹിക്കുന്നു എന്ന കാര്യവും മറക്കരുത്.കാരണം അവൻ അത് ചെയ്തു.

യേശു പറഞ്ഞു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു പുറപ്പെട്ട് ശിഷ്യരാക്കുവീൻ.

യേശു നമ്മെ അയക്കുമ്പോൾ ആശ്രയിക്കുന്ന അധികാരം അത് ദൈവത്തിൻറേതാണ്.

യേശു പറയുന്നു ആ അധികാരത്തെക്കാൾ ഉയർന്നതായി ഒന്നും തന്നെയില്ല. ഒരു  പാരമ്പര്യത്തിനും ആ അധികാരം ഇല്ല.

ഒരു സംസ്ക്കാരത്തിനും ആ അധികാരം ഇല്ല. ഒരു നിയമങ്ങൾക്കും ആ അധികാരമില്ല.

യേശു പറഞ്ഞു പുറപ്പെട്ട് ശിഷ്യരാക്കുവീൻ.

സൂമെ പോലെ പുളിപ്പ് പോലെ നമുക്ക് മുന്നേറാം വളരാം വേല തീരും വരെ അത് ചെയ്യാം.

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

തൻ്റെ മഹത്തായ നിയോഗം അനുസരിക്കാൻ തൻ്റെ അനുഗമിക്കുന്ന ഏവരേയും യേശു ഉദ്ദേശിച്ചിരുന്നെങ്കിൽ, എന്തുകൊണ്ടാണ് വളരെ കുറച്ചുപേർ യഥാർത്ഥത്തിൽ ശിഷ്യരെ ഉളവാക്കുന്നത്?

## വായിക്കുക

**(5 മിനിറ്റ്)**

**ശിഷ്യന്മാരും സഭയും**

സൂമെ പരിശീലനത്തിലേയ്ക്ക് സ്വാഗതം ഇപ്രാവശ്യംശിഷ്യന്മാരെ കുറിച്ചും സഭയെക്കുറിച്ചും സംസാരിക്കാം.

**എന്താണ് ശിഷ്യൻ.എങ്ങനെയാണ് ശിഷ്യനാക്കുക.**

എങ്ങനെ യേശുവിൻറെ അനുയായിയെ അവൻറെ കല്പനകൾ അനുസരിക്കാൻ പഠിപ്പിക്കാം. ലൗകീക ബന്ധനങ്ങളിൽ ജീവിക്കുന്ന ഒരുവ്യക്തിയെ എങ്ങനെ രക്ഷപ്പെടുത്തി ദൈവീകരാജ്യത്തെ പൗരനാക്കാം.

ശിഷ്യൻ എന്ന വാക്കിൻറെ അർത്ഥം അനുയായി എന്നാണ്. അപ്പോൾ ശിഷ്യൻ എന്നാൽ ദൈവത്തിൻറെ അനുയായി. യേശു പറഞ്ഞു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. അപ്പോൾ ദൈവരാജ്യത്തിൽ യേശു രാജാവത്രെ. അവന്  ഇഷ്ടമെങ്കിൽ നാമെല്ലാം അവൻറെ പൗരന്മാർ. അവൻറെആഗ്രഹങ്ങൾ ഉദ്ദേശങ്ങൾ താല്പര്യങ്ങൾ മുൻഗണനകൾ വിലയും എല്ലാം ഉന്നതവും നല്ലതും അത്ര അവൻറെ വാക്കുകളാണ് നിയമങ്ങൾ. അപ്പോൾ ദൈവരാജ്യത്തിലെ നിയമമെന്താണ്. തൻറെ പൗരന്മാരോട് എന്തു ചെയ്യാനാണ് യേശു പറയുന്നത് ?

യേശു പറഞ്ഞു നിൻറെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും  പൂർണ്ണ ശക്തിയോടും കൂടി സ്നേഹിക്കുക. യേശു പറഞ്ഞു നിൻറെ അയൽക്കാരനെ നിന്നെ പോലെ സ്നേഹിക്കണം. യേശു പറഞ്ഞു പഴയ നിയമത്തിലുള്ള ദൈവകല്പനകളും നിയമങ്ങളും പ്രവചനങ്ങളുമെല്ലാം രണ്ടുകാര്യത്തിൽ അടങ്ങുന്നുണ്ട്. ദൈവത്തെ സ്നേഹിക്കുക. മനുഷ്യരെസ്നേഹിക്കുക. യേശു പറഞ്ഞു ശിഷ്യപ്പെടുത്തുവീൻ. യേശു പറഞ്ഞു ഞാൻ കല്പിച്ചത് പ്രമാണിച്ചാൽ അവരെ പഠിപ്പിക്കുവീൻ.

ശിഷ്യപ്പെടുത്തുമ്പോൾ യേശു പഠിപ്പിച്ചതൊക്കെയും അനുസരിക്കേണ്ടതാകയാൽ പുതിയ നിയമം മുഴുവൻ ചുരുക്കി നമുക്കൊരു ഒറ്റവാക്കിൽ പറയാം.  ശിഷ്യപ്പെടുത്തുവീൻ.

ഒരു ശിഷ്യൻ യേശുവിനെ അനുഗമിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നു. മനുഷ്യരെസ്നേഹിക്കുന്നു. ശിഷ്യരാക്കുന്നു.

**അപ്പോൾഎന്താണ് സഭ?**

സഭയെന്നു പറയുമ്പോൾ നിങ്ങൾ വിചാരിക്കുന്നത് നിങ്ങൾ പോകുന്ന സ്ഥലത്തെ ഒരുകെട്ടിടം എന്നാണോ? പക്ഷെ ദൈവവചനം സഭയെപ്പറ്റി പറയുന്നു.  നിങ്ങളുടെ വേണ്ടപ്പെട്ടവരുമായുള്ള ഒത്തു ചേരൽ എന്നാണ്.

സഭ എന്ന് ബൈബിളിൽ മൂന്ന് രീതിയിൽ ഉപയോഗിച്ചിരിക്കുന്നു:

- **ഭൂലോക സഭ യേശുവിൻറെ** അനുയായികളും ഇനിയാകുന്നവരും ഉൾപ്പെടുന്നതാണ് ഭൂലോക സഭ.
- **നാടു സംബന്ധപ്പെട്ട പ്രാദേശിക സഭ** ഏതെങ്കിലുംഒരു നാട്ട് പ്രദേശത്തിലുള്ള അനുയായികളുടെ കൂട്ടമാണ്. വീടുകളിലെ സഭ യേശുവിനെ പിൻപറ്റുന്ന ഒന്നോ രണ്ടോ അതിലധികമോ കൂടുന്ന കൂട്ടർ.
- ആത്മീയ കുടുംബം ദൈവത്തെ സ്നേഹിക്കുന്ന ജനങ്ങളെ സ്നേഹിക്കുന്ന ശിഷ്യരാക്കുന്ന യേശുവിൻറെ അനുയായികൾ സ്വന്തം നാട്ടിൽ ഒരുമിച്ചു **കൂടുന്ന സഭയാണ് ഇത്.**

വീടുകളിലെ സഭ അല്ലെങ്കിൽ ലളിമായ സഭ. ലളിതമായ ഈ സഭയിലെ അംഗങ്ങൾ വലിയ കാര്യങ്ങൾ ചെയ്യുവാനായി ഒന്നിച്ചു കൂടുമ്പോൾ അവർക്ക് പ്രാദേശിക സഭ ഉണ്ടാക്കാവുന്നതാണ്.

അങ്ങനെ പല വീട്ടിലെ സഭകൾ ചേർന്ന് പ്രാദേശിക സഭയായി പല പ്രാദേശിക സഭകൾ ചേർന്ന് ഭൂലോക സഭയായി മാറുന്നു.

അതാണ് ക്യാപിറ്റൽ 'സി'യോട് കൂടിയ സഭ.

**ലളിത സഭകൾ എല്ലാം തന്നെ യേശു കേന്ദ്രമായും** രാജാവുമായിരിക്കുന്ന ആത്മീയ കുടുംബങ്ങളാണ്. ആത്മീയ കുടുംബങ്ങൾ ദൈവത്തെ സ്നേഹിക്കുന്നു.മനുഷ്യരെ സ്നേഹിക്കുന്നു.  ശിഷ്യരാക്കുന്നു.  വർദ്ധിക്കുന്നു. ചില സഭകൾക്ക് കെട്ടിടങ്ങളുണ്ട്, കാര്യപരിപാടികളുണ്ട്, ബജറ്റ് ജോലിക്കാർ എല്ലാം ഉണ്ട്. എന്നാൽ ദൈവത്തെ സ്നേഹിക്കാനും മനുഷ്യരെ സ്നേഹിക്കാനും ശിഷ്യരാക്കാനും വർദ്ധിക്കാനും ലളിത സഭകൾക്ക് ഇതിൻറെ ആവശ്യം ഇല്ല. എന്തെങ്കിലും കൂടുതൽ ചെയ്താൽ സഭ സങ്കീർണ്ണമാകുകയും വർദ്ധന നിൽക്കുകയും ചെയ്കയാൽ നമ്മുടെ പരിശീലനത്തിൽ കെട്ടിടങ്ങളും കാര്യപരിപാടികളും മറ്റും ലളിത സഭകളിൽ നിന്നും ഉരുവാകുന്ന പ്രാദേശിക സഭയ്ക്ക് മാത്രമായിട്ടുള്ളതാണ്.

ഓർക്കുക സൂമെഎന്നാൽ പുളിപ്പ് എന്നാണർത്ഥം. വളരെ ലളിതമാണെങ്കിലും വേഗത്തിൽ വർദ്ധനവ് നടക്കുന്ന ഒന്നാണ്.

സൂമെ ട്രയിനിംഗിലൂടെ നമ്മളും പുളിപ്പ് പോലെയാകുന്നു. ലളിതവും വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. നമ്മൾ വർദ്ധിപ്പിക്കുന്നതിന് മുമ്പ് ദൈവത്തിനു വേണ്ടി എന്താണ് വർദ്ധിപ്പിക്കുന്നത് എന്ന് മനസ്സിലാക്കാം കാരണം വർദ്ധനവിൻറെ കാര്യം പലപ്പോഴും നല്ലതിനു വേണ്ടി മാത്രമായിരിക്കില്ല. ക്യാൻസർ വർദ്ധിക്കുന്നത് കൊല്ലുന്നതിനാണെന്ന് അറിയാമല്ലോ. നമ്മൾ ജീവനെയാണ് ഉല്പാദിപ്പിക്കേണ്ടത് മരണത്തെയല്ല. ശിഷ്യരെ വർദ്ധിപ്പിക്കാൻ കഴിവുള്ള ദൈവത്തിൻറെ ഉത്തമ ശിഷ്യരാണെന്ന് എങ്ങനെ ഉറപ്പാക്കാം.

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- ഒരു പള്ളിയെക്കുറിച്ച് ചിന്തിക്കുമ്പോൾ എന്താണ് മനസ്സിൽ വരുന്നത്?
- ആ ചിത്രവും വീഡിയോയിൽ "ലളിതമായ പള്ളി" എന്ന് വിവരിച്ചിരിക്കുന്നതും തമ്മിലുള്ള വ്യത്യാസം എന്താണ്?
- ഗുണിക്കാൻ എളുപ്പമെന്ന് നിങ്ങൾ കരുതുന്നത് എന്താണ്? എന്തുകൊണ്ട്?

---

## വായിക്കുക

**(5 മിനിറ്റ്)**

**ദൈവത്തെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക**

സൂമെ പരിശീലനത്തിലേയ്ക്ക്  വീണ്ടും സ്വാഗതം. ഇപ്രാവശ്യം ഇപ്പോൾ നമുക്ക് ദൈവത്തെ കേൾക്കുന്നതും കേട്ടത് അനുസരിക്കുന്നതും സംബന്ധിച്ച് സംസാരിക്കാം.

ശ്വസനമാണ് ജീവൻ. നമ്മൾ ശ്വാസംഎടുക്കുന്നു ശ്വാസംവിടുന്നു. ജീവൻ.

ശ്വസനം ദൈവരാജ്യത്തിലും വളരെ പ്രധാനപ്പെട്ടതാണ്. സത്യത്തിൽ ദൈവം തൻറെ ആത്മാവിനെ ശ്വാസം എന്നു വിളിക്കുന്നു.

അവിടെ നമ്മൾ ദൈവത്തെ കേൾക്കുമ്പോൾ ശ്വാസംഎടുക്കുന്നു. ബൈബിളിലെ ദൈവവചനങ്ങളിലൂടെ അവനെ കേൾക്കുമ്പോൾ നമ്മൾ ശ്വസം എടുക്കുന്നു. പ്രാർത്ഥനയിലൂടെ നമ്മൾ ദൈവത്തെ കേൾക്കുമ്പോഴും നമ്മൾ ശ്വാസംഎടുക്കുന്നു. അവനുമൊത്തുള്ളസംഭാഷണമാണത്. ദൈവത്തിൻറെ ശരീരമായ സഭ യേശുവിൻറെ അനുയായികൾ മൂലംഅവനെ കേൾക്കുന്നു. നമ്മൾ ശ്വാസംഎടുക്കുന്നു.ദൈവമക്കൾക്ക് അവൻ അനുഭവിക്കുന്ന അനുഭവങ്ങൾ, സംഭവങ്ങൾ, പീഡനങ്ങൾ, വേദനങ്ങൾ തുടങ്ങിയ അവൻറെ പ്രവൃത്തികൾ മൂലം നാം അവനെ കേൾക്കുമ്പോഴും നമ്മൾ ശ്വാസം എടുക്കുന്നു.

ദൈവത്തിൽ നിന്ന് കേട്ടത് പ്രവൃത്തിക്കുമ്പോൾ നമ്മൾ ശ്വാസംവിടുന്നു. നമ്മൾ അനുസരിക്കുമ്പോൾ ശ്വാസം വിടുന്നു.

ചിലപ്പോൾ അനുസരിക്കുമ്പോൾ ശ്വാസം വിടുന്നു എന്നാൽ നമ്മുടെ ചിന്തകളും വാക്കുകളും പ്രവൃത്തികളും യേശുവിൻറെ ചിത്തത്തിനോട് പൊരുത്തപ്പെടുകയെന്നാണ്.

ചിലപ്പോൾ അനുസരിക്കുവാൻ ശ്വാസം വിടുന്നുവെന്ന് എന്നാൽ യേശു നമ്മോട് പങ്കിട്ടത് പങ്കിടുക എന്നാണ്. അവൻ നമുക്ക് തന്നത് നാമുംകൊടുക്കുക. അതുവഴി നാം അനുഗ്രഹിക്കപ്പെട്ടതു പോലെ മറ്റുള്ളവരും അനുഗ്രിക്കപ്പെടും.

ഒരു അനുയായിയെ സംബന്ധിച്ച് ശ്വാസംഎടുക്കുന്നതും വിടുന്നതുംവളരെസൂക്ഷിക്കേണ്ടതാണ്. അത് അവർക്ക് ജീവൻ തന്നെയാണ്. യേശു പറഞ്ഞു പിതാവ് ചെയ്തു കാണുന്നതല്ലാതെ പുത്രനു സ്വതേ ഒന്നും ചെയ്യുവാൻ കഴിയില്ല. അവൻ ചെയ്യുന്നതെല്ലാം പുത്രനും അവ്വണ്ണംചെയ്യുന്നു.

യേശു പറഞ്ഞു ഞാൻ സ്വയമായി സംസാരിച്ചിട്ടില്ലഎന്നെ അയച്ച പിതാവ് തന്നെ ഞാൻ ഇന്നത് ചെയ്യണം ഇന്നത് പറയണം എന്നും കല്പന തന്നിരിക്കുന്നു.

യേശു പറഞ്ഞു അവൻ പറഞ്ഞ വാക്കുകളെല്ലാം ചെയ്ത പ്രവൃത്തികളെല്ലാം ദൈവത്തിൽ നിന്നുംകേട്ടതും കേട്ടത് അനുസരിച്ചതും മാത്രമാണ്.

ശ്വാസം എടുക്കുക ദൈവത്തെ കേൾക്കുക ശ്വാസം വിടുക കേട്ടത് അനുസരിക്കുക അത് പങ്കിടുക.

യേശു പറഞ്ഞു അവൻറെ ശ്വാസമായ പരിശുദ്ധാത്മാവു മൂലം യേശുവിൻറെ അനുയായികൾക്കും ദൈവത്തെ കേൾക്കാം.  അവനെ അനുഗമിക്കുന്ന എല്ലാവരിലും ആ ശ്വാസം പകർന്നു നൽകപ്പെടുന്നു.

യേശു പറഞ്ഞു പിതാവ് എൻറെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലതും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും ഓർമ്മപ്പെടുത്തുകയുംചെയ്യും.

ശ്വാസം എടുക്കുക ദൈവത്തെ കേൾക്കുക ശ്വാസം വിടുക കേട്ടത് അനുസരിക്കുക അത് മറ്റുള്ളവരുമായി പങ്കിടുക.

നാം എങ്ങനെ ജീവിക്കണമെന്ന് യേശു കാണിക്കുകയായിരുന്നു.

എങ്ങനെയാണ് നാം ദൈവസ്വരം കേൾക്കുന്നത്, എന്താണ് അനുസരിക്കേണ്ടത് എന്ന് എങ്ങനെ അറിയും?

യേശു അവനെ നല്ല ഇടയൻ എന്നു വിശേഷിപ്പിച്ചു. തൻറെ പിൻഗാമികളെ അവൻ വിളിച്ചത് ആടുകൾ എന്നാണ്. യേശു പറഞ്ഞു എൻറെ ആടുകൾ എൻറെ ശബ്ദംകേൾക്കുന്നു. ഞാൻ അവയെ അറിയുകയും അവ എന്നെ അനുഗമിക്കുകയുംചെയ്യുന്നു. യേശു പറഞ്ഞു ദൈവസന്തതിയായവൻ ദൈവവചനം കേൾക്കുന്നു, നിങ്ങൾ ദൈവസന്തതിയല്ലായ്കയാൽ കേൾക്കുന്നില്ല.

ദൈവത്തിൻറെ അനുയായികൾ എന്ന നിലയിൽ ദൈവസ്വരം കേൾക്കാൻ അവർ ബാദ്ധ്യസ്ഥരാണ്.

- നിശ്ചലമാകുമ്പോൾ നാം ദൈവസ്വരം കേൾക്കുന്നു.
- യേശുവിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ നാം ദൈവസ്വരം കേൾക്കുന്നു.
- നമ്മുടെ ചിന്തകളിൽ ദർശനങ്ങളിൽ വികാരങ്ങളിൽ തോന്നലുകളിൽ നാം ദൈവത്തിൻറെ സ്വരം കേൾക്കുന്നു.
- കേട്ടത് നാം പരീക്ഷിക്കാനായി എഴുതുമ്പോൾ ദൈവത്തിൻറെ സ്വരംകേൾക്കുന്നു.

എല്ലാ ശബ്ദങ്ങളും ചിന്തകളും ഓർമ്മകളും വികാരങ്ങളും തോന്നലുകളും ദൈവസ്വരമല്ല. ചിലപ്പോൾ അത് സാത്താൻറെ സ്വരമാകാം യേശുപറഞ്ഞു പിശാച് ഭോഷ്കു പറയുന്നതിനും അതിൻറെ അപ്പനുമാകുന്നു. യേശുപറഞ്ഞു മോഷ്ടിപ്പാനും അറപ്പാനും മുടിപ്പാനുമല്ലാതെ കള്ളൻ വരുന്നില്ല.

എന്നാൽ ദൈവം പറയുന്നു. നാം അവൻറെ ശബ്ദംകേൾക്കുന്നു. അത്അവൻറെതെന്ന് തിരിച്ചറിയുകയും ചെയ്യുന്നു. പരിശീലനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ദൈവസ്വരം നമുക്ക് വ്യക്തമായി മനസ്സിലാക്കാം.നമ്മൾ കേൾക്കുന്നത് ദൈവസ്വരമാണോഎന്ന് അറിയാൻ പഠിക്കാം.

ഇതാ അതിനായുള്ള ചില വഴികൾ:

- യേശുവിൻറെ സംസാരംഎപ്പോഴും ബൈബിളിലുള്ള എഴുതപ്പെട്ട വചനങ്ങളുമായി പൊരുത്തപ്പെട്ടതായിരിക്കും.അവൻറെ സംസാരം ഒരിക്കലും എഴുതപ്പെട്ടവയെ എതിർക്കുന്നവയാകില്ല.
- യേശു സംസാരിക്കുമ്പോൾ അവൻറെ സ്വരം നമ്മുടെ ഹൃദയത്തിന് സമാധാനവും പ്രത്യാശയും നൽകും. അവൻറെ സ്വരം കുറ്റപ്പെടുത്തുന്നതോ, അധൈര്യപ്പെടുത്തുന്നതോ അല്ല. യേശു കുറ്റപ്പെടുത്തില്ല, സ്നേഹത്താൽ തിരുത്തുകയേ ഉള്ളൂ.
- യേശുവിൻറെ സ്വരത്തിൽ ജഡിലമായവ ഒന്നും ഉണ്ടാകില്ല. ദുർനടപ്പ് അതൃപ്തി ദുഷ്കാമം, വിഗ്രഹാരാധന ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ മദ്യപാനം വെറികൂത്ത് ഇവ ഒന്നും തന്നെ ദൈവസ്വരത്തിൽ ഉണ്ടാകില്ല.
- യേശുസംസാരിക്കുമ്പോൾ സ്നേഹവും ആനന്ദവും സമാധാനവും ക്ഷമയും കരുണയും നന്മയും ആത്മാർത്ഥതയും മാന്യതയും ഇന്ദ്രീയ ജയവും മുതലായ പരിശുദ്ധാത്മാവിൻറെ ഫലങ്ങൾ പ്രതിഫലിക്കും.
- യേശുസംസാരിക്കുമ്പോൾ നമുക്ക് സംശയത്തിനു പകരംആത്മവിശ്വാസമാണ് ഉണ്ടാകുക.നാം ദൈവത്തിൽ നിന്ന് കേൾക്കുന്നു എന്ന ജ്ഞാനവും സമാധാനവും നമ്മുടെ ഉള്ളിൽ അനുഭവപ്പെടും. നാം എല്ലാം ഒരു സമയത്തല്ല കേൾക്കുക. പക്ഷെ അപ്പപ്പോൾ അറിയേണ്ടത് മാത്രമാവും കേൾക്കുക. പക്ഷെ കേൾക്കുന്നത് വളരെ വ്യക്തവുമായിരിക്കും.സംശയങ്ങൾക്കിടമുണ്ടാകില്ല.

യേശുവിൻറെ അനുയായികൾക്ക് ഒരുസന്തോഷ വാർത്തയുണ്ട്. നമ്മൾ ശ്വാസംഎടുത്ത് ദൈവത്തിൽ നിന്ന് കേട്ട് അനുസരിച്ച് പങ്കുവെയ്ക്കാനായി ശ്വാസം വിടുമ്പോൾ ദൈവം നമ്മോട് ഇനിയും വളരെ വ്യക്തമായി സംസാരിക്കും.

അവൻറെ ശ്വാസം നമ്മിൽ കൂടുതലായി ശ്വസിക്കപ്പെടും.

അവൻറെ സ്വരം കൂടുതൽ വ്യക്തമായി കേൾക്കാനാകും. മറ്റുള്ളവരിൽ നിന്ന് അവൻറെ സ്വരം തിരിച്ചറിയാൻ സാധിക്കും. ലോകത്തിൽ അവൻറെ പ്രവൃത്തികാണാനും അവനോടൊത്ത് പ്രവൃത്തിക്കുവാനും സാധിക്കും.

നമ്മൾ ശ്വാസം എടുക്കുന്നു.നമ്മൾ ശ്വാസം വിടുന്നു ജീവിക്കുന്നു.

---

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- ദൈവത്തിൻ്റെ ശബ്ദം കേൾക്കാനും തിരിച്ചറിയാനും പഠിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നത് എന്തുകൊണ്ട്?
- കർത്താവിനെ കേൾക്കുന്നതും പ്രതികരിക്കുന്നതും ശ്വസിക്കുന്നത് പോലെയാണോ? എന്തുകൊണ്ട് അല്ലെങ്കിൽ എന്തുകൊണ്ടല്ല?

---

## വായിക്കുക

**(5 മിനിറ്റ്)**

**എസ്.ഒ.എ.പി.എസ്. ബൈബിൾ വായന**

യേശു പറഞ്ഞു നിങ്ങൾ പോയി എല്ലാ  ജനതകളെയും ശിഷ്യപ്പെടുത്തുവീൻ. പിതാവിൻറെയും പുത്രൻറെയും പരിശുദ്ധാത്മാവിൻറെയും നാമത്തിൽഅവരെ സ്നാനപ്പെടുത്തുവീൻ. ഞാൻ നിങ്ങളോട് കല്പിച്ചതെല്ലാം  അനുസരിക്കാൻ അവരെ പഠിപ്പിക്കുവീൻ.

യശുവിനെ അനുഗമിക്കുന്നവർ യേശു കല്പിച്ചതെല്ലാം അനുസരിക്കാൻ പുറപ്പെടുമ്പോൾ യേശു എന്താണ് കല്പിച്ചതെന്ന് അറിഞ്ഞിരിക്കണം. വലിയ കല്പനയുടെയും വലിയ നിയോഗത്തിൻറെയും വലിയ രത്നചുരുക്കമാണ് ദൈവം നമ്മോട് പറഞ്ഞത്.  എന്നാൽ അനുഗമിക്കുന്നവർ ദൈവം എന്തിനവരെ സൃഷ്ടിച്ചുവോ അതിൻറെ പൂർണ്ണതയിലേയ്ക്ക് എത്തിച്ചേരുവാൻ കൂടുതൽ അറിയുകയും അനുസരിക്കുകയുംവേണം.

സോപ്സ് സൂചിപ്പിക്കുന്നത്:

- **വചനം പിന്നെ**
- **നിരീക്ഷണം**
- **പ്രയോഗം**
- **പ്രാർത്ഥന**
- **പങ്കുവെയ്ക്കൽ**

യേശുവിനെ അനുഗമിക്കുന്നവർക്ക് ഓർത്തിരിക്കാൻ വളരെ ലളിതമായ ഫലവത്തായ ഒരു ബൈബിൾ പഠന രീതിയാണിത്.ഓരോ ഭാഗങ്ങളുംവിശദമായി നിരീക്ഷിക്കാം.

ബൈബിൾ വായിക്കുകയോ കേൾക്കുകയോ ചെയ്യുമ്പോൾ:

- **വചനം പിന്നെ:** വചനം നിങ്ങൾ പ്രത്യേകം അർത്ഥവത്തായിതോന്നുന്ന ഒന്നോ രണ്ടോ വാകൃങ്ങൾഇന്ന് കുറിച്ചു വെയ്ക്കുക.
- **നിരീക്ഷണം:** ആ വാക്യമോ മുഖ്യ ആശയമോ നിങ്ങളുടെ സ്വന്തം വാക്കുകളിൽ എടുത്തെഴുതുക.നന്നായി മനസ്സിലാക്കുവാൻ അത് നിങ്ങളെസഹായിക്കുന്നതാണ്.
- **പ്രയോഗം:** നിങ്ങളുടെ ജീവിതത്തിലെ കല്പനകളോ ആശയങ്ങളോ അനുസരിക്കുന്നതെങ്ങനെയെന്ന്  ചിന്തിക്കുക.എന്താണ് വ്യത്യസ്തമായി ചെയ്യേണ്ടത് ഇതെല്ലാം എഴുതുക.

- **പ്രാർത്ഥന:** വായിച്ച വചനങ്ങളിൽ നിന്നും ദൈവകല്പന എങ്ങനെ അനുസരിക്കാം എന്ന് മനസ്സിലാക്കിയോ അതെങ്ങനെ പ്രാവർത്തികമാക്കാമെന്ന് പ്രാർത്ഥനയായി എഴുതുക.

- **പങ്കുവെയ്ക്കൽ:** പങ്കിടൽ നീ മനസ്സിലാക്കിയും പ്രാവർത്തികമാക്കിയതുംആരുമായും പങ്കിടാമെന്ന് ദൈവത്തോട്ചോദിക്കുക.

സോപ്സ് എങ്ങനെ പ്രവർത്തിക്കുന്നു എന്നു നോക്കാം:

- **വചനം** - ബൈബിൾ പറയുന്നു - എൻറെചിന്തകൾ നിങ്ങളുടേതു പോലെ അല്ല നിങ്ങളുടെവഴികൾ എൻറെവഴികളുമല്ല എന്ന് യഹോവഅരുളിച്ചെയ്യുന്നു. ആകാശം ഭൂമിയേക്കാൾ ഉയർന്നു നില്ക്കുന്നു. അതുപോലെ എൻറെ വഴികളും ചിന്തയും നിങ്ങളുടേതിനേക്കാൾ ഉന്നതമത്രേ. യെശയ്യാവ് 55 - 8, 9
- **നിരീക്ഷണം** മനുഷ്യന് എന്തറിയാം അതെങ്ങനെ പ്രയേഗിക്കണമെന്ന് കാര്യത്തിൽ പരിമിതികളുണ്ട്. ദൈവത്തിനാകട്ടെ പരിമിധികളില്ല. അവനെല്ലാംകാണുന്നു, അറിയുന്നു. എന്തും പ്രാവർത്തികമാക്കാൻ കഴിയും.
- **പ്രയോഗം** ദൈവംഎല്ലാം അറിയുന്നവനും അവൻറെ വഴികൾ ഉത്തമവുംഎൻറെ വഴികളെ അനുഗമിക്കാതെ അവനെ ആശ്രയിച്ചാൽ എനിക്ക് കൂടുതൽ ജീവിത വിജയം പ്രാപ്തമാകും.
- **പ്രാർത്ഥന** കർത്താവേ അങ്ങേയ്ക്ക് പ്രീതിയും മറ്റുള്ളവർക്ക് സഹായവുമാകുന്ന ജീവിതം എങ്ങനെ നയിക്കണം.എൻറെവഴികൾ തെറ്റിലേയ്ക്ക് നയിക്കുന്നു. എൻറെചിന്തകൾ മുറിപ്പെടുത്തുന്നു. നിൻറെ വഴിയും ചിന്തയും ദയവായി എന്നെ പഠിപ്പിക്കേണമേ. ഞാൻ നിന്നെ അനുഗമിക്കുവാൻ പരിശുദ്ധാത്മാവ് എന്നെ നയിക്കട്ടെ.
- **പങ്കിടൽ** ഉചിതമായ തീരുമാനമെടുക്കാൻ കഴിയാതെ ജീവിത പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന എൻറെ കൂട്ടുകാരൻ സ്റ്റീവുമായി ഞാൻ ഈ വാക്യങ്ങളും പ്രയോഗവും പങ്കുവെയ്ക്കുന്നു.

സോപ്സ് ബൈബിൾ പഠനം സൂമെ റ്റൂൾ കിറ്റിലെ ലളിതമായ മാർഗ്ഗം.

---

## പ്രവർത്തനം

**(30 മിനിറ്റ്)**

**പ്രാക്ടീസ് എസ്.ഒ.എ.പി.എസ്.**

- മത്തായി 6:9-13 ഉപയോഗിച്ച് SOAPS ബൈബിൾ പഠന പാറ്റേണിലൂടെ വ്യക്തിഗതമായി പ്രവർത്തിക്കുക. (20 മിനിറ്റ്)
- ഒരുമിച്ച് മടങ്ങുകയും നിങ്ങളുടെ S.O.A.P.S പങ്കിടുകയും ചെയ്യുക. രണ്ടോ മൂന്നോ ഗ്രൂപ്പുകളായി. (10 മിനിറ്റ്)

**തിരുവെഴുത്ത്**

നിങ്ങളെ സംബന്ധിച്ച് അർത്ഥവത്തായിത്തോന്നിയ ഒന്നോ അതിലധികമോ വാക്യങ്ങൾ ഇന്നുതന്നെ എഴുതുക.

**നിരീക്ഷണം**

ആ വാക്യങ്ങൾ / അവയുടെ പ്രധാനപ്പെട്ട ആശയങ്ങൾ നിങ്ങൾക്കു നന്നായി ഗ്രഹിക്കുന്നതിനുവേണ്ടി വീണ്ടുമെഴുതുക.

**പ്രായോഗികമാക്കൽ**

നിങ്ങളുടെ ജീവിതത്തിൽ ഇതിൽനിന്ന് അനുസരിക്കേണ്ടതെന്താണെന്നു ചിന്തിക്കുക.

**പ്രാർത്ഥന**

നിങ്ങൾ പഠിച്ചതും അനുസരിക്കാൻ പോകുന്നതുമായ കാര്യത്തെപ്പറ്റി ദൈവത്തോടു പ്രാർത്ഥിക്കുക, ആ പ്രാർത്ഥന എഴുതി വയ്ക്കുക.

**പങ്കുവയ്ക്കൽ**

നിങ്ങൾ പഠിച്ചത് / പ്രായോഗികമാക്കിയത് ആരുമായി പങ്കുവയ്ക്കാനാണു ദൈവം ആഗ്രഹിക്കുന്നതെന്നു ദൈവത്തോടു ചോദിക്കുക.

**S. O. A. P. S. ന്റെ പ്രായോഗികമായ ഒരു ഉദാഹരണം ഇതാ:**

**S** – "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല;നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു". യെശയ്യാവ് 55: 8,9

**O** – മനുഷ്യനെന്ന നിലയിൽ എന്റെ അറിവിലും പ്രവർത്തനത്തിലും എനിക്കു പരിമിതിയുണ്ട്. ദൈവത്തിന് അങ്ങനെ പരിമിതിയില്ല ദൈവം എല്ലാം കാണുന്നു, അറിയുന്നു. ദൈവത്തിന് എന്തും ചെയ്യാം.

**A** – ദൈവം എല്ലാമറിയുന്നവനായതുകൊണ്ടും ദൈവത്തിന്റെ വഴികളെല്ലാം ഏറ്റവും നല്ലതായതുകൊണ്ടും, എന്റെ കഴിവുകളിലും വഴികളിലുമൊന്നും ആശ്രയിക്കാതെ ദൈവത്തെ അനുഗമിച്ചാൽ, ജീവിതത്തിൽ കൂടുതലായി വിജയിക്കാൻ എനിക്കു കഴിയും.

**P** – കർത്താവേ, നിനക്കു പ്രസാദകരമായ, മറ്റുള്ളവർക്കു സഹായകമായ ഒരു നല്ല ജീവിതം എങ്ങനെ നയിക്കണമെന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ വഴികളിലൊക്കെ തെറ്റുകുറ്റങ്ങളുണ്ട്. എന്റെ ചിന്തകൾ മുറിവേല്പിക്കുന്നവയാണ്. കർത്താവിന്റെ വഴികളും ചിന്തകളും എന്നെ ഗ്രഹിപ്പിക്കണമേ. ഞാൻ അങ്ങയെ അനുഗമിക്കുമ്പോൾ, പരിശുദ്ധാത്മാവ് എനിക്കു വഴികാട്ടിയാകണമേ.

**S** – ഈ വാക്യങ്ങളും ഇതിന്റെ പ്രായോഗികത്വവും എന്റെ സ്നേഹിതനായ വിജയനുമായി ഞാൻ പങ്കു വയ്ക്കും. അദ്ദേഹത്തിന് ഇപ്പോൾ ബുദ്ധിമുട്ടുള്ള സാഹചര്യമാണുള്ളത്. പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കാൻ അദ്ദേഹത്തിനു മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമുണ്ട്.

---

## വായിക്കുക

**(5 മിനിറ്റ്)**

**ഉത്തരവാദിത്ത ഗ്രൂപ്പുകൾ**

യേശു പറഞ്ഞു 'അധികംലഭിച്ചവനിൽ നിന്നും അധികംആവശ്യപ്പെടും. അധികംഏൽപ്പിക്കപ്പെട്ടവനോട് അധികംചോദിക്കും'.

യേശു ചുമതലകളെപറ്റി ധാരാളം ഉപമകൾ പറഞ്ഞിട്ടുണ്ട്. വാക്കിനും പ്രവർത്തിക്കും നമ്മൾ എങ്ങനെ ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്.

യേശുഇപ്പോൾ ഈ കാര്യങ്ങൾ നമ്മോട് പറയുന്നത് നാളത്തേയ്ക്ക് തയ്യാറായിരിക്കാനാണ്. കാരണം നാം എല്ലാവരും ഒരു നാളിൽ അവനു മുന്നിൽ കണക്ക് ബോധിപ്പിക്കണം. അതിനാൽ ഇന്ന് പരസ്പരം ബോധ്യപ്പെട്ട് ജീവിക്കണം.

രണ്ടോ മൂന്നോ പേരടങ്ങുന്നതായ ചുമതലാ ഗ്രൂപ്പുകൾ ഉണ്ടാക്കണംഅത് സ്ത്രീകളുടേതും പുരുഷന്മാരുടേതും. അവർ ആഴ്ചയിൽ ഒരിക്കൽ ഒന്നിച്ച് പ്രവർത്തനങ്ങൾ ശരിയായ ദിശയിലാണോ എന്നും ആവശ്യമെങ്കിൽ തിരുത്തലുകളും നടത്തണം.

യേശുവിനെ അനുഗമിക്കുന്ന എല്ലാവരും കണക്ക് ബോധിപ്പിക്കേണ്ടവരാണ്.അതുകൊണ്ട് എല്ലാ അനുയായികളും പരസ്പരം ബോധ്യപ്പെടുത്തി ജീവിക്കണം.

ചുമതലാ ഗ്രൂപ്പുകൾ സൂമെ ടൂൾ  കിറ്റിലെ മറ്റൊരു ലളിതമായ മാർഗ്ഗം.

## പ്രവർത്തനം

**(20 മിനിറ്റ്)**

**അക്കൗണ്ടബിലിറ്റി ഗ്രൂപ്പുകൾ പരിശീലിക്കുക**

- ഒരേ ലിംഗത്തിലുള്ള രണ്ടോ മൂന്നോ പേരുടെ ഗ്രൂപ്പുകളായി തിരിക്കുക.
- അടുത്ത 20 മിനിറ്റ് അക്കൗണ്ടബിലിറ്റി ചോദ്യങ്ങളിലൂടെ ഒരുമിച്ച് പ്രവർത്തിക്കുക.

1. ദൈവപ്രവൃത്തി നിങ്ങൾ കണ്ടതെങ്ങനെ?
2. ഈയാഴ്ച, വാക്കിലും പ്രവൃത്തിയിലും യേശുക്രിസ്തുവിന്റെ മഹത്വത്തിന്റെ ഒരു സാക്ഷിയായി നിങ്ങൾ ആയിരുന്നോ?
3. ലൈംഗികോത്തേജകമായ കാര്യങ്ങൾക്കു നിങ്ങൾ വിധേയപ്പെട്ടോ/അയോഗ്യമായ ലൈംഗികചിന്തകളിൽ നിങ്ങൾ രസിച്ചോ?
4. നിങ്ങളുടെ ധനവിനിയോഗത്തിൽ ദൈവത്തിന്റെ ഉടമസ്ഥത നിങ്ങൾ അംഗീകരിച്ചിരുന്നോ?
5. എന്തെങ്കിലും ദുർമ്മോഹം നിങ്ങൾക്കുണ്ടായോ?
6. വാക്കുകൾകൊണ്ട് ആരെയെങ്കിലും നിങ്ങൾ മുറിവേല്പിച്ചോ?
7. വാക്കിലോ പ്രവൃത്തിയിലോ സത്യസന്ധത പുലർത്താതിരുന്നോ? അതിശയോക്തി പറഞ്ഞോ?
8. ചിട്ടയില്ലാത്ത, അലസമായ പെരുമാറ്റത്തിന് താങ്കൾ അടിപ്പെട്ടോ?
9. വസ്ത്രധാരണം, സൗഹൃദം, ജോലി, സമ്പത്ത് എന്നിവയുടെ അടിമയാണോ താങ്കൾ?
10. ആരോടെങ്കിലും ക്ഷമിക്കുന്നതിൽ താങ്കൾ പരാജയപ്പെട്ടിട്ടുണ്ടോ?
11. എന്തൊക്കെ വിചാരങ്ങളും ഉത്ക്കണ്ഠകളുമാണു താങ്കൾ അഭിമുഖീകരിക്കുന്നത്?
12. പരാതിയും മുറുമുറുപ്പും താങ്കൾക്കുണ്ടോ?
13. നന്ദിയുള്ള ഒരു ഹൃദയം സൂക്ഷിക്കാൻ താങ്കൾക്കു കഴിയുന്നുണ്ടോ?
14. നിങ്ങളുടെ ഉറ്റബന്ധങ്ങളിലുള്ളവരെ മാനിക്കുന്നതിനും മനസ്സിലാക്കുന്നതിനും അവരോട് ഔദാര്യം കാട്ടുന്നതിനും താങ്കൾക്കു കഴിയുന്നുണ്ടോ?
15. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും നിങ്ങൾ നേരിടുന്ന പ്രലോഭനങ്ങൾ എന്തൊക്കെയാണ്? അവയോട് എങ്ങനെയാണു നിങ്ങൾ പ്രതികരിച്ചത്?
16. മറ്റുള്ളവരെ, വിശേഷിച്ചും വിശ്വാസികളെ സേവിക്കാൻ / അവർക്ക് അനുഗ്രഹമാകാൻ നിങ്ങൾ എങ്ങനെയാണ് അവസരങ്ങളെടുത്തത്?
17. പ്രാർത്ഥനയ്ക്കുള്ള പ്രത്യേകമായ മറുപടികൾ ലഭിക്കുന്നതു നിങ്ങൾ കണ്ടിട്ടുണ്ടോ?

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ കേട്ട ആശയങ്ങൾ:**

- ദൈവം സാധാരണക്കാരെ ഉപയോഗിക്കുന്നു
- ശിഷ്യൻ്റെയും സഭയുടെയും ലളിതമായ നിർവ്വചനം
- ആത്മീയശ്വസനം

**ഈ സെഷനിൽ കേട്ട ഉപകരണങ്ങൾ:**

- എസ്.ഒ.എ.പി.എസ്. ബൈബിൾ വായന
- ഉത്തരവാദിത്ത ഗ്രൂപ്പുകൾ

---

**അടുത്ത പടി**

## അനുസരിക്കുക

S.O.A.P.S പരിശീലിക്കാൻ തുടങ്ങുക. ഇപ്പോൾ മുതൽ നിങ്ങളുടെ അടുത്ത മീറ്റിംഗുകൾക്കിടയിലുള്ള ബൈബിൾ വായന. മത്തായി 5-7-ൽ ശ്രദ്ധ കേന്ദ്രീകരിക്കുക, ദിവസത്തിൽ ഒരിക്കലെങ്കിലും വായിക്കുക. S.O.A.P.S ഉപയോഗിച്ച് ഒരു പ്രതിദിന ജേണൽ സൂക്ഷിക്കുക. ഫോർമാറ്റ്.

## ഷെയർ ചെയ്യുക

ഒരു അക്കൌണ്ടബിലിറ്റി പങ്കാളിയെ (ഒരേ ലിംഗഭേദം) കണ്ടെത്തി ആഴ്ചതോറും അവരുമായി കൂടിക്കാഴ്ച ആരംഭിക്കുക.

---

## സെഷൻ 2

**ചെക്ക് - ഇൻ ചെയ്യുക**

**(1 മിനിറ്റ്)**

എല്ലാ പങ്കാളികളും സഹായികളും ചെക്ക്-ഇൻ ചെയ്യുക.

അല്ലെങ്കിൽ zume.training/checkin ചെയ്ത് കോഡ് ഉപയോഗിക്കുക: **2468**

**പ്രാർത്ഥിക്കുക**

**(5 മിനിറ്റ്)**

ഗ്രൂപ്പിലെ ആർക്കെങ്കിലും പ്രത്യേക ആവശ്യങ്ങൾ ഉണ്ടോ എന്ന് ചോദിക്കുക, ഗ്രൂപ്പ് അവർക്ക് വേണ്ടി പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്നു.

തൻ്റെ ജനം പ്രാർത്ഥിക്കുമ്പോൾ ശ്രദ്ധിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമെന്ന് തൻ്റെ വചനത്തിൽ വാഗ്ദത്തം ചെയ്യുന്ന ദൈവത്തിന് നന്ദി.

നിങ്ങളുടെ സമയം ഒരുമിച്ച് നയിക്കാൻ ദൈവത്തിൻ്റെ പരിശുദ്ധാത്മാവിനോട് ആവശ്യപ്പെടുക.

## തിരിഞ്ഞു നോക്കുക

**(5 മിനിറ്റ്)**

ആരംഭിക്കുന്നതിന് മുമ്പ്, തിരിഞ്ഞു നോക്കാൻ കുറച്ച് സമയമെടുക്കുക.

അവസാന സെഷൻ്റെ അവസാനം, നിങ്ങൾ പഠിച്ച കാര്യങ്ങൾ പരിശീലിക്കാൻ നിങ്ങളുടെ ഗ്രൂപ്പിലെ എല്ലാവരോടും നിർദ്ദേശിക്കുക. ഇതൊരു വെല്ലുവിളിയായും നടത്താം.

ഈ ആഴ്ച നിങ്ങളുടെ ഗ്രൂപ്പ് എങ്ങനെ ചെയ്തുവെന്ന് കാണാൻ കുറച്ച് നിമിഷങ്ങൾ എടുക്കുക.

---

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ, ഞങ്ങൾ ഈ ആശയം കേൾക്കുകയും ചർച്ച ചെയ്യുകയും ചെയ്യും:**

- നിർമ്മാതാവ് ഉപഭോക്താവല്ല

**ടൂൾകിറ്റിലേക്ക് ഈ ഉപകരണങ്ങൾ ചേർക്കുന്നു:**

- പ്രാർത്ഥനാ ചക്രം
- 100 എണ്ണത്തിന്റെ പട്ടിക

---

## വായിക്കുക

**(5 മിനിറ്റ്)**

**നിർമ്മാതാവ് ഉപഭോക്താവല്ല**

ഇപ്രാവശ്യം യേശുവിൻറെ അനുയായികളെ ദൈവത്തിൻറെ രാജ്യത്തിലെ വെറും ഒരു ഉപഭോക്താവല്ലാതെ ഉല്പാദകരായി എങ്ങനെ മാറ്റാം എന്നതിനെകുറിച്ച് നോക്കാം.

നമ്മുടെ സന്തുലിതമായ ജീവിതം ദൈവത്തിൻറെ ഉന്നത പദ്ധതി ഉറപ്പാക്കിയിരുന്നു. ഉല്പാദിപ്പിക്കുവാനും ഉപഭോഗംചെയ്യുവാനും സൃഷ്ടിക്കുവാനും ഉപയോഗിക്കുവാനും നിറയുവാനും ഒഴിക്കുവാനും വീണ്ടും നിറയുവാനും അങ്ങനെ അങ്ങനെ. പക്ഷേ പങ്കിലമായ ഈ ലോകം ദൈവത്തിൻറെ ഉന്നത പദ്ധതികളെ തള്ളിക്കളഞ്ഞു. ദൈവത്തിൻറെ സമവാക്യം പൂർത്തീകരിക്കാനാവാതെ ജീവിതം നയിച്ചു വരുന്നു ഈ ലോകം. അവർ പഠിക്കുന്നു. പങ്കുവെയ്ക്കുന്നില്ല. അവർ നിറയുന്നു. പക്ഷെ ഒരിക്കലും ഒഴിച്ചു വെയ്ക്കുന്നില്ല. അവർ ഉപഭോഗം ചെയ്യുന്നു ഉല്പാദിപ്പിക്കുന്നില്ല.

അവർ വർദ്ധിക്കുന്ന ശിക്ഷ്യരെ ഉണ്ടാക്കുന്നു എങ്കിൽ അവർക്ക് എങ്ങനെ ഉപഭോക്താവും ഉല്പാദകരും ആകാമെന്ന് നാം അവരെ പഠിപ്പിക്കുന്നു. അതിന് നാല് പൊതുവീക്ഷണം പറയണം.

നമ്മൾ വചനം അല്ലെങ്കിൽ ബൈബിൾഎന്നു പറയുന്ന ദൈവത്തിൻറെ എഴുതപ്പെട്ട വാക്കുകൾ നമ്മളെ ആത്മീയമായി ഉയർത്തുവാൻ അവൻ ഉപയോഗിക്കുന്നു.

എല്ലാ ശിഷ്യരേയും വചനത്തിൻറെ പഠനം വ്യാഖ്യാനം പ്രയോഗം പഠനം ഇവ ചെയ്യുവാൻ പ്രാപ്തരാക്കുന്നു. പല രചയിതാക്കൾ മൂലം ആയിരക്കണക്കിന് വർഷം ദൈവം തൻറെ വചനങ്ങളെ തൻറെ വിശ്വസ്തർക്ക് നല്കി അവർഅത് ഉൾക്കൊണ്ട് പങ്കുവെച്ചു. വചനം നമ്മെ ദൈവത്തെപ്പറ്റി അവൻറെ വഴികൾ ഇവയൊക്കെ പഠിപ്പിക്കുന്നു.

ഇതിനു മുമ്പ് നിങ്ങൾ 2 ലളിത മാർഗ്ഗങ്ങൾ പഠിച്ചു. സോക്സ്ബൈബിൾ പഠനം പിന്നെ ഉത്തരവാദിത്വസംഘങ്ങൾ. ഇനി വരുന്ന സെക്ഷനിൽ മറ്റൊന്നു കൂടി പഠിക്കാൻ പോകുന്നു. മൂന്നിൽ മൂന്ന് സംഘങ്ങൾ. ഈ മൂന്ന് മാർഗ്ഗങ്ങൾ വഴി യേശുവിൻറെ അനുയായികൾ വചനം പഠിക്കുവാനും വ്യാഖ്യാനിക്കുവാനും അത് ഉപയോഗിക്കുവാനും പ്രാപ്തരാക്കുന്നു. അവർ വെറുതെ വചനം കേൾക്കുന്നവരല്ല മറിച്ച് പ്രവർത്തകരും വചനം പങ്കു വെയ്ക്കുന്നവരുമായി ഉയരും.

ദൈവം അവൻ പറഞ്ഞ വാക്കുകളും ഉപയോഗിക്കും. പ്രാർത്ഥനയിലൂടെ നമുക്ക് തിരിച്ചറിവ് നൽകിആത്മീയമായി നമ്മെ ഉയർത്തുവാൻ. പ്രാർത്ഥന എന്നത് ദൈവത്തോട് സംസാരിക്കലും അവനെ കേൾക്കലുമാണ്. ദൈവത്തെ കൂടുതൽ അറിയുവാനും അവൻറെ ചിത്തവും ഇഷ്ടവും വഴികളും മനസ്സിലാക്കുവാനും പ്രാർത്ഥന നമ്മെ സഹായിക്കും. മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുവാനും സേവനം ചെയ്യുവാനും പ്രാർത്ഥന നമ്മെ സഹായിക്കുന്നു. കൂടാതെ ദൈവത്തെ മറ്റുള്ളവർ കൂടുതൽ അറിയും വിധത്തിൽ അവരെ പഠിപ്പിക്കുവാനും പ്രാർത്ഥന നമ്മെ സഹായിക്കുന്നു.

2 ലളിത മാർഗ്ഗങ്ങൾ പറയാം പ്രാർത്ഥനാചരണവും പ്രാർത്ഥനാ വലയവും അനുയായികൾക്ക് പ്രാർത്ഥാനാ ജീവിതം ഉണ്ടാകുവാനും മറ്റുള്ളവർക്ക് സേവ ചെയ്യുവാനും സഹായിക്കുന്നു. നിരന്തരമായി പ്രാർത്ഥിക്കുന്ന സ്വഭാവം ഈ മാർഗ്ഗങ്ങളിൽ രൂപപ്പെടുന്നു. നമ്മൾ നഗ്ന നേത്രങ്ങൾ കൊണ്ടു മാത്രമല്ലാതെ ആത്മീയമായ കണ്ണുകൾ കൊണ്ടും ലോകത്തെ നോക്കി കാണുവാനും ഇത് സഹായിക്കുന്നു.

മാറ്റമില്ലാതെ ഉപയോഗിച്ചാൽ യേശുവിൻറെ അനുയായികൾക്ക് പ്രാർത്ഥനാ ശക്തി ബലപ്പെടുവാനും ദൈവത്തിൽ നിന്ന് കേൾക്കുവാനുള്ള കഴിവു കൂടുവാനും അത് പങ്കിടുവാനും ഇത് സഹായിക്കും.

ദൈവം തൻറെ വിശ്വാസികളെ കണ്ടുള്ള തൻറെ ശരീരം അതായത് സഭ അനുയായികളുടെ കൂട്ടം നമ്മുടെ ആത്മീയ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തുന്നു. വിശ്വാസികളുടെ കൂട്ടം എന്ന നിലയിൽ നമ്മൾ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. ദൈവവചനം പറയുന്നു. യേശുവിൽ നാം എല്ലാവരും ഒരു ശരീരത്തിൻറെ പല അവയവങ്ങളാണ് പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ നാം ദൈവത്തോട് മാത്രമല്ല ബന്ധിക്കപ്പെട്ടിരിക്കുന്നത്.പരസ്പരവും

ബന്ധിക്കപ്പെട്ടിരിക്കുന്നു. ദൈവം പറയുന്നു നാം പരസ്പരം കീഴ്പ്പെട്ടിരിക്കണമെന്ന്. ദൈവം പറയുന്നു പരസ്പരം സേവിക്കണമെന്ന്. നാം ഓരോരുത്തർക്കും അവരവരുടേതായ കഴിവുകളുണ്ട്. ബലഹീനതകളുണ്ട്. മറ്റുള്ളവരുടെ ബലഹീനതയിൽ സഹായിക്കുവാൻ നമ്മുടെ കഴിവുകളുപയോഗിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. മാത്രമല്ല മറ്റുള്ളവരുടെ ബലഹീനതയിൽ മറ്റുള്ളവരുടെ ദൈവസിദ്ധമായ കഴിവുകളാൽ സഹായിക്കപ്പെടാൻ അനുവദിക്കുകയും വേണം. ദൈവവചനം പറയുന്നു.

ദൈവം ഓരോരുത്തർക്കും പ്രത്യേക കഴിവുകൾ നല്കിയിരിക്കുന്നു. അത് മറ്റുള്ളവർക്കായി നൽകി പ്രയോജനപ്പെടുത്തണം. ഈ ദൈവാനുഗ്രഹങ്ങളെ മറ്റുള്ളവർക്ക് പങ്കു വെയ്ക്കുകയും വേണം. മൂന്നിൽ മൂന്ന് ഗ്രൂപ്പും ഉത്തരവാദിത്വ സംഘങ്ങളും സൂക്ഷ്മോപദേശ സംഘങ്ങളുംസ്നേഹിക്കുവാനും നന്മ ,ചെയ്യുവാനും പ്രോത്സാഹിപ്പിക്കണം. അവ നമ്മെ ദൈവം പറയുന്നത് അനുസരിക്കുവാൻ മാത്രമല്ല മറ്റുള്ളവരുമായി പങ്കുവെയ്ക്കുവാനുമുള്ള വഴി തേടിത്തരുന്നു.

യേശുവിന് വേണ്ടി നാം സഹിക്കുന്ന നഷ്ടങ്ങളും ത്യാഗങ്ങളും കഷ്ടതകളും പീഢകളും നമ്മുടെ ആത്മീയ വളർച്ചയ്ക്കായി ദൈവം ഉപയോഗിക്കുന്നു. യേശുവിനെ നാം സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്താൽ ജനം നമുക്കെതിരായി വേദനിപ്പിക്കുമ്പോൾ അല്ലെങ്കിൽ യേശുവിനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്താലും വേദനയിൽ നാം അകപ്പെടുമ്പോൾ കഷ്ടതകളും പീഢനങ്ങളുംഎല്ലാം. ദൈവം നമ്മുടെ സ്വഭാവത്തെ ശുദ്ധീകരിച്ച് യേശുവിനെപോലെ ആക്കിമാറ്റുന്നു. അവ നമ്മുടെ സ്വഭാവത്തെ വളർത്തുന്നു. വിശ്വാസത്തെ ശുദ്ധീകരിക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്നു. കഷ്ടപ്പെടുന്നവർക്കായി ശുശ്രൂഷയും സേവനവും ചെയ്യാൻ നമ്മെ പ്രാപ്തരാക്കുന്നു. മാത്രമല്ല. ദൈവം നമ്മെ എപ്പോഴും കണ്ടു കൊണ്ടി രിക്കുന്നു.നമ്മുടെ വേദനകൾ അറിയുന്നു എന്ന് എല്ലാവർക്കും മനസ്സിലാക്കി കൊടുക്കുന്നു. ദൈവം പറയുന്നു യേശുവിൻറെ അനുയായികളെങ്കിൽ തീർച്ചയായും പീഡനങ്ങളും ഉണ്ട്.

യേശു പറഞ്ഞു എൻറെ നിമിത്തം നിങ്ങളെ പഴിക്കുകയും ഉപദ്രവിക്കുകയും നിങ്ങളെകൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാൻമാർ സ്വർഗ്ഗത്തിൽ നിങ്ങളുടെ ഫലം വലുതാക കൊണ്ട് സന്തോഷിച്ച് ഉല്ലസിപ്പീൻ. നിങ്ങൾക്ക് മുമ്പേ ഉണ്ടായിരുന്ന പ്രവാചകന്മാരേയുംഅവർ അങ്ങനെ തന്നെ ഉപദ്രവിച്ചുവല്ലോ.

മൂന്നിൽമൂന്ന്സംഘങ്ങളും ഉത്തരവാദിത്വസംഘങ്ങളുംയേശുവിൻറെ അനുയായികൾക്ക് പീഢനങ്ങളുടെയുംകഷ്ടതകളുടെയും അനുഭവങ്ങൾ പങ്ക് വെയ്ക്കുവാൻ അവസരങ്ങൾ നല്കുന്നു.

ദൈവവചനം കഷ്ടതകൾ സഹിക്കാൻ പറയുന്നുവെന്ന് ശിഷ്യരോട് പറയാനുള്ള അവസരം ഈ സംഘങ്ങൾ ഒരുക്കുന്നു. സാഹചര്യങ്ങൾ എതിരാകുമ്പോൾ ദൈവസ്നേഹത്തെ മുറുകിപിടിച്ച് മുന്നേറുവാൻ ഈ സംഘങ്ങൾ പ്രാപ്തരാക്കുന്നു.

വചനം, പ്രാർത്ഥന, ആത്മീയ ജീവൻ, പീഡനങ്ങൾ, കഷ്ടങ്ങൾ ഇവയെല്ലാം പരിപൂർണ്ണനായ യേശുവിനെ പോലെ നമ്മെ മാറ്റുവാനുള്ളദൈവത്തിൻറെ വഴികളാണ്.

ദൈവം നമുക്ക് നൽകിയിട്ടുള്ള നല്ല കാര്യങ്ങളുടെ ഉപഭോക്താവ് മാത്രമല്ലാതെ അവയുടെ ഉല്പാദകരും പങ്കിടുന്നവരും ആയി മാറാൻ ഈ ലളിതമായ മാർഗ്ഗം നമ്മളെ സഹായിക്കുന്നു.

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- മുകളിൽ വിവരിച്ച നാല് മേഖലകളിൽ (പ്രാർത്ഥന, ദൈവവചനം മുതലായവ) ഏതിലെല്ലാമാണ് നിങ്ങൾ പരിശീലനം തുടങ്ങിയിരിക്കുന്നത്?
- നിങ്ങൾക്ക് ഉറപ്പില്ലാത്തത് ഏതെല്ലാമാണ്?
- മറ്റുള്ളവരെ പരിശീലിപ്പിക്കുമ്പോൾ നിങ്ങൾക്ക് എത്രത്തോളം തയ്യാറാണ്?

## വായിക്കുക

**പ്രാർത്ഥനാ ചക്രം**

യേശു തൻറെ ശിഷ്യന്മാരെ തൻറെ പ്രാർത്ഥനയുടെ ലക്ഷ്യം പ്രയോഗം വാഗ്ദത്തം എന്നിവ പഠിപ്പിച്ചിരുന്നു.

യേശു പറഞ്ഞു യാചിപ്പിൻ നിങ്ങൾക്ക്കിട്ടും. അന്വേഷിപ്പിൻ കണ്ടെത്തും മുട്ടുവീൻ വാതിൽ തുറക്കപ്പെടും യാചിക്കുന്ന ഏതൊരുവനും ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു .മുട്ടുന്നവന് മുന്നിൽ വാതിൽ തുറക്കപ്പെടുന്നു.

യേശു തൻറെശിഷ്യന്മാരെ പഠിപ്പിച്ചു. പ്രാർത്ഥന ജനങ്ങൾക്ക് മുന്നിൽ പുകഴ്ത്തുന്നതോ സ്വാർത്ഥത ഉയർത്തുന്നതോ ജല്പനങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കുന്നതോ അല്ല.

പ്രാർത്ഥനയ്ക്ക്ശക്തിയുണ്ടെന്ന് യേശുകാണിച്ചു.സ്വർഗ്ഗസ്ഥനായ പിതാവുമായും നേരിട്ടുള്ളതും നിരന്തരവുമായസംഭാഷണംകൊണ്ട്. ഒരു നല്ല സംഭാഷണത്തിൽ രണ്ടു കൂട്ടരും നന്നായിസംസാരിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്നതുപോലെയാണ് പ്രാർത്ഥനയും. എന്നാൽ പ്രപഞ്ച സൃഷ്ടാവായ ദൈവത്തോട് സംസാരിക്കുക എന്നത് ഭയം ഉണ്ടാക്കാൻ സാധ്യതയുള്ളതാണ്. അതിനാൽ നല്ലൊരു ഭാഗം ജനങ്ങളും ദൈവം മറുപടി പറയുന്ന ഭാഗം കേൾക്കാൻ ഭയപ്പെടുന്നുഎന്നത് സത്യമാണ്.

സദ് വാർത്തയെന്താൽ നന്നായി പ്രാർത്ഥിക്കുകഎന്നത് നമ്മെ സ്നേഹിക്കുന്ന ദൈവത്തോട് ആഴത്തിൽ സംസാരിക്കുന്നതിന് സാധ്യമാകും എന്നത് മാത്രമല്ല അതാണ് ദൈവം ആഗ്രഹിക്കുന്നതും.

പ്രാർത്ഥന ഒരു പുതിയ ഭാഷ പഠിക്കുന്നതു പോലെയാകുമ്പോൾ എങ്ങനെ നന്നായി ചെയ്യാൻ കഴിയും. ഉത്തരം ലളിതമാണ് നല്ല പരിശീലനം. പ്രാർത്ഥനാലയം ഒരു ലളിതമായ മാർഗ്ഗമാണ്. അത് പരിശീലിച്ച് സ്വന്തമായി പ്രയോജനപ്പെടുത്തി മറ്റുള്ളവരുമായി പങ്കുവെയ്ക്കുക.

വെറും 12 ലളിതമായ വഴികൾ അഞ്ചുമിനിറ്റ് ദൈർഘ്യമുള്ളത്. പ്രാർത്ഥനാലയം നിങ്ങളെ 12 മാർഗ്ഗങ്ങളിലൂടെ നയിക്കുന്നു. അവസാനം നിങ്ങൾ ഒരു മണിക്കൂർ പ്രാർത്ഥിക്കുന്നു. ബൈബിൾ നമ്മോട് പറയുന്നത് ഇടവിടാതെ പ്രാർത്ഥിക്കുക. നമ്മിൽ പലർക്കും അത് ചെയ്യുന്നു എന്ന് പറയാനാവില്ല. ഒരു മണിക്കൂർ പ്രാർത്ഥനക്ക് ശേഷം നിങ്ങൾക്ക് ഒരു പടികൂടി അടുക്കാൻ കഴിയും.

പ്രാർത്ഥനാലയം സൂമെ ടൂൾ കിറ്റിലെ മറ്റൊരു മാർഗ്ഗം.

## പ്രവർത്തനം

**(60 മിനിറ്റ്)**

**പ്രാർത്ഥനാ ചക്രം**

- പ്രെയർ സൈക്കിളിൽ വ്യക്തിഗതമായി ഒരു മണിക്കൂർ പ്രാർത്ഥിക്കുക
- ഗ്രൂപ്പിന് മടങ്ങിവരാനും വീണ്ടും കണക്റ്റുചെയ്യാനും നിർദ്ദിഷ്ട സമയം നിശ്ചയിക്കുക. പ്രാർത്ഥിക്കുന്നതിനും ഗ്രൂപ്പിലേക്ക് മടങ്ങുന്നതിനും എല്ലാവർക്കും വേണ്ടി കുറച്ച് അധിക സമയം നൽകുന്നുവെന്ന് ഉറപ്പാക്കുക.

ദൈവവചനം നമ്മെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്ന 12 വഴികളിലൂടെയാണ് ആ മാർഗ്ഗനിർദ്ദേശം. അവസാനിക്കുമ്പോൾ, നിങ്ങൾ ഒരു മണിക്കൂർ പ്രാർത്ഥിച്ചിരിക്കും.




**സ്തുതിക്കുക:** നിങ്ങളുടെ പ്രാർത്ഥന, കർത്താവിനെ സ്തുതിച്ചുകൊണ്ടാരംഭിക്കുക. നിങ്ങളുടെ മനസ്സിൽ ഇപ്പോഴുള്ള കാര്യങ്ങൾക്കായി കർത്താവിനെ സ്തുതിക്കുക.കഴിഞ്ഞയാഴ്ച നിങ്ങളുടെ ജീവിതത്തിൽ കർത്താവു ചെയ്ത പ്രത്യേക കാര്യത്തിനായി കർത്താവിനെ സ്തുതിക്കുക. നിങ്ങളുടെ കുടുംബത്തിനു കർത്താവു ചെയ്ത നന്മയ്ക്കായി കർത്താവിനെ സ്തുതിക്കുക.

**കാത്തിരിക്കുക:** കർത്താവിനായി കുറെ നേരം കാത്തിരിക്കുക. മിണ്ടാതിരിക്കുക, കർത്താവു നിങ്ങൾക്കായി കാര്യങ്ങൾ പ്രതിഫലിപ്പിക്കട്ടെ.

**ഏറ്റുപറയുക:** പരിശുദ്ധാത്മാവിനു ഹിതകരമല്ലാത്തതെന്തെങ്കിലും നിങ്ങളുടെ ജീവിതത്തിലുണ്ടെങ്കിൽ, അതു കാട്ടിത്തരാൻ പരിശുദ്ധാത്മാവിനോടപേക്ഷിക്കുക. തെറ്റായ മനോഭാവങ്ങൾ, ഇതുവരെ ഏറ്റുപറയാത്ത പ്രത്യേകമായ കാര്യങ്ങൾ ചൂണ്ടിക്കാട്ടാനും പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുക. കർത്താവിനോട് അവ ഏറ്റുപറഞ്ഞ് ശുദ്ധീകരണം പ്രാപിക്കുക.

**വചനം വായിക്കുക:** സങ്കീർത്തനങ്ങൾ, പ്രവചനങ്ങൾ, പുതിയനിയമത്തിലുള്ള പ്രാർത്ഥനാഭാഗങ്ങൾ എന്നിവ വായിക്കുക.

**അപേക്ഷിക്കുക:** നിങ്ങളുടെ ആവശ്യങ്ങൾ പറയുക.

**മദ്ധ്യസ്ഥത:** മറ്റുള്ളവരുടെ ആവശ്യങ്ങൾ പറയുക.

**വചനം പ്രാർത്ഥിക്കുക:** പ്രത്യേകമായ വചനഭാഗങ്ങൾ പ്രാർത്ഥിക്കുക. തിരുവെഴുത്തുപരമായ പ്രാർത്ഥനകളും മറ്റു പല സങ്കീർത്തനങ്ങളും ഇതിനായി ഉപയോഗിക്കാം.

**നന്ദിയർപ്പിക്കുക:** നിങ്ങളുടെ ജീവിതത്തിലെ കാര്യങ്ങൾക്കായി, നിങ്ങളുടെ കുടുംബത്തിനായി, നിങ്ങളുടെ സഭയ്ക്കായി കർത്താവിനു നന്ദിയർപ്പിക്കുക.

**പാട്ടു പാടുക:** സ്തുതിഗീതങ്ങൾ / ആരാധനാ ഗാനങ്ങൾ പാട്ടുക.

**ധ്യാനിക്കുക:** നിങ്ങളോടു കർത്താവു സംസാരിക്കാൻ അപേക്ഷിക്കുക. കർത്താവു നൽകുന്ന ആലോചനകൾ കുറിച്ചു വയ്ക്കുക.

**ശ്രദ്ധിക്കുക:** വായിച്ച കാര്യങ്ങൾ, പ്രാർത്ഥിച്ചതും പാടിയതുമായ വസ്തുതകൾ ഒരുമിച്ചു ചേർക്കുക. അവയിലൂടെ കർത്താവു നിങ്ങളോടു സംസാരിക്കുന്നതെങ്ങനെയെന്നു കാണുക.

**സ്തുതിക്കുക:** കർത്താവുമൊത്തു ചെലവഴിച്ച സമയത്തിനായി, കർത്താവു തന്ന ആലോചനകൾക്കായി കർത്താവിനെ സ്തുതിക്കുക. കർത്താവിന്റെ മഹത്വപൂർണ്ണമായ ഗുണവിശേഷങ്ങൾക്കായി കർത്താവിനെ സ്തുതിക്കുക.

ഡിക്ക് ഈസ്റ്റ്മാൻ്റെ The Hour that Changes the World © 2002-ൽ ഡിക്ക് ഈസ്റ്റ്മാൻ്റെ, തിരഞ്ഞെടുത്ത പുസ്തകങ്ങൾ, ഗ്രാൻഡ് റാപ്പിഡ്സ്, MI, അനുമതിയോടെ ഉപയോഗിക്കുന്നത്.

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- ഒരു മണിക്കൂർ പ്രാർത്ഥനയിൽ ചെലവഴിക്കുന്നതിനോട് നിങ്ങളുടെ പ്രതികരണം എന്താണ്?
- താങ്കൾക്ക് എന്തുതോന്നുന്നു?
- താങ്കൾ എന്തെങ്കിലും പഠിച്ചോ? കേട്ടോ?
- ഇത്തരത്തിലുള്ള പ്രാർത്ഥന നിങ്ങൾ ഒരു സ്ഥിരം ശീലമാക്കിയാൽ ജീവിതം എങ്ങനെയായിരിക്കും?

## വായിക്കുക

**(5 മിനിറ്റ്)**

**100 എണ്ണത്തിന്റെ പട്ടിക**

യേശു പറഞ്ഞു പോവുക ശിഷ്യരാക്കുക അവൻറെ അനുയായികൾ അതു തന്നെ ചെയ്തു.

അവർ സ്വന്തം കുടുംബങ്ങളിൽ പോയി സുഹൃത്തുക്കളുടെ അടുത്തു പോയി കൂടെ ജോലി ചെയ്യുന്നവരുടെ അടുത്തു പോയി അറിയാവുന്നവരുടെയടുത്തെല്ലാം പോയി.  അവരോട്.

യേശു പറഞ്ഞു പോവുക അവർ അനുസരിച്ചു. അങ്ങനെ ദൈവത്തിൻറെ കുടുംബം വളരും.

പോയി ശിഷ്യന്മാരാക്കുന്നതിനുള്ള ബന്ധങ്ങൾ ദൈവം നമുക്ക് ധാരാളം തന്നിട്ടുണ്ട്. അവർ നമ്മുടെ കുടുംബം സുഹൃത്തുക്കൾ അയൽവാസികൾ സഹപ്രവർത്തകർ സഹപാഠികൾ നമ്മുടെ ജിവിതത്തിൽ നമുക്ക് അറിയാവുന്നവർ ഇപ്പോൾ പരിചയപ്പെട്ടവർ വരെ.

ആ ജനങ്ങളോട് വിശ്വസ്തരായിരിക്കുക എന്നത് ശിഷ്യന്മാരാക്കുവാൻ ദൈവം നമുക്ക് തന്നിരിക്കുന്ന ആദ്യപടിയാണ്.ഒരു ലളിതമായ പട്ടികയുണ്ടാക്കി നമുക്ക് തുടങ്ങാം.

ഈ നൂറ് പേരുടെ ലിസ്റ്റ് സൂമെ ടൂൾകിറ്റിലെ ഒരു ലളിതമായ മാർഗ്ഗമാണ്. ഇതിലൂടെ ശിഷ്യന്മാർ വർദ്ധിക്കും.

## പ്രവർത്തനം

**(30 മിനിറ്റ്)**

**നിങ്ങളുടെ സ്വന്തം 100 പേരുടെ ലിസ്റ്റ് സൃഷ്ടിക്കുക**

- നിങ്ങളുടെ ഗ്രൂപ്പിലെ എല്ലാവരോടും അവരവരുടെ സ്വന്തം ബന്ധങ്ങളുടെ ലിസ്റ്റ് പൂരിപ്പിക്കാൻ അടുത്ത 30 മിനിറ്റ് എടുക്കുക. നിങ്ങൾക്ക് കഴിയുന്നത്ര പൂർത്തിയാക്കുക.
- തുടർന്ന് ദൈവവുമായുള്ള അവരുടെ ബന്ധത്തെക്കുറിച്ച് മനസിലാക്കുക. നിങ്ങളുടെ ധാരണ അടയാളപ്പെടുത്തുക: ശിഷ്യൻ, അവിശ്വാസി, അല്ലെങ്കിൽ അജ്ഞാതൻ.

1 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

2 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

3 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

4 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

5 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

6 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

7 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

8 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

9 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

10 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

11 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

12 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

13 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

14 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

15 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

16 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

17 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

18 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

19 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

20 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

21 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

22 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

23 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

24 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

25 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

26 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

27 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

28 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

29 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

30 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

31 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

32 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

33 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

34 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

35 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

36 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

37 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

38 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

39 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

40 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

41 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

42 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

43 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

44 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

45 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

46 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

47 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

48 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

49 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

50 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

51 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

52 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

53 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

54 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

55 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

56 ____________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

57 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

58 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

59 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

60 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

61 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

62 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

63 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

64 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

65 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

66 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

67 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

68 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

69 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

70 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

71 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

72 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

73 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

74 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

75 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

76 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

77 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

78 ____________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

79 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

80 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

81 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

82 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

83 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

84 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

85 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

86 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

87 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

88 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

89 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

90 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

91 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

92 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

93 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

94 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

95 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

96 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

97 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

98 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

99 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

100 ______________________________________________

☐ ശിഷ്യൻ ☐ അവിശ്വാസി ☐ അജ്ഞാതം

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ കേട്ട ആശയങ്ങൾ:**

- നിർമ്മാതാവ് ഉപഭോക്താവല്ല

**ഈ സെഷനിൽ കേട്ട ഉപകരണങ്ങൾ:**

- പ്രാർത്ഥനാ ചക്രം
- 100 എണ്ണത്തിന്റെ പട്ടിക

**അടുത്ത പടി**

## അനുസരിക്കുക

100 പേരുടെ ലിസ്റ്റിൽ നിന്ന് അഞ്ച് പേർക്ക് വേണ്ടി പ്രാർത്ഥിക്കാൻ ഈ ആഴ്ച സമയം ചെലവഴിക്കുക. "അവിശ്വാസി" അല്ലെങ്കിൽ "അജ്ഞാതൻ" എന്ന് നിങ്ങൾ അടയാളപ്പെടുത്തിയ അവരുടെ ഹൃദയത്തെ ഒരുക്കുവാൻ ദൈവത്തോട് അപേക്ഷിക്കുക.

## പങ്കിടുക

100 ഉപകരണങ്ങളുടെ പട്ടിക നിങ്ങൾ ആരുമായി പങ്കിടണമെന്ന് ദൈവത്തോട് ചോദിക്കുക. നിങ്ങൾ പോകുന്നതിനുമുമ്പ് ഈ വ്യക്തിയുടെ പേര് ഗ്രൂപ്പുമായി പങ്കിടുകയും അടുത്ത സെഷനുമുമ്പ് അവരെ ബന്ധപ്പെടുകയും ചെയ്യുക.

ZÚME

## സെഷൻ 3

**ചെക്ക് - ഇൻ ചെയ്യുക**

**(1** മിനിറ്റ്**)**

എല്ലാ പങ്കാളികളും സഹായികളും ചെക്ക്-ഇൻ ചെയ്യുക.

അല്ലെങ്കിൽ zume.training/checkin ചെയ്ത് കോഡ് ഉപയോഗിക്കുക: **6543**

**പ്രാർത്ഥിക്കുക**

**(5** മിനിറ്റ്**)**

കഴിഞ്ഞ സെഷനിൽ നിങ്ങൾ ദൈവത്തെ അനുഭവിച്ച വഴികൾക്കായി പ്രാർത്ഥിക്കുകയും നന്ദി പറയുകയും ചെയ്യുക, ഒപ്പം നിങ്ങളുടെ സമയം ഒരുമിച്ച് നയിക്കാൻ അവൻ്റെ പരിശുദ്ധാത്മാവിനെ ക്ഷണിക്കുകയും ചെയ്യുക.

## തിരിഞ്ഞു നോക്കുക

**(5 മിനിറ്റ്)**

ആരംഭിക്കുന്നതിന് മുമ്പ്, തിരിഞ്ഞു നോക്കാൻ കുറച്ച് സമയമെടുക്കുക.

അവസാന സെഷൻ്റെ അവസാനം, നിങ്ങൾ പഠിച്ച കാര്യങ്ങൾ പരിശീലിക്കാൻ നിങ്ങളുടെ ഗ്രൂപ്പിലെ എല്ലാവരോടും നിർദ്ദേശിക്കുക. ഇതൊരു വെല്ലുവിളിയായും നടത്താം.

ഈ ആഴ്ച നിങ്ങളുടെ ഗ്രൂപ്പ് എങ്ങനെ ചെയ്തുവെന്ന് കാണാൻ കുറച്ച് നിമിഷങ്ങൾ എടുക്കുക.

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ, ഞങ്ങൾ ഈ ആശയം കേൾക്കുകയും ചർച്ച ചെയ്യുകയും ചെയ്യും:**

- ആത്മീയ സമ്പദ്‌വ്യവസ്ഥ

**ടൂൾകിറ്റിലേക്ക് ഈ ഉപകരണങ്ങൾ ചേർക്കുന്നു:**

- സുവിശേഷം
- സ്നാനം

## വായിക്കുക

**(5 മിനിറ്റ്)**

**ആത്മീയ സമ്പദ്‌വ്യവസ്ഥ**

ഇപ്പോൾ നമ്മൾ സംസാരിക്കാൻ പോകുന്നത് ദൈവത്തിൻറെ ആത്മീയ ധനത്തെപ്പറ്റിയാണ്. ഈ തകർന്ന ലോകത്ത് മറ്റുള്ളവരെക്കാൾ കൂടുതൽ നേടുമ്പോഴും ലഭിക്കുമ്പോഴും ലാഭമുണ്ടാക്കുമ്പോഴും നാം അനുഗ്രഹിക്കപ്പെട്ടു എന്ന് കരുതപ്പെടുന്നു.

ദൈവം തൻറെ വചനത്തിലൂടെ നമ്മോട് പറയുന്നു എൻറെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളല്ല നിങ്ങളുടെ വഴികൾ നിങ്ങളുടെ വഴികളുമല്ല. അവൻറെ രാജ്യത്തെ ധനകാര്യത്തിൽ നാം അനുഗ്രഹിക്കപ്പെടുന്നത് നമുക്ക് എന്തു ലഭിച്ചു എന്നതില്ലഎന്തു നാം കൊടുത്തു എന്നതിലാണ്. ദൈവം പറഞ്ഞു ഞാൻ നിങ്ങളെ രക്ഷിച്ചിട്ട് നിങ്ങൾ അനുഗ്രഹമായിതീരും. യേശു പറഞ്ഞു വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം. നമുക്ക് നൽകപ്പെട്ടത് കൊടുക്കുന്നതിലും അനുഗ്രഹങ്ങൾ പങ്കുവെയ്ക്കുന്നതിലുമാണ് നമ്മൾ മുമ്പുപഠിച്ച ആത്മീയശ്വസനം എന്നതിൻറെഅടിസ്ഥാനം ശ്വാസംഎടുക്കുക എന്നാൽ ദൈവത്തിൽ നിന്ന് കേൾക്കുന്നു. ശ്വാസംവിടുകയെന്നാൽ നമ്മൾ കേട്ടത് അനുസരിക്കുന്നു മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നു.

ദൈവം നമ്മോടു പറയുന്നതിലും അനുസരിക്കുന്നതിലും പങ്കുവെയ്ക്കുന്നതിലും വിശ്വസ്തരെങ്കിൽ അവർ കൂടുതൽ  നൽകുമെന്ന് വാഗ്ദാനം ചെയ്യുന്നു. യേശു പറഞ്ഞു അത്യഅല്പത്തിൽ വിശ്വസനായവൻ അധികത്തിലും വിശ്വസ്തൻ.

ആഴത്തിലുള്ള ഉൾക്കാഴ്ചയ്ക്കും അഗാധ സ്നേഹത്തിനുമുള്ള വഴിയെത്. സമൃദ്ധ ജീവിതം നയിക്കാൻ ദൈവം നമ്മളെ കാട്ടിയ വഴിയും അതുതന്നെ. സത്കർമ്മങ്ങൾ ചെയ്യാൻ ദൈവം മുൻകൂട്ടി തീരുമാനിച്ച വഴിയും അതു തന്നെ. നമുക്ക് ദൈവത്തിൻറെ മഹത്തരമായ അനുഗ്രഹം വേണമെങ്കിൽ അവൻ അനുഗ്രഹിക്കും എന്നുതന്നെ വാഗ്ദാനം ചെയ്തിട്ടുള്ള.

ചില കാര്യങ്ങൾ ചെയ്യണം –

- നമ്മൾ അനുസരിച്ച് പങ്കിടണം,
- ചെയ്ത് പഠിപ്പിക്കണം,
- പരിശീലിച്ച് കൈമാറണം

- ഇങ്ങനെ ദൈവം കല്പിക്കുന്നതൊക്കെയും വേണം.

മറ്റുള്ളവർക്ക് ദൈവത്തിൻറെ മഹത്തരമായ അനുഗ്രഹം വേണമെങ്കിൽ അവർക്കും നമ്മൾ ഈ വഴികൾ തന്നെ കാട്ടികൊടുക്കണം. ശിഷ്യനായിക്കുന്നതിൻറെയും ശിഷ്യനാക്കുന്നതിൻറെയും പ്രധാനഭാഗമാണ് ഇത്.

- നമ്മൾ അനുയായികളും നേതാക്കളും.
- നമ്മൾ പഠിക്കുന്നവരും പഠിപ്പിക്കുന്നവരുമാണ്.
- നമ്മൾ അനുഗ്രഹിതരും അനുഹ്രവുമാണ്.

അനുസരിക്കുവാനും അറിഞ്ഞിരിക്കുവാനും എല്ലാം അറിഞ്ഞിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല അത് നടക്കുന്ന കാര്യമല്ല. നമ്മൾ വർദ്ധിക്കുന്നതിനു മുമ്പ് പൂർണ്ണ പക്വത നേടണമെന്ന്ദൈവം ആഗ്രിക്കുന്നില്ല. ആയിരിക്കേണ്ട അവസ്ഥയിൽതന്നെ നാം വർദ്ധിക്കേണ്ടതാണ്.

നമുക്ക് ഇപ്പോൾ എന്തറിയാമോ അത് അനുസരിക്കുവാനും അത് പങ്കുവെയ്ക്കുവാനും അവൻ ആഗ്രഹിക്കുന്നു. അതു പോലെ അത് ചെയ്യുവാൻ മറ്റുള്ളവരെ പഠിപ്പിക്കേണ്ടതുമാണ്. അതാണല്ലോ അവൻ നമ്മോട് പറഞ്ഞ അനുസരിക്കുകയും പങ്കുവെയ്ക്കുക എന്നതിനുള്ള അർത്ഥം. അത് നമ്മെ പക്വതപ്പെടുത്തുന്നു പഠിപ്പിക്കുന്നു.

**ചർച്ച ചെയ്യുക**

**(10 മിനിറ്റ്)**

ദൈവത്തിൻ്റെ ആത്മീയ സമ്പദ്‌വ്യവസ്ഥയും കാര്യങ്ങൾ ചെയ്യാനുള്ള നമ്മുടെ ഭൗമിക രീതിയും തമ്മിൽ നിങ്ങൾ കാണുന്ന ചില വ്യത്യാസങ്ങൾ എന്തൊക്കെയാണ്?

---

**ദൈവത്തിൻ്റെ കഥ പറയാൻ "മികച്ച വഴി" ഒന്നുമില്ല (സുവിശേഷം എന്നും അറിയപ്പെടുന്നു), കാരണം നിങ്ങൾ ആരുമായാണ് പങ്കിടുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും മികച്ച വഴി. ഓരോ ശിഷ്യനും തിരുവെഴുത്തുകൾക്ക് അനുസൃതമായ രീതിയിൽ ദൈവത്തിൻ്റെ കഥ പറയാൻ പഠിക്കുകയും അവർ പങ്കിടുന്ന പ്രേക്ഷകരുമായി ബന്ധപ്പെടുകയും വേണം.**

---

**ചർച്ച ചെയ്യുക**

**(10 മിനിറ്റ്)**

- അവൻ്റെ "സാക്ഷി" ആയിരിക്കാനും അവൻ്റെ കഥ പറയാനുമുള്ള ദൈവത്തിൻ്റെ കൽപ്പന കേൾക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ വരുന്നത് എന്താണ്?
- യേശു തൻ്റെ സുവാർത്ത പങ്കുവയ്ക്കാൻ മറ്റെന്തെങ്കിലും മാർഗത്തിനു പകരം സാധാരണക്കാരെ തിരഞ്ഞെടുത്തത് എന്തുകൊണ്ടാണ്?
- ദൈവത്തിൻ്റെ കഥ പങ്കിടുന്നത് നിങ്ങൾക്ക് കൂടുതൽ അനുയോജ്യമാകാൻ എന്താണ് വേണ്ടത്?

---

**സുവിശേഷം**

ആരോടു നിങ്ങൾ സുവിശേഷം പങ്കിടുന്നോ എന്നതിലാശ്രയിച്ചാണ് "ഏറ്റവും നല്ല രീതിയിൽ" അതു പങ്കിടുന്ന രീതി കിടക്കുന്നത്. ഏറ്റവും നല്ല രീതി' എന്നൊന്നില്ല. തിരുവെഴുത്തിനോടു നീതി പുലർത്തുന്ന രീതിയിൽ, സത്യസന്ധമായി അതു പറയാൻ ഓരോ ക്രിസ്തുവിശ്വാസിയും പഠിച്ചിരിക്കണം. അതു കേൾക്കുന്നവരെ അടുപ്പിക്കുകയും വേണം.

താഴെ കൊടുത്തിരിക്കുന്ന രണ്ട് അവതരണങ്ങൾ അവലോകനം ചെയ്ത് പരിശീലിക്കാൻ ഒരെണ്ണം തിരഞ്ഞെടുക്കുക.

---

## വായിക്കുക

**(5 മിനിറ്റ്)**

**അവതരണം 1**

ഇപ്രാവശ്യം ദൈവഗാഥ, സുവിശേഷം, സൃഷ്ടി മുതൽ ന്യായവിധി വരെ മനുഷ്യരുടെ ഉല്പത്തി മുതൽ ഈ കാലാവസാനം വരെ ഇതൊക്കെ എങ്ങനെ പറഞ്ഞു കൊടുക്കാമെന്ന് നമുക്ക് നോക്കാം. ദൈവഗാഥ പറയാൻ നിരവധി മാർഗങ്ങളുണ്ട്.

ഉത്തമമായ മാർഗം നിങ്ങൾ പറയാൻ പോകുന്ന ആളിനെയും അവരുടെ ലോകകാഴ്ചയേയും അനുഭവങ്ങളേയും ആശ്രയിച്ചിരിക്കും.

പറയാൻ ആഗ്രഹിക്കുന്ന വ്യക്തികളെയും കേൾക്കാൻ ആഗ്രഹിക്കുന്നവരെയും ദൈവം ഉപയോഗിക്കും.

ഇത് അവൻറെ വേലയാണ് നമ്മളെ ചേരാൻ ക്ഷണിക്കുക എന്നത്.

ദൈവത്തെപ്പറ്റി പറയാനുള്ള വഴി ദൈവത്തിൻറെ സൃഷ്ടി കർമ്മം മുതൽ ലോകാവസാനം വരെയുള്ള സംഭവങ്ങൾ വിവരിക്കുകയാണ്. ദൈവത്തെപ്പറ്റി ഈ രീതിയിൽ പറയുമ്പോൾ അത് ചെറുതായോ വലുതായോ പറയാം വിപുലമായോ പ്രധാന കാര്യങ്ങൾ മാത്രമായോ ആണെങ്കിലും കേൾക്കുന്നവൻറെ സംസ്ക്കാരമായോ ബന്ധമുണ്ടായിരിക്കും. പല സംസ്ക്കാരങ്ങളോടും ദൈവ വീക്ഷണത്തോടും ദൈവത്തെപ്പറ്റി പറയുവാൻ കൈകളുടെ ആംഗ്യങ്ങളും നമുക്ക് ഉപയോഗിക്കാം.

എന്നാൽകേൾക്കുന്നവർക്ക് പെട്ടെന്ന് മനസ്സിലാകും ഇതാ ദൈവ ഗാഥയുടെ സുവാർത്ത ആദിയിൽ ദൈവം പ്രപഞ്ചവും അതിലുള്ള എല്ലാത്തിനെയുംസൃഷ്ടിച്ചു.

അവൻ ആദ്യ പുരുഷനേയും ആദ്യ സ്ത്രീയേയും സൃഷ്ടിച്ചു. അവരെ ഒരു മനോഹരമായ തോട്ടത്തിൽ ആക്കി ദൈവത്തിൻറെ കുടുംബത്തിലെ അംഗമാക്കി അവൻ അവരോട്അടുത്ത ബന്ധവും ഉണ്ടായിരുന്നു. എന്നും ജീവിക്കുവാനായിരുന്നു അവരെ സൃഷ്ടിച്ചത് മരണം എന്നൊന്നില്ലായിരുന്നു. ഇതു പോലെ പൂർണ്ണമായ സ്ഥലത്തും മനുഷ്യൻ ദൈവത്തിനെതിരായി പ്രവർത്തിച്ചു. അങ്ങനെ പാപവും കഷ്ടവും ലോകത്തിൽ വന്നു. ദൈവം തോട്ടത്തിൽ നിന്നും മനുഷ്യനെ പുറത്താക്കി. മനുഷ്യനും ദൈവവുമായുള്ള ബന്ധം തകർന്നു. മനുഷ്യന് മരണത്തെ അഭിമുഖീകരിക്കേണ്ടി വന്നു.

നൂറുകണക്കിന് വർഷങ്ങളോളം ദൈവം പ്രവാചകരെ കത്തിലേയ്ക്ക്അയച്ചുകൊണ്ടിരുന്നു. അവർ മനുഷ്യൻറെ പാപങ്ങളെ ഓർമ്മപ്പെടുത്തുകയും ഒരു രക്ഷകനെ ലോകത്തിന് നൽകും എന്ന ദൈവത്തിൻറെ വാഗ്ദാനവും വിശ്വസ്തതയും അറിയിച്ചു.

രക്ഷകൻ ദൈവവും മനുഷ്യനും തമ്മിലുള്ള അഗാധ ബന്ധത്തെ പുനസ്ഥാപിക്കും. അവൻ മനുഷ്യനെ മരണത്തിൽ നിന്ന് രക്ഷിക്കും അവൻ മനുഷ്യന് നിത്യജീവൻ നൽകി അവനോടു കൂടെ ഇരിക്കും.

ദൈവം നമ്മെ ഒരുപാട് സ്നേഹിക്കുന്നു. കാലത്തിൻറെ പൂർത്തീകരണത്തിൽ അവൻ തൻറെ ഏകജാജനെ രക്ഷകനായി ഭൂമിയിലേയ്ക്ക് അയച്ചു. യേശു ദൈവ പുത്രനാണ് ഒരു കന്യകയിൽ നിന്നവൻ ഭൂമിയിൽ പിറന്നു. അവൻ നിറഞ്ഞ ജീവിതം നയിച്ചു. അവൻ പാപമറ്റവനായിരുന്നു.

യേശു മനുഷ്യരെ ദൈവത്തെപ്പറ്റി പഠിപ്പിച്ചു. അവൻ ദൈവ ശക്തി വെളിവാക്കുവണ്ണം ഒരുപാട് അത്ഭുതങ്ങൾ പ്രവർത്തിച്ചു. ഒരുപാട് പിശാചുക്കളെ പുറത്താക്കി രോഗികളെ സൗഖ്യപ്പെടുത്തി, കുരുടർക്ക് കാഴ്ച നല്കി ചെകിടർക്ക് കേൾവി നൽകി. മുടന്തരെ നടത്തി. യേശു മരിച്ചവരെ ഉയർപ്പിക്കുകയും ചെയ്തു. ഒരുപാട് മത നേതാക്കന്മാർ യേശുവിൽഅസൂയപൂണ്ടു. അവനെ ഭയന്നു അവർ അവനെ കൊല്ലാൻ തീരുമാനിച്ചു.

യേശുവിൽ പാപം ഇല്ലാത്തതിനാൽ മരിക്കേണ്ട ആവശ്യം ഇല്ലായിരുന്നു. പക്ഷെ അവൻ മരണം

തിരഞ്ഞെടുത്തു. നമുക്കുള്ള ബലിയായി അവൻറെ ദാരുണ മരണം മനുഷ്യൻറെ പാപങ്ങൾക്ക് മറയായി. അതിനു ശേഷംയേശു ഒരു കല്ലറയിൽ അടയ്ക്കപ്പെട്ടു. യേശു സ്വയം ബലിയായത്ദൈവം കണ്ടു. സ്വീകരിച്ചു. മൂന്നാം ദിവസം മരിച്ചവരിൽ നിന്ന് അവനെ ഉയർപ്പിച്ചുകൊണ്ട്ദൈ വം തൻറെ സ്വീകാര്യത കാണിച്ചു.

ദൈവം പറഞ്ഞു യേശു ബലിയായത് നമ്മുടെ പാപങ്ങൾക്കായിഎന്നു വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്യുമെങ്കിൽ പാപങ്ങളിൽ നിന്ന്അകന്ന് യേശുവിനെ അനുഗമിക്കുമെങ്കിൽ ദൈവം നമ്മെ എല്ലാ പാപങ്ങളിൽ നിന്നും ശുദ്ധീകരിച്ച് അവൻറെ കുടുംബത്തിലേക്ക് സ്വാഗതംചെയ്യും.

നമ്മുടെ ഉള്ളിൽ ജീവിച്ച് യേശുവിനെ അനുഗമിക്കുമാറാക്കാൻ ദൈവം പരിശുദ്ധാത്മാവിനെ അയയ്ക്കുന്നു. വെള്ളംകൊണ്ട് നാം സ്നാനപ്പെടുന്നത് പുനസ്ഥാപിക്കപ്പെട്ട ഈ ബന്ധത്തെ സൂചിപ്പിക്കാനാണ്. മരണത്തിൻറെ അടയാളമായി വെള്ളത്തിൽ നാം അടക്കപ്പെടുന്നു. പുതുജീവൻറെ അടയാളമായി യേശുവിനെ അനുഗമിക്കുവാനായി നാം വെള്ളത്തിൽ നിന്നും എണീറ്റു വരുന്നു. ഉയർത്തെഴുന്നേറ്റ ശേഷം യേശു നാല്പതു ദിവസം ഈ ഭൂമിയിൽചിലവഴിച്ചു.

ലോകത്തെല്ലായിടത്തും പോയി തൻറെ സുവിശേഷം എല്ലാവരോടും പറയുവാൻ യേശു തൻറെ ശിഷ്യന്മാരോട് പറഞ്ഞു. നിങ്ങൾ പുറപ്പെട്ട് പിതാവിൻറെയും പുത്രൻറെയും പരിശുദ്ധാത്മാവിൻറെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകലജാതികളെയും ശിഷ്യരാക്കി കൊൾവീൻ ലോകാവസാനത്തോളം ഞാൻ നിങ്ങളോട്കൂടെയുണ്ട്.

യേശു അവരുടെ കൺ മുന്നിൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. ഒരുനാൾ യേശു പോയപോലെതന്നെ വീണ്ടും വരും തന്നെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യാത്തവരെ അവൻ എന്നന്നേയ്ക്കുമായി ശിക്ഷിക്കും. അവനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരെ അവൻ നിത്യമായ സമ്മാനം നൽകും. നമ്മൾ അവൻറെകൂടെ പുതിയ ആകാശവും പുതിയ ഭൂമിയും ഉള്ള സ്ഥലത്ത് ജീവിക്കും.

യേശുഎൻറെ പാപങ്ങൾക്കായിചെയ്ത ബലി ഞാൻ വിശ്വസിക്കുകയും, സ്വീകരിക്കുകയുംചെയ്തു. അവൻ എന്നെ ശുദ്ധനാക്കി ദൈവത്തിൻറെ കുടുംബത്തിലേയ്ക്ക് പുനസ്ഥാപിച്ചു. അവൻ എന്നെ സ്നേഹിക്കുന്നു.ഞാൻ അവനെയുംഅവൻറെ കൂടെ ദൈവരാജ്യത്തിൽ ഞാൻ എന്നേക്കും ജീവിക്കും.

ദൈവം നിന്നേയും സ്നേഹിക്കുന്നു. ഈ സമ്മാനം നീയും നേടണമെന്നാഗ്രഹിക്കുന്നു .ഇപ്പോൾതന്നെ നിങ്ങളതിനു തയ്യാറാണോ.

## വായിക്കുക

**(5 മിനിറ്റ്)**

**അവതരണം 2**

സുമെ പരിശീലനത്തിലേക്ക് വീണ്ടും സ്വാഗതം.

ഈ സെഷനിൽ, ത്രീ സർക്കിളുകൾ എന്ന സംവിധാനം ഉപയോഗിച്ച് ദൈവത്തിന്റെ കഥ, സുവിശേഷത്തിന്റെ പങ്കിടൽ എന്നിവ സംബന്ധിച്ച് നമ്മൾ പഠിക്കും.

ദൈവത്തിന്റെ കഥ പങ്കിടാൻ നിരവധി മാർഗങ്ങളുണ്ട്. ഏറ്റവും നല്ല മാർഗം നിങ്ങൾ പങ്കിടുന്ന വ്യക്തിയെയും ലോകത്തെക്കുറിച്ചുള്ള അവരുടെ വീക്ഷണത്തെയും ജീവിതാനുഭവങ്ങളെയും ആശ്രയിച്ചിരിക്കും.

കേൾക്കാൻ തയ്യാറുള്ള ഹൃദയങ്ങളിൽ പ്രവർത്തിക്കാനായി ദൈവം പങ്കിടാൻ തയ്യാറുള്ള ഹൃദയങ്ങളെയാണ് ഉപയോഗിക്കുക.

ഇത് അവന്റെ പ്രവൃത്തിയാണ്; അവൻ നമ്മെ അതിൽ പങ്കുചേരാൻ ക്ഷണിക്കുന്നു.

ദൈവത്തിന്റെ കഥ പങ്കിടാനുള്ള ഒരു മാർഗം, മൂന്ന് വൃത്തങ്ങൾ എന്ന് നമ്മൾ വിളിക്കുന്ന ഒരു ലളിതമായ ചിത്രം പങ്കിടുക എന്നതാണ്.

നമ്മളെല്ലാവരും വളരെ തകർന്ന ഒരു ലോകത്തിലാണ് ജീവിക്കുന്നത്. കഷ്ടപ്പാട്, മരണം, യുദ്ധം, രോഗം, ആസക്തി എന്നിവയുടെ കഥകൾ നമ്മൾ കാണുകയും കേൾക്കുകയും ചെയ്യുന്നു. അത് എല്ലായിടത്തും ഉണ്ട്. എന്നാൽ ഇത് ലോകത്തെ കുറിച്ചുള്ള ദൈവത്തിന്റെ യഥാർത്ഥ രൂപകൽപ്പനയല്ല.

ദൈവത്തിന്റെ പൂർണ്ണമായ രൂപകൽപ്പന സ്നേഹം, സന്തോഷം, ഐക്യം, സമാധാനം എന്നിവയാൽ നിറഞ്ഞ ഒരു ലോകമാണ്.

ദൈവത്തിന്റെ പൂർണ്ണമായ രൂപകൽപ്പനയിൽ നിന്ന് നാം സ്വയം പുറത്തുകടന്ന് തകർച്ചയിലേക്ക് വന്ന രീതി ബൈബിൾ പാപം എന്ന് വിളിക്കുന്ന ഒന്നിലൂടെയാണ്.

പാപം ദൈവത്തിന്റെ വഴിയിൽ നിന്ന് പിന്തിരിഞ്ഞ് നമ്മുടെ സ്വന്തം വഴി പിന്തുടരുന്നതാണ്. പാപം നമ്മെ ദൈവത്തിൽ നിന്ന് വേർപെടുത്തുന്നു. പാപം നമ്മെ തകർച്ചയിലേക്ക് തള്ളിവിടുന്നു. പാപം നമ്മെ ആത്മീയ മരണത്തിലേക്ക് നയിക്കുന്നു.

ആളുകൾ തകർച്ചയിൽ നിന്ന് പുറത്തുകടക്കാൻ ആഗ്രഹിക്കുന്നു. ആ ലക്ഷ്യത്തോടെ നമ്മൾ എല്ലാത്തരം വ്യത്യസ്ത വഴികളും ഉപയോഗിച്ച്  ശ്രമിക്കുന്നു.

നമ്മളിൽ ചിലർ മയക്കുമരുന്നും മദ്യവും പരീക്ഷിക്കുന്നു. നമ്മളിൽ ചിലർ നല്ല ജോലിയിലൂടെയോ ധാരാളം പണം സമ്പാദിച്ചുകൊണ്ടോ പുറത്തുകടക്കാൻ ശ്രമിക്കുന്നു. ചിലർ ഒരു ബന്ധം തകർച്ചയിൽ നിന്ന് രക്ഷപ്പെടുത്തുമെന്ന് കരുതുന്നു. ചിലർ മതം പോലും പരീക്ഷിക്കുന്നു. നല്ല പെരുമാറ്റമോ മറ്റുള്ളവരെ സഹായിക്കുന്നതോ നമ്മെ സ്വതന്ത്രരാക്കുമെന്ന് നാം കരുതുന്നവരുമുണ്ട്.

തകർച്ച, പ്രശ്നം ഒന്നും പരിഹരിക്കാൻ ഇവയ്ക്ക് ഒന്നിനുമാകില്ല.

ഒരു നിമിഷത്തേക്ക് നമ്മൾ അകന്നു പോകുന്നതായി തോന്നിയേക്കാം പക്ഷേ, പലപ്പോഴും നമ്മൾ ആരംഭിച്ചിടത്തേക്ക് തന്നെ തിരികെ പോകുകയാണ്.

ഒരു വിഷമകരമായ സത്യം ഇതാ: ഈ ജീവിതം അവസാനിക്കുമ്പോഴും നാം അവിടെയാണെങ്കിൽ, നാം തകർച്ചയിലും പ്രശ്നങ്ങളിലും ആണെങ്കിൽ ദൈവത്തിൽ നിന്ന് എന്നെന്നേക്കുമായി വേർപിരിഞ്ഞിരിക്കുകയാണെന്ന് ബൈബിൾ പറയുന്നു.

ബൈബിൾ ആ സ്ഥലത്തെ നരകം എന്ന് വിളിക്കുന്നു.

എന്നാൽ ദൈവം നമ്മെ തകർച്ചയിൽ തുടരാൻ ആഗ്രഹിക്കുന്നില്ല. ദൈവം നമ്മെ വളരെയധികം സ്നേഹിച്ചതിനാൽ നമുക്ക് ഒരു വഴിയൊരുക്കാൻ അവൻ തന്റെ സ്വന്തം പുത്രനെ അയച്ചു എന്ന് ബൈബിൾ പറയുന്നു.

നമ്മുടെ പാപം മായ്ച്ചുകളയാനും തകർച്ചയിൽ നിന്ന് നമ്മെ മോചിപ്പിക്കാനും യേശു ഭൂമിയിലേക്ക് വന്നു.

പക്ഷേ എങ്ങനെ? യേശുവിന് ഇതെല്ലാം എങ്ങനെ ചെയ്യാൻ കഴിഞ്ഞു?

യേശു ഒരു പൂർണ്ണ ജീവിതം നയിച്ചു. ഒരിക്കലും പാപം ചെയ്യാത്ത ഒരേയൊരു വ്യക്തി യേശുവായിരുന്നു. ദൈവത്തിന്റെ പൂർണ്ണ രൂപകൽപ്പനയിൽ നിലനിന്ന ഒരേയൊരു വ്യക്തി യേശുവായിരുന്നു. പിന്നീട് യേശു തന്റെ പൂർണ്ണ ജീവിതം ഉപേക്ഷിച്ച് നമ്മുടെ സ്ഥാനം ഏറ്റെടുത്തു.

നമ്മുടെ പാപത്തിന് വില നൽകാൻ അവൻ കുരിശിൽ മരിച്ചു.

അങ്ങനെ ദൈവപുത്രനായ യേശു തന്റെ മരണത്താൽ നമ്മുടെ പാപം ഇല്ലാതാക്കി.

യേശു മരിച്ച് സംസ്കരിക്കപ്പെട്ട് മൂന്ന് ദിവസത്തിന് ശേഷം, അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു.

തന്റെ മഹത്തായ ത്യാഗം നിമിത്തം, ദൈവം യേശുവിനെ സ്വർഗ്ഗത്തിലുള്ള എല്ലാറ്റിന്റെയും ഭൂമിയിലുള്ള എല്ലാറ്റിന്റെയും രാജാവാക്കി.

യേശു രാജാവ് നമുക്ക് തകർച്ചയിൽ നിന്ന് ഒരു വഴി തുറന്നു തന്നു. ദൈവം പറഞ്ഞു, നാം നമ്മുടെ പാപത്തിൽ നിന്ന് പിന്തിരിഞ്ഞ് യേശു നമുക്കുവേണ്ടി മരിച്ചു എന്ന് വിശ്വസിക്കുകയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേൽക്കുകയും ചെയ്താൽ, ദൈവം നമ്മെ യേശുവിനെപ്പോലെ ഉയിർപ്പിക്കുകയും ദൈവത്തിന്റെ കുടുംബത്തിന്റെ ഭാഗമായി എന്നെന്നേക്കുമായി ഒരു പുതിയ തരം ജീവിതത്തിലേക്ക് നടത്തുകയും ചെയ്യും.

പിന്നെ നാം തകർന്ന ലോകത്തിൽ ഈ പുതിയ ജീവിതം മാതൃകയാക്കുകയും, യേശു ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുമ്പോൾ അവന്റെ തിരിച്ചുവരവിനായി കാത്തിരിക്കുകയും ചെയ്യുന്നു, അവിടെ നമുക്ക് അവനോടൊപ്പം എന്നേക്കും പൂർണ്ണതയിൽ ആയിരിക്കാൻ കഴിയും.

ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ നാം വളരണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നമ്മെ അവന്റെ യഥാർത്ഥ പൂർണ്ണ രൂപകൽപ്പനയിലേക്ക് തിരികെ കൊണ്ടുവരാൻ ദൈവം ആഗ്രഹിക്കുന്നു.

ദൈവത്തിന്റെ കുടുംബത്തിന്റെ ഭാഗമായി, യേശു നമുക്ക് ഒരു ദൗത്യവും, ജീവിക്കാനുള്ള ഒരു കാരണവും, ഏറ്റവും മികച്ച ജീവിതം നയിക്കാനുള്ള ഒരു മാർഗവും നൽകുന്നു.

നമ്മോടുള്ള യേശുവിന്റെ ദൗത്യ നിർദേശം പോകുക എന്നതാണ്. തന്റെ പിതാവായ ദൈവം തന്നെ അയച്ചതുപോലെ, മറ്റുള്ളവരെ സ്വതന്ത്രരാക്കാനും എന്നേക്കും ദൈവത്തിന്റെ കുടുംബത്തിന്റെ ഭാഗമാകാനും സഹായിക്കുന്നതിന് യേശു നമ്മെയും അയയ്ക്കുന്നു.

ഈ വൃത്തങ്ങളുടെ ലോകത്ത്, രണ്ട് തരം ആളുകളേയുള്ളൂ: ദൈവത്തിന്റെ പൂർണ്ണമായ രൂപകൽപ്പനയുടെ ഭാഗമായ ആളുകൾ, ദൈവത്തിന്റെ രക്ഷാ ദൗത്യം ജീവിക്കുന്നവർ, ദൈവത്തെ തന്റെ നിത്യ കുടുംബത്തിലേക്ക് വീണ്ടും ബന്ധിപ്പിക്കാൻ സഹായിക്കുന്നവർ, അല്ലെങ്കിൽ ഇപ്പോഴും തകർച്ചയിൽ കഴിയുന്നവർ, ആരെങ്കിലും തങ്ങളെ രക്ഷിക്കുമെന്ന് പ്രതീക്ഷിച്ച് സ്വതന്ത്രരാകാൻ കാക്കുന്നവർ.

നിങ്ങൾ ഇപ്പോൾ എവിടെയാണെന്ന് നിങ്ങൾക്കറിയാമോ? നിങ്ങൾ എവിടെയായിരിക്കണമെന്ന് നിങ്ങൾക്കറിയാമോ?

ദൈവത്തിന്റെ കഥ പങ്കിടാൻ നിരവധി മാർഗങ്ങളുണ്ട്. പ്രധാന കാര്യം പങ്കിടുക എന്നതാണ്.

കേൾക്കാൻ ആഗ്രഹിക്കുന്ന ഹൃദയങ്ങളിൽ പ്രവർത്തിക്കാൻ ദൈവം പങ്കിടാൻ ആഗ്രഹിക്കുന്ന ഹൃദയങ്ങളെ ഉപയോഗിക്കുന്നു.

ഇത് അവന്റെ പ്രവൃത്തിയാണ്; അവൻ നമ്മെ അതിൽ ചേരാൻ ക്ഷണിക്കുന്നു.

## പ്രവർത്തനം

**(45 മിനിറ്റ്)**

**സുവിശേഷം പങ്കിടുക**

- നിങ്ങൾ കണ്ട രണ്ട് അവതരണങ്ങളിൽ ഒന്ന് തിരഞ്ഞെടുക്കുക.
- രണ്ടോ മൂന്നോ ആളുകളുടെ ഗ്രൂപ്പുകളായി തിരിക്കുക.
- പരസ്പരം സുവിശേഷം പറയുക.

## വായിക്കുക

**(5 മിനിറ്റ്)**

**സ്നാനം**

യേശു പറഞ്ഞു പുറപ്പെടൂ പിതാവിൻറെയും പുത്രൻറെയും പരിശുദ്ധാത്മാവിൻറെയും നാമത്തിൽ സ്നാനപ്പെടുത്തി സകല ജാതികളെയും ശിഷ്യരാക്കൂ. സ്നാനം അല്ലെങ്കിൽ ബാബ്റ്റിസം എന്നത് കയ്യെഴുത്തു ഭാഷയാണ്.അതിനർത്ഥം കുതിർക്കുക മുങ്ങുക. ഒരുതുണിയ്ക്ക് നിറംകൊടുക്കുവാൻ ചായത്തിൽ കുതിർത്ത് എടുക്കുമ്പോൾ മാറ്റമുണ്ടാകുന്നതു പോലെ സ്നാനം ഒരു പുതുജീവൻറെചിത്രമാണ്.

യേശുവിൻറെ ചായയിൽ കുതിർത്ത് ദൈവത്തിന് യോഗ്യനായി മാറപ്പെടുന്നു. പാപത്തിൽ മരിക്കുന്ന നമ്മുടെ ചിത്രമാണത്. യേശു നമ്മുടെ പാപങ്ങൾക്കായി മരിച്ചതുപോലെ പഴയ ജീവിത സ്വഭാവത്തിൻറെ സംസ്ക്കരിക്കപ്പെടൽ യേശു സംസ്ക്കരിക്കപ്പെട്ടതു പോലെ യേശു ഉയർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നതു പോലെയാകും.

സ്നാനപ്പെട്ടതിനു ശേഷം ക്രിസ്തുവിലുള്ള നമ്മുടെ പുതിയജീവിതം. ഇതിനു മുമ്പ് നിങ്ങൾ സ്നാനം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ അത് ഭയമുണ്ടാക്കുന്നതാണ്.പക്ഷെ ഭയപ്പെടേണ്ട. ലളിതമായചില മാർഗങ്ങളിതാ. ആദ്യംജലം കണ്ടെത്തുക.അത് പുതിയ ശിഷ്യന് മുങ്ങുവാനുള്ള ആഴത്തിലുള്ളതായിരിക്കണം.അതൊരു കുളമോ നദിയോ സമുദ്രമോ തടാകമോ ആകാം വേണമെങ്കിൽ അതൊരു ബാത്ത്ടബ്ബോ ആകാം.

ശിഷ്യനെ ഒരുകൈകൊണ്ട്  പിടിച്ച്മറ്റെ കൈകൊണ്ട് പിൻഭാഗത്ത് പിൻബലമായി വെയ്ക്കുക.

അവരുടെതീരുമാനം അറിയുന്നതിനും ഉറപ്പിനുമായി രണ്ട് ചോദ്യങ്ങൾ ചോദിക്കുക.

- ക്രിസ്തുവിനെ നിൻറെ കർത്താവും രക്ഷകനുമായി സ്വീകരിക്കുന്നുവോ.
- അവനെ ഒരുരാജാവായി സേവിക്കാനും അനുസരിക്കാനും സമ്മതിക്കുന്നുവോ?

സമ്മതമാണെന്ന് പറഞ്ഞാൽ ഇതു പോലെ ചില കാര്യങ്ങൾ പറയണം.

- ക്രിസ്തുവിലുള്ള വിശ്വാസം നീ പരസ്യമായി പ്രസ്താവിച്ചതിനാൽ ഞാൻ പിതാവിൻറെയും പുത്രൻറെയും പരിശുദ്ധാത്മാവിൻറെയും നാമത്തിൽ നിന്നെ സ്നാനപ്പെടുത്തുന്നു.

ജലത്തിൽ പൂർണ്ണമായി മുങ്ങി തിരികെ ഉയർന്നു വരാൻ സഹായിക്കുക.

യേശുവിൻറെ പുതിയഒരു അനുയായിയെ നീ സ്നാനപ്പെടുത്തി.  സ്വർഗ്ഗത്തിൻറെ പുതിയ പൗരൻ.  ജീവനുള്ള ദൈവത്തിൻറെ ഒരു പുതിയ കുട്ടി. ആഘോഷിക്കാനുള്ള സമയമാണിത്.

സ്നാനം - യേശു തന്റെ അനുയായികൾക്ക് നൽകിയ ആദ്യ കൂദാശയും സൂമെ ടൂൾകിറ്റിന്റെ അടിത്തറയും.

---

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- നിങ്ങൾ എപ്പോഴെങ്കിലും ആരെയെങ്കിലും സ്നാനപ്പെടുത്തിയിട്ടുണ്ടോ?
- നിങ്ങൾ അത് പരിഗണിക്കുമോ?
- മഹത്തായ കമ്മീഷൻ യേശുവിൻ്റെ എല്ലാ അനുയായികൾക്കും വേണ്ടിയുള്ളതാണെങ്കിൽ, അതിനർത്ഥം എല്ലാ അനുയായികൾക്കും മറ്റുള്ളവരെ സ്നാനപ്പെടുത്താൻ അനുവാദമുണ്ടോ? എന്തുകൊണ്ട് അല്ലെങ്കിൽ എന്തുകൊണ്ട്?

---

**പ്രധാന ഓർമ്മപ്പെടുത്തൽ - നിങ്ങൾ സ്നാനമേറ്റിട്ടുണ്ടോ?**

ഇല്ലെങ്കിൽ, ഈ പരിശീലനത്തിൻ്റെ ഒരു സെഷൻ കൂടി മുമ്പ് ഇത് ആസൂത്രണം ചെയ്യാൻ ഞങ്ങൾ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. യേശുവിനോട് "അതെ" എന്ന് പറയുമ്പോൾ ഈ സുപ്രധാന ദിനത്തിൻ്റെ ഭാഗമാകാൻ നിങ്ങളുടെ ഗ്രൂപ്പിനെ ക്ഷണിക്കുക.

---

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ കേട്ട ആശയങ്ങൾ:**

- ആത്മീയ സമ്പദ്‌വ്യവസ്ഥ

**ഈ സെഷനിൽ കേട്ട ഉപകരണങ്ങൾ:**

- സുവിശേഷം
- സ്നാനം

---

**അടുത്ത പടി**

## അനുസരിക്കുക

സൃഷ്ടി മുതൽ വിധിദിനം വരെയുള്ള (അല്ലെങ്കിൽ ദൈവത്തിൻ്റെ കഥ പങ്കിടാനുള്ള മറ്റേതെങ്കിലും മാർഗം) ഉപയോഗിക്കാൻ ആരെയാണ് ഞാൻ പരിശീലിപ്പിക്കേണ്ടതെന്ന് ദൈവത്തോട് ചോദിക്കുക. നിങ്ങൾ പോകുന്നതിന് മുമ്പ് ഈ വ്യക്തിയുടെ പേര് ഗ്രൂപ്പുമായി പങ്കിടുക.

## ഷെയർ ചെയ്യുക

ദൈവത്തിൻ്റെ കഥ പരിശീലിക്കുന്നതിനായി ഈ ആഴ്ച സമയം ചെലവഴിക്കുക, തുടർന്ന് നിങ്ങൾ "അവിശ്വാസി" അല്ലെങ്കിൽ "അജ്ഞാതൻ" എന്ന് അടയാളപ്പെടുത്തിയ 100 പേരുടെ ലിസ്റ്റിൽ നിന്ന് ഒരു വ്യക്തിയുമായെങ്കിലും അത് പങ്കിടുക.

---

**പ്രധാന ഓർമ്മപ്പെടുത്തൽ - നിങ്ങളുടെ ഗ്രൂപ്പ് അടുത്ത സെഷനിൽ കർത്താവിൻ്റെ അത്താഴം ആഘോഷിക്കുകയാണ്. അപ്പവും വീഞ്ഞും / ജ്യൂസ്) ലഭ്യത ഉറപ്പാക്കുക.**

---

# സെഷൻ 4

## ചെക്ക് - ഇൻ ചെയ്യുക

**(1 മിനിറ്റ്)**

എല്ലാ പങ്കാളികളും സഹായികളും ചെക്ക്-ഇൻ ചെയ്യുക.

അല്ലെങ്കിൽ zume.training/checkin ചെയ്ത് കോഡ് ഉപയോഗിക്കുക: **8764**

## പ്രാർത്ഥിക്കുക

**(5 മിനിറ്റ്)**

ദൈവത്തിൻറെ സുവാർത്ത മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ ദൈവം നമ്മെ ക്ഷണിച്ചത് പ്രകാരം പ്രാർത്ഥിക്കുക, നന്ദി പറയുക.

നിങ്ങളുടെ ഗ്രൂപ്പിലെ ഓരോ അംഗത്തിനും ക്രിസ്തുവിൻ്റെ മനസ്സ് നൽകാനും ഓരോരുത്തർക്കും അവൻ്റെ ആത്മാവിനെ നിറയ്ക്കാനും അവനോട് ആവശ്യപ്പെടുക.

## തിരിഞ്ഞു നോക്കുക

**(5 മിനിറ്റ്)**

ആരംഭിക്കുന്നതിന് മുമ്പ്, തിരിഞ്ഞു നോക്കാൻ കുറച്ച് സമയമെടുക്കുക.

അവസാന സെഷൻ്റെ അവസാനം, നിങ്ങൾ പഠിച്ച കാര്യങ്ങൾ പരിശീലിക്കാൻ നിങ്ങളുടെ ഗ്രൂപ്പിലെ എല്ലാവരോടും നിർദ്ദേശിക്കുക. ഇതൊരു വെല്ലുവിളിയായും നടത്താം.

ഈ ആഴ്ച നിങ്ങളുടെ ഗ്രൂപ്പ് എങ്ങനെ ചെയ്തുവെന്ന് കാണാൻ കുറച്ച് നിമിഷങ്ങൾ എടുക്കുക.

---

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ, നമ്മൾ ഈ ആശയങ്ങൾ കേൾക്കുകയും ചർച്ച ചെയ്യുകയും ചെയ്യും:**

- ഏറ്റവും വലിയ അനുഗ്രഹം നൽകൽ ദർശനം
- താറാവ് ശിഷ്യത്വം
- രാജ്യം എവിടെയല്ലെന്ന് കാണാനുള്ള കണ്ണുകൾ

**ടൂൾകിറ്റിലേക്ക് ഈ ഉപകരണങ്ങൾ ചേർക്കുന്നു:**

- മൂന്ന് മിനിറ്റ് സാക്ഷ്യം
- കർത്താവിന്റെ അത്താഴം

---

## വായിക്കുക

**(5 മിനിറ്റ്)**

**മൂന്ന് മിനിറ്റ് സാക്ഷ്യം**

യേശു തൻറെ അനുയായികളോട് പറഞ്ഞു.  നിങ്ങൾ എൻറെ സാക്ഷികളാകും. യേശുവിൻറെ അനുയായികൾ നമ്മൾ സാക്ഷികളാക്കുന്നു.  യേശു നമ്മുടെ ജീവിതത്തിൽ വരുന്നതു മൂലമുണ്ടായ അനുഭവത്തെ സാക്ഷ്യപ്പെടുത്തണം. ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൻറെ അനുഭവം അതാണ് സാക്ഷ്യം. എല്ലാവർക്കുംഒരു കഥയുണ്ട് അത് നിങ്ങൾക്ക് പരിശീലിക്കാനുള്ള അവസരമാണ്.

ഒന്നോ രണ്ടോ അനുയായികളെ തിരഞ്ഞെടുത്ത് പരിശീലിക്കുക.  നൂറുപേരുടെ പട്ടികയിൽ നിന്നും അഞ്ച് പേരെ എടുക്കുക. നിങ്ങൾ തിരഞ്ഞെടുക്കുന്നവർ അവിശ്വാസികളോ ആത്മീയമായി അജ്ഞരോ ആണെന്ന് ഉറപ്പു വരുത്തുക. നിങ്ങളുടെ സാക്ഷ്യം പറഞ്ഞു പരിശീലിക്കുക.  യേശുവുമായുള്ള അനുഭവത്തെ നിങ്ങൾ തിരഞ്ഞെടുത്ത അഞ്ച് പേരോട് പറയുന്നതു പോലെ അനുമാനിക്കുക. ആ അഞ്ചുപേരോടും പറയാൻ പറ്റുംവിധം അതിനെ ക്രമീകരിക്കുക. മൂന്ന് മിനിറ്റുകൊണ്ട് നിങ്ങളുടെ അനുഭവം പറയാൻ അതിനെ രത്നചുരുക്കമാക്കാൻ കഴിയണം.

ജീവിതാനുഭവത്തെ വിവിധ നിലയിൽ രൂപപ്പെടുത്താം.  ചില മാർഗ്ഗങ്ങൾ ഇതാ ഇത് മറ്റുള്ളവരിൽ നന്നായി പ്രവർത്തിച്ചതാണ്. എന്തുകൊണ്ടാണ് യേശുവിനെ അനുഗമിച്ചു എന്നത് വളരെ ലളിതമായ ഭാഷയിൽ പങ്കുവെയ്ക്കുക.  അതിലൂടെ പുതിയ വിശ്വാസികളെ കണ്ടെത്താം. അറിയുന്നതിന് മുമ്പും, പിമ്പുമുള്ള അനുഭവം പങ്കിടാം.  യേശുവിനെ അറിയുന്നതിനു മുമ്പുള്ള നിങ്ങളുടെ ജീവിതം എങ്ങനെയായിരുന്നു ഇപ്പോഴെങ്ങനെയാണ് അത് പങ്കിടുന്നത് ലളിതവും ശക്തവുമാണ്.

യേശുവിൻറെ കൂടെയും അല്ലാതെയുമുള്ള ജീവിതം പങ്കിടാം.  ഇങ്ങനെയുള്ള മാർഗ്ഗത്തിലൂടെ അനുഭവം പങ്കിടുന്നത്  വളരെ ശക്തമാണ്. അതു വളരെ വേഗത്തിൽ വിശ്വാസത്തിലേയ്ക്ക് നയിക്കുകയും ചെയ്യും.

നിങ്ങൾ പങ്കിട്ടുകഴിഞ്ഞാൽ പരിശീലിപ്പിച്ച പങ്കാളിയെകൊണ്ടും അത്ചെയ്യിക്കാം.  അങ്ങനെ അഞ്ചുപേരോട് പങ്കുവെച്ച് ശീലിച്ച് ശീലിപ്പിക്കുകയുംചെയ്യാം.

നിങ്ങളുടെ ജീവിതാനുഭവം പറയുമ്പോൾ ഇതിലെ മൂന്നു ഭാഗത്തെയും പ്രവർത്തനത്തെ നല്ല രീതിയിൽ മനസ്സിലാക്കാൻ സാധിക്കും.

- അവരുടെ അനുഭവം നിങ്ങളുടെ അനുഭവം പങ്കിടുന്ന വ്യക്തിയുടെ ആത്മീയ ജിവതം പങ്കിടാൻ ആവശ്യപ്പെടുക.
- നിങ്ങളുടെ അനുഭവം നിങ്ങളുടെ ജീവിതത്തിലുണ്ടായ മാറ്റങ്ങളെ അനുഭവ സാക്ഷ്യമായി പറയുക.
- ദൈവത്തിൻറെ അനുഭവം അവരുടെ കാഴ്ചപ്പാട്, മൂല്യങ്ങൾ, മുൻഗണനന ഇവയിലൂടെ ദൈവത്തിൻറെ വഴികളെ പ്രവർത്തനങ്ങളെകുറിച്ച് പറയുന്നത്  എങ്ങനെ ആരംഭിക്കണം എന്ന് പ്രയാസം തോന്നുന്നു എങ്കിൽ ലളിതമാണ്.

നിങ്ങൾ യേശുവിനെ അനുഗമിക്കാൻ ശ്രമിച്ചത് വളരെ - ലളിതമായി പറയുക.

ദൈവത്തിന് നിങ്ങളുടെ അനുഭവംകൊണ്ട് അവരിൽ മാറ്റം വരുത്താൻ കഴിയും പക്ഷെ ഓർത്തിരിക്കണം നിങ്ങൾ പങ്കിടാൻ ലഭിച്ച ഒരു വ്യക്തിയാണ്.

നിങ്ങളുടെ മൂന്ന് മിനിറ്റിലെ അനുഭവ സാക്ഷ്യം സൂമെ ടൂൾ കിറ്റിലെ മറ്റൊരു മാർഗ്ഗമാണ്.

---

## പ്രവർത്തനം

**(30 മിനിറ്റ്)**

**നിങ്ങളുടെ സാക്ഷ്യം പങ്കുവയ്ക്കാൻ പരിശീലിക്കുക**

- നിങ്ങളുടെ സ്റ്റോറി എഴുതാനും അത് മൂന്ന് മിനിറ്റിൽ കവിയാതിരിക്കാനും ശ്രദ്ധിക്കുക. (10 മിനിറ്റ്)
- രണ്ടോ മൂന്നോ ഗ്രൂപ്പുകളായി വിഭജിച്ച് പങ്കിടൽ പരിശീലിക്കുക. (20 മിനിറ്റ്)

**മൂന്ന് അടിസ്ഥാന തരത്തിലുള്ള സാക്ഷ്യങ്ങൾ**

നിങ്ങളുടെ സാക്ഷ്യം ഭംഗിയാക്കാൻ ധാരാളം മാർഗ്ഗങ്ങളുണ്ട്. ഫലപ്രദമായ ചിലത് ഇവിടെക്കൊടുക്കുന്നു:

- ലളിതമായ പ്രസ്താവന. യേശുവിനെ അനുഗമിക്കാൻ താങ്കൾ തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് ഒരു ലളിതമായ പ്രസ്താവന നിങ്ങൾക്കു പങ്കിടാം.ഒരു പുതിയ വിശ്വാസിക്ക് ഇതു വളരെ ഫലം ചെയ്യും.
- മുമ്പും പിമ്പും. മുമ്പും (യേശുവിനെ അറിയുന്നതിനു മുമ്പുള്ള നിങ്ങളുടെ ജീവിതം) പിമ്പും(യേശുവിനെ അറിഞ്ഞു കഴിഞ്ഞുള്ള നിങ്ങളുടെ ഇപ്പോഴത്തെ ജീവിതം) എന്ന നിങ്ങളുടെ അനുഭവം നിങ്ങൾക്കു പങ്കിടാം. അതു ലളിതവും ശക്തവുമായിരിക്കും.
- കൂടെ, കൂടാതെ. കൂടെ, കൂടാതെയെന്നു പറഞ്ഞാൽ, "യേശുവിന്റെ കൂടെ "യുള്ള നിങ്ങളുടെ ജീവിതവും "യേശുവിനെക്കൂടാതെ "യുള്ള ജീവിതവും എങ്ങനെയുള്ളതാണെന്ന വിവരണമാണ്. ചെറുപ്രായത്തിൽത്തന്നെ വിശ്വാസത്തിൽ വന്നതാണു താങ്കളെങ്കിൽ, നിങ്ങളുടെ ഈ സാക്ഷ്യം വളരെ ഫലിക്കും.

**നിങ്ങളുടെ സാക്ഷ്യം പങ്കിടുന്നതിനുള്ള മൂന്ന് ഭാഗങ്ങൾ**

നിങ്ങളുടെ സാക്ഷ്യം പങ്കിടുമ്പോൾ, അതൊരു മൂന്നു ഭാഗമുള്ള പ്രക്രിയയുടെ ഒരു ഭാഗമാണെന്നു ചിന്തിക്കുന്നതു സഹായകമാണ്:

- അവരുടെ കഥ. നിങ്ങൾ സംസാരിക്കുന്ന വ്യക്തിയോട്, അദ്ദേഹത്തിന്റെ ആത്മീയയാത്രയെപ്പറ്റിയുള്ള വിവരണം നൽകാനാവശ്യപ്പെടുക.
- നിങ്ങളുടെ കഥ. ഇനി അദ്ദേഹത്തിന്റെ അനുഭവത്തോടു യോജിക്കുന്ന നിലയിൽ നിങ്ങളുടെ സാക്ഷ്യം പങ്കിടുക.
- ദൈവത്തിന്റെ കഥ. ഒടുവിൽ, അവരുടെ നിലവാരത്തിനും മൂല്യങ്ങൾക്കും താത്പര്യങ്ങൾക്കും നിരക്കുന്ന രീതിയിൽ ദൈവത്തിന്റെ കഥ (സുവിശേഷം) പങ്കിടുക.

നിങ്ങളുടെ സാക്ഷ്യം ദീർഘമാക്കേണ്ടതില്ല, ഒത്തിരി വിശദീകരിക്കേണ്ടതുമില്ല. 3 മിനിറ്റിനുള്ളിൽ നിങ്ങളുടെ സാക്ഷ്യം പറഞ്ഞിട്ട് ബാക്കിയുള്ള സമയം ചോദ്യങ്ങൾക്കും ആഴമായ സംഭാഷണങ്ങൾക്കും വിനിയോഗിക്കാം. എങ്ങനെ തുടങ്ങണമെന്നു നിങ്ങൾക്കറിയില്ലെങ്കിൽ, അതു ലളിതമാക്കുക. ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നതിന് അതു ദൈവം ഉപയോഗിച്ചുകൊള്ളും.എന്നാൽ ഓർക്കണം, അതു പറയാൻ നിങ്ങളേ ഉള്ളൂ.

---

## വായിക്കുക

**(5 മിനിറ്റ്)**

**മഹത്തായ - വലിയ - മഹത്തായ അനുഗ്രഹങ്ങൾ**

ഇപ്രാവശ്യം നമുക്ക്  ദൈവത്തിൻറെ മഹനീയമായ മഹത്വരമായ അനുഗ്രഹങ്ങളെ പ്പറ്റിയുംഅത് മറ്റുള്ളവർക്ക് നല്കുന്നതിനെപ്പറ്റിയും നോക്കാം യേശുവിനെ അനുഗമിക്കാൻ തയ്യാറാകുന്നവരെ ശരിയായ പാതയിൽ പോകാൻ എങ്ങനെ നമുക്ക് സഹായിക്കാം. എങ്ങനെ അവരെ ദൈവ രാജ്യത്തിലെ ഉപഭോക്താവ് മാത്രമല്ലാതെ ഉല്പാദകരുംആക്കി മാറ്റാം.  ദൈവം കൊടുക്കുന്ന എല്ലാ അനുഗ്രഹങ്ങളും സ്വീകരിക്കുവാൻ എങ്ങനെ പ്രാപ്തരാക്കാം.

അവരോട് ഞാൻ ഇങ്ങനെയായിരിക്കും പറയുന്നത്.

- യേശുവിനെ അനുഗമിക്കുന്നത് ഒരു ഭാഗ്യമാണ്.
- മറ്റുള്ളവരെക്കൊണ്ട് അവനെ അനുഗമിപ്പിക്കുന്നത് വലിയ ഭാഗ്യമാണ്.
- ഒരുആത്മീയ കുടുംബത്തെ ഉണ്ടാക്കുന്നത് മഹനീയമായ ഭാഗ്യമാണ്.
- ആത്മീയകുടുംബങ്ങൾ ഉണ്ടാ?ക്കാൻ മറ്റുള്ളവരെ പ്രാപ്തരാക്കുന്നത്  മഹത്വരമായ ഭാഗ്യമാണ്.

നിങ്ങൾ യേശുവിനെ അനുഗമിക്കുന്നു.അതുകൊണ്ട് ദൈവം അനുഗ്രഹിക്കുന്നു. നിങ്ങൾ ദൈവത്തിൻറെ ആ വലിയ മഹനീയമായ മഹത്വരമായ അനുഗ്രഹങ്ങളും കൈപ്പറ്റണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എങ്ങനെയെന്ന് ഞാൻ കാണിക്കട്ടെ.

കൂടുതലായി അറിയേണ്ടവരോട് ഞാൻ പറയും അവർക്ക് അറിയാവുന്ന 100 പേരുടെ ലിസ്റ്റ് തയ്യാറാക്കാൻ എന്നിട്ട് അതിൽ നിന്ന് 5 പേരെ തിരഞ്ഞെടുക്കാൻ പറയും അവർ യേശുവിനെ അറിയാത്തവരായിരിക്കണം. നിങ്ങൾക്ക് കാര്യങ്ങൾ പറയാൻ പറ്റുന്നവരും ആയിരിക്കണം.

യേശുവിനെ അനുഗമിക്കുന്നത് ഭാഗ്യമാണ് ഈ ഭാഗ്യം ആരോടാണ് പങ്കിടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നത്.

അവർ സാക്ഷ്യം പറയുവാൻ ഞാൻ പഠിപ്പിക്കും.  ദൈവം അവരുടെ ജീവിതത്തിൽ ചെയ്യുന്ന കാര്യങ്ങളൊക്കെ സുവിശേഷമായി പങ്കിടുവാൻ ഞാൻ പഠിപ്പിക്കും.  ദൈവം ഈ ലോകത്തിൽ ചെയ്യുന്ന കാര്യങ്ങൾ അതായത് ഈ ലോകത്തിൻറെ വലുതും മഹനീയവും മഹത്വരവുമായ അനുഗ്രഹങ്ങൾ പങ്കിടുവാൻ ഞാൻ പഠിപ്പിക്കും.

അവർ തിരഞ്ഞെടുത്ത ആ 5 പേരോട് ഒരു പ്രാവശ്യം ഇത് പങ്കുവെയ്ക്കുവാനായി ഞാൻ ആവശ്യപ്പെടും.  ആദ്യം അവരുടെ സാക്ഷ്യം എന്നിട്ട് ദൈവത്തെക്കുറിച്ച് പിന്നെ അവൻറെ അനുഗ്രഹങ്ങളെക്കുറിച്ച് ഓരോ തവണയും ആ ലിസ്റ്റിലെ അഞ്ചിലൊരാളായി ഞാൻ അഭിനയിക്കും. ഓരോ സമയവുംഅവർ അവരുടെ സാക്ഷ്യം പറയും. ദൈവത്തെപ്പറ്റി പറയും യേശുവിൻറെ അനുയായിയാകുവാൻ എന്നെ ക്ഷണിക്കുകയുംചെയ്യും.  അവർ ദൈവത്തിൻറെ വലുതും മഹനീയവും മഹത്വരവുമായ അനുഗ്രഹങ്ങളെപ്പറ്റിയും പറയും അപ്പോഴെല്ലാം ഞാൻ അഭിനയിക്കുന്ന വ്യക്തി

ചോദിക്കാനുള്ളതെല്ലാംചോദിക്കുകയുംചെയ്യും. അഭിപ്രായങ്ങൾ ആരായുകയുംചെയ്യും. പരിശീലനത്തിനു ശേഷംഅവരെ വീണ്ടും കാണണമെന്നും പറയും. പറ്റിയാൽ രണ്ട് ദിവസം കഴിഞ്ഞ്. പറയുന്ന രീതി ശരിയാണോഎന്ന് നോക്കാനാണ് അത്.

ലിസ്റ്റിലുള്ള 5 പേരേയും കാണാൻ ഞാൻ അവർക്ക്ആ ആവശ്യമായ സമയം നൽകാൻ ആഗ്രഹിക്കുന്നു. പക്ഷെ ഒരുപാടു സമയം നൽകില്ല.

കാരണം അവരത് ഉപേക്ഷിക്കുകയോ മറക്കുകയോ ചെയ്താലോ. ഫോൺ മുഖാന്തരമോ, ഇമെയിൽ മുഖാന്തരമോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ അവരുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കും. എന്നോട് പറഞ്ഞതു പോലെതന്നെ അവർക്ക് പറയുവാൻ സാധിക്കാനായി അവരോടൊത്ത് ഞാൻ പ്രാർത്ഥിക്കും.

2 ദിവസംകഴിഞ്ഞ് വീണ്ടും ഞങ്ങൾ കണ്ടു മുട്ടിഅവർ പറയുന്നതെങ്ങനെയെന്ന് നോക്കും.

അവർക്ക് പറയുവാൻ പറ്റിയില്ലായെങ്കിൽ കൂടുതൽ പരിശീലനം നൽകും. അഞ്ചുപേരിൽ കാണാൻ സാധിക്കുന്ന ആളുകളുടെ അടുത്തേക്ക് അവരോടൊപ്പം ഞാനും പോകും പങ്കുവെക്കാൻ എന്നാലാകും വിധം ഞാനും അവരെസഹായിക്കും. പക്ഷെ ഞാൻ പുതിയതൊന്നും പറയാറില്ല. അവർ പഠിച്ചതിനോട് ഏറ്റവുംവിശ്വസ്തത ഉണ്ടാകുവാൻ അവർക്ക് ഒരു അവസരം നൽകുവാൻ ആണ് ഞാൻ ആഗ്രഹിക്കുന്നത്.

അവർ നിരസിക്കുകയോ ഒഴിവു കഴിവു പറയുകയോ ചെയ്യുകയാണെങ്കിൽ ഞാൻ ദൈവത്തോട് ചോദിക്കും ഇത് നിൻറെ രാജ്യത്ത് നല്ല ഫലം കായിക്കുന്ന നല്ല മണ്ണ് തന്നെയോ അതോ ഞാൻ വേറെയെവിടെയെങ്കിലും വിത്ത് വിതക്കണമോയെന്ന്.

അവർ പങ്കുവെച്ചാൽ നമ്മൾ ആഘോഷിക്കും.

അവരുടെ ലിസ്റ്റിൽ ആരും തന്നെ വിശ്വാസിയായില്ലെങ്കിൽ പോലുംഅവർ കേട്ട് അനുസരിച്ച് പങ്കു വെച്ചതിൽ ഞാൻ ആനന്ദിക്കും അത് വ വിശ്വസ്തവുംആയിരിക്കും അവരിലും ആ വിശ്വസ്തത ഉണ്ടെങ്കിൽ അതെന്നെ കൂടുതൽ സന്തോഷവാനാക്കും.

ഞാൻ ജ്ഞാന സ്നാനത്തെപ്പറ്റി പറഞ്ഞ് അവർക്ക് മറ്റൊരു മാർഗ്ഗം നൽകും ഇതിനായി ഞാൻ പ്രയർ വാക്കിംഗോ, ക്യാൻറിബിലിറ്റി ഗ്രൂപ്പോ ഉപയോഗപ്പെടുത്തും. അവരുടെ 100 പേരിൽ നിന്നും മറ്റൊരു അഞ്ചുപേരെ തിരഞ്ഞെടുക്കുവാൻ ഞാൻ പറയും.

അവർ യേശുവിൻറെ അനുയായികളോ അവനെ അറിയുന്നവരോ ആകരുത്ഞാ ൻ വീണ്ടും അവരെ പരിശീലിപ്പിക്കും അവരെപ്പറ്റി, ദൈവത്തെപ്പറ്റി, ദൈവാനുഗ്രഹത്തെപ്പറ്റി എന്നിട്ട് ഞങ്ങളൊടുവിൽ അവരുടെ രക്ഷയ്ക്കായി പ്രാർത്ഥിക്കും. ഇനി അവർ അത് പങ്കുവെയ്ക്കുകയും ആ ലിസ്റ്റിലെ ഒരാളെങ്കിലുംവിശ്വസിക്കുകയുംചെയ്താൽ ഞങ്ങൾ ആഘോഷിക്കും.

ദൈവത്തിൻറെ കുടുംബം വലുതായിക്കൊണ്ടിരിക്കുന്നു. ഞാൻ ചോദിക്കുംഅവർ പറഞ്ഞതിൽ ദൈവത്തിൻറെ മഹനീയമായ മഹത്തരമായ അനുഗ്രഹങ്ങളുണ്ടോ എന്ന്. കാരണം അവരാണ് ദൈവത്തിൻറെ കുടുംബം വലുതാക്കുന്നത്.

ദൈവാനുഗ്രഹങ്ങളെപ്പറ്റി അവർ പറഞ്ഞിട്ടില്ലെങ്കിൽ ഞങ്ങൾ അവകളെ വീണ്ടും പരിശോധിക്കും. ഒരു പുതിയ അനുയായി എങ്ങനെ ഒരു ലിസ്റ്റ് തയ്യാറാക്കും അവർ എങ്ങനെ ഒരുസംഭവം പറയണം ദൈവത്തെപ്പറ്റി എങ്ങനെ പറയണം. എങ്ങനെ അനുഗ്രഹങ്ങളെപ്പറ്റി പറയണം ഇതെല്ലാംഒരു പുതിയ അനുയായിക്ക് എളുപ്പത്തിൽ ചെയ്യാൻ പറ്റുംവിധം ആയിരിക്കണം.

ഞങ്ങൾ പരിശീലനത്തിനു ശേഷം ആ വിശ്വാസിയുടെഅടുക്കേയ്ക്ക് വീണ്ടും അയയ്ക്കും അങ്ങനെ അവർഅത് പങ്കുവെയ്ക്കും. ആരെങ്കിലുംഅത് പങ്കുവെയ്ക്കുകയും. ആരെങ്കിലുംഒരാൾ വിശ്വസിക്കുകയും അനുഗ്രഹങ്ങൾ പങ്കുവെയ്ക്കുകയുംചെയ്താലോ.

അങ്ങനെ നടന്നാൽ ഞാൻ വളരെയധികം സന്തോഷിക്കും.

ദൈവം പറയുന്ന നല്ല മണ്ണ് എന്നത് ആ വ്യക്തിയാണ്. ഞാൻ കണ്ടിട്ടുള്ളതിനേക്കാൾ മഹത്വരമായി ദൈവത്തിൻറെ കുടുംബത്തെയും വളർത്താൻ പോകുന്ന ഒരുവൻ ഇങ്ങനെയുള്ള വ്യക്തികളെ കണ്ടുമുട്ടുമ്പോഴൊക്കെ അവരെ അടിക്കടി കാണാൻ ഞാൻ പദ്ധതികൾ തയ്യാറാക്കും അവരുടെആത്മീയവളർച്ചക്കായി ഞാൻ കഷ്ടപ്പെടും

ജ്ഞാനസ്നാനം പോലുള്ള പുതിയ പാഠങ്ങൾ ഞാൻ പറഞ്ഞുകൊടുക്കും. അതു പോലെ മൂന്നിൽ മൂന്ന് ഗ്രൂപ്പിനെപ്പറ്റിയും ഞാൻ വിശദീകരിക്കും. അപ്പോൾ അവർക്ക് ആത്മീയ കുടുംബം വളർത്തിയെടുക്കാനാകും പുതിയതായി വന്ന യേശുവിൻറെ അനുയായികളെ വെച്ച് തന്നെ അവർ വിശ്വസ്തരായതു കൊണ്ട് തന്നെ എനിക്കറിയാവുന്നതൊക്കെയും

ദൈവം ഇനി ചെയ്യാൻ പോകുന്നതും ഞാൻ പറഞ്ഞുകൊടുക്കും. ഒരുസമയം ഒരുകാര്യം മാത്രം കാരണംഅവർക്ക് പഠിക്കാനും അനുസരിക്കാനും അവർ അറിഞ്ഞത് പങ്കുവെയ്ക്കാനും സമയം നൽകണം.

ഞാൻ എപ്പോഴും ആ വ്യക്തിക്കായി പ്രാർത്ഥി ക്കും.അവരുടെകൂടെ പങ്കുവെയ്ക്കുവാനും പഠിക്കുവാനും തന്ന അവസരത്തിന് നന്ദിയും പറഞ്ഞ് അവർക്ക് ദൈവത്തിൻറെ മഹത്വരമായ അനുഗ്രഹങ്ങൾ നൽകണമേ എന്ന് ഞാൻ പ്രാർത്ഥിക്കും.

---

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- നിങ്ങൾ ആദ്യമായി യേശുവിനെ അനുഗമിക്കാൻ തുടങ്ങിയപ്പോൾ പഠിപ്പിച്ച മാതൃക ഇതാണോ? ഇല്ലെങ്കിൽ, എന്താണ് വ്യത്യസ്തമായത്?
- നിങ്ങൾ വിശ്വാസത്തിലേക്ക് വന്നതിന് ശേഷം, മറ്റുള്ളവരെ ശിഷ്യരാക്കാൻ തുടങ്ങിയിട്ട് എത്ര കാലമായി?
- പുതിയ അനുയായികൾ മറ്റുള്ളവരെ ഉടനടി പങ്കിടാനും ശിക്ഷിക്കാനും തുടങ്ങിയാൽ എന്ത് സംഭവിക്കുമെന്നാണ് നിങ്ങൾ കരുതുന്നത്?

---

## വായിക്കുക

**(5 മിനിറ്റ്)**

**താറാവ് ശിഷ്യത്വം**

സൂമെ പരിശീലനത്തിലേക്ക് വീണ്ടും സ്വാഗതം. ഈ സെക്ഷനിൽ ശിഷ്യരെ ഉണ്ടാക്കുന്നതിൽ ഉള്ള പ്രധാനപ്പെട്ട രണ്ട് തത്വങ്ങൾ നമുക്ക് നോക്കാം.

താറാവ് കുഞ്ഞുങ്ങൾ നടക്കുന്നത് എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?

ലോകത്തിൽഎവിടെ വേണേലുംആയിക്കോ, അവറ്റകൾ ഒരുപോലെ ആയിരിക്കും അമ്മ താറാവ് നയിക്കുന്നു. കുഞ്ഞുങ്ങൾ പിൻതുടരുന്നു.

ഇനിയും സൂക്ഷ്മമായിവീക്ഷിച്ചാൽ വേറേചില കാര്യങ്ങൾ (നടക്കുന്നത്) കാണാൻ പറ്റും. ഓരോ താറാവ് കുഞ്ഞും 2 കാര്യങ്ങൾ ചെയ്യുന്നു -ഒരേ സമയത്തിൽ തന്നെ ഓരോ താറാവ്കുഞ്ഞും അനുഗമിക്കുന്നവർ ആണ്, കാരണം അത് അമ്മ താറാവിനെ അല്ലെങ്കിൽ തൻറെ നേരേ മുന്നിലുള്ള താറാവ് കുഞ്ഞിനെ പിൻതുടരുന്നു.

പക്ഷേ അതേസമയംതന്നെ - ഓരോ താറാവ് കുഞ്ഞും ഒരു നേതാവാണ്, കാരണം അത് തൻറെ നേരേ പിറകിലുള്ള താറാവ് കുഞ്ഞിനെ നയിക്കുന്നു.

അപ്പോൾ ആ താറാവ്കുഞ്ഞ് അനുയായിആണോ?നേതാവ്ആണോ? രണ്ടുമാണ് അതുകൊണ്ട് നടക്കാൻ പോകുന്ന താറാവു കുഞ്ഞുങ്ങൾ ശിഷ്യരെഉണ്ടാക്കുന്നതിൻറെ വലിയ മാതൃകയാകുന്നത്.

ദൈവം തൻറെ കുടുംബം വളർത്താൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് അവൻ എല്ലാ അനുയായിയും ഒരു നേതാവാകാൻ ആഗ്രഹിക്കുന്നു, ഓരോ വിശ്വാസിയും പങ്കുവക്കണം, ഓരോശിഷ്യനും ശിഷ്യരെഉണ്ടാക്കണം - ഒരേസമയംതന്നെ.

ശിഷ്യർ ശിഷ്യരെ ഉണ്ടാക്കുന്നവർ എന്ന നിലയിൽ നാം വീഴാൻ സാധ്യതയുള്ള ചതിക്കുഴിയാണ്, നാം എല്ലാംഅറിഞ്ഞിരിക്കണം, കുറഞ്ഞ പക്ഷം കുറെയെങ്കിലും അറിഞ്ഞിരിക്കണം, പങ്കു വക്കുന്നതിന് മുമ്പ് എന്ന ചിന്ത പക്ഷേ ശിഷ്യത്വത്തിൻറെ പ്രക്രീയ അങ്ങനെയല്ല.

ശിഷ്യന്മാർ താറാവ് കുഞ്ഞുങ്ങളേ പോലെയാണ് - നേതാവാകാൻ അവൻ എല്ലാം അറിയേണ്ടതില്ല - പകരം ഒരു പടി മുന്നിലായാൽ മതിയാവും ദൈവം തൻറെ കുടുംബം വിശ്വസ്തതയിൽ വളരണം എന്നാഗ്രഹിക്കുന്നു. അതിനാൽ അവൻ ആഗ്രഹിക്കുന്നു. എല്ലാ നേതാവും അനുയായിയാവണം. പങ്കുവക്കുന്നവർ വിശ്വാസിയാവണം. ശിഷ്യരെ ഉണ്ടാക്കുന്നവൻ ശിഷ്യനുമായിരിക്കണം. ഒരേസമയംതന്നേ.

ശിഷ്യർ, ശിഷ്യരെ ഉണ്ടാക്കുന്നവർ എന്ന നിലയിൽ വീഴുന്ന മറ്റൊരു കെണിയാണ്, എനിക്കെല്ലാം അറിയാം, ഞാൻ അവനെ അനുഗമിച്ചാൽ, ഞാൻ പിൻതള്ളപ്പെടും എന്ന ചിന്ത.

പക്ഷേ അങ്ങിനെയുമല്ല ശിഷ്യത്വത്തിൻറെ പ്രക്രിയ.

ദൈവരാജ്യത്തിൽ ഒരേ ഒരു അമ്മ താറാവേയുള്ളൂ നമുക്ക് അനുഗമിക്കുവാൻ. അത് യേശുക്രിസ്തുവാണ്. മിഷനറിമാരോ, പാസ്റ്റർമാരോ, സെമിനാരി പ്രൊഫസറോ അല്ല, യേശു മാത്രമാണ് നമ്മുടെ പൂർണ്ണ വിശ്വസ്തതക്ക് യോഗ്യൻ.

ബാക്കിയുള്ള നമ്മളെല്ലാം ആ വഴിയിലുള്ളവൻ മാത്രം. പക്ഷേ നമുക്ക് അനുഗമിക്കാൻ വിധം യേശുവിനോട് അടുത്തുള്ളവർ ഉണ്ടാകും. നമുക്ക് നയിക്കാൻ പറ്റുംവിധം യേശുവിനോട് കുറച്ച് അകലത്തിൽ ഉള്ളവർ ഉണ്ടാകും. നമ്മുടെ പദവിഏതായാലും നമ്മുടെ കണ്ണുകളും ഹൃദയവും എപ്പോഴും യേശുവിൽ ഉറച്ചതായിരിക്കണം.

പുതിയ നിയമത്തിലെ ഒരുപാട് പുസ്തകങ്ങൾ എഴുതുകയും ആദ്യകാല സഭകളുടെസ്ഥാപകനുമായ പൗലോ എന്നെ അനുഗമിക്കൂ എന്നല്ല എഴുതിയത്.

ഞാൻ ക്രിസ്തുവിനെ അനുഗമിക്കുന്നതുപോലെഎന്നെ അനുഗമിക്കൂഎന്നാണ് പാലോസിന് അറിയാമായിരുന്നു. താറാവ് കുഞ്ഞുങ്ങൾ എന്ത്അറിഞ്ഞിരിക്കുന്നു, ഓരോ ശിഷ്യരുംഎന്ത് അറിയണം എന്നും,ദൈവരാജ്യത്തിൽ എല്ലാ നേതാവും അനുയായി ആവണം. നമ്മളെല്ലാം യേശുവിനെ അനുഗമിക്കണം.

ബൈബിളിൽ പൗലോസ്എഴുതിയിട്ടുണ്ട്എഎന്നോട് കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിക്കാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ.

ഭരമേല്പിക്കുക പൗലോസ്അറിഞ്ഞിരുന്നു, താറാവ് കുഞ്ഞുങ്ങൾ എന്തറിഞ്ഞിരിക്കുന്നു എന്നും ഓരോ ശിഷ്യരും എന്തറിയണം എന്നും. ദൈവ രാജ്യത്തിലെ ഓരോ അനുയായിയും നേതാവാകണം. നാം ഓരോരുത്തരും യേശു നിസ്വാർത്ഥമായി നമ്മെ നയിച്ച പോലെ നയിക്കണം.

ദൈവത്തിൻറെ കുടുംബത്തിൻറെ വളർച്ചയും അതിൻറെ വിശ്വസ്തതയിലുള്ള വളർച്ചയും കാണണമെങ്കിൽ താറാവ് കുഞ്ഞുങ്ങളെപ്പോലെശിഷ്യരെ ഉണ്ടാക്കുന്നതിനെപ്പറ്റി ചിന്തിക്കൂ. ഒരേസമയം ഒരു നേതാവും ഒരു അനുയായിയുമായി തീരുവിൻ.

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- നിങ്ങൾ കൂടുതലറിയാൻ ആഗ്രഹിക്കുന്ന ശിഷ്യത്വത്തിൻ്റെ ഒരു മേഖല ഏതാണ് (ബൈബിൾ വായിക്കുക/മനസ്സിലാക്കുക, പ്രാർത്ഥിക്കുക, ദൈവകഥ പങ്കിടുക മുതലായവ). നിങ്ങളെ പഠിക്കാൻ സഹായിക്കുന്ന ഒരാൾ ആരാണ്?
- നിങ്ങൾക്ക് മറ്റുള്ളവരുമായി പങ്കിടാൻ കഴിയുമെന്ന് തോന്നുന്ന ശിഷ്യത്വത്തിൻ്റെ ഒരു മേഖല ഏതാണ്? നിങ്ങൾക്ക് പങ്കിടാൻ കഴിയുന്ന ഒരാൾ ആരാണ്?

## വായിക്കുക

**(5 മിനിറ്റ്)**

**രാജ്യം എവിടെയല്ലെന്ന് കാണാനുള്ള കണ്ണുകൾ**

ഇപ്രാവശ്യം നമ്മൾ നോക്കുന്നത് ദൈവരാജ്യം ഇല്ല എന്ന് കാണുന്നടത്തൊക്കെ ശിഷ്യരെയെങ്ങനെ വർദ്ധിക്കാം എന്നാണ്.

മനുഷ്യരെപ്പോഴും കാണാൻ പറ്റുന്നവയിൽ ശ്രദ്ധിക്കുകയും അതിനായി പ്രവ ർത്തിക്കുകയും ചെയ്യുന്നു. ഇതിനെ നമ്മൾ യാഥാർത്ഥ്യം എന്നു വിളിക്കുന്നു. പക്ഷെ നമുക്ക് കാണാൻ പറ്റാത്തതിൽ ശ്രദ്ധിക്കുമ്പോൾ ദൈവരാജ്യം വേഗം വളരുന്നു.

ഇല്ലാത്ത കാര്യങ്ങൾ അല്ലെങ്കിൽ ഇതുവരെ ഇല്ലാത്ത കാര്യങ്ങൾ സ്വർഗ്ഗത്തിൽ ദൈവത്തിന് പ്രീയപ്പെട്ടതു പോലെ അല്ലാത്ത ഒരുപാട് സ്ഥലങ്ങൾ ഭൂമിയിൽ നമുക്ക്ചുറ്റും ഉണ്ട്.

തകർന്നതും അകന്നതുമായ അവസ്ഥ വേദന പീഢനങ്ങൾ കഷ്ടങ്ങൾ എന്തിന് മരണം പോലും ദൈനംദിന ജീവിതത്തിൽ സാധാരണമാണവിടെ എല്ലാ ശിഷ്യരും യേശുവിൻറെ അനുയായികളെല്ലാം ദൈവരാജ്യം ഉണ്ടെന്ന് അറിഞ്ഞാൽ മാത്രം പോരാ എവിടെ അതില്ലാ എന്നറിഞ്ഞിരിക്കേണ്ടതാണ്. അങ്ങനെയുള്ള വിടവുകളിലും അന്ധകാരം നിറഞ്ഞ ഇടങ്ങളിലും വിടവുകൾ നികത്തി പ്രകാശ പൂരിതമായ ജീവിതം നമ്മൾ ഭൂമിയിൽ ഉള്ളപ്പോൾ തന്നെ ഉളവാക്കുവാൻ പ്രവർത്തിക്കുക എന്നതാണ് ദൈവരാജ്യ പ്രവർത്തനം.

ദൈവരാജ്യം എവിടെയെല്ലാം ഇല്ലാ എന്ന് രണ്ട് രീതിയിൽ കണ്ടു പിടിക്കാം നമുക്ക് അറിയാവുന്നവരിലൂടെ നമ്മൾ ഇതുവരെ കണ്ടിട്ടില്ലാത്തവരിലൂടെ.

ആദ്യരീതി നമുക്ക് അറിയാവുന്നവരിലൂടെ ഇപ്പോഴുള്ള ബന്ധങ്ങൾ, കൂട്ടുകാർ, കുടുംബം സഹപ്രവർത്തകർ സഹപാഠികൾ അയൽക്കാർ അങ്ങനെ നമുക്കു ചുറ്റുമുള്ളവർ. ഈ വഴിയിലൂടെയാണ് ദൈവഗാഥ അതിവേഗം സഞ്ചരിക്കുന്നത്.നമ്മൾ ഇവരെ സ്നേഹിക്കുകയും അന്വേഷിക്കുകയും ചെയ്യും നമ്മൾ അറിയുന്നവരായതു കൊണ്ട് ഇതു സ്വാഭാവികമാണ്.

യേശു സ്വാർത്ഥനായ ഒരു ധനവാൻറെ ഉപമ പറഞ്ഞിരുന്നു. അഹങ്കാരിയായി ജീവിച്ച് ഇപ്പോൾ നരകത്തിലിരിക്കുന്നവൻ അവൻ യാചിച്ചു. ലാസറിനെ എൻറെ വീട്ടിലേയ്ക്ക് അയക്കണമേ. അവനെൻറെ അഞ്ച് സഹോദരരോട് പറയട്ടെ അങ്ങനെ അവർ ഈ ഭീകര സ്ഥലത്ത് വരാതിരിക്കട്ടെ.

സ്വാർത്ഥനായവനും കഷ്ടപ്പെടുന്നവനുമായ അവനു പോലും തൻറെ ബന്ധുക്കളോട് സ്നേഹ ഹമുണ്ടെന്ന് യേശു കാണിച്ചു തന്നു.

നമ്മൾ അറിയാവുന്ന എല്ലാവർക്കും നമ്മുടെ ജീവിതത്തിൽ ഒരു സ്ഥാനമുണ്ട്. കാരണം ദൈവം നമ്മെ സ്നേഹിക്കുന്നു.അവരെ നമ്മൾ സ്നേഹിക്കണമെന്ന് ആഗ്രഹിക്കുന്നു. നിലനില്പും ക്ഷമയും സ്നേഹവുമുള്ള ആ ബന്ധത്തിലൂടെ നല്ല കാര്യസ്ഥരായിരിക്കണം നമ്മൾ നമ്മുടെ ചുറ്റുമുള്ള ദൈവം നല്കിയ ജനങ്ങൾക്കായി എന്തെങ്കിലും ചെയ്യാൻ താല്പര്യപ്പെടുമ്പോൾ അവരുടെ മേൽ താല്പര്യമുണ്ടാകുമ്പോൾ ശിഷ്യർ വർദ്ധിക്കുന്നു.

അവരുടെ ശ്രദ്ധ വർദ്ധിക്കുവാനും അതിനുള്ള പദ്ധതി ഉണ്ടാക്കുവാനും കുറച്ചു കാര്യങ്ങളിലൂടെ നിങ്ങൾ സഹായിക്കാം. അതിങ്ങനെയാണ്. അറിയാവുന്ന കുറച്ച് 100പേരുടെ ലിസ്റ്റ്. ആ ലിസ്റ്റ് 3 ആയി തിരിക്കട്ടെ. അവരെകൊണ്ടുണ്ടാക്കിക്കുക.

- യേശുവിനെ അനുഗമിക്കുന്നവർ.
- യേശുവിനെ അനുഗമിക്കാത്തവർ.
- യേശുവിനെ അനുഗമിക്കുന്നുവോ ഇല്ലയോഎന്ന് അറിയാത്തവർ.

അനുഗമിക്കുന്നവരെ കൂടുതൽ ഫലപ്രദമായും വിശ്വസ്തമായും പ്രവർത്തിക്കുവാൻ ശിഷ്യരെ കൂടുതൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. അനുഗമിക്കാത്തവരെ സ്നേഹനിധിയായ ദൈവത്തിലേയ്ക്ക് നയിക്കാൻ എങ്ങനെ സംസാരി ക്കണം എന്ന് ശിഷ്യർക്ക് പഠിപ്പിക്കാവുന്നതാണ്. അനുഗമിക്കുന്നുവോ എന്നറിയാത്തവരെ കൂടുതൽ പഠിപ്പിക്കുവാനായി ശിഷ്യർ സമയം ഒതുക്കാൻ പഠിക്കണം.

ദൈവരാജ്യം എവിടെ ഇല്ല എന്നറിയുവാനായി ഇനി ഒരുമാർഗ്ഗം ഉണ്ടോ. നിങ്ങൾക്കറിയാത്തവർ മൂലം ഇവർ നമ്മുടെ ബന്ധനങ്ങൾക്ക് പുറത്തുള്ളവരാണ്. നമുക്കവരെ അറിയില്ല. ഒരു പുഞ്ചിരിയോടെ മാത്രം കടന്നു പോകുന്ന അയൽക്കാർ നമ്മൾ പോകുന്ന വഴിക്കുള്ള ബിസിനസ്സുകാർ ഗ്രാമങ്ങളിലും

പട്ടണങ്ങളിലും നഗരങ്ങളിലുമുള്ള നമ്മൾ ഇതുവരെ കണ്ടിട്ടില്ലാത്ത അപരിചിതർ യേശു പറഞ്ഞു എല്ലാ ജാതികളെയും ശിഷ്യരാക്കുവീൻ.

യേശു യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എൻറെ സാക്ഷികൾ ആകുമെന്ന് പറഞ്ഞു.

പരിചയമുള്ളവരുമായി പങ്കിടുമ്പോൾ ദൈവ ഗാഥ വളരെ വേഗം പടരുന്നു. അപരിചിതരുമായി പങ്കിടുമ്പോഴാകട്ടെ അത് ഒരു പാടു ദൂരത്തേയ്ക്ക് പടരുന്നു.

അപരിചിതരെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ അത് സ്വാഭാവികമല്ല. അത് ദൈവീകവും നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിൻറെ തെളിവുമാണ്. ദൈവം തേടുന്നത് നിസാരമായതും അവസാനത്തേതും നഷ്ടപ്പെട്ടതുമൊക്കെയാണ്. ഇവരിലേയ്ക്കാണ്. അവൻ തൻറെഹൃദയത്തെ വീണ്ടും വീണ്ടും ചൊരിയുന്നത്.

നമ്മൾ ദൈവത്തിന് ഇഷ്ടപ്പെട്ടവരാകണമെങ്കിൽ ഇങ്ങനെയുള്ളവർക്കായി നാം ജീവിക്കേണ്ടിയിരിക്കുന്നു. ദൈവം പുറപ്പെടുക എന്ന് കല്പിക്കുന്നു. അതിനർത്ഥം നമുക്കറിയാവുന്നവരുടെ അടുത്തേക്ക് മാത്രമല്ല ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ ആത്മീയ അന്ധകാരത്തിൽ ജീവിക്കുന്ന ഏവരിലേയ്ക്കുമാണ്. ഒരു പക്ഷെ അവർ യേശു എന്ന പേര് ജീവിതത്തിൽ ഒരിക്കലും കേട്ടിട്ടുണ്ടാവില്ല.

വചനം പറയുന്നു ദൈവം നിഗളികളോട് എതിർത്തു നിൽക്കുകയും താഴ്മയുള്ളവർക്ക് കൃപ നല്കുകയും ചെയ്യുന്നു. യേശുവിൻറെ അനുയായികളായ നാം അവൻറെ കൃപ താഴ്മയുള്ളവർക്കും നിരാശരായവർക്കും നഷ്ടപ്പെട്ടവർക്കും നൽകണം ശിഷ്യർ ദൈവം നൽകിയടത്തുള്ള ജനങ്ങൾക്കായി ഊന്നുകാരാകുമ്പോൾ വർദ്ധിക്കുന്നു. അവർദൈവം നൽകിയ ദൂരസ്ഥരായ ജനങ്ങൾക്കായി ഉത്സുകരാകുമ്പോൾ വീണ്ടും കൂടുതലായി വർദ്ധിക്കുന്നു. എന്നാൽ അതിനെല്ലാം ഒരു പദ്ധതി ആവശ്യമാണ്.

ദൈവവചനം കേൾക്കാൻ താല്പര്യമുള്ള ജനങ്ങ ളെ കണ്ടു പിടിക്കാൻ നമ്മൾ ശിഷ്യരെ പരിശീലിക്ക വഴി ശിഷ്യരുടെ ഔൽസുക്യം കൂട്ടാനുള്ള പദ്ധതി ഉളവാക്കാനും അവർക്ക് സഹായകമാകും. യേശു പറഞ്ഞു ഏതു വീട്ടിലെങ്കിലും ചെന്നാൽ ഈ വീട്ടിന് സമാധാനം എന്ന് പറവീൻ. അവിടെ ഒരു സമാധാന പുത്രൻ ഉണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവന്മേൽ വസിക്കും. അവനതിന് യോഗ്യനല്ലങ്കിലോ നിങ്ങളിലേയ്ക്ക് മടങ്ങിവരും.

ദൈവവചനം കേൾക്കാൻ താല്പര്യമുള്ള വ്യക്തിയെ നമുക്ക് സമാധാന പുത്രൻ എന്ന് വിളിക്കാം. ദൈവവചനത്തോട് പ്രതികരിക്കാനും അവ അനുസരിക്കുന്നതിലും പങ്കുവെയ്ക്കുന്നതിലും വിശ്വസ്തനായവരാണ്. ആരേയും അറിയാത്തിടങ്ങളിൽ നമ്മുടെ കൂട്ടുകാരോടും കുടുംബത്തോടും നമുക്കേറെ അറിയാവുന്നവരോടും പങ്കു വെയ്ക്കുന്നതിനു പകരം ഒരു സമാധാന പുത്രനെ അവനെ അറിയാവുന്നവരോട് സംസാരിക്കാൻ പ്രേരിപ്പിക്കാം.

എന്നാൽ വിശ്വസ്തരിലേയ്ക് ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ നല്ല ഫലങ്ങൾ ഉണ്ടാകും. ഓർക്കുക വിശ്വസ്തതയുടെ പ്രകടനം ദൈവം പറഞ്ഞത് അനുസരിക്കുന്നതും അത് പങ്കുവെയ്ക്കുന്നതുമാണ്. അങ്ങനെയുള്ള വിശ്വസ്തരായ വ്യക്തികൾ യേശു പറഞ്ഞ നല്ല മണ്ണിന് സമാനമാണ്.

യേശു പറഞ്ഞു നല്ല നിലത്ത് വീണ ചില വിത്തുകൾ പലയിടങ്ങളിലായി ചിതറി മുപ്പത് അറുപത് നൂറ് എന്നിങ്ങനെ നല്ല ഫലംതന്നു. വിശ്വസ്തരായവർക്ക് ദൈവവചനം.

- തള്ളിക്കളയുവാനുള്ളകഠിനഹൃദയം ഉണ്ടാവില്ല.
- പ്രതികൂല സാഹചര്യങ്ങളിലും പീഡനങ്ങളിലും അവർ ഒരിക്കലും തളർന്നു പോകില്ല.
- വിശ്വസ്തരായവർ നശ്വരമായ ലൗകീക സുഖങ്ങളിലും ലോക വേദനകളിലും ശ്രദ്ധ ചെലുത്തില്ല.
- അവർ ഗെരസെന്യ ദേശത്തെ പിശാചു ബാധിതനെ പോലെയത്ര. യേശു കാണിച്ചതനുസരിച്ചു, പങ്കു വെച്ചു.

ആ ഒരു വിശ്വസ്തൻ അങ്ങനെ ചെയ്തതാൽ യേശുവിനെ കൂടുതൽ അറിയാൻ ആഗ്രഹിക്കുന്ന അനേകരുണ്ടായി.

ദൈവരാജ്യം ഇല്ലാത്ത ഇടങ്ങളിലേയ്ക്ക് കൺകൾ തുറന്ന് പരിചയക്കാർ മൂലവും അപരിചിതർ മൂലവും പ്രവർത്തിക്കുക വഴി ശിഷ്യർ വർദ്ധിക്കും. ദൈവരാജ്യം വേഗത്തിലും ദൂരത്തേയ്ക്കും വളരും.

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- ആരുമായി പങ്കിടാൻ നിങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാണ് -- നിങ്ങൾക്ക് ഇതിനകം അറിയാവുന്ന ആളുകളോ ഇതുവരെ നിങ്ങൾ കണ്ടിട്ടില്ലാത്ത ആളുകളോ?
- എന്തുകൊണ്ടാണ് അത് എന്ന് നിങ്ങൾ കരുതുന്നു?
- നിങ്ങൾക്ക് സുഖകരമല്ലാത്ത ആളുകളുമായി പങ്കിടുന്നത് എങ്ങനെ മികച്ചതാക്കാം?

## വായിക്കുക

**(5 മിനിറ്റ്)**

**കർത്താവിന്റെ അത്താഴം**

യേശു പറഞ്ഞു *"സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അപ്പം തിന്നുന്നവരെല്ലാം എന്നേക്കും ജീവിക്കും. ഈ അപ്പം ലോകത്തിനു വേണ്ടി ജീവൻ കൊടുക്കുന്ന എൻറെ മാംസമാകുന്നു."*

വിശുദ്ധ കൂട്ടായ്മ അഥവാ കർത്താവിൻറെ അത്താഴം അതിലൂടെ നമുക്ക് യേശുവുമായുള്ള അഭേദ്യമായ ബന്ധത്തെയും അത് തുടരുന്നതും lകാണിക്കുന്നു.

അതിനുള്ള ലളതമായ രീതിയിതാ –

യേശുവിൻറെ അനുയായികൾ ഒത്തുചേരുമ്പോൾ അല്പസമയം ശാന്തമായി ധ്യാനിക്കണം. നിങ്ങളുടെ പാപങ്ങളെയോർത്ത് നിങ്ങൾ പശ്ചാത്താപിക്കണം.

ആരെങ്കിലും ഈ ദൈവ വചനം വായിക്കു. *"ഞാൻ കർത്താവിൽ നിന്ന് പ്രാപിക്കുകയും നിങ്ങൾ കേൾപ്പിക്കുകയും ചെയ്തതെന്തന്നാൽ കർത്താവായ യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പമെടുത്ത് സ്തോത്രംചെയ്തു നുറുക്കി ഇത് നിങ്ങൾക്കു വേണ്ടിയുള്ള എൻറെ ശരീരം എൻറെ ഓർമ്മയ്ക്കായി ഇത് ചെയ് വീൻ."* (1 കോറിന്ത്യർ 11- അദ്ധ്യായം 23-24)

ആ അപ്പം എടുത്ത് ചുറ്റും ഇരിക്കുന്നവരിലേയ്ക്ക് കൈമാറുക കഴിക്കുക.

തുടർന്നും വായിക്കുക – *"അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞ ശേഷം അവൻ പാനപാത്രവും എടുത്തു ഈ പാനപാത്രം എൻറെ രക്തത്തിൽ പുതിയ നിയമമാകുന്നു. ഇതു കുടിക്കുമ്പോഴൊക്കെയും എൻറെ ഓർമ്മയ്ക്കായി ചെയ്‌വീൻ എന്നു പറഞ്ഞു."* (1 കോറിന്ത്യർ 11:25)

അതിനു ശേഷം വീഞ്ഞ് അടുത്തിരിക്കുന്നവരിലേയ്ക്ക് കൈമാറുക, കുടിക്കുക.

അവസാനമായി വായിക്കുക – *"നിങ്ങൾ ഈ അപ്പംതിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളംഅവൻറെ മരണത്തെ പ്രസ്താവിക്കുന്നു."* (1 കോറിന്ത്യർ 11:26)

കർത്താവിൻറെ അത്താഴത്തിൽ പങ്കു ചേർന്നിരിക്കുന്നു.

പാട്ടു പാടാം പ്രാർത്ഥിക്കാം അവൻ നിൻറെതും നിങ്ങൾ അവൻറെതും അത്രേ!

കർത്താവിൻറെ അത്താഴം ആദിമ സഭയിലുണ്ടായിരുന്ന വിശുദ്ധ ശുശ്രൂഷ സൂമെ ടൂൾ കിറ്റിലെ അത്യന്താപേക്ഷിതമായ ഒന്ന്.

## പ്രവർത്തനം

**(10 മിനിറ്റ്)**

**കർത്താവിൻ്റെ അത്താഴം ആഘോഷിക്കുക**

- നിങ്ങളുടെ ഗ്രൂപ്പിനൊപ്പം കർത്താവിൻ്റെ അത്താഴം ആഘോഷിക്കാൻ അടുത്ത 10 മിനിറ്റ് ചെലവഴിക്കുക.

**യേശുവിന്റെ അനുഗാമികളായ നിങ്ങൾ ഒരുമിച്ചുകൂടുമ്പോൾ:**

1. ശാന്തമായി കുറച്ചു നേരം ധ്യാനിക്കുക, നിശ്ശബ്ദമായി നിങ്ങളുടെ പാപങ്ങൾ ഏറ്റുപറയുക.
2. നിങ്ങൾ ഒരുങ്ങിക്കഴിയുമ്പോൾ, ഈ വാക്യങ്ങൾ ആരെക്കൊണ്ടെങ്കിലും വായിപ്പിക്കുക - *"ഞാൻ കർത്താവിൽനിന്നു പ്രാപിക്കുകയും നിങ്ങൾക്ക് ഏല്പിക്കുകയും ചെയ്തത് എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവിടുന്ന് അപ്പം എടുത്ത് സ്തോത്രം ചൊല്ലി നുറുക്കി: "ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" എന്നു പറഞ്ഞു."* 1 കൊരിന്ത്യർ 11:23, 24
3. അപ്പം, ഗ്രൂപ്പംഗങ്ങൾക്കിടയിൽ കൈമാറുക, അപ്പം കഴിക്കുക.
4. വായന തുടരുക - *"അതുപോലെ തന്നെ അത്താഴം കഴിഞ്ഞശേഷം അവിടുന്ന് പാനപാത്രവും എടുത്തു; "ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്നു പറഞ്ഞു."* 1 കൊരിന്ത്യർ 11:25
5. വീണ്ടും ഗ്രൂപ്പംഗങ്ങൾക്കിടയിൽ പങ്കിട്ട് കുടിക്കുക.
6. വായന അവസാനിപ്പിക്കുക - *"അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവിടുത്തെ മരണത്തെ പ്രസ്താവിക്കുന്നു."* 1 കൊരിന്ത്യർ 11:26

**പ്രാർത്ഥിക്കുകയോ പാടുകയോ ആവാം. നിങ്ങൾ കർത്താവിന്റെ അത്താഴത്തിൽ പങ്കാളികളായി. നിങ്ങൾ കർത്താവിന്റേതും കർത്താവു നിങ്ങളുടേതുമാണ്!**

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ കേട്ട ആശയങ്ങൾ:**

- ഏറ്റവും വലിയ അനുഗ്രഹം നൽകൽ ദർശനം
- താറാവ് ശിഷ്യത്വം
- രാജ്യം എവിടെയല്ലെന്ന് കാണാനുള്ള കണ്ണുകൾ

**ഈ സെഷനിൽ കേട്ട ഉപകരണങ്ങൾ:**

- മൂന്ന് മിനിറ്റ് സാക്ഷ്യം
- കർത്താവിന്റെ അത്താഴം

**അനുസരിക്കുക**

നിങ്ങളുടെ മൂന്ന് മിനിറ്റ് സാക്ഷ്യം പരിശീലിക്കുന്നതിന് ഈ ആഴ്ച സമയം ചെലവഴിക്കുക, തുടർന്ന് നിങ്ങൾ "അവിശ്വാസി" അല്ലെങ്കിൽ "അജ്ഞാതൻ" എന്ന് അടയാളപ്പെടുത്തിയ 100 പേരുടെ ലിസ്റ്റിൽ നിന്ന് ഒരു വ്യക്തിയുമായെങ്കിലും അത് പങ്കിടുക.

**ഷെയർ ചെയ്യുക**

മൂന്ന് മിനിറ്റ് സാക്ഷ്യപ്പെടുത്തൽ ഉപകരണം ഉപയോഗിച്ച് നിങ്ങൾ ആരെ പരിശീലിപ്പിക്കണമെന്ന് ദൈവത്തോട് ചോദിക്കുക. നിങ്ങൾ പോകുന്നതിന് മുമ്പ് ഈ വ്യക്തിയുടെ പേര് ഗ്രൂപ്പുമായി പങ്കിടുക.

ZÚME

**സെഷൻ 5**

---

**ചെക്ക് - ഇൻ ചെയ്യുക**

**(1 മിനിറ്റ്)**

എല്ലാ പങ്കാളികളും സഹായികളും ചെക്ക്-ഇൻ ചെയ്യുക.

അല്ലെങ്കിൽ zume.training/checkin ചെയ്ത് കോഡ് ഉപയോഗിക്കുക: **6542**

---

**പ്രാർത്ഥിക്കുക**

**(5 മിനിറ്റ്)**

തൻ്റെ ജനത്തിൻ്റെ സാക്ഷ്യത്തിലൂടെ ദൈവം പ്രവർത്തിക്കുന്ന വഴികൾക്കായി പ്രാർത്ഥിക്കുക. ഒപ്പം നന്ദി പറയുക. നിങ്ങളുടെ സമയം ഒരുമിച്ച് നയിക്കാൻ പരിശുദ്ധാത്മാവിനെ ക്ഷണിക്കുക.

---

## തിരിഞ്ഞു നോക്കുക

**(5 മിനിറ്റ്)**

ആരംഭിക്കുന്നതിന് മുമ്പ്, തിരിഞ്ഞു നോക്കാൻ കുറച്ച് സമയമെടുക്കുക.

അവസാന സെഷൻ്റെ അവസാനം, നിങ്ങൾ പഠിച്ച കാര്യങ്ങൾ പരിശീലിക്കാൻ നിങ്ങളുടെ ഗ്രൂപ്പിലെ എല്ലാവരോടും നിർദ്ദേശിക്കുക. ഇതൊരു വെല്ലുവിളിയായും നടത്താം.

ഈ ആഴ്ച നിങ്ങളുടെ ഗ്രൂപ്പ് എങ്ങനെ ചെയ്തുവെന്ന് കാണാൻ കുറച്ച് നിമിഷങ്ങൾ എടുക്കുക.

---

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ, ഞങ്ങൾ ഈ ആശയം കേൾക്കുകയും ചർച്ച ചെയ്യുകയും ചെയ്യും:**

- സമാധാനത്തിന്റെ വ്യക്തി

**ടൂൾകിറ്റിലേക്ക് ഈ ഉപകരണങ്ങൾ ചേർക്കുന്നു:**

- ബി.എൽ.ഇ.എസ്.എസ്. പ്രാർത്ഥന
- പ്രാർത്ഥന നടത്തം

---

## വായിക്കുക

**(5 മിനിറ്റ്)**

**പ്രാർത്ഥന നടത്തം**

ശാന്തവും സമാധാനവും ദൈവീകവും പുണ്യകരവുമായ ജീവിതം നയിക്കേണ്ടതിന് നാം സകല മനുഷ്യർക്കും രാജാക്കന്മാർക്കും അധികാര സ്ഥാനീയർക്കും വേണ്ടി ദൈവത്തോട് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുകയും അപേക്ഷിക്കുകയും വേണം. ജനങ്ങളെല്ലാം പരമസത്യം ഗ്രഹിച്ച് രക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്ന രക്ഷകനായ ദൈവത്തിന് നല്ലതും പ്രീയങ്കരവുമാണ്.

ദൈവകല്പന അനുസരിക്കുവാനുള്ള ലളിതമായ മാർഗ്ഗം മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുക. പ്രാർത്ഥനാചരണം എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് നടക്കുമ്പോഴും ദൈവത്തോട് പ്രാർത്ഥിക്കുക.

കണ്ണുകളടച്ച് തല താഴ്ത്തുന്നതിനു പകരം കണ്ണുകൾ തുറന്ന് ചുറ്റുപാടുമുള്ള കാഴ്ചകൾ കാണുകയും ഹൃദയം താഴ്ത്തി വിനയത്തോടെ ദൈവീക ഇടപെടലിനു വേണ്ടി പ്രാർത്ഥിക്കുകയുംചെയ്യുക. നടന്നു പ്രാർത്ഥിക്കുന്നതിന് രണ്ടോ മൂന്നോ അംഗങ്ങളുള്ള ചെറിയ ഗ്രൂപ്പ്  അല്ലെങ്കിൽ തനിയെയും പ്രാർത്ഥിക്കാം.

ഒരു ഗ്രൂപ്പായാണെങ്കിൽ ഉറക്കെ പ്രാർത്ഥിക്കാൻ ശ്രമിക്കണം.  ദൈവവുമായുള്ള സംഭാഷണം എന്തു കാണുന്നുവോ അതും അവരുടെ ഹൃദയങ്ങളിൽ ആവശ്യങ്ങളെ കൊണ്ടു വരുന്നതുമായിരിക്കണം.

നിങ്ങൾ തനിയെ പോകുമ്പോൾ മൗനമായി പ്രാർത്ഥിക്കണം.  വഴിമദ്ധ്യേ കണ്ട ഒരാളോടാണെങ്കിൽ ഉറക്കെ പ്രാർത്ഥിക്കണം.നടന്നു പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ അറിയേണ്ട നാലു കാര്യങ്ങൾ ഇവിടെ പറയുന്നു.

- നിരീക്ഷണം - നീ എന്തുകാണുന്നുവോ? കുട്ടികൾ കളിക്കുന്നതാണ് കാണുന്നതെങ്കിൽ കുട്ടികൾക്കുവേണ്ടി കുടുംബത്തിനു വേണ്ടി ആ പ്രദേശത്തെ സ്കൂളിനു വേണ്ടി ശക്തമായി പ്രാർത്ഥിക്കണം.
- ഗവേഷണം - എന്തു നീ അറിയണം?  നിങ്ങളുടെ അയൽവാസിയെകുറിച്ച് അറിയുമെങ്കിൽ അവിടെയുള്ള ജനത്തെ ക്കുറിച്ച് അറിഞ്ഞിരിക്കുന്നു എങ്കിൽ അഥവാ ആ സ്ഥലത്തുള്ളവർ കുറ്റവാളികളാൽ കഷ്ടപ്പെടുന്നുണ്ടെങ്കിൽ അവർക്കുവേണ്ടി ദൈവീക പ്രവർത്തനത്തിനായി പ്രാർത്ഥിക്കുക.

- വെളിപാട് പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയത്തിൽ സൂചനകൾ തരികയും ചില പ്രത്യേക ആവശ്യങ്ങൾക്കുള്ള ആശയങ്ങൾക്കുള്ള തരികയും ചെയ്യുന്നു.  മനസ്സിലാക്കുക പ്രാർത്ഥിക്കുക.
- ദൈവവചനം നിങ്ങളുടെ നടത്തക്ക് തയ്യാറെടുപ്പെന്ന നിലയിൽ വായിച്ചതോ നടക്കുമ്പോൾ പരിശുദ്ധാത്മാവ് തോന്നിച്ചതോ ആയ ദൈവവചന ഭാഗങ്ങൾ ജനങ്ങളിൽ എങ്ങനെ സ്വാധീനിച്ചു എന്ന് ചിന്തിച്ചു പ്രാർത്ഥിക്കുക.

നടന്ന് പ്രാർത്ഥിക്കുമ്പോൾ സ്വാധീനിക്കുന്ന 5 പ്രദേശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാം.

- ഗവൺമെൻറ് - ഗവൺമെൻറ് സെൻററുകളായ കോടതി കമ്മീഷണൻറെ കെട്ടിടങ്ങൾ ഓഫീസുകൾ തുടങ്ങിയ സ്ഥലത്തൊക്കെയുള്ള ആൾക്കാരെ കണ്ട് അവർക്കായി പ്രാർത്ഥിക്കുക.  അവിടുത്തെ നേതൃത്വങ്ങൾക്ക് ദൈവജ്ഞാനം ഉണ്ടാകുവാനും ആ ഭാഗത്തെ സംരക്ഷണത്തിനായും പ്രാർത്ഥിക്കുക.
- കച്ചവടം - വാണിജ്യം കച്ചവട സെൻററുകളായ ജില്ലാതല ഫിനാൻസ് കച്ചവട സ്ഥാപനങ്ങൾ എന്നിവയ്ക്കായി പ്രാർത്ഥിക്കുക.  നീതിപരമായ ധനം അവസരങ്ങൾ ഉദാരമായി കൊടുക്കാൻ പ്രാർത്ഥിക്കുക നല്ല കാര്യസ്ഥന്മാരായവരുടെ ഉറവിടങ്ങൾ നീതി പരമായ ധന നിക്ഷേപങ്ങൾ തുടങ്ങിയവയ്ക്കായി പ്രാർത്ഥിക്കുക.
- വിദ്യാഭ്യാസം - വിദ്യാഭ്യാസ സ്ഥാപനങ്ങളായ സ്കൂളുകൾ പണ്ഡിതന്മാരുടെയും ഭരണ കർത്താക്കളുടെയും ഓഫീസ് തൊഴിൽ പരിശീലന സെൻററുകൾ, സാമുദായിക കോളേജുകൾ യൂണിവേഴ്സിറ്റികൾ, ദൈവസത്യം അനുസരിച്ച്അ അദ്ധ്യാപനം നടത്തുന്ന കർമ്മ ബോധമുള്ള അദ്ധ്യാപകർക്കായും പ്രാർത്ഥിക്കുക.  പുരോഗതിയിൽ പുരോഗതിയില്ലാതെ തകർന്നവരിൽ ദൈവഇടപെടൽ ഉണ്ടാകാൻ പ്രാർത്ഥിക്കുക ജോലി സ്ഥലങ്ങളിൽ നല്ല ബുദ്ധിയോടും ആത്മാർത്ഥതയോടും കൂടി ജോലി ചെയ്യുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുക.
- ആശയ വിനിമയം - ആശയ വിനിമയ സെൻററുകളായ റേഡിയോ സ്റ്റേഷൻ, റ്റി. വി. സ്റ്റേഷൻ, ദിന പത്ര മാധ്യമങ്ങൾ എന്നിവയ്ക്കായി പ്രാർത്ഥിക്കുക.  ലോകത്തിനുവേണ്ടി ദൈവീകപ്രവർത്തനങ്ങളെകുറിച്ച് പ്രാർത്ഥിക്കുകയും അനുയായികൾ സാക്ഷ്യം ആ പട്ടണം മുഴുവൻ നിറയ്ക്കുകയും വേണം. എല്ലായിടങ്ങളിലുമുള്ള ദൈവജനം ദൈവീക പ്രവർത്തനങ്ങൾ കാണുന്നതിന് ദൈവീക സന്ദേശം മാധ്യമങ്ങളിലൂടെ ജനത്തെ അറിയിക്കുക.
- ആത്മീയ കാര്യങ്ങൾ - ആത്മീയ സെൻററുകളായ സഭകൾ ഹിന്ദു മുസ്ലീം ആരാധനാലയങ്ങൾ ഇവയ്ക്കായി പ്രാർത്ഥിക്കുക.  ആത്മീയമായി അന്വേഷിക്കുന്നവർക്ക് ദൈവീക സമാധാനം കണ്ടെത്താനാകും.  തെറ്റായ മതവിശ്വാസങ്ങളിൽ വീഴാതിരിക്കാൻ പ്രാർത്ഥിക്കുക.

അവസാനം ഈ അഞ്ച് മാർഗ്ഗങ്ങളിലൂടെ സഞ്ചാരത്തിൽ കണ്ടെത്തിയവർക്കുവേണ്ടി പ്രാർത്ഥിക്കാം.

നടന്ന് പ്രാർത്ഥിക്കുക.  നിങ്ങൾക്ക് കിട്ടിയ അവസരങ്ങൾ യാത്രാമദ്ധ്യേ കണ്ടു മുട്ടിയവർക്കുവേണ്ടി പ്രാർത്ഥിക്കാൻ ദൈവാത്മാവ് പ്രേരണ നൽകുമ്പോൾ ജാഗ്രതയുള്ളവരായിരിക്കണം. നിങ്ങൾക്ക് പറയാം ഈ സമുദായത്തിനു വേണ്ടി പ്രാർത്ഥിച്ചു. പ്രത്യേകമായിഎന്തെങ്കിലും ഉണ്ടെങ്കിൽ അതിനായി പ്രാർത്ഥിക്കാം. അല്ലെങ്കിൽ പറയാം ഈ ദേശത്തിന് വേണ്ടി പ്രാർത്ഥിച്ചു.  എന്തെങ്കിലും പ്രത്യേകമായി അറിയാമെങ്കിൽ അതിനായി പ്രാർത്ഥിക്കാം. അതിനായി പ്രതികരണം ശ്രദ്ധിച്ചതിനു ശേഷം ആവശ്യങ്ങൾ ചോദിക്കാം. അതു പങ്കിടുമ്പോൾ ഉടൻ തന്നെ അവർക്കായി പ്രാർത്ഥിക്കണം.  ദൈവം പ്രേരണ നൽകുന്നു എങ്കിൽ അവരുടെ വശ്യങ്ങൾക്കായി പ്രാർത്ഥിക്കാം.

പ്രാർത്ഥിക്കാൻ കഴിഞ്ഞ 5 മാർഗ്ഗങ്ങൾ ഓർക്കുവാൻ ബ്ലെസ്സ് എന്ന മാർഗ്ഗംസീകരിക്കാം:

- ബോഡി (ആരോഗ്യം)
- ലേബർ (ജോലിയും പണവും)
- ഇമ്മോഷണൽ (ധാർമ്മീകം)
- സോഷ്യൽ (പരസ്പര ബന്ധം)
- സ്പിരിച്ച്യുൽ

നിങ്ങൾആത്മാർത്ഥമായി പ്രാർത്ഥിക്കുമ്പോൾ ജനങ്ങൾ നന്ദിയുള്ളവരായിരിക്കും.

ഒരു വ്യക്തി ക്രിസ്ത്യൻ അല്ലെങ്കിൽ പ്രാർത്ഥനയിലൂടെ ആത്മീയ സംഭാഷണത്തിൻറെ വാതിൽ തുറക്കുകയും ദൈവത്തെപ്പറ്റിയും ജീവിതാനുഭവവും പങ്കിടാനുള്ള അവസരവും ലഭിക്കുന്നു. അപ്പോഴവരെ ബൈബിൾ പഠനത്തിലേയ്ക്ക് ക്ഷണിക്കാം. അവരുടെ വീട്ടിലേയ്ക്ക് ക്ഷണിക്കപ്പെടുകയുംചെയ്യാം.

ഒരു വ്യക്തി ക്രിസ്ത്യാനിയാണെങ്കിൽ പ്രാർത്ഥനയിലേയ്ക്ക് ക്ഷണിക്കാം. പ്രാർത്ഥനാചരണം എങ്ങനെയെന്ന് പരിശീലിപ്പിക്കുകയുംചെയ്യാം. ലളിതമായ പടികൾ ആ പ്രദേശത്തെ സ്വാധീനിക്കുന്നതും ബ്ലെസ്സ് പ്രാർത്ഥനയിലൂടെ ദൈവത്തിൻറെ കുടുംബം വളരുകയുംചെയ്യും.

പ്രാർത്ഥനാചരണംസൂമെ ടൂൾ കിറ്റിലെ മറ്റൊരു മാർഗ്ഗമാണ്.

---

## വായിക്കുക

**(5 മിനിറ്റ്)**

**സമാധാനത്തിന്റെ വ്യക്തി**

സൂമെ പരിശീലനത്തിലേക്ക് വീണ്ടും സ്വാഗതം. മുൻ സമ്മേളനങ്ങളിൽ സമാധാനത്തിൽ വ്യക്തി എന്ന ഒരാശയം നിങ്ങൾക്കു മുമ്പിൽ അവതരിപ്പിച്ചിരുന്നു. ഈ സെക്ഷനിൽ, ആ വ്യക്തി എങ്ങിനെയുള്ളവനാണ്, അങ്ങിനെ ഒരാളെ കണ്ടാൽ എങ്ങിനെ മനസ്സിലാക്കും എന്ന് കുറച്ച് വിശദമായി നോക്കാം.

യേശുവിന് അനുയായികൾ നാമമാത്രമായോ, ഇല്ലാത്തതോ ആയ ഇടങ്ങളിൽ പോലും ശിഷ്യഗണത്തെ വളരെ വേഗം ഉൽപ്പാദിപ്പിക്കുവാൻ സമാധാനത്തിൻറെ വ്യക്തികൾക്കാകും.

യേശു തൻറെ ശിഷ്യരെ പുതിയ സ്ഥലങ്ങളിലേക്ക് ശിഷ്യരെ ഉണ്ടാക്കുവാനായി അയച്ചപ്പോൾ ലളിതവും പക്ഷേ നയപരവുമായ ഒരു ഉപദേശവും നൽകി.

യേശുപറഞ്ഞു: സഞ്ചിയും പൊക്കണവുംചെരിപ്പുംഎടുത്തു വഴിയിൽ വെച്ച് ആരേയും വന്ദനം ചെയ്യുകയുമരുത്. ഏതുവീട്ടിൽ എങ്കിലും ചെന്നാൽഈ വീട്ടിന് സമാധാനം എന്ന് ആദ്യം പറയുവിൻ അവിടെ ഒരു സമാധാനപുത്രൻ ഉണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവൻമേൽ വസിക്കുംഇല്ലെന്നു വരികിലോ നിങ്ങളിലേക്ക് മടങ്ങിപ്പോരും അവർ തരുന്നത് തിന്നും, കുടിച്ചും കൊണ്ട് ആ വീട്ടിൽതന്നെ പാർപ്പിൻ വേലക്കാരൻ തൻറെകൂലിക്ക് യോഗ്യനല്ലോ. വീട്ടിൽ നിന്നു വീട്ടിലേക്ക് മാറിപ്പോകരുത്.

പക്ഷെ ഇതിനെല്ലാം എന്താണർത്ഥം?

നമ്മൾ ശിഷ്യരെ ഉണ്ടാക്കുവാൻ ശ്രമിക്കുമ്പോൾ, നാം ആദ്യംചിന്തിക്കുന്നത് അതിനു വേണ്ടി പണം ശരിയായിരിക്കണം, അതിനുപറ്റിയആളെ കണ്ടു പിടിക്കണം, എന്തു ചെയ്യണമെന്ന് വ്യക്തമായ പദ്ധതിയുണ്ടാവണം. യേശുറ് പോകുവീ ൻ എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ, നാം ഒന്നും നോക്കാതെ പോകണം എല്ലാവരോടും, എല്ലായിടത്തും!! എപ്പോഴും പറയണം!!!

യേശു നൽകിയ മാർഗ്ഗരേഖയിൽ പണത്തെ പ്പറ്റിയോ തീക്ഷണതയെ പ്പറ്റിയോ വ്യാകുലപ്പെടുത്തുന്നതായി കാണുന്നില്ല. ലക്ഷ്യത്തെപ്പറ്റിയാണ് വ്യാകുലപ്പെടുന്നത്. യേശുവിന് വേണ്ടത് - തൻറെശിഷ്യന്മാർ, സമാധാനത്തിൽ വ്യക്തിയെ കണ്ടെത്തണം, അതിനായി ശ്രമിക്കണം എന്നാണ്.

അനുയായികൾ നാമമാത്രമായ ഇടങ്ങളിൽ ചിലപ്പോൾ ആരുമില്ലായിരിക്കാം അപ്പോൾ നമ്മുടെ പ്രധാന കർത്തവ്യം ഒരു സമാധാനത്തിൽ വ്യക്തിയെ കണ്ടെത്തുക എന്നതാണ്.

സമാധാനത്തിൽ വ്യക്തി എന്നാൽ:

- നിങ്ങളുടെ ചരിത്രത്തെയും, ദൈവത്തെപ്പറ്റിയും യേശുവിനെപ്പറ്റിയും സുവിശേഷവും കേൾക്കാൻ.
- തുറന്ന മനസ്സുള്ളഒരാൾ നിങ്ങളെ വീട്ടിലേക്കോ പണിസ്ഥലത്തേക്കോ അവർ. കുടുംബമായി ഒത്തു ചേർന്നിരിക്കുന്നിടത്തേക്കോ, ആതിഥ്യമര്യാദയോടെ സ്വാഗതം ചെയ്യുന്ന ഒരാൾ.
- മറ്റുള്ളവരെ അറിയുന്ന (മറ്റുള്ളവരാൽ അറിയപ്പെടുന്ന), നാലു പേരെയോ സമൂഹത്തേയോ കൂട്ടാൻ കഴിയുന്ന ഒരാൾ.
- വിശ്വസ്തനും തനിക്കു ലഭിച്ചത് പങ്കു വക്കുന്നവനുമായുള്ള ഒരാൾ. നിങ്ങൾ പോയതിനു ശേഷവും തുടരണം അത്.

വേദപുസ്തകത്തിൽ, യേശുവും, ശിഷ്യന്മാരും ഇങ്ങിനെയുള്ള സമാധാനത്തിൽവ വ്യക്തികളെ വളരെ അവിചാരിതമായി കണ്ടുമുട്ടുന്നത് കാണാം.

ഗദരദേശത്തുവച്ച് യേശു, അശുദ്ധാത്മാവ് ബാധിച്ച ഒരുവനെ കണ്ടു. അവൻ ചങ്ങലയിലും ഏകാന്തവാസം ചെയ്യുന്നവനും ആയിരുന്നു. നമ്മൾ അയാളെ ഒരിക്കലും സമാധാനത്തിൽ വ്യക്തിഎന്ന് പറയില്ല. പക്ഷേ അവൻ യേശുവിനെ കേൾക്കാൻ മനസ് തുറന്നു.അവൻ താമസിച്ചിരുന്നിടത്തേക്ക്, ആതിഥ്യ മര്യാദയോടെ സ്വാഗതംചെയ്തു. അവൻ അറിയപ്പെടുന്നവനും ആൾക്കാരെ കൂട്ടാൻ കെല്പുള്ളവനുമായിരുന്നു. അതവൻറെ വികൃതbസ്വഭാവം കൊണ്ടാണങ്കിൽ പോലും.

അവൻ വിശ്വസ്തനാണെന്ന് യേശു കണ്ടു. .യേശു തനിക്കുചെയ്തത് അവൻ തൻറെ കുടുംബമായും, അടുത്തുള്ളവരുമായും നാട്ടുകാരുമായും പങ്കുവച്ചു. പിന്നീടൊരിക്കൽ യേശു ആ ദേശത്ത് തിരിച്ചു വന്നപ്പോൾ വലിയ ഒരു ജനക്കൂട്ടം വന്നു, തങ്ങൾ കേട്ട ആ മനുഷ്യനെ നേരിൽ കാണാൻ...!!

സമരിയായിൽ കിണറ്റിനരികേ യേശു ഒരു സ്ത്രിയെ കണ്ടു. അവൾ കേൾക്കാൻ മനസ് തുറന്നു. തിഥ്യമര്യാദയുണ്ടായിരുന്നു. വെള്ളം ചോദിച്ചതിന് മറുപടിയും നൽകി.നമ്മൾ അവളെപ്പറ്റി വായിക്കുന്നുണ്ട് അവൾക്ക് 5 കണവൻമാരുണ്ടായിരുന്നു. ഇപ്പോൾ അവൾ വേറെ ഒരുവൻറെ കൂടെയാണ് അപ്പോൾ ആ കുഞ്ഞു ഗ്രാമത്തിൽ അവൾ തീർച്ചയായും അറിയപ്പെടുന്നവൾ തന്നെ. യേശു അവളോട് സംസാരിച്ചു കഴിഞ്ഞപ്പോൾ അവൾ വിശ്വസ്ത ആയിരുന്നു. അവൾ തൻറെ അനുഭവം പങ്കുവച്ചു.ആ നാട്ടിലുണ്ടായിരുന്ന എല്ലാവരും യേശുവിനെ കേൾക്കാൻ തയ്യാറായി അവൻ അത് ചെയ്യുകയുംചെയ്തു.

അതുകൊണ്ട് സമാധാനത്തിൻറെ വ്യക്തി എവിടെയും ഉണ്ടാകാം, ചെയ്യുന്നത് എന്തുമാവാം, നമുക്ക് അറിയാവുന്നവരോ കണ്ടിട്ടുള്ളവരോ ആവാം.എങ്ങിനെ നമ്മൾ കണ്ടു പിടിക്കും?

ഇതാ മൂന്നു ലളിത വഴികൾ --

ഒരു സമൂഹത്തിലെ അവിടുത്തെ ജനങ്ങളോട് നമുക്ക്ചോദിക്കാം. നിങ്ങളുടെ ഇടയിൽ സർവ്വ സമ്മതനായിട്ടുള്ളതാര്? അവനവനെപ്പറ്റി ചിന്തിക്കുന്നതിന് മുമ്പ് മറ്റുള്ളവരെപ്പറ്റി ചിന്തിക്കുന്ന ആരെങ്കിലുമുണ്ടോ?അപ്പോഴൊക്കെ നമ്മൾ കേൾക്കുന്ന പൊതുവായ പേരിന്നുടമയെ നാം സന്ധിക്കുന്നു. അദ്ദേഹത്തോട് ആത്മീയ ആശയങ്ങൾ പങ്കുവക്കുന്നു. തുറന്ന മനസ്കനാണോ പങ്ക് വക്കുമോഎന്ന് നമ്മൾ നോക്കുന്നു.

ഒരുവന് അവൻറെ പ്രാർത്ഥന സമയത്തോ, ജോലി സമയത്തോ വിനോദ സമയത്തോ - സാധ്യമായ സമയത്ത്, അവന് ഒരു പ്രാർത്ഥന വാഗ്ദാനം ചെയ്യാം എന്നിട്ട് ആ പ്രാർത്ഥനയെ ആത്മീയ സംഭാഷണമാക്കി മാറ്റാം.

ദൈവം ഒരു വ്യക്തിയുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നുണ്ടോ എന്നറിയാൻ നമ്മൾ ഓരോ സംഭാഷണത്തിലും ആത്മീയ ആശയങ്ങൾ അവതരിപ്പിക്കും അവർ തു റന്ന മനസ്സോടെ തയ്യാറായാൽ കൂടുതൽ ചർച്ചക്കായി ഒരു സംഘത്തെ കൂട്ടാനായി അഭ്യർത്ഥിക്കാം. വ്യക്തികൾക്കായി ചോദിക്കുക പ്രാർത്ഥന വാഗ്ദാനം ചെയ്യുക, ആത്മീയ ആശയം അവതരിപ്പിക്കുക ഇവയെല്ലാമാണ് സമാധാനത്തിൽ വ്യക്തിയെ കണ്ടെത്താനായി നമുക്ക് ചെയ്യാവുന്ന വഴികൾ.

എങ്ങിനെ അവരെ കണ്ടു പിടിച്ചാലുംശരി യേശു പറഞ്ഞത് ഓർക്കുക. ഈ സമാധാനത്തിൽ വ്യക്തിയുടെ കൂടെയാണ് നമ്മുടെ ശിഷ്യരെ ഉണ്ടാക്കുന്ന പ്രക്രീയയുടെ ഭൂരിഭാഗം സമയവും ചിലവഴിക്കേണ്ടത്.

നാം വിചാരിക്കുന്നത് ഇങ്ങിനെയാണ്. നമ്മുടെ സമയം നന്നായി ഉപയോഗിക്കുക എന്നാൽ എല്ലാവർക്കും ഒരു പോലെ നമ്മുടെ സമയം പകുത്തു നൽകുക എന്നാണ്. എന്നാൽ യേശു പറഞ്ഞ് കാണിച്ചുതന്നു. നാം ആരെടെയും അടുത്ത് സമയത്തിൻറെ കാര്യത്തിൽ പിശുക്ക്കാണിക്കേണ്ട. പക്ഷേ ചിലർക്ക് അത് കൂടുതലായി നൽകണം എന്ന്.

യേശു ചെയ്യുന്നിടത്തൊക്കെ വലിയ പുരുഷാരവും വരുമായിരുന്നു. പക്ഷേ ഒരുപാട് തവണ യേശു അവരെ ഒഴിവാക്കി തൻറെ 12 ശിഷ്യരുമായി സമയം പങ്കിടുന്നത് ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നു.

പല തവണ യേശു വെറും 3 പേരടങ്ങുന്ന ഗ്രൂപ്പിനു വേണ്ടി കുറേയേറെ സമയം ചിലവഴിക്കുന്നതും കാണാം.

നമ്മേക്കാൾ ഒരുപാട് ശക്തനും ഒരുപാട് ഉന്മേഷവാനും വലിയ അധികാരിയും, ചിട്ടയും ബുദ്ധിയും അറിവും ഗ്രഹണ ശക്തിയുംകരുണയുമുള്ള യേശു ചിലർക്കായി സമയം കൂടുതൽ ചിലവഴിച്ച് ശിഷ്യരോടും അങ്ങിനെ ചെയ്യാൻ പറഞ്ഞെങ്കിൽ നാം അതേ മാന്യത പിൻതുടർന്ന് പങ്കുവെച്ച് പോകേണ്ടത് അനിവാര്യമല്ലേ?

സമാധാനത്തിൻ വ്യക്തി

കണ്ടു പിടിക്കാൻ അത്ര എളുപ്പം അല്ല.  ഒരു പക്ഷേ 1000ൽ ഒരാൾ അപേക്ഷ മറഞ്ഞിരിക്കുന്ന നിധി തേടും പോലെ അവരെ തേടണം, ദൈവരാജ്യ വളർച്ചയിൽ അവരുടെ പങ്ക് അനിർവചനീയമാണ്.

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- ചീത്ത പ്രശസ്തി ഉള്ള ഒരാൾക്ക് (സമര്യക്കാരിയായ സ്ത്രീയെ പോലെയോ ഗദരേനിലെ പിശാചുബാധയുള്ള പുരുഷനെപ്പോലെയോ) യഥാർത്ഥത്തിൽ സമാധാനമുള്ള വ്യക്തിയാകാൻ കഴിയുമോ? എന്തുകൊണ്ട് അല്ലെങ്കിൽ എന്തുകൊണ്ട് കഴിയില്ല?
- രാജ്യ സാന്നിദ്ധ്യം കുറവാണെന്ന് തോന്നുന്ന (അല്ലെങ്കിൽ ഇല്ല) നിങ്ങൾക്ക് സമീപമുള്ള ഒരു സമൂഹമോ സമൂഹത്തിൻ്റെ വിഭാഗമോ എന്താണ്?
- സമാധാനമുള്ള ഒരു വ്യക്തിക്ക് (തുറന്ന, ആതിഥ്യമരുളുന്ന, മറ്റുള്ളവരെയും മറ്റും അറിയുന്ന ഒരാൾ) എങ്ങനെയാണ് ആ സമൂഹത്തിൽ സുവിശേഷത്തിൻ്റെ വ്യാപനം ത്വരിതപ്പെടുത്തുന്നത്?

## പ്രവർത്തനം

**(10 മിനിറ്റ്)**

**B.L.E.S.S പരിശീലിക്കുക. പ്രാർത്ഥന**

- രണ്ടോ മൂന്നോ ഗ്രൂപ്പുകളായി പിരിഞ്ഞ് B.L.E.S.S ൻ്റെ അഞ്ച് മേഖലകളിൽ പ്രാർത്ഥന പരിശീലിക്കുക. പരസ്പരം പ്രാർത്ഥന.

**'അനുഗ്രഹീത' പ്രാർത്ഥനാ രീതി**

ഏത് സമയത്തും കണ്ടുമുട്ടുന്ന ആളുകൾക്ക് വേണ്ടി പ്രാർത്ഥിക്കാൻ കഴിയുന്ന അഞ്ച് വഴികൾ 'അനുഗ്രഹീത' പ്രാർത്ഥനാ ക്രമം നൽകുന്നു, പ്രത്യേകിച്ച് പ്രാർത്ഥന നടത്തം നടക്കുമ്പോൾ.

- **ശരീരം** - ആരോഗ്യം
- **ജോലി** - തൊഴിലും സാമ്പത്തികവും
- **വൈകാരികം** - ധാർമ്മികത
- **സമൂഹപരം** - ബന്ധങ്ങൾ
- **ആത്മീയമായത്** - ദൈവത്തെ കൂടുതലായി അറിഞ്ഞു സ്നേഹിക്കുക

## പ്രവർത്തനം

**(60 - 90 മിനിറ്റ്)**

**പ്രാർത്ഥന നടത്തം**

- രണ്ടോ മൂന്നോ ഗ്രൂപ്പുകളായി തിരിഞ്ഞ് പ്രാർത്ഥന നടത്തം പരിശീലിക്കുക. ഇതിനായി സമൂഹത്തിനിടയിലേക്ക് പോകുക.
- ഒരു ലൊക്കേഷൻ തിരഞ്ഞെടുക്കുന്നത് നിങ്ങൾ ഇപ്പോൾ ഉള്ളിടത്ത് നിന്ന് പുറത്തേക്ക് നടക്കുന്നത് പോലെ ലളിതമാണ്, അല്ലെങ്കിൽ ഒരു നിർദ്ദിഷ്ട ലക്ഷ്യസ്ഥാനത്തേക്ക് പോകാൻ നിങ്ങൾക്ക് പ്ലാൻ ചെയ്യാം.
- ദൈവം നയിക്കുന്നതുപോലെ പോകുക, ഈ പ്രവർത്തനത്തിനായി 60-90 മിനിറ്റ് ചെലവഴിക്കാൻ ആസൂത്രണം ചെയ്യുക.
- പ്രാർത്ഥന നടത്തം പ്രവർത്തനത്തോടെ ഈ സെഷൻ അവസാനിക്കുന്നു.

**നിങ്ങളുടെ പ്രാർത്ഥനയെ നയിക്കാൻ കഴിയുന്ന നാല് ഉറവിടങ്ങൾ:**

1. **നിരീക്ഷണം** - എന്താണു നിങ്ങൾ കാണുന്നത്? ഒരു മുറ്റത്ത് ഒരു കളിപ്പാട്ടം കിടക്കുന്നതു നിങ്ങൾ കണ്ടാൽ, അവിടെയുള്ള കുട്ടികൾക്കുവേണ്ടിയും കുടുംബങ്ങൾക്കുവേണ്ടിയും സ്കൂളുകൾക്കുവേണ്ടിയും നിങ്ങൾക്കു പ്രാർത്ഥിക്കാം.
2. **ഗവേഷണം** - നിങ്ങൾക്കെന്തറിയാം? അടുത്തുള്ള ആ സ്ഥലത്തെക്കുറിച്ചു നിങ്ങൾ വായിച്ചിട്ടുണ്ടെങ്കിൽ, അവിടെ ജീവിക്കുന്നവരെക്കുറിച്ചു ചിലതൊക്കെ നിങ്ങൾക്കറിയാമായിരിക്കും. അതല്ലെങ്കിൽ, അവിടെ കുറ്റകൃത്യങ്ങൾകൊണ്ടു വീർപ്പുമുട്ടുന്ന സ്ഥലമായിക്കും.ഇവയെക്കുറിച്ചു പ്രാർത്ഥിക്കുക, ദൈവം പ്രവർത്തിക്കാൻ അപേക്ഷിക്കുക.
3. **വെളിപ്പാട്** - പ്രത്യേകമായ ഒരാവശ്യത്തിനുവേണ്ടിയോ മറ്റോ പ്രാർത്ഥിക്കണമെന്ന തോന്നൽ പരിശുദ്ധാത്മാവു നിങ്ങളുടെ ഹൃദയത്തിൽ തന്നെന്നു വരാം. അതു ശ്രദ്ധിച്ച് അതിനുവേണ്ടി പ്രാർത്ഥിക്കാം!
4. **തിരുവെഴുത്ത്** - നിങ്ങളുടെ പ്രാർത്ഥനാ നടത്തത്തിന്റെ ഒരുക്കത്തിനായി ഒരു വചനഭാഗം നിങ്ങൾക്കു വായിക്കാം. നിങ്ങൾ നടക്കുമ്പോൾ, പരിശുദ്ധാത്മാവ് നിങ്ങളെ ഒരു വചനം ഓർമ്മിപ്പിച്ചേക്കാം. ആ വചനത്തെക്കുറിച്ചു പ്രാർത്ഥിക്കുക, ആ പ്രദേശത്തുള്ളവരെ ആ വചനം എങ്ങനെ സ്വാധീനിക്കുമെന്നും പ്രാർത്ഥിക്കുക.

**പ്രാർത്ഥനയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട അഞ്ച് മേഖലകൾ:**

1. **ഭരണകൂടം** - ഭരണകൂടത്തിനുവേണ്ടി പ്രാർത്ഥിക്കുക. കോടതികൾ, നിയമപാലന കേന്ദ്രങ്ങൾ എന്നിവ. ആ പ്രദേശത്തിന്റെ സംരക്ഷണത്തിനും നീതി, നേതാക്കന്മാർക്കു ദൈവികജ്ഞാനം എന്നിവയുണ്ടാകാൻവേണ്ടിയും പ്രാർത്ഥിക്കുക.
2. **വ്യാപാര, വ്യവസായങ്ങൾ** - വാണിജ്യമേഖലകൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. നീതിപൂർവ്വമായ നിക്ഷേപത്തിനും വിഭവങ്ങളുടെ ശരിയായ കാര്യവിചാരകത്വത്തിനുംവേണ്ടി പ്രാർത്ഥിക്കുക. സാമ്പത്തികനീതി, അവസരം, ഉദാരമതികളും ഭക്തരുമായ ദാതാക്കൾ (ലാഭത്തെക്കാൾ ആളുകൾക്കു പരിഗണന കൊടുക്കുന്നവർ) എന്നീ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുക.
3. **വിദ്യാഭ്യാസം** – വിദ്യാഭ്യാസ സ്ഥാപനങ്ങൾ നോക്കി, അവയ്ക്കു വേണ്ടി പ്രാർത്ഥിക്കുക. സ്കൂളുകൾ, കോളജുകൾ, സർവ്വകലാശാലകൾ എന്നിവയ്ക്കു വേണ്ടി പ്രാർത്ഥിക്കുക. നീതിയുള്ള അദ്ധ്യാപകർക്കായി പ്രാർത്ഥിക്കുക. അവർ ദൈവത്തിന്റെ സത്യം പഠിപ്പിക്കട്ടെ, വിദ്യാർത്ഥികളുടെ മനസ്സുകൾ അങ്ങനെ സംരക്ഷിക്കപ്പെടട്ടെ. വ്യാജവും സംശയവുമുളവാക്കുന്ന എല്ലാ പരിശ്രമത്തിലും ദൈവത്തിന്റെ ഇടപെടലുണ്ടാകാൻ പ്രാർത്ഥിക്കുക. സേവനത്തിനും നേതൃത്വം കൊടുക്കുന്നതിനും മനസ്സുള്ള പൗരന്മാർ ഈ സ്ഥാപനങ്ങളിൽനിന്നു പുറത്തുവരാൻ പ്രാർത്ഥിക്കുക.
4. **വാർത്താവിനിമയം** - വാർത്താവിനിമയ സംവിധാനങ്ങളായ റേഡിയോ, റ്റി.വി., പത്രം എന്നീ സ്ഥാപനങ്ങൾ നോക്കി അവയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. അവയിലൂടെ സുവിശേഷവും ക്രിസ്തുവിനെ അനുഗമിക്കുന്നവരുടെ സാക്ഷ്യങ്ങളും, നിങ്ങളുടെ സ്ഥലത്തും ലോകമെമ്പാടും

പരക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുക. യേശുവിന്റെ സന്ദേശം, യേശുവിന്റെ മാദ്ധ്യമത്തിലൂടെ ജനകോടികളിലെത്താനും, എല്ലായിടത്തും ദൈവജനം ദൈവ പ്രവൃത്തി കാണാനും പ്രാർത്ഥിക്കുക.

5. **ആത്മീയത** - ആത്മീയകേന്ദ്രങ്ങളായ ആരാധനാലയങ്ങൾ, ക്ഷേത്രങ്ങൾ, മോസ്ക്കുകൾ മുതലായവ നോക്കി, അവയ്ക്കായി പ്രാർത്ഥിക്കുക. ഓരോ ആത്മീയാന്വേഷകനും യേശുവിൽ സമാധാനവും ആശ്വാസവും കണ്ടെത്തുന്നതിനും, തെറ്റായ വിശ്വാസത്തിലേക്കു വഴുതിപ്പോകാതിരിക്കാനും പ്രാർത്ഥിക്കുക.

## പ്രാർത്ഥിക്കുക

**(5 മിനിറ്റ്)**

നിങ്ങളുടെ പ്രെയർ വാക്കിംഗ് ആക്റ്റിവിറ്റിക്ക് പോകുന്നതിന് മുമ്പ്, ഒരുമിച്ച് സമയം അവസാനിപ്പിക്കാൻ നിങ്ങളുടെ ഗ്രൂപ്പിനൊപ്പം പ്രാർത്ഥിക്കുന്നുവെന്ന് ഉറപ്പാക്കുക.

നഷ്ടപ്പെട്ടവരെയും അവസാനത്തെയും ഏറ്റവും ചെറിയവരെയും സ്നേഹിക്കുന്ന ദൈവത്തിന് നന്ദി - ഞങ്ങൾ ഉൾപ്പെടെ!

നിങ്ങളുടെ നടത്തത്തിനിടയിൽ നിങ്ങൾ കണ്ടുമുട്ടുന്നവരുടെ ഹൃദയവും അവൻ്റെ വേലയ്ക്കായി തുറന്നുകൊടുക്കാൻ ദൈവത്തോട് ആവശ്യപ്പെടുക.

# സെഷൻ 6

---

## ചെക്ക് - ഇൻ ചെയ്യുക

**(1 മിനിറ്റ്)**

എല്ലാ പങ്കാളികളും സഹായികളും ചെക്ക്-ഇൻ ചെയ്യുക.

അല്ലെങ്കിൽ zume.training/checkin ചെയ്ത് കോഡ് ഉപയോഗിക്കുക: **1235**

---

## പ്രാർത്ഥിക്കുക

**(5 മിനിറ്റ്)**

കഴിഞ്ഞ സെഷനിൽ ദൈവം ചെയ്തതിന് പ്രാർത്ഥിക്കുകയും നന്ദി പറയുകയും ചെയ്യുക, അനുസരിക്കാൻ ബുദ്ധിമുട്ട് തോന്നുമ്പോൾ സഹായിക്കാൻ അവനോട് ആവശ്യപ്പെടുക, ഒപ്പം നിങ്ങളുടെ സമയം ഒരുമിച്ച് നയിക്കാൻ അവൻ്റെ പരിശുദ്ധാത്മാവിനെ ക്ഷണിക്കുകയും ചെയ്യുക.

---

## തിരിഞ്ഞു നോക്കുക

**(5 മിനിറ്റ്)**

ആരംഭിക്കുന്നതിന് മുമ്പ്, തിരിഞ്ഞു നോക്കാൻ കുറച്ച് സമയമെടുക്കുക.

അവസാന സെഷൻ്റെ അവസാനം, നിങ്ങൾ പഠിച്ച കാര്യങ്ങൾ പരിശീലിക്കാൻ നിങ്ങളുടെ ഗ്രൂപ്പിലെ എല്ലാവരോടും നിർദ്ദേശിക്കുക. ഇതൊരു വെല്ലുവിളിയായും നടത്താം.

ഈ ആഴ്ച നിങ്ങളുടെ ഗ്രൂപ്പ് എങ്ങനെ ചെയ്തുവെന്ന് കാണാൻ കുറച്ച് നിമിഷങ്ങൾ എടുക്കുക.

---

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ, ഞങ്ങൾ ഈ ആശയം കേൾക്കുകയും ചർച്ച ചെയ്യുകയും ചെയ്യും:**

- വിജ്ഞാനത്തേക്കാൾ വിശ്വസ്തത ഉത്തമമാണ്

**ഞങ്ങളുടെ ടൂൾകിറ്റിലേക്ക് ഞങ്ങൾ ഈ ഉപകരണം ചേർക്കും:**

- 3/3 ഗ്രൂപ്പ് മീറ്റിംഗ്

---

## വായിക്കുക

**(5 മിനിറ്റ്)**

**വിശ്വസ്തത**

ഇപ്രാവശ്യം നമ്മൾ അറിവിനേക്കാൾ പരിശീലനത്തിനേക്കാൾ ആത്മീയ പക്വതയുടെ മികച്ച അളവുകോൽ വിശ്വസ്തതയാകുന്നത് എങ്ങനെയെന്ന് നോക്കാം. രണ്ടാശയങ്ങൾ ഇന്ന് സഭകളിൽ ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

ആദ്യത്തെ ആശയം ഒരുവൻറെ ആത്മീയ പക്വത എത്രത്തോളം അവൻ ദൈവവചനം അറിയാമെന്നതിൽ ആശ്രയിച്ചിരിക്കുന്നു. ശരിയായ വിശ്വാസം അല്ലെങ്കിൽ യാഥാസ്ഥിതികത്വം ഒരു വ്യക്തിയുടെ വിശ്വാസത്തിൻറെ അളവ് എന്ന് കരുതപ്പെടുന്നു.

രണ്ടാമത്തെ ആശയം ഒരു സേവനം ആരംഭിക്കുന്നതിന് മുമ്പ് ഒരാൾക്ക് നയിക്കുവാനുള്ളകഴിവുണ്ടാവാൻ പൂർണ്ണ പരിശീലനം ആവശ്യമുണ്ടെന്നതാണ്. ഒരാളുടെ സേവനത്തിൻറെ കഴിവിൻറെ അളവ് പൂർണ്ണ അറിവാണ് എന്ന് കരുതപ്പെടുന്നു.

ആദ്യത്തെ ആശയത്തിൽ അതായത് യാഥാസ്ഥിതികത്വം അല്ലെങ്കിൽ ശരിയായ വിശ്വാസം അതിലെ പ്രശ്നം സാത്താന് ദൈവവചനം ഏതു മനുഷ്യനേക്കാളും നന്നായി അറിയാം എന്നതാണ് വചനം പറയുന്നു.

ഏക ദൈവത്തിൽ നീ വിശ്വസിക്കുന്നത് നല്ലത് പക്ഷെ പിശാചുക്കളും അത്വിശ്വസിച്ച് ഭയന്ന് വിറക്കുന്നു.

ആത്മീയ പക്വതയ്ക്കുള്ള കുറച്ചു കൂടി മികച്ച രീതി ഓർത്തോപ്രാക്സി അല്ലെങ്കിൽ ശരിയായ ശീലമാണ്. അനുസരണത്തിലും പങ്കുവെയ്ക്കലിലുമുള്ള വിശ്വസ്തതയ്ക്ക് നമുക്കറിയാവുന്ന തിനെ ആശ്രയിച്ചുള്ള പക്വതയ്ക്ക് കൊടുക്കുന്നതിനേക്കാൾ കൂടുതൽ ഊന്നൽ കൊടുക്കണം.

രണ്ടാമത്തെ ആശയം ഒരുവൻ നയിക്കുന്നതിനു മുമ്പ് പൂർണ്ണ പരിശീലനം നേടണംഎന്നതിലും പ്രശ്നമുണ്ട്. കാരണം ആർക്കും തന്നെ പൂർണ്ണ പരിശീലനം നേടാനാകില്ല.

പലതും പഠിക്കേണ്ടതായിട്ടുള്ള യുവ നേതാക്കന്മാരെയാണ് യേശു ദൈവരാജ്യത്തിലെ ചില പ്രധാന വേലകൾക്കായി ഒരുക്കുന്നത്.

ദൈവവചനം പറയുന്നു യേശു പന്തിരുവരെ അടുക്കൽ വിളിച്ചു. സകല ഭൂതങ്ങളുടെ മേലും വ്യാധികളെ സൗഖ്യമാക്കാനും അവർക്ക് ശക്തിയും അധികാരവും കൊടുത്തു. ദൈവരാജ്യം പ്രസംഗിപ്പാനും സൗഖ്യം വരുത്തുവാനും അവരെ അയച്ചു.

യേശു രക്ഷകൻ എന്ന് വിശ്വസിച്ച് ഏറ്റു പറഞ്ഞ പത്രോസിൻറെ കൂടെയാണ് ഇവരെ അയക്കുന്നത്. ഇത് നമ്മൾ വിശ്വാസത്തിൻറെ ആദ്യപടിയായി കണക്കാക്കണം. അയച്ചതിനു ശേഷവും യേശു പത്രോസിനെ പല പ്രാവശ്യവും ശാസിക്കുന്നുണ്ട്. പല തെറ്റുകൾക്കായി പിന്നീട് പത്രോസിനെ മുഴുവനായും തള്ളിപ്പറയുകയുണ്ടായി. മറ്റു ശിഷ്യരോ ദൈവരാജ്യത്തിൽ തങ്ങളിൽ ആരോണോ വലിയവൻ എന്ന വാഗ്വാദവും ചെയ്തിരുന്നു.

അവർക്ക് ഒരുപാടു കാര്യങ്ങൾ പഠിക്കേണ്ടതായിട്ടുണ്ടായിരുന്നു. എങ്കിലും അറിയാവുന്നവ പങ്കുവെയ്ക്കുവാനായി യേശു അവരെ അയച്ചു.

അറിവിനേക്കാൾ വിശ്വസ്തത ഒരാൾക്ക് യേശുവിനെ അറിയാൻ തുടങ്ങുമ്പോൾ വളരെ അത്യാവശ്യമാണ്.

പരിശീലനത്തിനേക്കാൾ വിശ്വസ്തത നമുക്ക് കിട്ടിയ ത് വെച്ച് നാം എന്തു ചെയ്തു എന്നതിനെ അടിസ്ഥാനമാക്കി അളക്കാവുന്നതാണ്.

നമ്മൾ കേട്ടത് അനുസരിക്കുകയും പങ്കു വെയ്ക്കുകയും ചെയ്യുമെങ്കിൽ നാം വിശ്വസ്തരാണ്.

നമ്മൾ കേട്ടും അനുസരിക്കാനും പങ്കുവെയ്ക്കാനും വിസമ്മതിച്ചാൽ നമ്മൾ അവിശ്വസ്തർ.

നമ്മൾ ശിഷ്യരെ വർദ്ധിപ്പിക്കുമ്പോൾ നമ്മൾ ശരിയായി അളക്കുന്നു എന്ന് ഉറപ്പിക്കാം.

---

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

നിങ്ങൾക്ക് ഇതിനകം അറിയാവുന്ന ദൈവത്തിൻ്റെ കൽപ്പനകളെക്കുറിച്ച് ചിന്തിക്കുക. ആ കാര്യങ്ങൾ അനുസരിക്കുന്നതിലും പങ്കുവെക്കുന്നതിലും നിങ്ങൾ എത്രത്തോളം "വിശ്വസ്തനാണ്"?

---

## വായിക്കുക

**(75 മിനിറ്റ്)**

**3/3 ഗ്രൂപ്പ് മീറ്റിംഗ്**

Zúme പരിശീലനത്തിലേക്ക് വീണ്ടും സ്വാഗതം. ഈ സെഷനിൽ, 3/3 (കുറിപ്പ്: “മൂന്ന്-മൂന്നിൽ” എന്ന ഉച്ചാരണം) ഗ്രൂപ്പ് എങ്ങനെയാണ് യേശുവിന്റെ അനുയായികൾക്ക് പരസ്പരവും യേശുവിനെ കൂടുതൽ അടുത്ത് പിന്തുടരാനും സഹായിക്കുന്ന ഒരു മീറ്റിംഗ് രീതിയാണിത്.

യേശു പറഞ്ഞു -- "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നിടത്ത് ഞാൻ അവരുടെ മധ്യത്തിൽ ഉണ്ട്." അതൊരു ശക്തമായ വാഗ്ദാനമാണ്, യേശുവിന്റെ ഓരോ അനുയായിയും അത് കഴിയുന്നത്ര പ്രയോജനപ്പെടുത്തണം. എന്നാൽ നിങ്ങൾ ഒരു കൂട്ടായ്മയിൽ ആകുമ്പോൾ എങ്ങനെയാണ് നിങ്ങളുടെ സമയം ചെലവഴിക്കേണ്ടത്?

ഒരു 3/3 (ശ്രദ്ധിക്കുക: ഉച്ചാരണം "മൂന്ന്-മൂന്നിൽ") ഗ്രൂപ്പ് എന്നത് അവരുടെ സമയം 3 ഭാഗങ്ങളായി വിഭജിക്കുന്നത് സംബന്ധിച്ചാണ്, യേശു കൽപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട ചില കാര്യങ്ങൾ അനുസരിക്കാൻ ഇതിലൂടെ അവർക്ക് കഴിയും.

ഇത് എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് നോക്കാം:

- **തിരിഞ്ഞു നോക്കുക** (ദൃശ്യം - 1/3) ആദ്യത്തെ മൂന്നിലൊന്ന് ഭാഗത്ത് നമ്മുടെ കൂട്ടായ്മ ആരംഭിച്ചതിനുശേഷമുള്ള കാര്യങ്ങളിലേക്ക് തിരിഞ്ഞു നോക്കുന്നതിന് ചെലവഴിക്കാം.
- **മുകളിലേക്ക് നോക്കുക** (ദൃശ്യം - 2/3) മൂന്നിലൊന്ന് ഭാഗത്തിന്റെ രണ്ടാം ഭാഗം തിരുവെഴുത്തുകൾ, ചർച്ച, പ്രാർത്ഥന എന്നിവയിലൂടെ ദൈവത്തിന്റെ ജ്ഞാനവും മാർഗനിർദേശവും തേടുന്നതിനായി

ചെലവഴിക്കണം.

- **മുന്നോട്ട് നോക്കുക** (ദൃശ്യം - 3/3) ഗ്രൂപ്പിന്റെ അവസാന ഭാഗം നമുക്ക് ഓരോരുത്തർക്കും പഠിച്ച കാര്യങ്ങൾ എങ്ങനെ പ്രയോഗിക്കാനും അനുസരിക്കാനും കഴിയുമെന്ന് മുന്നോട്ട് നോക്കുന്നതിനായി വിനിയോഗിക്കാം.

ഈ സെഷൻ 3/3 ഗ്രൂപ്പിന്റെ ഒരു ചെറിയ പതിപ്പിലൂടെയാണ് നയിക്കപ്പെടുക.യഥാർത്ഥ ജീവിതത്തിലെ പൂർണ്ണ പതിപ്പിനായി നിങ്ങളെ സഹായിക്കും. ഒരു ആത്മീയ ശ്വസനത്തെക്കുറിച്ചുള്ള ഒരു സെഷൻ ഓർക്കുന്നുണ്ടോ? ശ്വസിക്കുക, ദൈവത്തിൽ നിന്ന് കേൾക്കുക. ശ്വസിക്കുക, നിങ്ങൾ കേൾക്കുന്നത് അനുസരിക്കുക, അത് മറ്റുള്ളവരുമായി പങ്കിടുക. 3/3 ഗ്രൂപ്പിന്റെ കാര്യവും സമാനമാണ്. 3/3 ഗ്രൂപ്പാണ് അവരുടെ സമയം 3 ഭാഗങ്ങളായി വിഭജിക്കുന്നത്, അതുവഴി അവർക്ക് ദൈവത്തിൽ നിന്ന് കേൾക്കാനും യേശു കൽപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ചില കാര്യങ്ങൾ അനുസരിക്കാനും പങ്കിടാനും കഴിയും.

ഈ പരിശീലന സെഷൻ ഒരു മണിക്കൂറിൽ കൂടുതൽ നീണ്ടുനിൽക്കണം.അത് വേഗത്തിൽ നീങ്ങുന്നുവെന്ന് ഉറപ്പാക്കുകയും വേണം. നിങ്ങൾക്ക് ഒരു വലിയ ഗ്രൂപ്പോ ആഴത്തിലുള്ള ചർച്ചകൾ ഇഷ്ടപ്പെടുന്ന ഒരു ഗ്രൂപ്പോ ഉണ്ടെങ്കിൽ, സമയ ക്രമീകരണത്തിനായി ഒരു വാച്ച് അല്ലെങ്കിൽ ടൈമർ ഉപയോഗിക്കണം. സംസാരിക്കുന്നവരുടെ സമയം സംബന്ധിച്ച് ഗ്രൂപ്പിലെ ഒരു അംഗം തന്നെ നിർദേശങ്ങൾ നൽകട്ടെ.

യഥാർത്ഥ ജീവിതത്തിൽ, ഈ ഘട്ടങ്ങൾ സാവധാനത്തിലാകും നീങ്ങുക, എന്നാൽ പരിശീലന ഘട്ടത്തിൽ സമയം നഷ്ടപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കുക. അതു പോലെ ഒരു ഘട്ടവും ഒഴിവാക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. കാരണം അവയെല്ലാം പ്രധാനമാണ്!

3/3 ഗ്രൂപ്പ് എന്നത് ഒരു ബൈബിൾ പഠനത്തിന് തുല്യമല്ലെന്ന് ഓർമ്മിക്കുക - അത് പ്രത്യേക ഉദ്ദേശ്യത്തോടെയുള്ളതാണ്! നിങ്ങൾക്ക് പരസ്പരം കണ്ടുമുട്ടാനും ഒരുമിച്ചുള്ള സമയത്തിനും ദൈവം ആസൂത്രണം ചെയ്തിരിക്കുന്ന നന്മകൾ എന്താണെന്ന് വിവേചിക്കാനുള്ള ഒരു പുതിയ മാർഗം പഠിക്കാനുള്ള അവസരമായി ഇതിനെ കാണുക. ആരംഭിക്കാൻ തയ്യാറാണോ? നമുക്ക് തുടങ്ങാം!

**പിന്നിലേക്ക് ഒരു നോട്ടം**

സമയത്തിന്റെ ആദ്യത്തെ മൂന്നിലൊന്ന് ഭാഗം, പരസ്പരം കരുതലോടെ നന്ദി പറഞ്ഞും, പോരാട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ പങ്കുവെച്ചും, ഗ്രൂപ്പിലെ മറ്റ് അംഗങ്ങൾക്കായി പ്രാർത്ഥിക്കുന്നതിനും ശ്രമിക്കുക. ഒരർത്ഥത്തിൽ ഇതു വരെയുള്ള പ്രവർത്തനത്തിലേക്കുള്ള നോട്ടമാണ്. ഗ്രൂപ്പിലെ ഓരോ വ്യക്തിക്കും അനുസരിക്കാനും അവസാനമായി ഒരുമിച്ചിരിക്കുമ്പോൾ പഠിച്ച കാര്യങ്ങൾ പങ്കിടാനും അവസരം ലഭിച്ചുവോയെന്നും പരിശോധിക്കണം.

**ആദ്യ ഘട്ടം - "നന്ദി പറയാം."**

ഓരോ വ്യക്തിയും തങ്ങൾ നന്ദി രേഖപ്പെടുത്തേണ്ടതായുള്ള കാര്യങ്ങൾ പങ്കിടാൻ അൽപ സമയമെടുക്കുക. ഈ വീഡിയോ അൽപ സമയം നിർത്തി ഇപ്പോൾ തന്നെ അത് ചെയ്യുക... നിങ്ങൾ ഇപ്പോഴും സംസാരിക്കുകയാണോ? ശരിക്കും, നിങ്ങൾ പറയുന്നത് നിർത്തുക. ഇനി നിങ്ങളുടെ ഗ്രൂപ്പിലെ ഓരോ വ്യക്തിയും ദൈവത്തിന് നന്ദി പറയുന്ന കാര്യങ്ങൾ പങ്കിടട്ടെ. 2 മിനിറ്റിന് ശേഷം നിങ്ങൾ തിരിച്ചെത്തുമ്പോൾ ഞങ്ങൾ ഇവിടെ ഉണ്ടാകും.

**രണ്ടാമത്തെ ഘട്ടം - "നിങ്ങളുടെ പോരാട്ടങ്ങൾ സംബന്ധിച്ച പങ്കിടൽ", "പരസ്പരം പ്രാർത്ഥിക്കുക."**

ഗ്രൂപ്പിലെ ഓരോ വ്യക്തിയും അവർ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ചുരുക്കമായി പങ്കിടട്ടെ. അവർ നേരിടുന്ന അനുഭവങ്ങൾക്ക് വേണ്ടി മറ്റാരെങ്കിലും പ്രാർത്ഥിക്കട്ടെ. വീഡിയോ താൽക്കാലികമായി നിർത്തുക, തുടർന്ന് പ്രാർത്ഥിക്കുക. (8 മിനിറ്റ്)

**മൂന്നാമത്തെ ഘട്ടം - "ഗ്രൂപ്പിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ."**

നിങ്ങൾ ഓരോ തവണ കണ്ടുമുട്ടുമ്പോഴും, ഇങ്ങനെ കൂടി വരുന്നതിന്റെ കാരണം ഓർമ്മിക്കാൻ ആഗ്രഹിക്കും - ദൈവത്തെ സ്നേഹിക്കുക, മറ്റുള്ളവരെ സ്നേഹിക്കുക, യേശുവിനെ പങ്കിടുക, മറ്റുള്ളവരെ അവനെ പങ്കിടാൻ സഹായിക്കുക. ഗ്രൂപ്പിനെ ദൗത്യത്തിൽ കേന്ദ്രീകരിക്കാൻ നിരവധി മാർഗങ്ങളുണ്ട്. ഈ പരിശീലന സെഷനിൽ ഒരാൾ മത്തായി 22:37-38 വാക്യങ്ങൾ ശബ്ദമുയർത്തി വായിക്കട്ടെ. താൽക്കാലികമായി നിർത്തിവച്ച ശേഷം വായിക്കുക. (2 മിനിറ്റ്)

**നാലാമത്തെ ഘട്ടം - ''ചെക്ക് ഇൻ ചെയ്യുന്നു.''**

പല ഗ്രൂപ്പുകളും ഒഴിവാക്കാൻ ആഗ്രഹിക്കുന്ന ഭാഗമാണിത്. കാരണം ഇവിടെ പലപ്പോഴും മറ്റുള്ളവർക്ക് ബുദ്ധിമുട്ടാകുന്ന ചോദ്യങ്ങൾ ഉയരുന്നതാണ്. ദയവായി ഒഴിവാക്കരുത്.

കഠിനമായ ചോദ്യങ്ങൾ ചോദിക്കാൻ പോലും കഴിയുന്ന വിധത്തിൽ യേശു തന്റെ അനുയായികളെ സ്നേഹിച്ചു. യേശുവിനെപ്പോലെ ആകാൻ നമ്മൾ ആഗ്രഹിക്കുന്നുവെങ്കിൽ, അങ്ങനെ ചെയ്യാൻ തക്കവണ്ണം നമ്മളും പരസ്പരം സ്നേഹിക്കണം. ഈ ഘട്ടത്തിൽ, ഗ്രൂപ്പിലെ ഓരോ വ്യക്തിയും തങ്ങൾ ദൈവത്തിൽ നിന്ന് കേട്ടത് അനുസരിച്ചോ എന്ന് വെളിപ്പെടുത്താം.

നിങ്ങൾ അവസാനമായി ഒരുമിച്ചുണ്ടായിരുന്നതുപോലെ ചെയ്യാൻ ദൈവം അവരോട് ആവശ്യപ്പെടുന്നു. ഓരോ സൂമെ സെഷനിലും മുന്നോട്ട് നോക്കൽ എന്ന ഘട്ടത്തിലൂടെ ഞങ്ങൾ ഈ പ്രതിബദ്ധതകളെ മാതൃകയാക്കുന്നു. അനുസരിക്കാനും പങ്കിടാനും പ്രാർത്ഥിക്കാനും നിങ്ങളോട് ആവശ്യപ്പെടുന്നതാണിത്. പിന്നിലേക്ക് നോക്കാനുള്ള ഭാഗത്തും ഇതേ ഉത്തരവാദിത്തം ഞങ്ങൾ നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നു.

പരിശീലനത്തിലെ ഈ ഘട്ടങ്ങളിൽ ഇതുവരെ നിങ്ങൾ കൂടുതൽ സമയം ചെലവഴിച്ചിട്ടില്ലേ? എങ്കിൽ, ഇത് ആരംഭിക്കാനുള്ള മികച്ച സമയമാണിത്.

ദൈവം നമ്മോട് പറയുന്നത് അനുസരിക്കുക എന്നതാണ് ദൈവത്തെ സ്നേഹിക്കുന്നതിന്റെ ഒരു ഭാഗം. പരസ്പരം സ്നേഹിക്കുക എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ദൈവത്തിൽ നിന്ന് കേൾക്കുന്നത് അനുസരിക്കാൻ ഒരാളെ സഹായിക്കുക എന്നതാണ്. സ്നേഹം എന്നാൽ ഒരാളുടെ പ്രതിബദ്ധതകളെ ഗൗരവമായി സമീപിക്കുക - ഒപ്പം അവരോട് എല്ലായ്പ്പോഴും ദയയോടെ സ്നേഹം കാണിക്കുക എന്നതുമാണ്.

പ്രവർത്തനം തത്കാലം നിർത്തി ഓരോരുത്തരും താഴെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

- ഇത് വരെ പഠിച്ചത് താങ്കൾ എങ്ങനെയാണ് അനുസരിക്കുന്നത്.
- താങ്കൾ പഠിച്ചത് പ്രകാരം ആർക്കാണ് പരിശീലനം നൽകിയത്?
- നമ്മുടെ കഴിഞ്ഞ കൂട്ടായ്മകൾക്ക് ശേഷം താങ്കളുടെയോ അല്ലെങ്കിൽ ദൈവത്തെ കുറിച്ചോ നിങ്ങൾ ആരോടാണ് സംസാരിച്ചത്?

(12 മിനിട്ടുകൾ)

3/3 ഗ്രൂപ്പിൽ പിന്നോട്ടുള്ള നോട്ടം എന്ന വിഭാഗത്തിന്റെ അവസാന ഘട്ടത്തിൽ നാമെത്തി. കുറേക്കൂടി മെച്ചപ്പെട്ട നിലയിൽ ഈ സെഷനുകൾ മുന്നോട്ട് കൊണ്ടുപോകാൻ ചില കാര്യങ്ങൾ ഇവിടെ നൽകാം:

**സുമെ പരിശീലന സൂചകങ്ങൾ**

പലപ്പോഴും ചില ഗ്രൂപ്പുകളിൽ, കൂടുതൽ സമയവും സംസാരിക്കുന്നത് ഒരാൾ തന്നെയായിരിക്കും. ഇങ്ങനെ അനുവദിക്കാൻ പാടില്ല. കാരണം ഗ്രൂപ്പിലെ എല്ലാവർക്കും തുല്യ പ്രാധാന്യമുണ്ട്. അതിനാൽ അനുഭവം പങ്കുവെക്കാനുള്ള അവസരം എല്ലാവർക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. മറ്റുള്ളവർക്ക് സംസാരിക്കാൻ അവസരം ലഭിക്കുന്നില്ലെങ്കിൽ, ഏറ്റവും കൂടുതൽ സംസാരിക്കുന്ന വ്യക്തിയോട് പറയുക. ഓരോരുത്തരെയും കേൾക്കണമെന്ന് സൌമ്യമായി ഓർമ്മിപ്പിക്കുക.

**മുകളിലേക്കു നോക്കാം**

നമ്മുടെ കൂട്ടായ്മയുടെ മൂന്നാമത്തെ ഭാഗത്ത്, ദൈവവചനം നന്നായി മനസ്സിലാക്കുന്നതിനും ഗ്രൂപ്പിനെ നയിക്കുന്നതിനും ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നമ്മൾ ക്ഷണിക്കണം. ബൈബിളിൽ നിന്നുള്ള ഒരു ഭാഗം ഉറക്കെ വായിക്കുക. തുടർന്ന് ദൈവത്തിന്റെ ഉദ്ദേശ്യങ്ങളും പദ്ധതികളും നന്നായി പഠിക്കാനും മനസ്സിലാക്കാനും സഹായിക്കുന്നതിന് ഒരു ഗ്രൂപ്പായി ചില ലളിതമായ ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരം നൽകുകയും ചെയ്യുക.

**ആദ്യ ഘട്ടം - നയിക്കാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ക്ഷണിക്കുക**

ഒരു നിമിഷം പ്രാർത്ഥിക്കാൻ എടുക്കുക. ദൈവത്തോട് ലളിതമായും ചുരുക്കമായും സംസാരിക്കുക. നിങ്ങൾ വായിക്കാൻ പോകുന്ന ഭാഗത്ത് നിന്ന് നിങ്ങളെ പഠിപ്പിക്കാൻ പരിശുദ്ധാത്മാവിനോട് ആവശ്യപ്പെടുക. താൽക്കാലികമായി നിർത്തി പ്രാർത്ഥിക്കുക. (2 മിനിറ്റ്)

**രണ്ടാമത്തെ ഘട്ടം - ദൈവവചനം വായിച്ച് ചോദ്യങ്ങൾ ചോദിക്കുക**

ഗ്രൂപ്പിലെ ഒരാൾ ബൈബിളിൽ നിന്ന് വായിക്കട്ടെ. ഈ പരിശീലന സെഷനിലേക്ക് നിശ്ചയിക്കപ്പെട്ട വേദഭാഗം ലൂക്കോസ് 18:9-14. വായിച്ചു കഴിഞ്ഞാൽ, ഗ്രൂപ്പ് അടുത്ത രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം നൽകണം:

- ഈ ഭാഗത്ത് എന്താണ് നിങ്ങൾക്ക് ഇഷ്ടപ്പെട്ടത്?
- നിങ്ങൾക്ക് വെല്ലുവിളി നിറഞ്ഞതായോ അല്ലെങ്കിൽ മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതോ ആയി തോന്നിയ ഭാഗം ഏതാണ്?

നന്നായി വായിക്കാൻ കഴിയാത്തവരോ അല്ലെങ്കിൽ പറയുന്നത് കേട്ട് പഠിക്കാൻ ഇഷ്ടപ്പെടുന്നവരോ ആയ പഠിതാക്കൾ നിങ്ങളുടെ ഗ്രൂപ്പിൽ ഉണ്ടെങ്കിൽ, കുറഞ്ഞത് രണ്ടുതവണയെങ്കിലും ഭാഗം വായിച്ചുവെന്ന് ഉറപ്പാക്കുക.

താൽക്കാലികമായി നിർത്തുക, തുടർന്ന് ചോദ്യങ്ങൾ വായിച്ച് ഉത്തരം നൽകുക. (10 മിനിറ്റ്)

ഇനി മറ്റാരെങ്കിലും ഇതേ ഭാഗം രണ്ടാമതും വായിക്കണം, തുടർന്ന് പങ്കെടുക്കുന്നവർ അടുത്ത രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം നൽകണം:

- ആളുകളെക്കുറിച്ച് ഈ ഭാഗത്ത് നിന്ന്നമുക്ക് എന്തു പഠിക്കാം?
- ദൈവത്തെക്കുറിച്ച് ഈ ഭാഗത്ത് നിന്ന് നമുക്ക് എന്തു പഠിക്കാം?

വായിച്ച വേദഭാഗത്ത് നിന്ന് തന്നെ പഠിക്കാനും ലളിതമായി അവതരിപ്പിക്കാനും ശ്രമിക്കുക! (10 മിനിറ്റ്)

3/3 ഗ്രൂപ്പിന്റെ മുകളിലേക്ക് നോക്കാം വിഭാഗം ഇവിടെ അവസാനിക്കുകയാണ്. കുറച്ചു കൂടി നന്നായി മുന്നോട്ട് പോകാനുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് നോക്കാം:

### ZÚME പരിശീലന നുറുങ്ങ്

ദൈവവചന പഠിനത്തിൽ, മറ്റ് പുസ്തകങ്ങൾ, അധ്യാപകർ അല്ലെങ്കിൽ ആരുടെയെങ്കിലും അഭിപ്രായങ്ങൾക്ക് പ്രാധാന്യം നൽകരുത്. പകരം അവന്റെ വചനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക. "ഈ വാക്യങ്ങളുടെ അർത്ഥമെന്താണെന്ന് നിങ്ങൾ കരുതുന്നു എന്നല്ല മറിച്ച്, "ഈ ഭാഗത്ത് എന്താണ് പറയുന്നത് എന്ന് ചോദിക്കുക. നിങ്ങളുടെ ഗ്രൂപ്പിലെ ആരെങ്കിലും പഠിപ്പിക്കാൻ താത്പര്യപ്പെടുന്നെങ്കിൽ, ദൈവത്തിന്റെ പരിശുദ്ധാത്മാവിനും പൂർണമായ വചനത്തിനും ഗ്രൂപ്പിനെ പഠിപ്പിക്കാൻ കഴിയുമെന്ന് അവരെ സൌമ്യമായി ഓർമ്മിപ്പിക്കുക. നാമെല്ലാവരും ഒരുമിച്ച് പഠിക്കാൻ ഇവിടെയുണ്ട്. ചർച്ചയിൽ നിശബ്ദതയെയോ താൽക്കാലിക വിരാമത്തെയോ ഭയപ്പെടരുത്. കാരണം നിശബ്ദമായിരിക്കുമ്പോഴും ദൈവം പ്രവർത്തിക്കാറുണ്ട്. അവന്റെ വചനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, വായിച്ച വേദഭാഗത്തിൽ ഉറച്ചുനിൽക്കുക, ബാക്കിയുള്ളത് ദൈവം ചെയ്യുമെന്ന് വിശ്വസിക്കുക.

**മുന്നോട്ട് നോക്കാം**

3/3 ഗ്രൂപ്പിന്റെ അവസാന ഘട്ടത്തിൽ ദൈവവചനത്തിൽ നിന്ന് പഠിച്ചവ ഉപയോഗിച്ച് മറ്റുള്ളവരെ എങ്ങനെ അനുസരിക്കാനും പരിശീലിപ്പിക്കാനും കഴിയുമെന്ന് ശ്രദ്ധ കേന്ദ്രീകരിക്കുക. ഗ്രൂപ്പിലെ ഓരോ അംഗവും ദൈവത്തോട് കുറച്ച് ലളിതമായ ചോദ്യങ്ങൾ ചോദിക്കുകയും തുടർന്ന് പ്രാർത്ഥനയിൽ ഉത്തരത്തിനായി കാത്തിരിക്കുകയും ചെയ്യണം. തുടർന്ന് നമ്മൾ നമ്മുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയെന്ന് പങ്കുവെക്കുകയും പരിശീലിക്കുകയും ചെയ്യണം. തുടർന്ന് എല്ലാവരും ചേർന്ന് പ്രാർത്ഥനകളോടെ പരിശീലനം അവസാനിപ്പിക്കണം.

**ഘട്ടം 1 - ദൈവത്തിന്റെ ഉദ്ദേശ്യം എന്താണെന്ന് അറിയാൻ പ്രാർത്ഥിക്കുന്നു**

ഗ്രൂപ്പിലെ ഓരോ വ്യക്തിയും നിശബ്ദമായി പ്രാർത്ഥിക്കുകയും ദൈവത്തോട് ഇനി പറയുന്ന ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്യുക:

- ദൈവമേ, നീ എന്നെ പഠിപ്പിക്കുന്നത് എനിക്ക് എങ്ങനെ അനുസരിക്കാനും പ്രാവർത്തി കമാക്കാനും കഴിയും?
- ഈ ഭാഗത്ത് നിന്ന് എനിക്ക് ആരെയാണ് പരിശീലിപ്പിക്കാൻ കഴിയുക, അങ്ങനെ അവർക്ക് നിന്നെ കൂടുതൽ അനുസരിക്കാനും സ്നേഹിക്കാനുമായി പഠിപ്പിക്കാൻ കഴിയും?

- എന്റെ സാക്ഷ്യം അല്ലെങ്കിൽ യേശു ക്രിസ്തുവിനെ കുറിച്ചുള്ള സുവിശേഷം ഞാൻ ആരോടാണ് പങ്ക് വെയ്ക്കേണ്ടത്?

അൽപ നിമിഷം നിർത്തിയ ശേഷം പ്രാർത്ഥിക്കുക (5 മിനിറ്റ്)

ഇപ്പോൾ മുതൽ ഈ ഗ്രൂപ്പ് അടുത്ത തവണ കണ്ടുമുട്ടുന്നതുവരെയുള്ള സമയത്തിനുള്ളിൽ നിങ്ങൾക്ക് സ്വീകരിക്കാൻ കഴിയുന്ന നിർദ്ദിഷ്ട ഉത്തരങ്ങൾ, നിർദ്ദിഷ്ട പേരുകൾ, നിർദ്ദിഷ്ട നടപടികൾ എന്നിവ നൽകാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുക.

**ഘട്ടം 2 - ചുമതലകൾ ഏറ്റെടുക്കൽ**

ഓരോ ചോദ്യത്തിനും കർത്താവിൽ നിന്ന് ലഭിച്ച ഉത്തരം എന്താണെന്ന് വെളിപ്പെടുത്താൻ ഗ്രൂപ്പിലെ ഓരോ വ്യക്തിയോടും ആവശ്യപ്പെടുക. ചിലപ്പോൾ ഒരാൾക്ക് ഒന്നോ രണ്ടോ അല്ലെങ്കിൽ മൂന്ന് ചോദ്യങ്ങൾക്കും കർത്താവിൽ നിന്ന് ഉത്തരം ലഭിച്ചിട്ടില്ലായിരിക്കാം. അവർ കേട്ടില്ലെന്ന് അവരെ കുറിച്ച് രേഖപ്പെടുത്തിയാൽ മതിയാകും.

ഓർക്കുക, എന്നാൽ നിങ്ങൾ പങ്കെടുക്കുന്ന ഗ്രൂപ്പ് കർത്താവിൽ നിന്ന് നിർബന്ധമായും കേൾക്കണം. -"എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു." എന്ന് യേശു പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ അനുസരണം എത്ര, നമ്മൾ വീണ്ടും കണ്ടുമുട്ടുന്നതിനുമുമ്പ് അവയെ അനുസരിക്കുന്നത് എളുപ്പമായിരിക്കും.

താൽക്കാലികമായി നിർത്തുക, തുടർന്ന് നിങ്ങൾ കേട്ടത് പങ്കിടുക. (10 മിനിറ്റ്)

**ഘട്ടം 3 - നിങ്ങളുടെ പദ്ധതി പരിശീലിക്കുക**

ഗ്രൂപ്പിന്റെ കൂടിവരവ് സമയം അവസാനിപ്പിക്കുന്നതിന് മുമ്പ്, നിങ്ങളുടെ 3/3 ഗ്രൂപ്പിനെ വീണ്ടും രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറിയ ഗ്രൂപ്പുകളായി വിഭജിക്കുക. കർത്താവ് നിങ്ങളോട് ആവശ്യപ്പെട്ട കാര്യങ്ങൾ പരിശീലിക്കുക.

ഓർക്കുക - പരിശീലനം എന്നാൽ അനുസരിക്കുകയോ പരിശീലിപ്പിക്കുകയോ പങ്കിടുകയോ ചെയ്യുന്നതല്ല, മറിച്ച് ആ കാര്യങ്ങൾ മികച്ച രീതിയിൽ ചെയ്യാൻ നിങ്ങളെ സ്വയം സജ്ജമാക്കുകയാണ്. ഓരോ ചെറിയ ഗ്രൂപ്പും ഒരുമിച്ച് പ്രാർത്ഥനയിൽ പരിശീലന സമയം അവസാനിപ്പിക്കട്ടെ. ദൈവം നിങ്ങളുടെ ഹൃദയത്തിൽ കൊണ്ടു വരുന്ന വ്യക്തികൾക്കും പദ്ധതികൾക്കുമായി പ്രത്യേകം പ്രാർത്ഥിക്കുക.

ഗ്രൂപ്പിൽ വായിക്കാൻ കഴിയാതെ എന്നാൽ കേൾവിയിലൂടെ പഠിക്കുന്നവർ ഉണ്ടെങ്കിൽ, അവർക്ക് വേണ്ടി നിങ്ങൾ മുമ്പ് വായിച്ച ദൈവവചനത്തിലെ ഭാഗം വീണ്ടും വായിക്കുക. അടുത്ത മീറ്റിംഗിന് മുൻപ് കണ്ടുമുട്ടുന്നവരുമായി പങ്കിടാൻ മുഴുവൻ ഗ്രൂപ്പിനെയും ഇത് സഹായിക്കും.

താൽക്കാലികമായി പരിശീലനം നിർത്തുക. ഇനി ഗ്രൂപ്പുകളായി പിരിഞ്ഞ് പരിശീലിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. പ്രത്യേക ഉത്തരവാദിത്തങ്ങൾ ഇല്ലാത്ത ആരും തങ്ങളുടെ സാക്ഷ്യ കഥയോ ദൈവത്തിന്റെ കഥയോ പങ്കിടുന്നത് പരിശീലിക്കണം. (10 മിനിറ്റ്)

**നമ്മുടെ സമയം ഒരുമിച്ച് പൂർത്തിയാക്കുന്നു**

നിങ്ങളുടെ ഗ്രൂപ്പിനെ വീണ്ടും ഒരുമിപ്പിച്ച് കൊണ്ടുവരാൻ കഴിഞ്ഞതിൽ, ആഹ്ലാദിക്കാൻ അൽപ സമയം മാറ്റിവെക്കാം. മുന്നോട്ട് നോക്കുന്ന വിഭാഗം നിങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു. ഇപ്പോൾ മുഴുവൻ 3/3 ഗ്രൂപ്പ് ഫോർമാറ്റും പരിശീലിച്ചു.

ഇനി വരുന്ന സെഷനുകളിൽ ഈ വീഡിയോ ഗൈഡ് ഇല്ലാതെ തന്നെ നിങ്ങളുടെ ഗ്രൂപ്പിന് പരിശീലനം തുടരാൻ കഴിയും. ഗ്രൂപ്പിനെ നയിക്കാൻ മറ്റുള്ളവരെയും അനുവദിക്കുന്നുവെന്ന് ഉറപ്പാക്കുക. നിങ്ങൾ ഒരു കഴിവുള്ള അധ്യാപകനാകേണ്ടതില്ല, ഈ ലളിതമായ ഘട്ടങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കിയാൽ മതി. പോകുന്നതിനുമുമ്പ്, നിങ്ങളുടെ സെഷനുകൾ കൂടുതൽ മികച്ചതാക്കാൻ സഹായിക്കുന്ന ഒരു നിർദ്ദേശം കൂടി ഇതാ:

### ZÚME പരിശീലന നുറുങ്ങ്

ലോകമെമ്പാടും, 3/3 ഗ്രൂപ്പുകൾ പലപ്പോഴും കർത്താവിന്റെ അത്താഴം അല്ലെങ്കിൽ ഒരുമിച്ച് ഭക്ഷണം എന്നിവ പങ്കിടാറുണ്ട്. അംഗങ്ങൾ തമ്മിൽ കൂടുതൽ നേരം സംസാരിച്ച് കൂടുതൽ ബന്ധം ശക്തമാക്കാനാണ്. ദൈവം ഞങ്ങൾക്ക് ഇത്തരത്തിലുള്ള കൂട്ടായ്മ നൽകി -- ആത്മാർഥമായ പഠനവും വളർച്ചയും, ആത്മാർഥമായ ജീവിതവും ബന്ധവും -- നമ്മെ ശക്തിപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും അവന്റെ പുത്രനായ യേശുവിനെപ്പോലെയാകാനും നമ്മെ സഹായിക്കുന്നതിന് നൽകിയതാണ്.

നിങ്ങൾ പൂർത്തിയാക്കി -- നിങ്ങളുടെ ഗ്രൂപ്പ് ഇപ്പോൾ മൂന്ന് ഭാഗങ്ങളും പരിശീലിച്ചിരിക്കുന്നു. ഒരിക്കൽ കൂടി അത് നമുക്കൊന്ന് ആവർത്തിക്കാം -- നമ്മൾ കഴിഞ്ഞ തവണ കണ്ടുമുട്ടിയതിനുശേഷം നമ്മൾ എന്താണ് നേടിയതെന്ന് പരിശോധിക്കാൻ തിരിഞ്ഞുനോക്കൽ, ഈ സമയത്ത് ഒരുമിച്ച് ദൈവം നമുക്ക് എന്താണ് പഠിക്കേണ്ടതെന്ന് മനസ്സിലാക്കാൻ മുകളിലേക്ക് നോക്കൽ, നമ്മൾ വേർപിരിയുമ്പോൾ ദൈവം നമ്മുടെ ഹൃദയങ്ങളിൽ വെച്ചത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ മുന്നോട്ട് നോക്കൽ.

3/3 ഗ്രൂപ്പുകൾ - യേശുവിനെപ്പോലെയാകാൻ നമ്മെ സഹായിക്കുന്ന ലളിതവും പ്രായോഗികവുമായ കണ്ടുമുട്ടൽ മാർഗം.

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- 3/3 ഗ്രൂപ്പും ബൈബിൾ അധ്യയനവും അല്ലെങ്കിൽ ചെറിയ ഗ്രൂപ്പും തമ്മിൽ നിങ്ങൾ മുമ്പ് പങ്കെടുത്ത (അല്ലെങ്കിൽ കേട്ടിട്ടുള്ള) എന്തെങ്കിലും വ്യത്യാസങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ, ആ വ്യത്യാസങ്ങൾ ഗ്രൂപ്പിനെ എങ്ങനെ ബാധിക്കും?
- 3/3 ഗ്രൂപ്പിനെ ഒരു ലളിതമായ സഭയായി കണക്കാക്കാമോ? എന്തുകൊണ്ട് അല്ലെങ്കിൽ എന്തുകൊണ്ട് സാധിക്കില്ല?

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ കേട്ട ആശയങ്ങൾ:**

- വിജ്ഞാനത്തേക്കാൾ വിശ്വസ്തത ഉത്തമമാണ്

**ഈ സെഷനിൽ കേട്ട ഉപകരണങ്ങൾ:**

- 3/3 ഗ്രൂപ്പ് മീറ്റിംഗ്

**അടുത്ത പടി**

## അനുസരിക്കുക

നിങ്ങളുടെ 3/3 ഗ്രൂപ്പ് പരിശീലനത്തിനിടെ നിങ്ങൾ ചെയ്ത പ്രതിബദ്ധതകളെ അടിസ്ഥാനമാക്കി അനുസരിക്കാനും പരിശീലനം നൽകാനും പങ്കിടാനും ഈ ആഴ്ച സമയം ചെലവഴിക്കുക.

## ഷെയർ ചെയ്യുക

നിങ്ങളുടെ ഗ്രൂപ്പ് വീണ്ടും കണ്ടുമുട്ടുന്നതിന് മുമ്പ് 3/3 ഗ്രൂപ്പ് ഫോർമാറ്റ് ആരുമായി പങ്കിടണമെന്ന് ദൈവത്തോട് പ്രാർത്ഥിക്കുകയും ചോദിക്കുകയും ചെയ്യുക. നിങ്ങൾ പോകുന്നതിന് മുമ്പ് ഈ വ്യക്തിയുടെ പേര് ഗ്രൂപ്പുമായി പങ്കിടുക.

# ZÚME

## സെഷൻ 7

### ചെക്ക് - ഇൻ ചെയ്യുക

**(1 മിനിറ്റ്)**

എല്ലാ പങ്കാളികളും സഹായികളും ചെക്ക്-ഇൻ ചെയ്യുക.

അല്ലെങ്കിൽ zume.training/checkin ചെയ്ത് കോഡ് ഉപയോഗിക്കുക: **4322**

### പ്രാർത്ഥിക്കുക

**(5 മിനിറ്റ്)**

യേശുവിനെ വിശ്വസ്തതയോടെ അനുഗമിക്കാനുള്ള ഗ്രൂപ്പിൻ്റെ പ്രതിബദ്ധതയ്ക്കായി പ്രാർത്ഥിക്കുകയും ദൈവത്തോട് നന്ദി പറയുകയും നിങ്ങളുടെ സമയം ഒരുമിച്ച് നയിക്കാൻ ദൈവത്തിൻ്റെ പരിശുദ്ധാത്മാവിനെ ക്ഷണിക്കുകയും ചെയ്യുക.

## തിരിഞ്ഞു നോക്കുക

**(5 മിനിറ്റ്)**

ആരംഭിക്കുന്നതിന് മുമ്പ്, തിരിഞ്ഞു നോക്കാൻ കുറച്ച് സമയമെടുക്കുക.

അവസാന സെഷൻ്റെ അവസാനം, നിങ്ങൾ പഠിച്ച കാര്യങ്ങൾ പരിശീലിക്കാൻ നിങ്ങളുടെ ഗ്രൂപ്പിലെ എല്ലാവരോടും നിർദ്ദേശിക്കുക. ഇതൊരു വെല്ലുവിളിയായും നടത്താം.

ഈ ആഴ്ച നിങ്ങളുടെ ഗ്രൂപ്പ് എങ്ങനെ ചെയ്തുവെന്ന് കാണാൻ കുറച്ച് നിമിഷങ്ങൾ എടുക്കുക.

---

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ, ഞങ്ങൾ ഈ ആശയം കേൾക്കുകയും ചർച്ച ചെയ്യുകയും ചെയ്യും:**

- പരിശീലന സൈക്കിൾ

**ഞങ്ങളുടെ ടൂൾകിറ്റിലേക്ക് ഞങ്ങൾ ഈ ഉപകരണം ചേർക്കും:**

- 3/3 ഗ്രൂപ്പ് മീറ്റിംഗ്

---

## വായിക്കുക

**(5 മിനിറ്റ്)**

**പരിശീലന സൈക്കിൾ**

ശിഷ്യരോ ഒരാളിൽ നിന്ന് പലരിലേയ്ക്ക് കൈമാറി ദൗത്യം പ്രസ്ഥാനമാക്കാൻ സഹായിച്ച പരിശീലന വലയത്തെ പ്പറ്റി ഇന്ന് നമുക്ക് നോക്കാം.

നിങ്ങൾ എപ്പോഴെങ്കിലും സൈക്കിൾ ഓടിക്കാൻ പരിശീലിച്ചിട്ടോ. അല്ലെങ്കിൽ ആരെയെങ്കിലും പഠിപ്പിച്ചിട്ടുണ്ടോ? അങ്ങനെയെങ്കിൽ നിങ്ങൾക്കും പരിശീലന വലയത്തെപ്പറ്റി അറിയാൻ സാധ്യതയുണ്ട്.

എളുപ്പമാണത്.മാതൃക സഹായം വീക്ഷണം സ്വാതന്ത്ര്യമാക്കൽ. ഒന്നോർത്തു നോക്കൂ നിങ്ങൾ സൈക്കിൾ പഠിച്ചതിനു മുമ്പുള്ള കാലം ആരോ ഒരാൾ സൈക്കിൾ ഓടിക്കുന്നത് നിങ്ങൾ കണ്ടിരിക്കും.

അതാണ് മാതൃകയാക്കേണ്ടത്.

**മാതൃകാ** സഹായം വീക്ഷണം സ്വാതന്ത്ര്യമാക്കൽ

മാതൃക എന്നത് എങ്ങനെ ചെയ്യുന്നു എന്ന് ഒരാളെ കാണിക്കുക എന്നതാണ്. ഒരു കുട്ടി ആദ്യമായി സൈക്കിൾ ഓടിക്കുന്നത് കാണുമ്പോൾ അവന് ആശയം മനസ്സിലേറിയിട്ടുണ്ടാവും. മാതൃക എന്നത് അടിക്കടി ചെയ്യേണ്ട ഒരു കാര്യമല്ല.  സാധാരണയായി അത് ഒരുതവണ ചെയ്താൽ മതി.

സൈക്കിൾ ഓടിക്കുന്നത് ആദ്യം കണ്ടതിനെപ്പറ്റി ഓർക്കുക. കണ്ടാൽ മാത്രം മതിയായിരുന്നോ നിങ്ങൾക്ക് അതിൽ കയറാനും അത് ഓടിക്കാനും  ആഗ്രഹം തോന്നിയില്ലേ. ആരും നിങ്ങൾക്ക് ഒരവസരം തന്നില്ലങ്കിലോ.

ഒരുപാടു മാതൃക നല്കുന്നത് പരിശീലന പ്രക്രീയയെ മുറിപ്പെടുത്തും.  മാതൃക എന്നത് ഒരാളെ ഒന്ന് കാണിച്ച് അങ്ങനെ ചെയ്യാൻ പരിശ്രമിപ്പിക്കുന്നതാണ്. ഇനി ആദ്യമായി സൈക്കിൾ ഓടിച്ചപ്പോൾ എന്തുപറ്റി അവർ നിങ്ങളുടെ കൈയ്യിൽ സൈക്കിൾ ഏൽപ്പിച്ചിട്ട് തിരിച്ചു പോയോ ഒരിക്കലുമില്ല.

സൈക്കിൾ പഠിപ്പിക്കുമ്പോൾ ഒരാൾ നിന്ന് പെഡൽ ചവിട്ടാൻ പറഞ്ഞു തരും ഓടിക്കുമ്പോൾ കൂടെ നടന്ന് നിങ്ങളെ ശരിയായ ദിശയിൽ ആക്കിക്കൊണ്ടിരിക്കും.

ഇതാണ് സഹായം.

മാതൃകാ **സഹായം** വീക്ഷണം സ്വാതന്ത്ര്യമാക്കൽ.

സഹായം എന്നത് ഒരാളെ പരിശീലിപ്പിച്ച വളർത്തുകയും പക്ഷെ വലിയ വീഴ്ചകളുണ്ടാകാതെ നോക്കുകയുംആണ്. മാതൃകയേക്കാൾ കൂടുതൽ സമയം വേണം സഹായത്തിന് പക്ഷെ ഒരുപാടുണ്ട്. അത്കുറച്ച് കൈ സഹായം കുറച്ച് നിർദ്ദേശങ്ങൾ കുറച്ച് അദ്ധ്വാനം ഇവയുടെ അടിസ്ഥാനത്തിലായിരിക്കും. അത് ഒരാളെ പൂർണ്ണനാക്കുക എന്നല്ല. പെഡൽ ചവിട്ടാൻ പഠിക്കുന്നതിന് സമാനമാണ്.

നിങ്ങൾ നന്നായി പെഡൽചവിട്ടാനും സ്പീഡിൽ ഓടിക്കാനും തുടങ്ങിയതിനു ശേഷം ഒരാൾ നിങ്ങളോടു കൂടെ ഓടുന്നത് ഓർത്തുനോക്കൂ. അത് നിലനിൽക്കില്ല. ബാലൻസ് ചെയ്യാൻ നിങ്ങൾ പഠിക്കുകയുമില്ല.

സഹായം എന്നത് ഒരാളെ അവരുടേതായ രീതിയിൽ ഓടിക്കാൻ സമ്മതിക്കലാണ്. അങ്ങനെ ഒരാൾ നീങ്ങാൻ തുടങ്ങി കഴിയുമ്പോൾ തന്നെ അവർ മറ്റൊരാൾക്ക് മാതൃകയാവുന്നു. ഇനി സൈക്കിളിൽ നിങ്ങളുടെ കൈ സഹായത്തിനില്ലെങ്കിലും നിങ്ങൾ തനിയെ അല്ല മിക്കപ്പോഴും ദൂരെ നിന്ന് ഒരാൾ നിങ്ങളെ വീക്ഷിക്കുന്നുണ്ടാവും.

അതാണ് വീക്ഷണം.

മാതൃകാ സഹായം **വീക്ഷണം** സ്വാതന്ത്ര്യമാക്കൽ

വീക്ഷണം ഒരു പരിലീലകനെ തൻറെ കഴിവ് ഉത്തമമാക്കുവാൻ സഹായിക്കുന്നു. നമ്മുടെ ആവശ്യമില്ലാതെതന്നെ അത് പ്രയോഗിക്കുവാൻ അവനെ പ്രാപ്തനാക്കുന്നു. സൈക്കിൾ ഓടിക്കുമ്പോൾ ഒരാൾ അതിൽ കയറി വേഗത്തിൽ ഓടിച്ചു പോയേക്കാം എന്നാൽ അവർക്ക് റോഡിലെ നിയമങ്ങളെല്ലാം അറിയണമെന്നില്ല. വീക്ഷണം എന്നത് ഒരുവൻ കൂടെ ആരുമില്ലെങ്കിലും സുരക്ഷിതമായി പോകുന്നു എന്ന് ഉറപ്പു വരുത്തുകയാണ്. ഒരുവന് എന്താണ്ചെയ്യേണ്ടതെന്ന് ഉറപ്പുവരുത്തുക മാത്രമല്ല വീക്ഷണം ചെയ്യുന്നത് ആരും നോക്കാനില്ലെങ്കിലും അവൻ ചെയ്യുമെന്ന ഉറപ്പാക്കലും കൂടിയാണ്.

പരിശീലന വലയത്തിൻറെ ഈ ഘട്ടത്തിൽ പഠിക്കുന്നവൻ വളർന്ന് എങ്ങനെ വളരാം എന്ന് മറ്റുള്ളവരെ പഠിപ്പിക്കും. ആ മറ്റുള്ളവർ കൂടുതൽ ആളുകളെ വളരാൻ പഠിപ്പിക്കും. ശിഷ്യർ വീണ്ടും ശിഷ്യരെ ഉണ്ടാക്കുന്നു. ആ ശിഷ്യർ വീണ്ടും ശിക്ഷ്യരെ ഉണ്ടാക്കുന്നു.അവർക്ക് വീണ്ടും ശിഷ്യരുണ്ടാകുന്നു അങ്ങനെ മൂന്നും നാലുംതലമുറകളുണ്ടാകുന്നു.

വീക്ഷണം എന്നാൽ പഠിക്കുന്നവൻ പക്വതപ്പെട്ടു എന്നും അവൻ സ്വയം മാത്രമല്ല മറ്റുള്ളവരെയും സഹായിക്കാൻ പ്രാപ്തനെന്നും ഉറപ്പാക്കുന്നു. ഇതിനു കുറെ സമയം എടുക്കും ഇത് ഏകദേശം മാതൃകയ്ക്കുംസഹായത്തിനും കൂടെ കൊടുത്തതിൻറെ പത്തു മടങ്ങു വരും ഇതിലും കൂടാം എന്നാൽ അതിന് അതിൻറെതായ വിലയുണ്ട്. പതുക്കെ പതുക്കെ യാത്രക്കാരൻ സൈക്കിൾ ഓടിച്ചു തുടങ്ങുന്നു.

ഇതാണ് സ്വാതന്ത്ര്യമാക്കൽ എന്നത്.

മാതൃക സഹായം വീക്ഷണം **സ്വാതന്ത്ര്യമാക്കൽ.**

സ്വാതന്ത്ര്യമാക്കൽ ഒരു ബിരുദധാരണം പോലെയാണ്. ഒരുവിദ്യാർത്ഥി ടീച്ചറാകുന്നു. ഒരു പ്രവർത്തകൻ സഹപ്രവർത്തകനാകുന്നു. ഒരു ശിഷ്യൻ സുഹൃത്താകുന്നു. സൈക്കിൾ ഓട്ടത്തിൽ നിങ്ങളെ ഓടിക്കാൻ പഠിപ്പിച്ച വ്യക്തി നിങ്ങൾ പോകുന്നടത്തെല്ലാം വരണമെന്നില്ല. ചിലപ്പോൾ അദ്ദേഹം നിങ്ങളുടെ കൂടെ തന്നെ വന്നേക്കാം ചിലപ്പോൾ നിങ്ങൾക്ക് മറ്റുള്ളവരുടെകൂടെ പോകേണ്ടി വന്നേക്കാം.

അല്ലെങ്കിൽ ഒറ്റക്ക് സ്വതന്ത്രമാക്കൽ എന്നാൽ സ്നേഹിക്കുന്നവർക്ക് കൊടുക്കുന്ന സമ്മാനം എന്നാണ്. സ്വാതന്ത്ര്യം സമ്മാനം സ്വാതന്ത്ര്യമാക്കൽ എന്നാൽ ഒരാളെ നിങ്ങൾ പോയിട്ടുള്ള ഇടങ്ങളിൽ പോകാൻ പ്രാപ്തമാക്കുക മാത്രമല്ല. ഇതുവരെ എത്താത്തിടത്തെത്താൻ പ്രോത്സാഹിപ്പിക്കുകയുമാണ്.

മാതൃക വീക്ഷണം സഹായം സ്വാതന്ത്ര്യമാക്കൽ പരിശീലന വലയം.

ഒരാളിൽ നിന്ന് പലരിലേയ്ക്ക് ദൗത്യത്തിൽ നിന്ന് പ്രസ്ഥാനത്തിലേയ്ക്ക്.

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- നിങ്ങൾ എപ്പോഴെങ്കിലും ഒരു പരിശീലന സൈക്കിളിൻ്റെ ഭാഗമായിട്ടുണ്ടോ?
- നിങ്ങൾ ആരെയാണ് പരിശീലിപ്പിച്ചത്? അല്ലെങ്കിൽ ആരാണ് നിങ്ങളെ പരിശീലിപ്പിച്ചത്?
- വ്യത്യസ്ത കഴിവുകൾ പഠിക്കുമ്പോൾ ഒരേ വ്യക്തി പരിശീലന സൈക്കിളിൻ്റെ വിവിധ ഭാഗങ്ങളിൽ ആയിരിക്കുമോ?
- അങ്ങനെ ഒരാളെ പരിശീലിപ്പിച്ചാൽ എങ്ങനെയിരിക്കും?

---

## പ്രവർത്തനം

**(60 - 90 മിനിറ്റ്)**

**3/3 ഗ്രൂപ്പ് മീറ്റിംഗ്**

- പിന്നിലേക്ക് നോക്കുക - പരസ്പരം ചെക്ക്-ഇൻ ചെയ്യുന്നതിന് അവസാന സെഷനിലെ അനുസരിക്കുക,പരിശീലിക്കുക, പങ്കിടുക എന്നീ വെല്ലുവിളികൾ ഉപയോഗിക്കുക. (30 മിനിറ്റ്)
- നോക്കുക - നിങ്ങളുടെ ഗ്രൂപ്പിൻ്റെ വായനാ ഖണ്ഡികയായി മാർക്ക് 5:1-20 ഉപയോഗിക്കുക, ലുക്ക് അപ്പ് വിഭാഗത്തിൽ 1-4 ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. (30 മിനിറ്റ്)
- മുന്നോട്ട് നോക്കുക - നിങ്ങൾ എങ്ങനെ അനുസരിക്കും, പരിശീലിപ്പിക്കും, പങ്കിടും എന്ന് വികസിപ്പിക്കുന്നതിന് ലുക്ക് ഫോർവേഡ് വിഭാഗത്തിലെ 5, 6, 7 ചോദ്യങ്ങൾ ഉപയോഗിക്കുക. (30 മിനിറ്റ്)

**തിരിഞ്ഞു നോട്ടം**

**ഘട്ടം 1 - നന്ദി പറയാം**

സ്വാനുഭവങ്ങളുടെ പേരിൽ ദൈവത്തിന് നന്ദി പറയാൻ ഓരോ വ്യക്തിക്കും  അവസരം നൽകുക.

**ഘട്ടം 2 - നേരിടുന്ന പോരാട്ടങ്ങളെ കുറിച്ചുള്ള വിവരങ്ങൾ കൈമാറുകയും പരസ്പരം പ്രാർത്ഥിക്കുകയും ചെയ്യുക.**

വ്യക്തികൾ തങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളെ കുറിച്ച് പങ്കിടട്ടെ. അവർ പറയുന്ന വിഷയങ്ങൾ സംബന്ധിച്ചും അവർക്കുവേണ്ടിയും ഗ്രൂപ്പിലെ മറ്റൊരാൾ പ്രാർത്ഥിക്കട്ടെ.

**ഘട്ടം 3 - ഗ്രൂപ്പിനെ കേന്ദ്രീകരിക**

എന്തിനാണ് നാം ഒരുമിച്ച് കൂടിയിരിക്കുന്നതെന്ന് ആലോചിക്കുക - ദൈവത്തെ സ്നേഹിക്കാൻ,മറ്റുള്ളവരെ സ്നേഹിക്കാൻ യേശുവിനെ പങ്കിടുന്നതിനോടൊപ്പം മറ്റുള്ളവരെ കരുതാനും സഹായിക്കാനുമാണ് ഒത്തു ചേർന്നതെന്ന് ഓർമിക്കുക.

**ഘട്ടം 4 - ചെക്ക് ഇൻ ചെയ്യുന്നു**

തിട്ടപ്പെടുത്തൽ ഓരോ വ്യക്തിയും ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകട്ടെ:

- നിങ്ങൾ ഇതുവരെ പഠിച്ച കാര്യങ്ങൾ  അനുസരിച്ചത് സംബന്ധിച്ച് വെളിപ്പെടുത്തുക
- നിങ്ങൾ പഠിച്ച കാര്യങ്ങൾ ഉപയോഗിച്ച്  പരിശീലിപ്പിച്ചവരെ കുറിച്ച് പറയുക
- ഒരു ഗ്രൂപ്പായി ഒരുമിച്ച് കഴിഞ്ഞതിന് ശേഷം നിങ്ങളുടെ കഥയോ ദൈവത്തിൻ്റെ കഥയോ നിങ്ങൾ ആരോടെല്ലാം പങ്കിട്ടുവെന്നത് സംബന്ധിച്ച് സംസാരിക്കുക.

**ഉയരങ്ങളിലേക്ക് നോക്കാം**

**ഘട്ടം 1 - നയിക്കാനായി ദൈവത്തിൻ്റെ പരിശുദ്ധാത്മാവിനെ പ്രാർത്ഥനയിലൂടെ ക്ഷണിക്കാം.**

ഒരു നിമിഷം പ്രാർത്ഥിക്കുക. ദൈവത്തോട് ചുരുങ്ങിയ വാക്കുകളിൽ ലളിതമായി സംസാരിക്കുക. നിങ്ങൾ ഇനി വായിക്കാൻ പോകുന്ന ഭാഗത്ത് നിന്ന് കൂടുതൽ മനസിലാക്കാനും പഠിക്കാനും തനിക്ക് കഴിയണമേയെന്നു പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുക.

**ഘട്ടം 2 - ദൈവവചനം വായിക്കുകയും ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്യാം.**

ഗ്രൂപ്പിൽ ഒരാൾ ബൈബിളിലെ നിർദ്ദിഷ്ട ഭാഗം വായിക്കട്ടെ. ശേഷം അടുത്ത രണ്ട് ചോദ്യങ്ങൾക്ക് ഗ്രൂപ്പ് ഉത്തരം നൽകണം:

- ഈ ഭാഗത്തെ എന്ത് കാര്യമാണ് നിങ്ങൾക്ക് ഇഷ്ടപ്പെട്ടത് ?
- ഇതിൽ നിങ്ങൾക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതോ വെല്ലുവിളി ആയതോ ആയ ഭാഗം ഏതാണ് ?

അതേ ഭാഗം രണ്ടാമതും വായിക്കുക, തുടർന്ന് അടുത്ത രണ്ട് ചോദ്യങ്ങൾക്ക് ഗ്രൂപ്പ് ഉത്തരം പറയട്ടെ :

- ഈ ഭാഗത്ത് നിന്ന് ആളുകളെ കുറിച്ച് എന്താണ് നമുക്ക് പഠിക്കാനാകുന്നത് ?
- ദൈവത്തെക്കുറിച്ച് എന്താണ് ഇവിടെ നിന്ന് നമുക്ക് പഠിക്കാനാകുന്നത് ?

വായിച്ച ഭാഗത്ത് ഉറച്ചുനിൽക്കുക. ഒപ്പം അത് ലളിതമായി വിവരിക്കുകയും ചെയ്യുക!

**മുന്നോട്ട് നോക്കുക**

**ഘട്ടം 1 - ദൈവോദ്ദേശ്യം എന്തെന്ന് തിരിച്ചറിയാൻ പ്രാർത്ഥിക്കുക**

നിങ്ങളുടെ ഗ്രൂപ്പിലെ ഓരോ വ്യക്തിയും നിശബ്ദമായി പ്രാർത്ഥിക്കുക. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ദൈവത്തിൽ നിന്ന് ഉത്തരം തേടുക:

- ദൈവമേ, അങ്ങ് എന്നെ പഠിപ്പിക്കുന്നത് പ്രകാരം എനിക്ക് എങ്ങനെ അനുസരിക്കാനും പ്രവർത്തിക്കാനും കഴിയും?
- അങ്ങയെ അനുസരിക്കാനും കൂടുതൽ സ്നേഹിക്കാനും കഴിയുന്നതിന് ഈ ഭാഗം ഉപയോഗപ്പെടുത്തി ഞാൻ ആരെയാണ് പരിശീലിപ്പിക്കേണ്ടത്?
- എൻ്റെ സാക്ഷ്യമോ യേശുവിന്റെ സുവിശേഷമോ ആരുമായി പങ്കുവെക്കാനാണ് ദൈവമേ നീ ആഗ്രഹിക്കുന്നത്?

അടുത്ത കൂടി വരവിന് മുൻപായി നിങ്ങൾ എടുക്കേണ്ടുന്ന നിർദ്ദിഷ്ട ഉത്തരങ്ങളും പേരുകളും നടപടികളും എന്തൊക്കെയാണെന്ന് തിരിച്ചറിയാൻ സഹായിക്കുന്നതിന് ദൈവത്തിൻ്റെ പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുക.

**ഘട്ടം 2 - വിവരശേഖരണം**

ഓരോ ചോദ്യത്തിനും ദൈവത്തിൽ നിന്ന് ലഭിച്ച ഉത്തരം എന്താണെന്ന് ഗ്രൂപ്പിലെ ഓരോ വ്യക്തിയോടും ചോദിക്കുക. ചിലർ ഒരു ചോദ്യത്തിന് ഉത്തരം ലഭിക്കാത്തവർ ആയിരിക്കും. മറ്റ് ചിലർ രണ്ട് ചോദ്യങ്ങൾക്കും വേറെ ചിലർ ഒരു ചോദ്യത്തിനും ഉത്തരം ലഭിക്കാത്തവരും ആയിരിക്കും. തങ്ങൾക്ക് ഉത്തരമൊന്നും ലഭിച്ചില്ലെന്ന് തന്നെ അവർക്ക് രേഖപ്പെടുത്താം.

ഒരു കാര്യം ഓർക്കുക, സംഘത്തിലെ അംഗങ്ങൾ നിശ്ചയമായും കർത്താവിൽ നിന്ന് കേൾക്കണം. യേശു പറഞ്ഞു - "എൻ്റെ ആടുകൾ എൻ്റെ ശബ്ദം കേൾക്കുന്നു." നിങ്ങളുടെ നിർദേശങ്ങൾ എത്രത്തോളം വ്യക്തമാണോ അത്രത്തോളം വ്യക്തമായിരിക്കും അടുത്ത തവണത്തെ കൂടിക്കാഴ്ചയ്ക്ക് മുൻപ് അവർക്ക് അവ അനുസരിക്കാൻ.

**ഘട്ടം 3 - നിങ്ങളുടെ പദ്ധതി സംബന്ധിച്ച് പരിശീലിക്കുക**

നിങ്ങളുടെ കൂടിവരവ് അവസാനിപ്പിക്കുന്നതിന് മുമ്പ്, നിങ്ങളുടെ 3/3 ഗ്രൂപ്പിനെ രണ്ടോ മൂന്നോ ചെറിയ ഗ്രൂപ്പുകളായി വിഭജിക്കുക. കർത്താവ് നിങ്ങളോട് ആവശ്യപ്പെട്ടത് പൂർത്തീകരിക്കുന്നത് എങ്ങനെയെന്ന് അംഗങ്ങൾ സ്വയം പരിശീലിക്കുക.

**ചർച്ച ചെയ്യുക**

**(10 മിനിറ്റ്)**

- 3/3 ഗ്രൂപ്പിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് എന്താണ്? എന്തുകൊണ്ട്?
- ഏറ്റവും വെല്ലുവിളി നിറഞ്ഞത് എന്തായിരുന്നു? എന്തുകൊണ്ട്?

**അവലോകനം**

**(1 മിനിറ്റ്)**

**ഈ സെഷനിൽ കേട്ട ആശയം:**

- പരിശീലന സൈക്കിൾ

**ഈ സെഷനിൽ കേട്ട ഉപകരണം:**

- 3/3 ഗ്രൂപ്പ് മീറ്റിംഗ്

**അടുത്ത പടി**

**അനുസരിക്കുക**

Zúme-ൽ നിങ്ങൾ പഠിച്ച ഒരു വൈദഗ്ധ്യമോ ആശയമോ തിരഞ്ഞെടുത്ത് അത് നാലാം തലമുറയിലേക്ക് പുനർനിർമ്മിക്കാൻ ആരെയെങ്കിലും ഉപദേശിക്കുക.

**ഷെയർ ചെയ്യുക**

ഒരു അധിക (അഞ്ചാമത്തെ) തലമുറയിലേക്ക് പ്രക്രിയ തുടരാൻ നിങ്ങൾ ഉപദേശിച്ച വ്യക്തിയെ വെല്ലുവിളിക്കുക.

ZÚME

## സെഷൻ 8

## ചെക്ക് - ഇൻ ചെയ്യുക

**(1 മിനിറ്റ്)**

എല്ലാ പങ്കാളികളും സഹായികളും ചെക്ക്-ഇൻ ചെയ്യുക.

അല്ലെങ്കിൽ zume.training/checkin ചെയ്ത് കോഡ് ഉപയോഗിക്കുക: **9870**

## പ്രാർത്ഥിക്കുക

**(5 മിനിറ്റ്)**

ഈ പരിശീലനത്തിൽ ഇത്രയും ദൂരം വരാനുള്ള ഊർജ്ജവും ശ്രദ്ധയും വിശ്വസ്തതയും നൽകിയതിന് ദൈവത്തോട് പ്രാർത്ഥനയിലൂടെ നന്ദി പറയുക. അവനില്ലാതെ ഒന്നും ചെയ്യാൻ കഴിയില്ലെന്ന് ഗ്രൂപ്പിലെ എല്ലാവരേയും ഓർമ്മിപ്പിക്കാനും പരിശുദ്ധാത്മാവിനെ ലഭിക്കാനും പ്രാർത്ഥനയിൽ ആവശ്യപ്പെടുക!

## തിരിഞ്ഞു നോക്കുക

**(5 മിനിറ്റ്)**

ആരംഭിക്കുന്നതിന് മുമ്പ്, തിരിഞ്ഞു നോക്കാൻ കുറച്ച് സമയമെടുക്കുക.

അവസാന സെഷൻ്റെ അവസാനം, നിങ്ങൾ പഠിച്ച കാര്യങ്ങൾ പരിശീലിക്കാൻ നിങ്ങളുടെ ഗ്രൂപ്പിലെ എല്ലാവരോടും നിർദ്ദേശിക്കുക. ഇതൊരു വെല്ലുവിളിയായും നടത്താം.

ഈ ആഴ്ച നിങ്ങളുടെ ഗ്രൂപ്പ് എങ്ങനെ ചെയ്തുവെന്ന് കാണാൻ കുറച്ച് നിമിഷങ്ങൾ എടുക്കുക.

---

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ, ഞങ്ങൾ ഈ ആശയം കേൾക്കുകയും ചർച്ച ചെയ്യുകയും ചെയ്യും:**

- നേതൃത്വ സെല്ലുകൾ

**ഞങ്ങളുടെ ടൂൾകിറ്റിൽ നിന്ന് ഞങ്ങൾ ഈ ഉപകരണം പരിശീലിക്കും:**

- 3/3 ഗ്രൂപ്പ് മീറ്റിംഗ്

---

## വായിക്കുക

**(5 മിനിറ്റ്)**

**നേതൃത്വ സെല്ലുകൾ**

ഇപ്രാവശ്യം ജീവിത കാലം മുഴുവൻ നേതാവാകും വിധം നേതൃത്വ സംഘങ്ങളെ  എങ്ങനെ അനുയായികൾ ചുരുങ്ങിയകാലം കൊണ്ട് തയ്യാറാക്കുന്നു എന്നു നോക്കാം.

ഒന്ന് രണ്ടാകുന്നു. രണ്ട് നാലാകുന്നു. നാല് എട്ടാകുന്നു. വ്യക്തിത്വ പെരുക്കം തലമുറകളുടെ വർദ്ധന ഗംഭീര വളർച്ച ഇതാണ്. ദൈവം തൻറെ സൃഷ്ടിയിൽ ഉണ്ടാക്കിയ മാതൃക. ഈ രീതിയിലാണ് ദൈവം തൻറെ കുടുംബം വളർത്താൻ തുനിയുന്നത്. മുമ്പെ നമ്മൾ മൂന്നിൽ മൂന്നുരീതി പഠിച്ചിട്ടുണ്ട്.  ഇത് ഉപഭോക്താക്കളെ ഉല്പാദകരാക്കുന്നു.  പഠിക്കുന്നവരെ നേതാക്കന്മാരാക്കുന്നു. ശിഷ്യരെശിഷ്യന്മാരാക്കുന്നവരാക്കുന്നു.

ഓർമ്മിക്കുക, തേടുക, മുന്നിൽകാണുക. പഠിക്കുക, അനുസരിക്കുക, പങ്കുവെയ്ക്കുക.

ഈ രീതിയിലുള്ള സമ്മേളനം വിശ്വാസികളായ വ്യക്തികളിൽ തുടർച്ചയായ ആത്മീയ വളർച്ച ഉണ്ടാക്കുന്നു. അനുയായികളുടെ സംഘങ്ങളിൽ തുടർച്ചയായ ഉത്പാദനക്ഷമതയും ഉണ്ടാക്കുന്നു. ഈ രീതി ശിഷ്യർ പെരുകുവാൻ സഹായിക്കുന്നു.

പക്ഷെ ഒരു സംഘം വളരെ കുറച്ചു നാളുകളെ സംഘമായി നില നിൽക്കുന്നുള്ളൂ എങ്കിലോ അവർക്ക വളരാനും ദൈവരാജ്യത്തെ വളർത്താനും സാധിക്കുമോ. ഒരു ഗ്രൂപ്പ് ഒരുമിച്ച് നിൽക്കാൻ സാധിക്കുന്നു എന്നറിയാൻ പറ്റുന്ന സ്ഥിതിയിൽ മൂന്നിൽ മൂന്ന് ഗ്രൂപ്പിനെ പ്രവർത്തിപ്പിക്കുവാനുള്ള ഒരു മാർഗ്ഗമാണ്.

നേതൃത്വ സംഗമം കാലങ്ങൾ നിലനിൽക്കുന്ന ഉല്പാദനരീതികൾ ചുരുങ്ങിയ കാലം കൊണ്ട്  നേതൃത്വ സംഘങ്ങൾ വ്യക്തി വിശ്വാസികളെ പഠിപ്പിക്കുന്നു.

നേതൃത്വ സംഘങ്ങൾ പഠിക്കുന്ന വരെ നേതാക്കളാക്കുന്നു.  നേതാക്കൾ പുതിയ ഗ്രൂപ്പുണ്ടാക്കുന്നു. പുതിയ സഭകളെ പരിശീലിപ്പിക്കുന്നു. കൂടുതൽ നേതൃത്വസംഘങ്ങൾ ഉണ്ടാക്കുന്നു.  ദൈവത്തിൻറെ കുടുംബം വളരുന്നു.

ഒരു ഗ്രൂപ്പ് സഞ്ചരിക്കുന്ന അവസ്ഥയിൽ നേതൃത്വ സംഘം കൂടുതൽ ഫലം നൽകും. യേശുവിനെ പിൻപറ്റുന്ന നാടോടികൾ വിദ്യാർത്ഥികൾ സൈന്യാംഗം കായികജോലിക്കാർ എന്നിവർക്ക് നേതൃത്വ സംഘത്തിൽ നന്നായി പ്രവർത്തിക്കാൻ കഴിയും.  അവരുടെ സംസ്ക്കാരം തൊഴിൽ കാല വ്യത്യാസം

എന്നിവ വെച്ച് ഒരു നിലനിൽക്കുന്ന ഗ്രൂപ്പുണ്ടാക്കാൻ അവർക്ക് പ്രയാസമായിരിക്കും.

പക്ഷെ അവർ സഞ്ചരിക്കുന്നസ്ഥലത്ത് എങ്ങനെ ഒരു ഗ്രൂപ്പുണ്ടാക്കാമെന്ന് അവരെ ഭംഗിയായി പരിശീലിപ്പിക്കുക. ഒരു സംഘം ആളുകൾ ഒരേസമയം വിശ്വാസത്തിലേയ്ക്ക് വരുമ്പോൾ നേതൃസംഘത്തിന് നന്നായി പ്രവർത്തിക്കാൻ കഴിയും. ഒരുകുടുംബം സുഹൃത്തുക്കളുടെ ശൃംഖല, ഒരു ഗ്രാമം എന്നിവയെ ചെറിയ സമയം കൊണ്ട് നിലനിൽക്കുന്ന ഉല്പാദകരാക്കാൻ പരിശീലിപ്പിക്കപ്പെടാവുന്നതാണ്.ഇനി വ്യക്തിത്വ മേൽനോട്ടമോ ആത്മീയ അധ്വാനമോ ആവശ്യമില്ല.

മൂന്നിൽ മൂന്ന് രീതിയുടെ അവസാന 2 ഭാഗങ്ങൾ മുമ്പ് നമ്മൾ പഠിക്കുകയും പരിശീലിക്കുകയും ചെയ്തു. ഇപ്പോൾ അതിൻറെ മുഴുവൻ ഭാഗവും പരിശീലിക്കുവാൻ പോകുന്നു. ഓർമ്മിക്കുക, തേടുക, മുന്നിൽ കാണുക.

---

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- യേശുവിനെ അനുഗമിക്കുന്ന ഒരു ഗ്രൂപ്പിനെ, അവരുടെ കൂടിവരവിനെ നിങ്ങൾക്കറിയാമോ? അവർക്ക് ഒരു ലീഡർഷിപ് സെൽ രൂപീകരിച്ച് Zume പരിശീലനത്തിനു താത്പര്യമുണ്ടോ?
- അവരെ ഒരുമിച്ച് കൊണ്ടുവരാൻ എന്താണ് ചെയ്യേണ്ടത്?

---

## പ്രവർത്തനം

**(60 - 90 മിനിറ്റ്)**

**3/3 ഗ്രൂപ്പ് മീറ്റിംഗ്**

- പിന്നിലേക്ക് നോക്കുക - പരസ്പരം ചെക്ക്-ഇൻ ചെയ്യുന്നതിന് അവസാന സെഷനിലെ അനുസരിക്കുക,പരിശീലിക്കുക, പങ്കിടുക എന്നീ വെല്ലുവിളികൾ ഉപയോഗിക്കുക. (30 മിനിറ്റ്)
- നോക്കുക - നിങ്ങളുടെ ഗ്രൂപ്പിൻ്റെ വായനാ ഖണ്ഡികയായി പ്രവൃത്തികൾ 2:42-47 ഉപയോഗിക്കുക, 1- 4 ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. (30 മിനിറ്റ്)
- മുന്നോട്ട് നോക്കുക - നിങ്ങൾ എങ്ങനെ അനുസരിക്കും, പരിശീലിപ്പിക്കും, പങ്കിടും എന്ന് വികസിപ്പിക്കുന്നതിന് 5, 6, 7 ചോദ്യങ്ങൾ ഉപയോഗിക്കുക. (30 മിനിറ്റ്)

**തിരിഞ്ഞു നോട്ടം**

**ഘട്ടം 1 - നന്ദി പറയാം**

സ്വാനുഭവങ്ങളുടെ പേരിൽ ദൈവത്തിന് നന്ദി പറയാൻ ഓരോ വ്യക്തിക്കും അവസരം നൽകുക.

**ഘട്ടം 2 - നേരിടുന്ന പോരാട്ടങ്ങളെ കുറിച്ചുള്ള വിവരങ്ങൾ കൈമാറുകയും പരസ്പരം പ്രാർത്ഥിക്കുകയും ചെയ്യുക.**

വ്യക്തികൾ തങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളെ കുറിച്ച് പങ്കിടട്ടെ. അവർ പറയുന്ന വിഷയങ്ങൾ സംബന്ധിച്ചും അവർക്കുവേണ്ടിയും ഗ്രൂപ്പിലെ മറ്റൊരാൾ പ്രാർത്ഥിക്കട്ടെ.

**ഘട്ടം 3 - ഗ്രൂപ്പിനെ കേന്ദ്രീകരിക**

എന്തിനാണ് നാം ഒരുമിച്ച് കൂടിയിരിക്കുന്നതെന്ന് ആലോചിക്കുക - ദൈവത്തെ സ്നേഹിക്കാൻ,മറ്റുള്ളവരെ സ്നേഹിക്കാൻ യേശുവിനെ പങ്കിടുന്നതിനോടൊപ്പം മറ്റുള്ളവരെ കരുതാനും സഹായിക്കാനുമാണ് ഒത്തു ചേർന്നതെന്ന് ഓർമിക്കുക.

**ഘട്ടം 4 - ചെക്ക് ഇൻ ചെയ്യുന്നു**

തിട്ടപ്പെടുത്തൽ ഓരോ വ്യക്തിയും ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകട്ടെ:

- നിങ്ങൾ ഇതുവരെ പഠിച്ച കാര്യങ്ങൾ അനുസരിച്ചത് സംബന്ധിച്ച് വെളിപ്പെടുത്തുക
- നിങ്ങൾ പഠിച്ച കാര്യങ്ങൾ ഉപയോഗിച്ച് പരിശീലിപ്പിച്ചവരെ കുറിച്ച് പറയുക
- ഒരു ഗ്രൂപ്പായി ഒരുമിച്ച് കഴിഞ്ഞതിന് ശേഷം നിങ്ങളുടെ കഥയോ ദൈവത്തിൻ്റെ കഥയോ നിങ്ങൾ ആരോടെല്ലാം പങ്കിട്ടുവെന്നത് സംബന്ധിച്ച് സംസാരിക്കുക.

**ഉയരങ്ങളിലേക്ക് നോക്കാം**

**ഘട്ടം 1 - നയിക്കാനായി ദൈവത്തിൻ്റെ പരിശുദ്ധാത്മാവിനെ പ്രാർത്ഥനയിലൂടെ ക്ഷണിക്കാം.**

ഒരു നിമിഷം പ്രാർത്ഥിക്കുക. ദൈവത്തോട് ചുരുങ്ങിയ വാക്കുകളിൽ ലളിതമായി സംസാരിക്കുക. നിങ്ങൾ ഇനി വായിക്കാൻ പോകുന്ന ഭാഗത്ത് നിന്ന് കൂടുതൽ മനസിലാക്കാനും പഠിക്കാനും തനിക്ക് കഴിയണമേയെന്നു പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുക.

**ഘട്ടം 2 - ദൈവവചനം വായിക്കുകയും ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്യാം.**

ഗ്രൂപ്പിൽ ഒരാൾ ബൈബിളിലെ നിർദ്ദിഷ്ട ഭാഗം വായിക്കട്ടെ. ശേഷം അടുത്ത രണ്ട് ചോദ്യങ്ങൾക്ക് ഗ്രൂപ്പ് ഉത്തരം നൽകണം:

- ഈ ഭാഗത്തെ എന്ത് കാര്യമാണ് നിങ്ങൾക്ക് ഇഷ്ടപ്പെട്ടത് ?
- ഇതിൽ നിങ്ങൾക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതോ വെല്ലുവിളി ആയതോ ആയ ഭാഗം ഏതാണ് ?

അതേ ഭാഗം രണ്ടാമതും വായിക്കുക, തുടർന്ന് അടുത്ത രണ്ട് ചോദ്യങ്ങൾക്ക് ഗ്രൂപ്പ് ഉത്തരം പറയട്ടെ :

- ഈ ഭാഗത്ത് നിന്ന് ആളുകളെ കുറിച്ച് എന്താണ് നമുക്ക് പഠിക്കാനാകുന്നത് ?
- ദൈവത്തെക്കുറിച്ച് എന്താണ് ഇവിടെ നിന്ന് നമുക്ക് പഠിക്കാനാകുന്നത് ?

വായിച്ച ഭാഗത്ത് ഉറച്ചുനിൽക്കുക. ഒപ്പം അത് ലളിതമായി വിവരിക്കുകയും ചെയ്യുക!

**മുന്നോട്ട് നോക്കുക**

**ഘട്ടം 1 - ദൈവോദ്ദേശ്യം എന്തെന്ന് തിരിച്ചറിയാൻ പ്രാർത്ഥിക്കുക**

നിങ്ങളുടെ ഗ്രൂപ്പിലെ ഓരോ വ്യക്തിയും നിശബ്ദമായി പ്രാർത്ഥിക്കുക. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ദൈവത്തിൽ നിന്ന് ഉത്തരം തേടുക:

- ദൈവമേ, അങ്ങ് എന്നെ പഠിപ്പിക്കുന്നത് പ്രകാരം എനിക്ക് എങ്ങനെ അനുസരിക്കാനും പ്രവർത്തിക്കാനും കഴിയും?
- അങ്ങയെ അനുസരിക്കാനും കൂടുതൽ സ്നേഹിക്കാനും കഴിയുന്നതിന് ഈ ഭാഗം ഉപയോഗപ്പെടുത്തി ഞാൻ ആരെയാണ് പരിശീലിപ്പിക്കേണ്ടത്?
- എൻ്റെ സാക്ഷ്യമോ യേശുവിന്റെ സുവിശേഷമോ ആരുമായി പങ്കുവെക്കാനാണ് ദൈവമേ നീ ആഗ്രഹിക്കുന്നത്?

അടുത്ത കൂടി വരവിന് മുൻപായി നിങ്ങൾ എടുക്കേണ്ടുന്ന നിർദ്ദിഷ്ട ഉത്തരങ്ങളും പേരുകളും നടപടികളും എന്തൊക്കെയാണെന്ന് തിരിച്ചറിയാൻ സഹായിക്കുന്നതിന് ദൈവത്തിൻ്റെ പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുക.

**ഘട്ടം 2 - വിവരശേഖരണം**

ഓരോ ചോദ്യത്തിനും ദൈവത്തിൽ നിന്ന് ലഭിച്ച ഉത്തരം എന്താണെന്ന് ഗ്രൂപ്പിലെ ഓരോ വ്യക്തിയോടും ചോദിക്കുക. ചിലർ ഒരു ചോദ്യത്തിന് ഉത്തരം ലഭിക്കാത്തവർ ആയിരിക്കും. മറ്റ് ചിലർ രണ്ട് ചോദ്യങ്ങൾക്കും വേറെ ചിലർ ഒരു ചോദ്യത്തിനും ഉത്തരം ലഭിക്കാത്തവരും ആയിരിക്കും. തങ്ങൾക്ക് ഉത്തരമൊന്നും ലഭിച്ചില്ലെന്ന് തന്നെ അവർക്ക് രേഖപ്പെടുത്താം.

ഒരു കാര്യം ഓർക്കുക, സംഘത്തിലെ അംഗങ്ങൾ നിശ്ചയമായും കർത്താവിൽ നിന്ന് കേൾക്കണം. യേശു പറഞ്ഞു - "എൻ്റെ ആടുകൾ എൻ്റെ ശബ്ദം കേൾക്കുന്നു." നിങ്ങളുടെ നിർദേശങ്ങൾ എത്രത്തോളം വ്യക്തമാണോ അത്രത്തോളം വ്യക്തമായിരിക്കും അടുത്ത തവണത്തെ കൂടിക്കാഴ്ചയ്ക്ക് മുൻപ് അവർക്ക് അവ അനുസരിക്കാൻ.

**ഘട്ടം 3 - നിങ്ങളുടെ പദ്ധതി സംബന്ധിച്ച് പരിശീലിക്കുക**

നിങ്ങളുടെ കൂടിവരവ് അവസാനിപ്പിക്കുന്നതിന് മുമ്പ്, നിങ്ങളുടെ 3/3 ഗ്രൂപ്പിനെ രണ്ടോ മൂന്നോ ചെറിയ ഗ്രൂപ്പുകളായി വിഭജിക്കുക. കർത്താവ് നിങ്ങളോട് ആവശ്യപ്പെട്ടത് പൂർത്തീകരിക്കുന്നത് എങ്ങനെയെന്ന് അംഗങ്ങൾ സ്വയം പരിശീലിക്കുക.

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ നിന്നുള്ള ആശയം:**

- നേതൃത്വ സെല്ലുകൾ

**ഈ സെഷനിൽ നിന്നുള്ള ഉപകരണം:**

- 3/3 ഗ്രൂപ്പ് മീറ്റിംഗ്

**അടുത്ത പടി**

## അനുസരിക്കുക

നിങ്ങളുടെ 100 പേരുടെ ലിസ്റ്റിൽ നിന്ന് ഇതിനകം വിശ്വാസികളായ ചില ആളുകളെ തിരഞ്ഞെടുക്കുക. അവർക്ക് ലീഡർഷിപ്പ് സെല്ലുകൾ വിശദീകരിക്കുകയും ഒന്നിൻ്റെ ഭാഗമാകാൻ അവർക്ക് താൽപ്പര്യമുണ്ടോ എന്ന് ആരായുകയും ചെയ്യുക.

## ഷെയർ ചെയ്യുക

നിങ്ങളുടെ ഗ്രൂപ്പ് വീണ്ടും കണ്ടുമുട്ടുന്നതിന് മുമ്പ് ലീഡർഷിപ്പ് സെൽ ടൂൾ ആരുമായി പങ്കിടണമെന്ന് ദൈവത്തോട് പ്രാർത്ഥിക്കുകയും ചോദിക്കുകയും ചെയ്യുക. അത് മറ്റൊരാളുമായി പങ്കിടാൻ അവരെ വെല്ലുവിളിക്കുക.

ZÚME

# സെഷൻ 9

**ചെക്ക് - ഇൻ ചെയ്യുക**
**(1 മിനിറ്റ്)**

എല്ലാ പങ്കാളികളും സഹായികളും ചെക്ക്-ഇൻ ചെയ്യുക.

അല്ലെങ്കിൽ zume.training/checkin ചെയ്ത് കോഡ് ഉപയോഗിക്കുക: **1355**

## പ്രാർത്ഥിക്കുക

**(5 മിനിറ്റ്)**

അവൻ്റെ വഴികൾ നമ്മുടെ വഴികളല്ലെന്നതിനാലും അവൻ്റെ ചിന്തകൾ നമ്മുടെ ചിന്തകളല്ലെന്നതിനാലും ദൈവത്തോട് പ്രാർത്ഥിക്കുകയും നന്ദി പറയുകയും ചെയ്യുക. നിങ്ങളുടെ ഗ്രൂപ്പിലെ ഓരോ അംഗത്തിനും ക്രിസ്തുവിൻ്റെ മനസ്സ് നൽകണമേയെന്ന് ആവശ്യപ്പെടുക - എപ്പോഴും യേശുവിൻ്റെ പിതാവിൻ്റെ ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. നിങ്ങളുടെ സമയം ഒരുമിച്ച് നയിക്കാനും അത് ഇതുവരെയുള്ള ഏറ്റവും മികച്ച സെഷനാക്കി മാറ്റാനും പരിശുദ്ധാത്മാവിനോട് ആവശ്യപ്പെടുക.

---

## തിരിഞ്ഞു നോക്കുക

**(5 മിനിറ്റ്)**

ആരംഭിക്കുന്നതിന് മുമ്പ്, തിരിഞ്ഞു നോക്കാൻ കുറച്ച് സമയമെടുക്കുക.

അവസാന സെഷൻ്റെ അവസാനം, നിങ്ങൾ പഠിച്ച കാര്യങ്ങൾ പരിശീലിക്കാൻ നിങ്ങളുടെ ഗ്രൂപ്പിലെ എല്ലാവരോടും നിർദ്ദേശിക്കുക. ഇതൊരു വെല്ലുവിളിയായും നടത്താം.

ഈ ആഴ്ച നിങ്ങളുടെ ഗ്രൂപ്പ് എങ്ങനെ ചെയ്തുവെന്ന് കാണാൻ കുറച്ച് നിമിഷങ്ങൾ എടുക്കുക.

---

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ, നമ്മൾ ഈ ആശയങ്ങൾ കേൾക്കുകയും ചർച്ച ചെയ്യുകയും ചെയ്യും:**

- അനുഗാമി രഹിത വളർച്ച
- വേഗത
- എപ്പോഴും രണ്ട് സഭകളുടെ ഭാഗമാകുക

**ഞങ്ങളുടെ ടൂൾകിറ്റിലേക്ക് ഞങ്ങൾ ഈ ഉപകരണം ചേർക്കും:**

- കോച്ചിംഗ് ചെക്ക്‌ലിസ്റ്റ്
- നാല് ഫീൽഡുകൾ
- ജനറേഷൻ മാപ്പിംഗ്

---

## വായിക്കുക

**(5 മിനിറ്റ്)**

**അനുഗാമി രഹിത വളർച്ച**

ഇപ്രാവശ്യം നമ്മെ ദൈവരാജ്യ വളർച്ചയെ ത്വരിതപ്പെടുത്തുവാൻ ഒന്നു കഴിഞ്ഞ് മറ്റൊന്ന് എന്ന ചിന്താഗതിയെ എങ്ങനെ മാറ്റാമെന്ന് നോക്കാം. ശിഷ്യരെ ഉണ്ടാക്കുമ്പോഴും വേഗത്തിൽശിഷ്യരെ ഉണ്ടാക്കുമ്പോഴും ഓർക്കേണ്ട ഒരുകാര്യം പല കാര്യങ്ങൾ ഒരേ സമയത്ത് സംഭവിക്കാമെന്നതാണ്. അവ സംഭവിക്കാനായി പ്രത്യേകിച്ച്ഒരു നിയമവും ഇല്ല.

നമ്മൾ അങ്ങനെയുള്ള തുടർ മാനമല്ലാത്ത വളർച്ചയുടെ ശക്തി മനസ്സിലാക്കണം.ശിഷ്യരുടെ പെരുക്കത്തെപ്പറ്റി ജനം ചിന്തിക്കുമ്പോൾ ഒന്നിനു പുറകെ മറ്റൊന്ന് എന്ന രീതിയാണ് ചിന്തിക്കുക.

ആദ്യം പ്രാർത്ഥന, പിന്നെ സുവിശേഷം, ദൈവത്തിൻറെ സുവിശേഷം പങ്കിടൽ എന്നിട്ട് ശിഷ്യരെ സൃഷ്ടിക്കുക. സഭയുണ്ടാക്കുക പിന്നെ നേതാക്കൾ വീണ്ടും ഉല്പാദിപ്പിക്കുക.

ഈ രീതിയിൽ നമ്മൾ പഠിച്ചാൽ രാജ്യവളർച്ച പിൻതുടരാൻ എളുപ്പമായ മാർഗ്ഗംഎന്ന് തോന്നാം.ഒന്നിനു പുറകെ മറ്റൊന്ന് എന്ന രീതിയിൽ ഇതിലെ പ്രശ്നം എപ്പോഴുംഇത് ഇങ്ങനെയല്ല പ്രവർത്തിക്കുക എന്നതാണ്. അതിനേക്കാൾ വലിയ പ്രശ്നം അത് നന്നായി പ്രവർത്തിക്കുന്നതും ഇങ്ങനെയല്ല എന്നതാണ്.

ഈ രേഖ മനുഷ്യൻറെ ജനനം സൂചിപ്പിക്കുന്നു. ഇവിടെ ജനനം ഇവിടെ അവർ ദൈവത്തിൻറെ സുവിശേഷം ആദ്യമായി കേൾക്കുന്നു.

ഇവിടെ അവർ യേശുവിനെ അനുഗമിക്കാൻ തുടങ്ങുന്നു.ഇവിടെ അവർ ആദ്യമായി ദൈവഗാഥ ആദ്യമായി പങ്കിടുന്നു.പിന്നെ അവർ പെരുകാൻ തുടങ്ങുന്നു. ഇവിടെയോ ജീവിതം അവസാനിക്കുന്നു.




ഇവിടെ നിന്ന് ഇവിടെ വരെ ആദ്യമായി യേശുവിനെ കേട്ടതുമുതൽ അവർ അത് പങ്കുവെച്ചതു വരെ നമുക്ക് ആത്മീയ തലമുറ എന്ന്  കണക്കാക്കാം.

വർദ്ധനയ്ക്ക് മുമ്പുള്ള ഈ കാലയളവ് ദൈവീക കുടുംബം വളരുന്നതിനു മുമ്പുള്ള ഈ കാലയളവ് ഇങ്ങനെയാണ് ശിഷ്യത്വം സാധാരണ പഠിപ്പിച്ചത്. എന്നാൽ മഹത്വരമായ അനുഗ്രഹം പോലുള്ള രീതി അവലംബിക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്.




ഇപ്പോൾ ഒരു ശിഷ്യൻ പെട്ടെന്ന് പെരുകാൻ തുടങ്ങുന്നു. ആത്മീയ തലമുറ ചെറുതാകുന്നു. ഒരുവൻ ദൈവത്തിൻറെ സുവിശേഷം വേഗം കേൾക്കുന്നു. ദൈവീക കുടുംബം ഇനിയും വേഗത്തിൽ വളരുന്നു. നിത്യതയിലേയ്ക്ക് കൂടുതൽ ജനങ്ങൾ രക്ഷിക്കപ്പെടുന്നു.

ഇതെല്ലാം തന്നെ അവർ വർദ്ധിച്ചപ്പോൾ സഞ്ചരിച്ചതിനാൽ ആയതാണ്. നമ്മൾ ഇങ്ങനെ തുടർന്നാൽ എന്തു സംഭവിക്കും? വളരെ വേഗത്തിൽ തന്നെ ഇങ്ങനെ വർദ്ധനവുണ്ടായാൽ എന്താകും? അവർ വിശ്വസിക്കും മുമ്പ് തന്നെ കേട്ടത് വെ ച്ചുകൊണ്ടു തന്നെ അവർ പങ്കുവെയ്ക്കുവാൻ തുടങ്ങിയാൽ എന്തു സംഭവിക്കും?




സംഘം ചേർക്കാനും താൻ യേശുവിൽ വിശ്വസിക്കും മുമ്പെ കൂട്ടുകാരിൽ നിന്നും കുടുംബത്തിൽ നിന്നുമൊക്കെ കേട്ട ദൈവവചനം മറ്റുള്ളവരുടെ ഇടയിൽ പറയാനും മറ്റും ചിലർ ഉത്സാഹിക്കും. അങ്ങനെയുള്ള വ്യക്തികൾക്ക് എങ്ങനെ സംഘം ചേർക്കണമെന്നും എങ്ങനെ പറയണമെന്നും പഠിപ്പിക്കണമെന്നും കാണിച്ചു കൊടുത്താൽ ദൈവീകകുടുംബം ഇനിയുംവേഗത്തിൽ വളരും.

ഇപ്പോൾ ശിഷ്യത്വം നാം രക്ഷയ്ക്കു ശേഷം പങ്കുവെയ്ക്കുന്ന ഒന്നല്ല.അത്  യേശുവിലേയ്ക്കുള്ള പാതയാണ്.  ഇത് ഒരു കുടുംബം കൂട്ടുകാർ, ഒരു ഗ്രാമം തന്നെ യേശുവിനെ അനുഗമിക്കുമാറാക്കുന്ന വഴിയാണ് ഇനിയും വേഗം വർദ്ധിക്കുവാൻ ഒരുവന് കഴിയുമെങ്കിലോ? ദൈവപുത്രനെ അറിയുന്നതിനു പോലും മുമ്പെ ദൈവത്തിൻറെ വഴികൾ പങ്കിടുവാൻ ഒരുവന് കഴിഞ്ഞാൽ.




ചിലപ്പോൾ ഒരു ഗ്രൂപ്പ് ദൈവവചനം കേൾക്കാൻ തയ്യാറല്ലാതെയോ പ്രാപ്തിയില്ലാതെയോ ഉണ്ടാകും. എങ്കിലും സമൂഹത്തെ ഉദ്ധരിക്കുക നേതൃത്വ പരിശീലനം പോലുള്ള ശ്രമങ്ങൾ മൂലം ദൈവത്തിൻറെ വഴികൾ ഈ ഗ്രൂപ്പിന് പഠിക്കാനാവും.  ഈ  ഗ്രൂപ്പിന്  ദൈവത്തിൻറെ വഴികളെ മറ്റുള്ളവരിലേയ്ക്ക്

പകർത്താനാകും. കേട്ടും അനുസരിച്ചും പങ്കുവെച്ചും യേശുവിനെപ്പറ്റി കേൾക്കുന്നതിനു മുമ്പേ തന്നെ മറ്റുള്ളവരെ ഇതു പോലെ ചെയ്യാൻ പഠിപ്പിക്കാനാകും അവർക്ക്.

ഇങ്ങനെ നടക്കുമ്പോൾ ദൈവത്തി ൻറെ വഴികൾ ഹൃദയങ്ങളിൽ പതിയും. അവൻറെ രീതികൾ ഒരു സമൂഹം മുഴുവനും വ്യക്തികളിലും തുന്നിച്ചേർക്കപ്പെടും. പിന്നെ ദൈവം അവൻറെ വഴികൾ തയ്യാറാക്കുമ്പോൾ ഇത്രയും നാൾ അവർ പിന്തുടർന്നത് അവൻറെ വാക്കുകൾ തന്നെയെന്ന് അവൻ മനസിലാക്കിക്കൊള്ളും. ഇത് ഒരു സ്ഥാപനത്തെ ഒരു സമൂഹത്തെ എന്തിന് ഒരു രാജ്യത്തെത്തന്നെ യേശുവിനെ പിൻപറ്റുന്നവയാക്കാൻ പോകുന്ന വഴിയാണ്.

തുടർമാനമല്ലാത്ത വളർച്ചയ്ക്ക് ആവശ്യമുള്ളത് എന്താണത്യാവശ്യം എന്ന ചിന്തയാണ്. പ്രക്രീയ എന്തു തന്നെയാണെങ്കിലും ആ വലിയ ചോദ്യം ഒന്നു തന്നെയാണ്. വിശ്വസ്തനായ ആ നല്ല മണ്ണ്ആരാണ്. ആര് ദൈവവഴികൾ പഠിക്കുകയും ശീലിക്കുകയും പങ്കുവെയ്ക്കുകയും ചെയ്യും?

നല്ല മണ്ണിനെ മറന്നേയ്ക്ക് ഇങ്ങനെ നല്ല മനസ്സുള്ളവരെ കണ്ടു പിടിക്കുന്നത് നമ്മുടെ പരിശ്രമവും ശക്തിയും ജീവിതവും അർത്ഥവത്താക്കും. ഇവർ മേലാണ് നമ്മുടെ ഹൃദയത്തിലുള്ളവ ചൊരിയുന്നത്. ഇവർക്കുവേണ്ടിയാണ് നമ്മുടെ ജീവൻ ചൊരിയുന്നത്. ഇവരാണ് ദൈവരാജ്യത്തെ നന്നായി വളർത്തുന്നവർ.

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- ഈ വീഡിയോയിൽ നിങ്ങൾ കേട്ട ഏറ്റവും ആവേശകരമായ ആശയം ഏതാണ്? എന്തുകൊണ്ട്?
- ഏറ്റവും വെല്ലുവിളി നിറഞ്ഞ ആശയം എന്താണ്? എന്തുകൊണ്ട്?

## വായിക്കുക

**(5 മിനിറ്റ്)**

**വേഗത**

വർദ്ധിക്കുന്നതിൽ എന്താണ് കാര്യമുള്ളത്. വേഗം വർദ്ധിക്കുന്നതിൽ എന്താണ് കാര്യമുള്ളത്. കൂടുതലായി നമുക്ക് നോക്കാം. ഇന്ന് നമുക്ക് വേഗതയെക്കുറിച്ച് സംസാരിക്കാം.വേഗത സമയത്തെക്കുറിച്ച് പറയുന്നു. എത്ര വേഗത്തിൽ മന്ദഗതിയിൽ കാര്യങ്ങൾ നടക്കുന്നു എന്ന് വേഗതയിൽ കാരണമുണ്ട്. കാരണം നമ്മൾ ജീവിതമെന്ന് വിളിക്കുന്ന ഈ ചുരുങ്ങിയ കാലയളവാണ് കാലത്തെ അതിജീവിക്കുന്ന നമ്മുടെ അസ്തിത്വം നമ്മുടെ നിത്യത തീരുമാനിക്കുന്നത്.

ദൈവവചനം പറയുന്നു. ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നു. ദൈവം പറഞ്ഞു എല്ലാവരെയും സന്ധിക്കാനും അവൻ പറഞ്ഞതെല്ലാം ചെയ്ത് തീർക്കുവാനും നമുക്ക് കുറച്ച് സമയമേ ഉള്ളൂ എന്ന് അവനറിയാം അതിനാൽ അവൻ കൂടുതൽ സമയം നൽകുന്നു.

യേശുവിനെ അനുഗമിക്കുവാൻ അവൻറെ ആളുകളെ നാം ഇനിയുംവേഗം പിന്തുടരണം. സമയമെടുത്ത് ഇത് ചെയ്യാനാകില്ല. നാം നമ്മുടെ വേദന കൂട്ടേണ്ടതുണ്ട്.

ഭൂലോക സഭ യേശുവിൻറെ എല്ലാ അനുയായികളും ഒരുമിച്ച് ഒരിക്കലും ഇല്ലാത്ത രീതിയിൽ ലോകജന സംഖ്യയുടെ ഭൂരിഭാഗം വരുമത് ഇത്രേയും ആളുകളുണ്ടായിട്ടും ലോകജന സംഖ്യ വർദ്ധിക്കുന്ന അളവിൽ ഭൂലോക സഭ വർദ്ധിക്കുന്നില്ല എന്നു പറഞ്ഞാൽ മറ്റൊരിക്കലും ഉണ്ടാകാത്ത വിധത്തിൽ നാം അനേകർ യേശുവിനെ പിന്തുടരുവാനുണ്ടായിട്ടും.

അതിനേക്കാൾ കൂടുതലായി യേശുവിനെ പിൻപറ്റാത്തവർ ഉണ്ട്. അവർ യേശുവിൽ നിന്ന് അകന്ന് തങ്ങളുടെ നിത്യജീവൻ കഴിക്കും. വർദ്ധിക്കുന്ന ശിഷ്യരെ ഉണ്ടാക്കുന്നതിൽകാര്യമുണ്ടോ?

ഒരേ ഒരു ശിഷ്യനിൽ തുടങ്ങാം പതിനെട്ട്  മാസം കൂടുമ്പോൾ പുതു ശിഷ്യനെ ഉണ്ടാക്കാനായാൽ അതായത് ഒരു വർഷവും ആറ് മാസവും അങ്ങനെ ഉണ്ടാകുന്ന ശിഷ്യനും അതാവർത്തിച്ചാൽ പത്ത് വർഷത്തിൽ അറുപത്തി നാല് അനുയായികളുണ്ടാകും. യേശുവിന് ഈ അറുപത്തിനാലു പേരും തങ്ങളുടെ നിത്യജീവൻ സ്നേഹ പിതാവിനോടു കൂടി കഴിക്കും.

അവർ കുറച്ചു കൂടി വേഗത്തിൽ പ്രവർത്തിച്ചാലോ അവരുടെ വേഗത കൂടിയാലോ.

അവർ പതിനെട്ടു മാസത്തിനു പകരം വർഷത്തിൻറെ കാൽസ സമയംകൊണ്ട് അതായത് നാല്മാസംകൊണ്ട് വർദ്ധിച്ചാൽ ആ ശിഷ്യരും അത തന്നെ ചെയ്താൽ പത്തുവർഷത്തിൽ  100കോടി അനുയായികൾ യേശുവിന്. അതിനെപ്പറ്റി ചന്തിക്കൂ. നൂറിൽ താഴെ എന്നതിനു പകരം 100 കോടിയിൽ അധികം വേഗത.

കൂട്ടുന്നതു കൊണ്ട് സാധിക്കാനാകും.

പതിനെട്ട് മാസത്തിൽ നിന്നും നാലുമാസം എന്നു പറയുമ്പോൾ നമ്മൾ നാലര മടങ്ങ് വേഗത്തിലാണ്. ആ വേഗത എല്ലാ ശിഷ്യരും പ്രയോഗിക്കുമ്പോൾ 10 വർഷത്തെ സമയംകൊണ്ട് ദൈവീകകുടുംബം 15 ദശ ലക്ഷം വേഗത്തിൽ വളരും. നൂറിൽ താഴെ എന്നതിൽ നിന്ന് നൂറ് കോടിയിൽ.

അതിലധികമായി വേഗതയിൽകാര്യമുണ്ടോ.

നമ്മുടെ സാക്ഷ്യവും ദൈവഗാഥയും ഒരുവനെ യേശുവിനെ അനുഗമിപ്പിക്കാൻ പ്രേരിപ്പിക്കുന്നതും ദൈവകുടുംബം വളർത്തുന്നതും ആകുന്നു. അതുപോലെ തന്നെ എങ്ങനെയെന്ന് ഒരു പുതിയ ശിഷ്യനോട് പങ്കിട്ടാൽ ദൈവകുടുംബം കാട്ടുതീപോലെ വളരും വളരെ വേഗത്തിൽ അപ്പത്തിന് പുളിപ്പ് എന്ന പോലെ.

സൂമെ പോലെ.

എല്ലാത്തിനും കാരണം വേഗതയാണ്.

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- ചുവടുവയ്ക്കൽ പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്?
- വേഗതയ്ക്കായുള്ള ദൈവത്തിൻ്റെ മുൻഗണനയുമായി കൂടുതൽ നന്നായി പൊരുത്തപ്പെടുന്നതിന് നിങ്ങളുടെ ചിന്തയിലോ പ്രവൃത്തികളിലോ മനോഭാവത്തിലോ എന്താണ് മാറ്റേണ്ടത്?
- ഈ ആഴ്ച മുതൽ നിങ്ങൾക്ക് ഒരു വ്യത്യസ്തയുണ്ടാക്കാൻ കഴിയുന്ന ഒരു കാര്യം എന്താണ്?

## വായിക്കുക

**(5 മിനിറ്റ്)**

**എപ്പോഴും രണ്ട് സഭകളുടെ ഭാഗമാകുക**

യേശുവിൻറെ ഒരു അനുയായിക്ക് എങ്ങനെ 2 സഭകളുടെ അംഗമായി വളർച്ചയെ ത്വരിതപ്പെടുത്തി വിശ്വസ്തമായ ഒരു ആത്മീയ കുടുംബത്തെ പട്ടണം മുഴുവൻ വ്യാപിക്കുന്ന വിശ്വാസികളുടെകൂട്ടായ്മ ഉണ്ടാക്കാമെന്ന് നമുക്ക് നോക്കാം. ദൈവവചനത്തിൽ അവൻറെ തികഞ്ഞ പദ്ധതി പ്രകാരം നാം ആത്മീക കുടുംബാംഗങ്ങളാവണംഎന്ന് പഠിക്കുന്നു. ബൈബിൾ ഈ കുടുംബത്തെ മൂന്നുതരത്തിലുള്ള സഭയായി കാണുന്നു.

- ഭൂലോക സഭ വിശ്വാസികൾ ആയിരുന്നവരുടെയും ആയിരിക്കുന്നവരുടെയും ആകുന്നവരുടേയും കൂട്ടായ്മ.
- പ്രാദേശിക സഭ ഒരു പട്ടണത്തിൽ അല്ലെങ്കിൽ ഒരു ദേശത്തിൻറെ ഒരു ഭാഗത്തുള്ള വിശ്വാസികളുടെ കൂട്ടായ്മ.

- ലളിതസഭ ഒരു വീട്ടിൽ അല്ലെങ്കിൽ ഒരു കെട്ടിടത്തിൽ കൂടുന്ന വിശ്വാസികളുടെ കൂട്ടായ്മ.

ഈ ചെറിയ ഗ്രൂപ്പിനെ അടിസ്ഥാന സഭ എന്നു വിളിക്കാം. ഇങ്ങനെ ഒരുമിച്ചു ജീവിക്കുന്ന ആത്മീയ കുടുംബത്തിന് ഒത്തുകൂടി മാസങ്ങളോ വർഷങ്ങളോ തുടർച്ചയായി ഒരുമിച്ച് പ്രവർത്തിക്കാനായാൽ ആ സഭ നല്ല ഫലം തരും. അതേസമയം യേശു തൻറെ അനുയായികളോട് തുടർച്ചയായി പുതിയ ആത്മീയ കുടുംബങ്ങൾ തുടങ്ങുവാനും അവരെ യേശുവിനെപ്പോലെ വളർത്തുവാനും അവർക്ക് പുതിയ ആത്മീയ കുടുംബങ്ങൾ ഉണ്ടാക്കുവാനും സഹായിക്കുവാനും കല്പിച്ചിരുന്നു.

യേശു പറഞ്ഞു പിതാവിൻറെയും പുത്രൻറെയും പരിശുദ്ധാത്മാവിൻറെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചു കൊണ്ടും സകല ജാതികളെയും ശിഷ്യരാക്കി ക്കൊൾവീൻ. അപ്പോൾ എങ്ങനെ ഈ രണ്ട് കാര്യങ്ങൾ ഒരുമിപ്പിക്കാം.നമുക്ക് ഒരേ സമയത്ത് ഒരു സഭയുടെ ഭാഗമായിരിക്കാനും പുതിയ സഭ ഉണ്ടാക്കുന്നതിന് പങ്കാളിയാവാനും എങ്ങനെ സാധിക്കും.

ഒരുസാധാരണ സഭയെ വിചാരിക്കുക. നാലു കുടുംബങ്ങൾ മാത്രം ഓരോ ജോഡി ചിഹ്നങ്ങളും തങ്ങളുടെ കുടുംബത്തെ നയിക്കുന്ന പല ദമ്പതിമാർ.

എല്ലാ ദമ്പതിമായും ഒരു സഭയുടെ ഭാഗമാണ് - ഇതാണവരുടെആത്മീയ കുടുംബം. അവർ ജീവിക്കുന്നതെങ്ങനെയെന്നോ സ്നേഹത്തിലും സൽപ്രവർത്തിയിലും ജീവിക്കാൻ പ്രോത്സാഹിപ്പിക്കുന്ന സഹോദരങ്ങളോടൊപ്പം. എന്നാൽ ഈ ദമ്പതിമാർ തന്നെ പുതിയ ആത്മീയ കുടുംബങ്ങൾ ഉണ്ടാക്കുവാൻ പ്രവർത്തിക്കുന്നു. അവർ തങ്ങളുടെ ചെറിയ സഭയിൽ പ്രവർത്തിക്കുന്നതു പോലെ അല്ല ഇവിടെ പ്രവർത്തിക്കുന്നത്. ഒരു പുതിയ ആത്മീയ കുടുംബം ആരംഭിച്ച് വളരുവാൻ പാകത്തിന് അവർ മാതൃകയും സഹായകരമായി വർദ്ധിക്കുന്നു.

ഇങ്ങനെ നോക്കാം ഒരു സഭ നാലു പുതിയ സഭകൾ ഒരേസമയം ഉണ്ടാക്കുന്നു. ഈ വേഗത്തിൽ ദൈവത്തിന് തൻറെ കുടുംബം വളർത്തുവാൻ സാധിക്കും. ഇങ്ങനെയാണ് സഭ തൻറെ വേഗത കൂട്ടേണ്ടത്.

ഇതിനുമുമ്പൊരിക്കൽ പരിശീലന വലയത്തെക്കുറിച്ച് പഠിച്ചു. മാതൃകാ സഹായം വീക്ഷണം സ്വതന്ത്ര്യമാക്കൽ. നമുക്ക്ആദ്യ രണ്ട് ഘട്ടങ്ങൾ മാതൃകാ സഹായം എന്നിവ ഗംകഴിയേണ്ടതാണ്.പുതിയ അനുയായികളെ ആരോഗ്യത്തിലും വിശ്വാസത്തിലും വളർത്തുന്നതിന്.

അപ്പോൾ ആദ്യ സഭയ്ക്കും അതു മൂലം ആരംഭിക്കപ്പെട്ട നാലു പുതുസഭയ്ക്കും എന്തു സംഭവിക്കുന്നു. മാതൃകയാലും സഹായത്താലും അവരെ തുടങ്ങാൻ സഹായിച്ച ശേഷം ഈ പ്രേരിപ്പിക്കപ്പെട്ട ആദ്യ തലമുറയാം സഭകൾ രണ്ടാം തലമുറയ്ക്ക് മാതൃകയാകുന്നു. ആദ്യ തലമുറയിലെ ഈ നാലു സഭകളെ ആദ്യസഭ ഇപ്പോൾ വീക്ഷിക്കുന്ന നിലയിലാണ്. ആ സഭയുടെ വളർച്ചയിൽ ശ്രദ്ധിച്ച് രണ്ടാം തലമുറയ്ക്ക് മാതൃകയാവാനും സഹായിക്കുവാനും പഠിപ്പിക്കും. അങ്ങനെ അവരും അടുത്ത തലമുറയ്ക്കായി ഒരുങ്ങുന്നു.

ഒരേസമയം ഒന്നിൽ കൂടുതൽ സഭയെ സഹായിക്കുവാനും മാതൃകയാക്കുവാനും അനേകർക്ക് സാധിക്കില്ല. പക്ഷെ അവർക്ക് അനേക സഭകളെ വീക്ഷിക്കാം പഠിപ്പിക്കാം വളരുമ്പോൾ സൂക്ഷ്മോപദേശകരുമായി ബന്ധിപ്പിക്കാം.

അതിനർത്ഥം ഒരേ ഒരു ആത്മീയ കുടുംബത്തിന് ചെറിയ സഭയ്ക്ക് അതേ പോലെയുള്ള അനേക ചെറു സഭകളുടെ സ്ഥാപനത്തിൽ ഒരേ സമയം ഭാഗമാകാൻ കഴിയും. അതൊരു വലിയ കാര്യമാണ്. അപ്പോൾ ഈ സഭകളെല്ലാം പുതിയ സഭകളുണ്ടാക്കി അവർ വീണ്ടും പുതിയ സഭകളുണ്ടാക്കി അവർ വീണ്ടും പുതിയ സഭകളുണ്ടാക്കുമ്പോൾ എന്തു സംഭവിക്കും. അവരെങ്ങനെ പരസ്പരം സന്ധിക്കും അവർ എങ്ങനെ വലിയ ആത്മീയ കുടുംബമായി ജീവിക്കും.

ചെറുതായിട്ടുള്ള ഈ സഭകളെല്ലാം തന്നെ നമ്മുടെ വളരുന്ന ശരീരത്തിലെ കോശങ്ങൾ പോലെയാണ്. അവ ഒന്നിക്കപ്പെട്ട് പ്രാദേശികസഭയുടെ ഭാഗങ്ങളായിത്തീരും. സഭകൾ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. അവ ഒരേ ആത്മീയ ഡി.എൻ.എ. പങ്കിടുന്നു. ആദ്യത്തെ വളരുന്ന കുടുംബവുമായി അവകളെല്ലാം ബന്ധിക്കപ്പെട്ടിരിക്കുന്നു.

ഇപ്പോൾ ചില നിർദ്ദേശങ്ങളോടെ പല കാര്യങ്ങൾ ചെയ്യാനായി ഒരു വലിയ ശരീരം പോലെ അവർ ഒരുമിക്കുന്നു.

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

ഒരു കുടുംബം തുടർച്ചയായി വളർത്തിയെടുക്കുകയും വളരുന്നതിനായി അതിനെ പിളർത്തുന്നതിനു പകരം, വളരുകയും പെരുകുകയും ചെയ്യാനാകുന്ന പുതിയവയ്ക്ക് ജന്മം നൽകുന്ന ഒരു സ്ഥിരമായ ആത്മീയ കുടുംബം നിലനിർത്തുക. ഇതിൻ്റെ നേട്ടങ്ങൾ എന്തൊക്കെയാണ്?

---

## വായിക്കുക

**(5 മിനിറ്റ്)**

**കോച്ചിംഗ് ചെക്ക്‌ലിസ്റ്റ്**

യേശു പറഞ്ഞു സ്നേഹിതന്മാർക്കു വേണ്ടി ജീവൻ കൊടുക്കുന്നതിലും അധികം സ്നേഹം ആർക്കുമില്ല. യേശു പലതവണ പറയുകയും കാണിച്ചു തരികയും ചെയ്തിട്ടുണ്ട്. നമ്മൾ ഉപേക്ഷിക്കുമ്പോഴാണ് ദൈവത്തിൻറെ കുടുംബം നന്നായി വളരുക എന്ന്.

പരിശീലന വലയം 100 പേരുടെ ലിസ്റ്റ് പോലുള്ള മാർഗ്ഗങ്ങൾ സഹായിയായി നിൽക്കുമ്പോൾ നിങ്ങൾക്ക് പ്രയോജനപ്പെടുന്ന ഒരു ലളിത മാർഗ്ഗമാണ് പരിശീലന മാർഗ്ഗരേഖ.

മറ്റുള്ളവരിൽ നിങ്ങൾഎന്തൊക്കെ കഴിവുകൾ കാണുന്നുവോ ഏതൊക്കെ കഴിവുകൾ ഇനിയും വളരേണ്ടതുണ്ട്.

പോകുന്നിടത്തെല്ലാം പരിശീലന മാർഗ്ഗരേഖ കരുതുമ്പോൾ അനുയായികളെ ദൈവ സമൂഹത്തിലെ നേതാക്കന്മാരായി വളർത്തുന്നതിന് ശ്രദ്ധയും കൃത്യതയും ലഭിക്കും അതിനായി നമുക്ക്.

അതെ ദീർഘ പ്രയാണം ആവശ്യമാണ്. അതായത് നമ്മൾ നമ്മുടെ ആഗ്രഹങ്ങളെ ദൈവപദ്ധതിയ്ക്കായി പേക്ഷിക്കേണ്ടിയിരിക്കുന്നു. തീർച്ചയായും എല്ലാത്തിനും ഉപരി അതിന് അതിൻറെ വിലയുണ്ട്.

ദൈവവേലയെന്ന ജീവിതത്തിലെ വലിയ പ്രവർത്തനത്തെ സഹായിക്കുക. സൂമെ ടൂൾ കിറ്റിലെ മറ്റൊരു മാർഗ്ഗമാണ് പരിശീലന മാർഗ്ഗ രേഖ.

---

## പ്രവർത്തനം

**(20 മിനിറ്റ്)**

**കോച്ചിംഗ് ചെക്ക്‌ലിസ്റ്റ്**

- ലൈൻ 1 ഉപയോഗിച്ച് സ്വയം വിലയിരുത്തുകയും കോച്ചിംഗ് ചെക്ക്‌ലിസ്റ്റിൽ അനുബന്ധ കോളങ്ങൾ അടയാളപ്പെടുത്തുകയും ചെയ്യുക.

## സ്വയം വിലയിരുത്തൽ

**കേട്ടു** - ഈ ഉപകരണത്തെക്കുറിച്ചോ ആശയത്തെക്കുറിച്ചോ ഞാൻ കേട്ടിട്ടുണ്ടോ?

**അനുസരിച്ചു** - ഞാൻ ഈ ഉപകരണം അല്ലെങ്കിൽ ആശയം അനുസരിച്ചിട്ടുണ്ടോ? ഒരു ഉപകരണമാണെങ്കിൽ, ഞാൻ അത് സ്വന്തമായി പരിശീലിച്ചിട്ടുണ്ടോ? ഒരു ആശയമാണെങ്കിൽ, അത് നിങ്ങളുടെ കാഴ്ചപ്പാടിനെ എങ്ങനെ മാറ്റുന്നു എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

**പങ്കിട്ടു -** ഞാൻ ഈ ഉപകരണം അല്ലെങ്കിൽ ആശയം പങ്കു വച്ചിട്ടുണ്ടോ? ഒരു ടൂൾ ആണെങ്കിൽ, ഈ ടൂൾ എങ്ങനെ ഉപയോഗിക്കണമെന്ന് നിങ്ങൾ ആരെയെങ്കിലും കാണിച്ചിട്ടുണ്ടോ? ഒരു ആശയമാണെങ്കിൽ, ഈ ആശയം നിങ്ങൾ ആരുമായെങ്കിലും പങ്കുവച്ചിട്ടുണ്ടോ?
**പരിശീലനം നേടി -** ഈ ഉപകരണം അല്ലെങ്കിൽ ആശയം പങ്കിടാൻ ഞാൻ മറ്റുള്ളവരെ പരിശീലിപ്പിച്ചിട്ടുണ്ടോ? ഒരു ഉപകരണമാണെങ്കിൽ, ആ ഉപകരണം മറ്റൊരാളുമായി പങ്കിടാൻ ഞാൻ ആരെയെങ്കിലും പരിശീലിപ്പിച്ചിട്ടുണ്ടോ? ഒരു ആശയമാണെങ്കിൽ, മറ്റൊരാളുമായി ആശയം പങ്കിടാൻ ഞാൻ ആരെയെങ്കിലും പരിശീലിപ്പിച്ചിട്ടുണ്ടോ?

## മാർഗ്ഗദർശനം നൽകുന്നവരുടെ വികസന നില

**അറിയില്ല -** ഉപദേഷ്ടാവ് ഉപകരണം അറിയാതെയോ അപരിചിതമായോ അല്ലെങ്കിൽ തെറ്റിദ്ധരിക്കുകയോ ചെയ്യുന്നുണ്ടോ?
**അവിദഗ്ധ -** ഉപദേഷ്ടാവിന് കുറച്ച് പരിചിതമാണെങ്കിലും ഉപകരണത്തെക്കുറിച്ച് ഇപ്പോഴും ഉറപ്പില്ലേ?
**യോഗ്യതയുള്ള -** ഉപദേഷ്ടാവ് ഉപകരണം മനസ്സിലാക്കുകയും ഉപകരണത്തിൻ്റെ അടിസ്ഥാനകാര്യങ്ങൾ പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ടോ?
**വൈദഗ്ധ്യം -** ഉപദേഷ്ടാവിന് ആത്മവിശ്വാസവും ടൂളിനെ ഫലപ്രദമായി പരിശീലിപ്പിക്കാൻ കഴിയുമെന്നും തോന്നുന്നുണ്ടോ?

## ഉപദേഷ്ടാവിൻ്റെ റോൾ

**മാതൃക - (പുതിയ വിവരങ്ങൾ പരിശീലിപ്പിക്കുകയും ധാരണ ഉറപ്പാക്കുകയും ചെയ്യുക)** മോഡലിംഗ് ഒരു പരിശീലനത്തിൻ്റെയോ ഉപകരണത്തിൻ്റെയോ ഒരു ഉദാഹരണം നൽകുന്നു. പരിശീലന ചക്രത്തിൻ്റെ ഏറ്റവും ചെറിയ ഭാഗമാണിത്. ഇത് സാധാരണയായി ഒരു തവണ മാത്രമേ ചെയ്യാവൂ. ഇത് കേവലം ഒരു പ്രാക്ടീസ് അല്ലെങ്കിൽ ഒരു ഉപകരണം നിലവിലുണ്ട് എന്ന അവബോധം സൃഷ്ടിക്കുകയും അത് എങ്ങനെയുണ്ടെന്ന് ഒരു പൊതു ആശയം നൽകുകയും ചെയ്യുന്നു. ആവർത്തിച്ച് മോഡലിംഗ് ഒരാളെ സജ്ജരാക്കുന്നതിനുള്ള ഫലപ്രദമായ മാർഗമല്ല.
**പിന്തുണയ്ക്കുക - (അവർക്ക് അടിസ്ഥാനകാര്യങ്ങൾ ലഭിക്കുന്നത് വരെ നിർത്തി അവരോടൊപ്പം നിൽക്കുക)** അസിസ്റ്റിംഗ് എന്നത് പഠിതാവിനെ വൈദഗ്ധ്യം പരിശീലിക്കാൻ അനുവദിക്കുന്നു. ഇത് മോഡലിംഗ് ഘട്ടത്തേക്കാൾ കൂടുതൽ സമയമെടുക്കും. അതിന് ഉപദേഷ്ടാവ് "ഒരു കൈ സഹായം നൽകേണ്ട" ആവശ്യമുണ്ട്. ഉപദേഷ്ടാവ് നിർദ്ദേശം നൽകുകയും പഠിതാവിനെ പരിശീലിപ്പിക്കുന്നതിൽ സജീവ പങ്ക് വഹിക്കുകയും വേണം. ഈ ഘട്ടം വൈദഗ്ധ്യത്തിൻ്റെ അടിസ്ഥാനകാര്യങ്ങൾ മനസ്സിലാക്കുന്നതുവരെ തുടരണം. ഈ ഘട്ടം ഏറെക്കാലം തുടരുകയാണെങ്കിൽ, പഠിതാവ് ഉപദേഷ്ടാവിനെ ആശ്രയിക്കുകയും പൂർണ്ണമായ കഴിവിലേക്ക് അയാൾ ഒരിക്കലും എത്തുകയുമില്ല.
**കാണുക- (സ്ഥിരമായി കഴിവുള്ളവരാകുന്നതുവരെ ഇടപഴകുക)** കാണുന്നത് ഏറ്റവും ദൈർഘ്യമേറിയ ഘട്ടമാണ്. ഇത് പഠിതാവുമായി കൂടുതൽ പരോക്ഷ സമ്പർക്കം ഉൾക്കൊള്ളുന്നു. ഒരു നൈപുണ്യത്തിൻ്റെ എല്ലാ വശങ്ങളിലും പൂർണ്ണമായ കഴിവ് വികസിപ്പിക്കാൻ ഇത് സഹായിക്കുന്നു. ആദ്യ രണ്ട് ഘട്ടങ്ങൾ കൂടിച്ചേർന്നതിൻ്റെ പത്തിരട്ടിയോ അതിലധികമോ ദൈർഘ്യമുണ്ടാകാം. പഠിതാവ് നൈപുണ്യത്തിൽ പുരോഗമിക്കുമ്പോൾ, ഉപദേഷ്ടാവുമായുള്ള സമ്പർക്കം ക്രമം കുറയുകയും കൂടുതൽ അനൗപചാരികമാകുകയും ചെയ്യും.
**വിടുക - (സഹപ്രവർത്തകരായി അവരുമായി ബന്ധപ്പെടുക)** ഈ പഠനത്തിൽ പഠിതാവ് ഉപദേഷ്ടാവിനൊപ്പമാകുന്നത് തന്നെ ഒരു ബിരുദം നേടുന്നതിന് തുല്യമാണ്. പഠിതാവും ഉപദേശകനും ഒരേ ശൃംഖലയിലാണെങ്കിൽ ആനുകാലിക സമ്പർക്കവും പ്രേത്സാഹനവും തുടർന്നുകൊണ്ടേയിരിക്കും. സൈക്കിൾ ഓടിക്കാൻ ഒരു രക്ഷിതാവ് കുട്ടിയെ വിട്ടയക്കുന്നത് ശ്രദ്ധിച്ചിട്ടില്ലേ?പൂർണ്ണമായും മേൽനോട്ടമില്ലാത്ത ആ സമയമാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്ന ലീവ് ഘട്ടം.

# കോച്ചിംഗ് ചെക്ക്‌ലിസ്റ്റ്

| | | | | |
|---|---|---|---|---|
| *സ്വയം വിലയിരുത്തൽ …* | 1 | **കേട്ടു** | **അനുസരിച്ചു** | |
| *മാർഗ്ഗദർശനം നൽകുന്നവരുടെ വികസന നില …* | 2 | അറിയില്ല | അവിദഗ്ധ | ദേ |
| *ഉപദേഷ്ടാവിൻ്റെ റോൾ …* | 3 | **മാതൃക** പുതിയ വിവരങ്ങൾ പരിശീലിപ്പിക്കുകയും ധാരണ ഉറപ്പാക്കുകയും ചെയ്യുക | **പിന്തുണയ്ക്കുക** അവർക്ക് അടിസ്ഥാനകാര്യങ്ങൾ ലഭിക്കുന്നത് വരെ നിർത്തി അവരോടൊപ്പം നിൽക്കുക | കഴിവുള്ള |
| *മാർഗ്ഗദർശനം നൽകുന്നവരുടെ പെരുമാറ്റം …* | 4 | നേരിട്ട് അറിയിക്കുക | നേരിട്ടുള്ള പിന്തുണയും | പിന്ത പ്രോത |
| *ആസൂത്രണ ഉത്തരവാദിത്തങ്ങൾ …* | 5 | ഉപദേഷ്ടാവ് തീരുമാനിക്കുന്നു | ചർച്ച ചെയ്ത് മാർഗ്ഗദർശനം നൽകുന്നവർ തീരുമാനിക്കുന്നു | മാർഗ്ഗദർ തീ |
| **പരിശീലന ഉപകരണങ്ങൾ/ സങ്കല്പങ്ങൾ** | | | | |
| ദൈവം സാധാരണക്കാരെ ഉപയോഗിക്കുന്നു | | | | |
| ശിഷ്യന്റെയും ചുർച്ചയുടെയും ലളിതമായ നിർവചനം | | | | |
| ആത്മീയ ശ്വസനം ദൈവത്തെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക എന്നതാണ് | | | | |
| S.O.A.P.S. ബൈബിൾ പഠനം | | | | |
| ഉത്തരവാദിത്ത ഗ്രൂപ്പുകൾ | | | | |
| ഉപഭോക്താവ് vs നിർമ്മാതാവിന്റെ ജീവിതശൈലി | | | | |

| | | | | |
|---|---|---|---|---|
| പ്രാർത്ഥനയിൽ ഒരു മണിക്കൂർ എങ്ങനെ ചെലവഴിക്കാം | | | | |
| ബന്ധങ്ങളുടെ കാര്യസ്ഥൻ - 100 പേരുടെ പട്ടിക | | | | |
| ആത്മീയ സമ്പദ്‌വ്യവസ്ഥ | | | | |
| സുവിശേഷവും അത് എങ്ങനെ പങ്കിടാം എന്നതും | | | | |
| സ്നാനവും അത് എങ്ങനെ ചെയ്യണം എന്നതും | | | | |
| നിങ്ങളുടെ 3-മിനിറ്റ് സാക്ഷ്യം തയ്യാറാക്കുക | | | | |
| ഏറ്റവും വലിയ അനുഗ്രഹം നൽകൽ ദർശനം | | | | |

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- ഏത് ഉപകരണങ്ങളും ആശയങ്ങളും നിങ്ങൾക്ക് നന്നായി പരിശീലിപ്പിക്കാൻ കഴിയുമെന്ന് നിങ്ങൾക്ക് തോന്നുന്നു?
- ഏത് ഉപകരണങ്ങളും ആശയങ്ങളും നന്നായി പരിശീലിപ്പിക്കാൻ നിങ്ങൾ ബുദ്ധിമുട്ടുമെന്ന് നിങ്ങൾക്ക് തോന്നുന്നു?
- ചെക്ക്‌ലിസ്റ്റിൽ നിന്ന് നിങ്ങൾ ചേർക്കുന്നതോ കുറയ്ക്കുന്നതോ ആയ എന്തെങ്കിലും ഉപകരണങ്ങളോ ആശയങ്ങളോ ഉണ്ടോ? എന്തുകൊണ്ട്?

**ഓർമ്മിക്കുക - നിങ്ങളുടെ കോച്ചിംഗ് ചെക്ക്‌ലിസ്റ്റ് ഫലങ്ങൾ ഒരു പരിശീലന പങ്കാളിയുമായോ മറ്റ് ഉപദേഷ്ടാവുമായോ പങ്കിടുന്നുവെന്നത് ഉറപ്പാക്കുക.**

നിങ്ങൾക്ക് ഒരു പരിശീലകനോ ഉപദേശകനോ ഇല്ലെങ്കിൽ, QR കോഡ് സ്കാൻ ചെയ്ത് ഇപ്പോൾ ഒരാൾക്ക് വേണ്ടി അഭ്യർത്ഥിക്കുക.

---

**നാല് ഫീൽഡുകളും ജനറേഷനൽ മാപ്പിംഗും വളർന്നുവരുന്ന ചലന ശ്രമങ്ങൾക്കായി രൂപകൽപ്പന ചെയ്ത ഉപകരണങ്ങളാണ്.**

ഓർമ്മപ്പെടുത്തൽ: പ്രാദേശിക തലത്തിൽ ഈ ടൂളുകൾ പ്രയോഗിക്കാൻ നിങ്ങളെ സഹായിക്കുന്നതിന് Zúme കോച്ചുകൾ ലഭ്യമാണ്.

---

**നാല് ഫീൽഡുകൾ**

ജോലി എങ്ങനെ നടക്കുന്നു എന്ന് അവലോകനം ചെയ്യാൻ യേശു പലപ്പോഴും ശിഷ്യന്മാരെ ശുശ്രൂഷയിൽ നിന്ന് മാറ്റി ശാന്തമായ സ്ഥലങ്ങളിലേക്ക് കൂട്ടിക്കൊണ്ടു പോയി.

നാല് ഫീൽഡുകൾ ഒരു നേതൃത്വ സെൽ ഉപയോഗിക്കുന്നത് നിലവിലെ ശ്രമങ്ങളെയും ചുറ്റുമുള്ള രാജ്യ പ്രവർത്തനങ്ങളെയും കുറിച്ച് പ്രതിഫലിപ്പിക്കാൻ ഉപയോഗിക്കുന്നു. ഒരു മേഖലയും അവഗണിക്കപ്പെടാതിരിക്കാൻ, ശ്രമങ്ങൾ സന്തുലിതമാക്കാൻ ഇത് നേതാക്കളെ സഹായിക്കുന്നു.

അടുത്ത രണ്ട് സ്ലൈഡുകൾ അവലോകനം ചെയ്യുക: ഫീൽഡ് വിവരണങ്ങളും നാല് ഫീൽഡുകളുടെ ഉദാഹരണവും

---

**ഫീൽഡ് വിവരണങ്ങൾ**

- ശൂന്യമായ ഫീൽഡ്: എവിടെ അല്ലെങ്കിൽ ആരുമായി [ഏത് ആളുകളുടെ ഗ്രൂപ്പുകൾ] രാജ്യം നീട്ടാൻ നിങ്ങൾ പദ്ധതിയിടുന്നു?
- സീഡിംഗ് ഫീൽഡ്: നിങ്ങൾ എവിടെയാണ് അല്ലെങ്കിൽ ആരുമായി രാജ്യത്തിൻ്റെ സുവാർത്ത പങ്കിടുന്നു? നിങ്ങൾ അത് എങ്ങനെ ചെയ്യുന്നു?

- വളരുന്ന ഫീൽഡ്: നിങ്ങൾ എങ്ങനെയാണ് ആളുകളെ സജ്ജരാക്കുകയും അവരെ ആത്മീയമായും വ്യക്തിഗതമായും അവരുടെ സ്വാഭാവിക ശൃംഖലകളിലും വളർത്തുകയും ചെയ്യുന്നത്?
- വിളവെടുപ്പ് വയൽ: പുതിയ ആത്മീയ കുടുംബങ്ങൾ [ലളിതമായ പള്ളികൾ] രൂപീകരിക്കപ്പെടുന്നത് എങ്ങനെ?
- വളരുന്ന മേഖല: നിങ്ങൾ ആരുമായി, എങ്ങനെ, എപ്പോൾ വിശ്വസ്തരായ ആളുകൾക്കായി ഫിൽട്ടർ ചെയ്യുകയും അവരെ സജ്ജരാക്കുകയും വീണ്ടും ജനനത്തിനായി അവരെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു?

**നാല് ഫീൽഡ് ഉദാഹരണം**




പ്രവർത്തന ഉറവിടം

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

- നിങ്ങൾക്ക് ചുറ്റുമുള്ള ഒരു ശൂന്യമായ ഫീൽഡ് തിരിച്ചറിയുക. സുവിശേഷ പ്രവർത്തനങ്ങളില്ലാത്ത കമ്മ്യൂണിറ്റികളോ ആളുകളുടെ ഗ്രൂപ്പുകളോ നിങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ടോ?
- ഫീൽഡുകളിലൊന്ന് അവഗണിക്കപ്പെട്ടാൽ ദീർഘകാല വളർച്ചയെ എങ്ങനെ ബാധിക്കും? ഉദാഹരണങ്ങൾ നൽകുക.
- ഏതൊക്കെ Zúme ടൂളുകൾ ഏത് മേഖലയിൽ സഹായിക്കും?


**ജനറേഷൻ മാപ്പിംഗ്**

ജനറേഷനൽ മാപ്പിംഗ് ( ജെൻ മാപ്പിംഗ്) ഒരു പ്രസ്ഥാനത്തിലെ നേതാക്കളെ അവരുടെ ചുറ്റുമുള്ള വളർച്ച മനസ്സിലാക്കാൻ സഹായിക്കുന്ന മറ്റൊരു ലളിതമായ ഉപകരണമാണ്.

ഒരു ജനറേഷൻ ട്രീ മാപ്പ് ഒരു കടലാസിലോ ഒന്നിലധികം പേപ്പറിലോ വരയ്ക്കാം. ഗുണനത്തിൽ എവിടെ സ്റ്റോപ്പുകൾ ഉണ്ടെന്ന് കാണിക്കാൻ ഈ മാപ്പ് സഹായിക്കുന്നു, പരിശീലനം ആവശ്യമായി വന്നേക്കാം. പ്രസ്ഥാനത്തിൻ്റെ ആരോഗ്യം നേതാക്കളുടെ പ്രധാന ആശങ്കയാണ്, ആരോഗ്യം അളക്കുന്നതിനുള്ള ഒരു പ്രധാന മാർഗമാണ് ഫലഭൂയിഷ്ഠത.

അടുത്ത സ്ലൈഡിലെ ഉദാഹരണം കാണുക.

**ജനറേഷൻ മാപ്പിംഗ് ഉദാഹരണം**




പ്രവർത്തന ഉറവിടം

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

ഇനിപ്പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യാൻ ജനറേഷൻ മാപ്പിംഗ് ഉദാഹരണം ഉപയോഗിക്കുക:

- ഏത് നേതാക്കളാണ് വർദ്ധന കാണുന്നത്?
- ഏത് ഗ്രൂപ്പുകളാണ് അടുത്തതായി വർദ്ധിപ്പിക്കാൻ നിങ്ങൾ പ്രതീക്ഷിക്കുന്നത്?
- ഏതെല്ലാം നേതാക്കൾക്ക് മറ്റ് നേതാക്കളെ സഹായിക്കാനും ശക്തിപ്പെടുത്താനും കഴിയും?
- ഏതെങ്കിലും തലമുറയിൽ ദുർബലമായ ഉത്തരവാദിത്തത്തിൻ്റെ മാതൃക നിങ്ങൾ കാണുന്നുണ്ടോ?

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ കേട്ട ആശയങ്ങൾ:**

- അനുഗാമി രഹിത വളർച്ച
- ഗുണനത്തിന്റെ വേഗത പ്രധാനമാണ്
- എപ്പോഴും രണ്ട് സഭകളുടെ ഭാഗമാകുക

**ഈ സെഷനിൽ കേട്ട ഉപകരണങ്ങൾ:**

- കോച്ചിംഗ് ചെക്ക്ലിസ്റ്റ്
- നാല് ഫീൽഡുകൾ
- ജനറേഷൻ മാപ്പിംഗ്

---

**അടുത്ത പടി**

## അനുസരിക്കുക

പേസ് എന്ന ആശയം ഒരു സുഹൃത്തുമായി പങ്കിടാൻ പരിശീലിക്കുക, നിങ്ങളുടെ ഹൃദയത്തിലും ആത്മാവിലും അത് ആഴത്തിൽ വേരൂന്നിയ കർത്താവിനായി പ്രാർത്ഥിക്കുക. ആരുമായാണ് നിങ്ങൾ അത് പങ്കിടാൻ ആഗ്രഹിക്കുന്നതെന്ന് കർത്താവിനോട് ചോദിക്കുക.

## ഷെയർ ചെയ്യുക

നിങ്ങളുടേതായ ലളിതമായ പള്ളി നിങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ടെങ്കിൽ, "എപ്പോഴും രണ്ട് പള്ളികളുടെ ഭാഗം" എന്ന ആശയം അതിലെ ആളുകളുമായി പങ്കിടുക. ഇല്ലെങ്കിൽ, നിങ്ങൾക്കറിയാവുന്ന മറ്റൊരു വിശ്വാസിയുമായി ഇത് പങ്കിടുക.

# സെഷൻ 10

**ചെക്ക് - ഇൻ ചെയ്യുക**

**(1** **മിനിറ്റ്)**

എല്ലാ പങ്കാളികളും സഹായികളും ചെക്ക്-ഇൻ ചെയ്യുക.

അല്ലെങ്കിൽ zume.training/checkin ചെയ്ത് കോഡ് ഉപയോഗിക്കുക: **5430**

## പ്രാർത്ഥിക്കുക

**(5 മിനിറ്റ്)**

നമ്മിൽ അവൻ്റെ നല്ല പ്രവൃത്തി പൂർത്തിയാക്കാൻ അവൻ വിശ്വസ്തനാണെന്ന് പ്രാർത്ഥിക്കുകയും ദൈവത്തിന് നന്ദി പറയുകയും ചെയ്യുക.

നിങ്ങളിലൂടെ അവൻ ചെയ്യാൻ ആഗ്രഹിക്കുന്ന മഹത്തായ കാര്യങ്ങൾക്കായി നിങ്ങളുടെ ഗ്രൂപ്പിന് വ്യക്തമായ തലയും തുറന്ന ഹൃദയവും നൽകാൻ അവനോട് ആവശ്യപ്പെടുക.

നിങ്ങളുടെ സമയം ഒരുമിച്ച് നയിക്കാൻ പരിശുദ്ധാത്മാവിനോട് ആവശ്യപ്പെടുകയും അവൻ്റെ വിശ്വസ്തതയ്ക്ക് നന്ദി പറയുകയും ചെയ്യുക. അവൻ നിങ്ങളെ കടന്നുപിടിച്ചിരിക്കുന്നു!

## തിരിഞ്ഞു നോക്കുക

**(5 മിനിറ്റ്)**

ആരംഭിക്കുന്നതിന് മുമ്പ്, തിരിഞ്ഞു നോക്കാൻ കുറച്ച് സമയമെടുക്കുക.

അവസാന സെഷൻ്റെ അവസാനം, നിങ്ങൾ പഠിച്ച കാര്യങ്ങൾ പരിശീലിക്കാൻ നിങ്ങളുടെ ഗ്രൂപ്പിലെ എല്ലാവരോടും നിർദ്ദേശിക്കുക. ഇതൊരു വെല്ലുവിളിയായും നടത്താം.

ഈ ആഴ്ച നിങ്ങളുടെ ഗ്രൂപ്പ് എങ്ങനെ ചെയ്തുവെന്ന് കാണാൻ കുറച്ച് നിമിഷങ്ങൾ എടുക്കുക.

**പ്രോത്സാഹിപ്പിക്കുക...**

നിങ്ങൾക്കത് അറിയില്ലായിരിക്കാം, എന്നാൽ ലോകമെമ്പാടുമുള്ള അനേകം പാസ്റ്റർമാരെയും മിഷനറിമാരെയും അപേക്ഷിച്ച് ലളിതമായ പള്ളികൾ ആരംഭിക്കുന്നതിനും ശിഷ്യരെ വർദ്ധിപ്പിക്കുന്നതിനും നിങ്ങൾക്ക് ഇപ്പോൾ കൂടുതൽ പ്രായോഗിക പരിശീലനം ഉണ്ട്!

എന്നിട്ടും Zúme പരിശീലനം ഒരു തുടക്കം മാത്രമാണ്! ഈ സെഷനിൽ, പരിശീലനത്തിന് ശേഷമുള്ള കാര്യങ്ങളെക്കുറിച്ച് ഞങ്ങൾ ഒരു പ്ലാൻ തയ്യാറാക്കുകയും നിങ്ങൾ പഠിച്ച കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ നിങ്ങളുടെ യാത്രയിൽ പിന്നീട് ആവശ്യമായ ടൂളുകൾ ഹ്രസ്വമായി അവതരിപ്പിക്കുകയും ചെയ്യും.

## അവലോകനം

**(1 മിനിറ്റ്)**

**ഈ സെഷനിൽ, ഞങ്ങൾ ഈ ആശയം കേൾക്കുകയും ചർച്ച ചെയ്യുകയും ചെയ്യും:**

- നെറ്റ്‌വർക്കുകളിലെ നേതൃത്വം

**ടൂൾകിറ്റിലേക്ക് ഈ ഉപകരണങ്ങൾ ചേർക്കുന്നു:**

- പിയർ മെന്ററിംഗ് ഗ്രൂപ്പുകൾ
- മൂന്ന് മാസ പദ്ധതി

---

## വായിക്കുക

**(5 മിനിറ്റ്)**

**നെറ്റ്‌വർക്കുകളിലെ നേതൃത്വം**

ഇപ്രാവശ്യം വളരുന്ന ശൃംഖല വരുന്ന ചെറിയ സഭകളെ ഒരുമിച്ച് പ്രവർത്തിപ്പിക്കുന്നത് എങ്ങനെ പുതിയ നേതാക്കളെ സൃഷ്ടിക്കുന്നു എന്നും ദൈവം തൻറെ ജനങ്ങൾക്ക് പദ്ധതി ഇട്ടിരിക്കുന്ന നല്ല കാര്യങ്ങൾ എങ്ങനെ ചെയ്യുന്നു എന്നും നോക്കാം.

സഭകൾക്ക് അവ വേറെ സഭകളെ വളർത്തി ആ സഭകളോ വീണ്ടും സഭകളെ വളർത്തി ആ സഭകൾ വീണ്ടും സഭകളെ വളർത്തുമ്പോൾ എന്തു സംഭവിക്കുന്നു. അവർക്ക് പരസ്പരം എങ്ങനെ ബന്ധിക്കാം അവർക്ക് ആത്മീയ കുടുംബമായി എങ്ങനെ ജീവിക്കാൻ സാധിക്കും.

ചെറുതായിട്ടുള്ള നമ്മുടെ സഭകളെല്ലാം തന്നെ നമ്മുടെ വളരുന്ന ശരീരത്തിലെ കോശങ്ങൾ പോലെയാണ്. അവ ഒന്നിക്കപ്പെട്ട് പ്രാദേശിക സഭയുടെ ശാഖകളായി തീരുന്നു.

സഭകൾക്ക് പരസ്പര ബന്ധമുണ്ട്. .അവയെല്ലാം ഒരേ ആത്മീയ ഡി.എൻ.എ.പങ്കിടുന്നു. അവയെല്ലാം ആദ്യത്തെ വളരുന്ന കുടുംബവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ചില നിർദ്ദേശങ്ങളോടെ പല കാര്യങ്ങൾ ചെയ്യാനായി അവർ ഒരു വലിയ ശരീരം പോലെ ഒന്നിക്കുന്നു. പട്ടണം അല്ലെങ്കിൽ പ്രാദേശിക നിലകളിൽ വിശ്വാസികളുടെ വളർന്നു വരുന്ന കൂട്ടത്തിന് പുതിയ നേതാക്കൻമാർ സേവനം ചെയ്തു വരുന്നു എന്ന് ദൈവവചനം കാണിച്ചു തരുന്നു.

പുതിയ നിയമത്തിൽ ഈ സേവകരെ സഭ വിളിക്കുന്നത് മുതിർന്നവർ, ഡീക്കന്മാർ, ഇടയന്മാർ, ആട്ടിൻപറ്റത്തെ നോക്കുന്നവർ എന്നാണ്. ദൈവ വചനത്തിൽ നാം പഠിക്കുന്നു  യെറുശലേം പട്ടണത്തിലുള്ള ചെറിയ സഭകളുടെ കൂട്ടത്തെ ശുശ്രൂഷിച്ചിരുന്നത് 7 ശുശ്രൂഷകരുടെ ഡീക്കന്മാരുടെ സംഘമായിരുന്നു.

എഫേസോസ് നഗരത്തിലെ സഭകളുടെ കൂട്ടത്തിന് സേവനം ചെയ്തിരുന്നത് മുതിർന്നവരുടെ ഒരു ചെറിയ സംഘമായിരുന്നു. അവർ നല്ല ഇടയനായ യേശുവിനെ അനുകരിച്ച് തങ്ങളുടെ ആളുകൾക്കായി ജീവൻ കളയാൻ തയ്യാറുള്ളവരായിരുന്നു.

നഗരത്തിൽ അഥവാ പ്രദേശത്ത് 5 നേതൃത്വ വരങ്ങൾ നൽകപ്പെട്ടതായി കാണാം. ദൈവവചനം പറയുന്നു ക്രിസ്തു ചിലരെ അപ്പോസ്തോലന്മാരായും പ്രവാചകന്മാരായും സുവിശേഷകന്മാരായും ഇടയന്മാരായും ഉപദേഷ്ടകന്മാരായും നിയമിച്ചിരിക്കുന്നു. ക്രിസ്തുവിൻറെ സഭ പണിതുയർത്തുവാനാണിത്.

ഈ ആത്മീയ വരങ്ങൾ നല്കപ്പെട്ടത് ചെറിയ ഒരു സംഘം സഭയുടെ എല്ലാ വേലയും ചെയ്യാമെന്നതിനാലല്ല. മറിച്ച് അവർ അനുയായികൾക്ക് ശുശ്രൂഷചെയ്ത് അവരെ ദൈവവേലയ്ക്ക് തയ്യാറാക്കാനും അതു വഴിയായി വിശ്വാസികൾ ഒന്നടങ്കം ഒരുമിച്ച് വേലചെയ്ത് ദൈവത്തിൻറെ തിരുവിഷ്ടം പൂർത്തീകരിക്കാനുമാണ്.

കൂടാതെ തങ്ങളുടെ തന്നെ ആത്മീയ കുടുംബങ്ങൾ ഒത്തുചേരുന്നിടത്ത് ഈ നേതാക്കന്മാർ കണ്ടു മുട്ടി പ്രാർത്ഥിച്ച് കൂട്ടായ്മകളിൽ പരസ്പരം പ്രോത്സാഹിപ്പിച്ച് ചെറിയ ലളിതമായ സഭയിൽ ചെയ്യുന്നത് തന്നെ ചെയ്യുന്നു.

മൂന്നിൽമൂന്ന് രീതിയിൽ നേതൃത്വ പരിശീലനത്തിനും സൂക്ഷ്മോപദേശത്തിനും ഉപയോഗിക്കുന്നു.

നാല് ഫീൽഡ് രീതി ലോക്കൽ തലത്തിലെന്ന പോലെ ആലോചിക്കുവാനും മൂല്യനിർണ്ണയത്തിനും ഉന്നത തലത്തിൽ പഠിപ്പിക്കുവാനും ഉപയോഗിക്കുന്നു.

നേതാക്കൾ ഒത്തുചേരുമ്പോൾ പങ്കുവെയ്ക്കുക വ്യക്തികൾക്ക് നടക്കുന്നത് മാത്രമല്ല അവരുടെ ശൃംഖല മുഴുവൻ നടക്കുന്നതത്ര. കുടുംബത്തെ പ്രതിനിധാനം ചെയ്യുന്നതെന്ന പോലെ ശുശ്രൂഷിക്കുന്നവരുടെ ക്ഷേമവും അവർ പങ്കുവെയ്ക്കുന്നു. ആത്മീയ കുടുംബങ്ങളുടെ ശൃംഖല കേന്ദ്രീകരിക്കാൻ പറ്റിയ സ്ഥലം ആ ശൃംഖല തുടങ്ങിയ സ്ഥലം തന്നെയാണ്. തമ്പയിൽ നിന്ന് ഉത്ഭവിച്ച ഒരു സഭ പ്രാദേശിക സഭയാകേണ്ടതും തമ്പയിൽ തന്നെയാണ്. അവർ വളരുന്നതിനും സംസ്ഥാനം മുഴുവൻ സേവിക്കുന്നതിനും തുടങ്ങുമ്പോൾ ഫ്ളോറിഡയിലെ ശൃംഖലയ്ക്കായും പ്രവർത്തിച്ചു തുടങ്ങും. അവർ മറ്റുള്ളവരെ അയച്ച് ലോകം മുഴുവൻ സേവിക്കാൻ തുടങ്ങുമ്പോൾ അവർ ദേശീയതലത്തിൽ അഥവാ അന്തർ ദേശീയ തലത്തിൽ പ്രവർത്തിച്ചു തുടങ്ങും.

യേശു പറഞ്ഞു നിങ്ങൾ ചെറിയ കാര്യത്തിൽ വിശ്വസ്തനെങ്കിൽ വലിയ കാര്യങ്ങളിലും വിശ്വസ്തൻ.

സഭയുടെ ഈ ശൃംഖലകളെല്ലാം ബന്ധപ്പെട്ടിരിക്കും കാരണം പൊതുവായ ആത്മീയ ഡി.എൻ.എ.യും പങ്കുവെയ്ക്കപ്പെട്ട തുടക്കങ്ങളും ഉണ്ട്. ചിലപ്പോൾ ഭാഷയുടെ അല്ലെങ്കിൽ ഉപയോഗിക്കപ്പെടേണ്ട അവസരങ്ങൾ അല്ലെങ്കിൽ മറ്റുള്ള കാരണങ്ങൾ മൂലം പല ശൃംഖലകളായി പിരിയാം.

ഇത് വളർച്ചയുടെ ഭാഗമാണ് ഒരു പ്രശ്നമല്ല. ദൈവവചനം പഠിക്കുവാനും അനുസരിക്കുവാനും പങ്കു വെയ്ക്കുവാനുമുള്ള ചെറിയ സഭകളുടെയും അനുയായികളുടെയും സമ്മതമാണ് ഈ പ്രസ്ഥാനത്തിൻറെ ആത്മീയ ഡി.എൻ.എ.യ്ക്ക് അടിസ്ഥാനം. തലമുറ തലമുറകളിലേയ്ക്ക് സഭകളിൽ നിന്ന് സഭകളിലേയ്ക്ക് വിശ്വാസികളിൽ നിന്ന് വിശ്വാസികളിലേയ്ക്ക് വിജയകരമായി അത് കൈ മാറാനായാൽ വർദ്ധിക്കുന്ന ഈ ശിഷ്യരുടെ ഈ പ്രസ്ഥാനം ആരംഭിക്കുവാൻ വേണ്ട്. എല്ലാം തന്നെ ആത്മീയ കുടുംബങ്ങളിലും യേശുവിൻറെ അനുയായികളിലും ഉണ്ട്.

പ്രസ്ഥാനങ്ങൾ വീണ്ടും പ്രസ്ഥാനങ്ങൾക്ക് തുടക്കമിടുമ്പോഴാണ് നാം പുളിപ്പ് മാവിലെന്ന പോലെ പട്ടണങ്ങളിലും രാജ്യങ്ങളിലും അത് പ്രവർത്തിക്കുന്നത് കാണുക. അങ്ങനെയാണ് ദൈവത്തിൻറെ തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിൽ നിറവേറ്റി ദൈവരാജ്യം വരുന്നത്. ഇങ്ങനെ നമുക്ക് എല്ലാ ദേശങ്ങളിലും ശിഷ്യരാക്കുക എന്ന വലിയ നിയോഗം പൂർത്തിയാക്കാം. താഴെയുള്ള ചിത്രത്തിലൂടെ അത് നമുക്ക് വ്യക്തമായി മനസ്സിലാക്കാം. ഒരു സഭ എന്നുപറയുന്നത് നാലു മുതൽ 12 പേരും കുഞ്ഞുങ്ങളും അടങ്ങുന്നു.തലമുറകളിൽപെട്ടവരാണ്അവർ എങ്കിലും കൗമാര പ്രായക്കാർക്ക് സഭകളെ അവരുടെ സമപ്രായക്കാർക്കിടയിൽ താല്പര്യമുണ്ടെങ്കിൽ തുടങ്ങാം. ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കുവാൻ ഈ ചെറിയ അവസ്ഥ സഹായിക്കും. ഉത്തരവാദിത്വം കൂടുതലായിരിക്കും. പങ്കാളിത്വം പൂർണ്ണമായിരിക്കും.

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

ലളിതമായ സഭകളുടെ ശൃംഖലകൾ ആഴമേറിയതും വ്യക്തിപരവുമായ ബന്ധങ്ങളാൽ ബന്ധിപ്പിച്ചിരിക്കുമ്പോൾ നേട്ടങ്ങളുണ്ടോ? മനസ്സിൽ വരുന്ന ചില ഉദാഹരണങ്ങൾ എന്തൊക്കെയാണ്?

## വായിക്കുക

**(5 മിനിറ്റ്)**

**പിയർ മെന്ററിംഗ് ഗ്രൂപ്പുകൾ**

യേശു പറഞ്ഞു പുതിയൊരുകല്പന തരുന്നു. തമ്മിൽ തമ്മിൽ സ്നേഹിക്കണം.ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം.നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങളെൻറെ ശിഷ്യന്മാരെന്ന് എല്ലാവരും അറിയും.

നേതൃത്വം നൽകുകയും മൂന്നിൽ മൂന്ന് ഗ്രൂപ്പ് തുടങ്ങുകയും ചെയ്യുന്ന അംഗങ്ങൾ സൂഷ്മോപദേശക സംഘത്തിലടങ്ങുന്നു.ഇതിലും മൂന്ന് മൂ ന്ന് രീതി പിൻതുടരുന്നു. നിങ്ങളുടെ പ്രദേശത്തെ ആത്മീയതയെ അളക്കുവാനും കൂടിയാണിത്.

യേശുവിൻറെ അനുയായികളുടെയും ലളിത സഭകളുടെയും പിന്നെ മറ്റു സംഘടനകളുടെയും ലോകം മുഴുവനുമെത്തുന്ന സഭാ സമൂഹങ്ങളുടെയും നേതാക്കന്മാരെയാണ് സൂക്ഷ്മോപദേശക സംഘം ഉപയോഗിച്ചു വരുന്നത്.

ഈ സംഘം യേശുവിൻറെ വചനങ്ങളുടെ ദൃഷ്ടാന്തങ്ങളുടെ വചനങ്ങളെ പിൻതുടരുന്നു.തമ്മിൽ ചോദ്യങ്ങളുന്നയിച്ചും അഭിപ്രായങ്ങൾ പറഞ്ഞും അതേ മൂന്നിൽ മൂന്ന് സമയഹരണരീതി ഉപയോഗിക്കുന്നു. ഈ ഗ്രൂപ്പിൻറെ ഉദ്ദേശ്യം ആരെയും വിധിക്കാനല്ല.  ആരെയും ഉയർത്താനുമല്ല, ആരെയും താഴ്ത്താനുമല്ല.

യേശു പറഞ്ഞു നിങ്ങൾ  വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളേയും വിധിക്കും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്ന്കിട്ടും.

അതുകൊണ്ട് സൂക്ഷ്മോപദേശക സംഘത്തിൻറെ ലക്ഷ്യം പ്രാർത്ഥനയിലും അനുസരണത്തിലും പ്രായോഗീകതയിലും ഉത്തരവാദിത്വത്തിലും യേശുവിൻറെ അനുയായികളെ വളർത്തുക എന്നതാണ്. അതായത് തമ്മിൽ സ്നേഹത്തോടെയിരിക്കുക.

ഒരുദാഹരണം പറയാം:

**ഓർമ്മിക്കൽ**

സമയത്തിൻറെ ആദ്യ ഭാഗത്ത് മൂന്നിൽ മൂന്ന് ഗ്രൂപ്പിലെ പോലെ പ്രാർത്ഥനയിലും കരുതലിലും കുറച്ച് സമയം വിനിയോഗിക്കുക. എന്നിട്ട് ഉദ്ദേശത്തിനായി സമയം വിനിയോഗിക്കുക. നമ്മൾ വചനം വായിക്കുമ്പോൾ പ്രാർത്ഥിക്കുമ്പോൾ ദൈവത്തെ വിശ്വസിച്ച് അനുസരിക്കുമ്പോൾ ജീവിത ബന്ധങ്ങളിലെല്ലാം എത്രത്തോളം യേശുവിനോട് അടുത്തിരിക്കുന്നു.

അവസാനമായി ഈ ഭാഗത്ത് കഴിഞ്ഞ യോഗത്തിലെ ഓരോ വ്യക്തിയുടെയും പ്രവൃത്തി പദ്ധതി ദൗത്യങ്ങൾ എല്ലാംവിശകലനം ചെയ്യുക.

**കണ്ടുപിടിത്തം.**

അടുത്ത മൂന്നിലൊന്നു സമയം വചനങ്ങളിലൂടെയും ചർച്ചകളിലൂടെയും പ്രാർത്ഥനകളിലൂടെയും ദൈവത്തിൻറെ ജ്ഞാനം തേടുക. ലളിതമായി ചുരുക്കത്തിൽ പ്രാർത്ഥിക്കുക.

അവൻറെ ആഗ്രഹങ്ങളുംവഴികളും ദൈവവചനങ്ങളിലൂടെ പഠിപ്പിക്കുവാൻ അപേക്ഷിക്കുക. നയിക്കുവാനായി പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാം. നേതൃത്വം നൽകിയ അനുഭവത്തിൽ നിന്നോ വചനത്തിൽ നിന്നോ പ്രാർത്ഥനയിൽ നിന്നോ നിങ്ങൾ എന്തു പഠിച്ചു എന്ന് പങ്കു വെയ്ക്കണം.

എന്നിട്ട് ഇനി പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യാം:

- ഫോർഫീൽഡ് ഡയഗ്രത്തിൻറെ ഓരോ ഭാഗത്തും നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു?
- എന്താണ് കാര്യക്ഷമം നിങ്ങൾക്കുണ്ടായ വെല്ലുവിളിഎന്താണ്?
- ഇപ്പോഴത്തെ തലമുറയെ അവലോകനം ചെയ്യുക?
- മനസ്സിലാവാതെ പോയതെന്തൊക്കെ? എന്താ അതിലുള്ള വെല്ലുവിളി?
- ഇപ്പോൾ ദൈവം തോന്നിപ്പിക്കുന്നതെന്ത്?
- മറ്റംഗങ്ങളിൽ നിന്നോ നേതൃത്വങ്ങളിൽ നിന്നോ എന്തെങ്കിലും ചോദ്യങ്ങളോ അഭിപ്രായങ്ങളോ ഉണ്ടോ?

**മുന്നിൽകാണുക**

നമ്മൾ പഠിച്ചത് എങ്ങനെ പ്രാവർത്തികമാക്കണമെന്നും അനുസരിക്കണമെന്നും സമയത്തിൻറെ അവസാനഭാഗത്ത് മുന്നിൽകാണണം. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം ലഭിക്കുന്നതിനായി പരിശുദ്ധാത്മാവിനോട് മൗനമായി എല്ലാവരും ചേർന്ന് പ്രാർത്ഥിക്കണം.

- അടുത്ത് ഒത്തു കൂടുന്നതിനു മുമ്പ് എന്ത് പദ്ധതി ലക്ഷ്യമാണ് ഞാൻ ദൈവത്തിനു വേണ്ടി ചെയ്യേണ്ടത്  ടൂൾസ് നിങ്ങളുടെ ജോലി കേന്ദ്രീകരിക്കും.
- ഇതിൽ ഉപദേഷ്ടാവ് അല്ലെങ്കിൽ ഗ്രൂപ്പംഗങ്ങൾ എങ്ങനെ സഹായിക്കും.

അവസാനം പ്രാർത്ഥനയിൽ ദൈവത്തോട് സംസാരിച്ച്സമയം വിനിയോഗിക്കുക. ഈ യോഗത്തിലൂടെ പഠിച്ചതെല്ലാം പ്രവർത്തിക്കുവാനും അനുസരിക്കുവാനുമുള്ള ധൈര്യത്തിനും ശക്തിക്കുമായി ദൈവത്തോട് പ്രാർത്ഥിക്കുക. അവസാനം ഈ കൂട്ടായ്മ ദൈവത്തോട് സംവാദ പ്രാർത്ഥനയ്ക്കായി സമയംചെലവഴിക്കുക.

സദ്വചനം ഉൾക്കൊള്ളാനായി പ്രാർത്ഥിക്കുക. കാലിക നേതാക്കന്മാർക്ക് ഇളയനേതാവിനായി പ്രാർത്ഥിക്കേണ്ടതുണ്ടെങ്കിൽ ഇതാണ് അതിനു പറ്റിയ സമയം.

ഗ്രൂപ്പുകൾ ഒരു പാട് ദൂരത്ത് കൂടുന്നതിനാൽ കർത്താവിൻറെ അത്താഴം ഭോജനം തുടങ്ങിയ ആഘോഷങ്ങൾ എന്നും ഉണ്ടാവില്ല. എങ്കിലും കുടുംബത്തിൻറെയും സുഹൃത്തുക്കളുടെയും ആരോഗ്യവും മറ്റും അന്വേഷിക്കാൻ മറക്കരുത്.

യേശു നമുക്ക് പലതവണ കാണിച്ചു തന്നിരിക്കുന്നു.  വളരെ പ്രധാനമായ ദൗത്യങ്ങൾ ചെയ്തു തീർക്കുമ്പോഴും ഉറ്റവർക്കായും സമയം സന്തുലിതമാക്കാനും ശ്രമിക്കണം. സൂഷ്മോപദേശസംഘം ലളിതമെങ്കിലും കരുത്തരായ നേതാക്കന്മാരെ സൃഷ്ടിക്കാൻ പ്രാപ്തിയുള്ള സൂമെ ടൂൾ കിറ്റ്.

## പ്രവർത്തനം

**(45 മിനിറ്റ്)**

**പിയർ മെൻ്ററിംഗ് ഗ്രൂപ്പ് പ്രാക്ടീസ്**

- രണ്ടോ മൂന്നോ ഗ്രൂപ്പുകളായി വിഭജിക്കുക. 3/3 ഫോർമാറ്റ് ചെയ്ത പിയർ മെൻ്ററിംഗ് ഗ്രൂപ്പ് ഔട്ട്‌ലൈൻ ഉപയോഗിക്കുക.
- ഗ്രൂപ്പിലെ ഒരു വ്യക്തിയെ "മെൻറി" ആയി തിരഞ്ഞെടുക്കുകയും മറ്റ് അംഗങ്ങൾ നിർദ്ദേശിച്ച ചോദ്യങ്ങളുടെ പട്ടികയിലൂടെ പിയർ മെൻ്റർമാരായി പ്രവർത്തിക്കുകയും ചെയ്യുക.

**സമാന മനസ്കരെ നയിക്കുന്നതിനുള്ള ലളിതമായ ഫോർമാറ്റ്:**

**പിന്നോട്ടു നോക്കുക [1/3 സമയം]**

ആദ്യത്തെ മൂന്നിലൊന്നു സമയം പ്രാർത്ഥിക്കുക, കരുതുക: 3/3 ഗ്രൂപ്പിലേതുപോലെതന്നെ. മുൻ തീരുമാനങ്ങളിലെ ദർശനവും വിശ്വസ്തതയും വിലയിരുത്താൻ സമയമെടുക്കുക: ക്രിസ്തുവിൽ നിങ്ങൾ നന്നായി വസിക്കുന്നുണ്ടോ? [വചനവായന, പ്രാർത്ഥന, വിശ്വാസം, അനുസരണം, ബന്ധങ്ങൾ?] കഴിഞ്ഞ കൂടിവരവു മുതലുള്ള നിങ്ങളുടെ പ്രവർത്തനപദ്ധതികൾ നിങ്ങളുടെ ഗ്രൂപ്പ് പൂർത്തിയാക്കിയോ? അവലോകനം ചെയ്യുക.

**മുകളിലേക്കു നോക്കുക [1/3 സമയം]**

താഴെപ്പറയുന്ന ചോദ്യങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്യുക:

- നാലുനിലച്ചിത്രത്തിന്റെ (4 fields diagrom) ഓരോ ഭാഗവും നിങ്ങൾ എങ്ങനെയാണു ചെയ്യുന്നത്?
- എന്താണു നന്നായി പ്രവർത്തിക്കുന്നത്? നിങ്ങളുടെ ഏറ്റവും വലിയ വെല്ലുവിളികൾ എന്തെല്ലാമാണ്?
- നിങ്ങളുടെ ഇപ്പോഴത്തെ തലമുറകളുടെ ഭൂപടം അവലോകനം ചെയ്യുക.
- നിങ്ങൾക്കുണ്ടായ വെല്ലുവിളി / നിങ്ങൾക്കു ഗ്രഹിക്കാൻ പ്രയാസമേറിയ കാര്യം?
- ദൈവം അടുത്തിടെ നിങ്ങളെ കാണിച്ചുതരുന്ന കാര്യമെന്താണ്?
- തഴക്കം വന്ന നേതാക്കന്മാർക്കോ മറ്റുള്ള അംഗങ്ങൾക്കോ എന്തെങ്കിലും ചോദിക്കാനുനുണ്ടോ?

**മുന്നോട്ടു നോക്കുക [1/3 സമയം]**

ഗ്രൂപ്പ് അംഗങ്ങളെല്ലാം നിശ്ശബ്ദമായി പ്രാർത്ഥിക്കുക.താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുക:

- അടുത്ത തവണ കൂടിവരുന്നതിനു മുമ്പ് ഞാൻ നിറവേറ്റണമെന്നു ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങളേതെല്ലാം? (അതിനായി നാലുനിലച്ചിത്രം ഉപയോഗിക്കുക).
- ഈ വേലയിൽ എന്റെ മെന്റർക്ക്/മറ്റു ഗ്രൂപ്പ് അംഗങ്ങൾക്ക് എന്നെ എങ്ങനെ സഹായിക്കാനാവും?

ഒടുവിൽ, ഗ്രൂപ്പായി പ്രാർത്ഥിക്കുക. ഗ്രൂപ്പായി പ്രാർത്ഥിക്കട്ടെ, അങ്ങനെ അംഗങ്ങൾക്കെല്ലാം പ്രാർത്ഥിക്കാമല്ലോ. എല്ലാവരുടെ ഹൃദയങ്ങളെ ദൈവം ഒരുക്കാനായി അപേക്ഷിക്കുക. വേറിട്ടു പ്രാർത്ഥിക്കുന്ന സമയം ദൈവം അതു ചെയ്യും. കൂടിവരവിൽ അംഗങ്ങൾ, ദൈവത്തിൽനിന്നു പഠിച്ച കാര്യങ്ങൾ പ്രായോഗികമാക്കാനും അനുസരിക്കാനും വേണ്ടുന്ന ധൈര്യവും ബലവും ദൈവം നൽകാനായി പ്രാർത്ഥിക്കുക. തഴക്കം ചെന്ന ഒരു നേതാവിന് ഒരു യുവനേതാവിനുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കാൻ പറ്റിയ സമയം ഇതാണ്. ഈ ഗ്രൂപ്പുകൾ അകലം വിട്ടു കൂടിവരുന്നതിനാൽ, നിങ്ങൾക്കു കർത്താവിന്റെ അത്താഴം ആചരിക്കുന്നതിനോ, ഒരുമിച്ചു ഭക്ഷണം കഴിക്കുന്നതിനോ കഴിയില്ലായിരിക്കാം. എന്നാൽ, അന്യോന്യം വിശേഷങ്ങൾ തിരക്കുന്നതിലും ക്ഷേമമന്വേഷിക്കുന്നതിലും ഉപേക്ഷകാട്ടരുത്.

**മൂന്ന് മാസ പദ്ധതി**

ബൈബിളിൽ, ദൈവം പറയുന്നു, "നിങ്ങൾക്കുവേണ്ടി എനിക്കുള്ള പദ്ധതികൾ എനിക്കറിയാം, നിങ്ങളെ അഭിവൃദ്ധിപ്പെടുത്താനുള്ള പദ്ധതികൾ, നിങ്ങളെ ഉപദ്രവിക്കാതിരിക്കാനുള്ള പദ്ധതികൾ, നിങ്ങൾക്ക് പ്രത്യാശയും ഭാവിയും നൽകാനുള്ള പദ്ധതികൾ."

ദൈവം പദ്ധതികൾ തയ്യാറാക്കുന്നു, നമ്മളും പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന് അവൻ പ്രതീക്ഷിക്കുന്നു.

നിങ്ങളുടെ ശ്രദ്ധയും പ്രയത്നങ്ങളും കേന്ദ്രീകരിക്കാനും അവരെ വർദ്ധിപ്പിക്കുന്ന ശിഷ്യരെ ഉളവാക്കുന്നതിനുള്ള ദൈവത്തിൻ്റെ മുൻഗണനകളുമായി അവയെ ക്രമീകരിക്കാനും നിങ്ങൾക്ക് ഉപയോഗിക്കാവുന്ന ഒരു ഉപകരണമാണ് മൂന്ന് മാസ പദ്ധതി.

നിങ്ങളുടെ മൂന്ന് മാസത്തെ പ്ലാൻ എങ്ങനെ രൂപീകരിക്കാമെന്ന് അടുത്ത സ്ലൈഡ് നിങ്ങളെ കാണിക്കും. ഓൺലൈൻ ടൂൾ ഉപയോഗിക്കാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു.

---

## പ്രവർത്തനം

**(30 മിനിറ്റ്)**

**നിങ്ങളുടെ മൂന്ന് മാസ പദ്ധതി തയ്യാറാക്കുക**

- വായിക്കുക - നിങ്ങൾ എല്ലാ ഇനങ്ങളിലും പ്രതിജ്ഞാബദ്ധരാകേണ്ടതില്ല, പകരം അവ നിങ്ങളുടെ പ്ലാനിനായുള്ള നിർദ്ദേശങ്ങളായിട്ടാണ് ഉദ്ദേശിച്ചിരിക്കുന്നത്. (5 മിനിറ്റ്)
- ശ്രദ്ധിക്കുക - കഴിയുന്നത്ര നിശബ്ദത പാലിക്കാനും ദൈവം വെളിപ്പെടുത്താൻ തിരഞ്ഞെടുക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കാനും സമയമെടുക്കുക. (10 മിനിറ്റ്)
- നിങ്ങളുടെ പ്ലാൻ രേഖപ്പെടുത്തുക - ഒരു കടലാസിൽ പ്രതിബദ്ധതകൾ എഴുതുക അല്ലെങ്കിൽ നിങ്ങളുടെ ഉത്തരങ്ങൾ സംരക്ഷിക്കാൻ ഓൺലൈൻ ടൂൾ ഉപയോഗിക്കുക. (15 മിനിറ്റ്)

ഞാൻ എൻ്റെ കഥയും [സാക്ഷ്യം] ദൈവത്തിൻ്റെ കഥയും [സുവിശേഷം] ഇനിപ്പറയുന്ന വ്യക്തികളുമായി പങ്കിടും:

---

എന്നോടൊപ്പം ഒരു അക്കൗണ്ടബിലിറ്റി ഗ്രൂപ്പ് ആരംഭിക്കാൻ ഞാൻ ഇനിപ്പറയുന്ന ആളുകളെ ക്ഷണിക്കും:

---

ഇനിപ്പറയുന്ന ആളുകളെ അവരുടെ സ്വന്തം അക്കൗണ്ടബിലിറ്റി ഗ്രൂപ്പുകൾ ആരംഭിക്കാനും അത് എങ്ങനെ ചെയ്യണമെന്ന് അവരെ പരിശീലിപ്പിക്കാനും ഞാൻ നിർബന്ധിക്കും:

---

എന്നോടൊപ്പം ഒരു 3/3 ഗ്രൂപ്പ് ആരംഭിക്കാൻ ഞാൻ ഇനിപ്പറയുന്ന ആളുകളെ ക്ഷണിക്കും:

---

ഇനിപ്പറയുന്ന ആളുകളെ അവരുടെ സ്വന്തം 3/3 ഗ്രൂപ്പുകൾ ആരംഭിക്കാനും അത് എങ്ങനെ ചെയ്യണമെന്ന് അവരെ പരിശീലിപ്പിക്കാനും ഞാൻ സഹായിക്കും:

---

ഒരു 3/3 ഹോപ്പ് അല്ലെങ്കിൽ ഡിസ്കവർ ഗ്രൂപ്പിൽ പങ്കെടുക്കാൻ ഞാൻ ഇനിപ്പറയുന്ന ആളുകളെ ക്ഷണിക്കും:

---

എന്നോടൊപ്പം പ്രാർത്ഥന നടത്തത്തിൽ പങ്കെടുക്കാൻ ഇനിപ്പറയുന്ന ആളുകളെ ഞാൻ ക്ഷണിക്കും:

---

ഓരോ [ദിവസം / ആഴ്ച / മാസങ്ങൾ] ഒരിക്കൽ ഞാൻ പ്രാർത്ഥിക്കും.

---

ഞാൻ ഇനിപ്പറയുന്ന ആളുകളെ അവരുടെ കഥയും ദൈവത്തിൻ്റെ കഥയും പങ്കിടാനും അവരുടെ റിലേഷനൽ നെറ്റ്‌വർക്കിലെ 100 ആളുകളുടെ ഒരു ലിസ്റ്റ് ഉണ്ടാക്കാനും സജ്ജരാക്കും:

---

പ്രെയർ സൈക്കിൾ ടൂൾ ആനുകാലിക അടിസ്ഥാനത്തിൽ ഉപയോഗിക്കാൻ ഞാൻ ഇനിപ്പറയുന്ന ആളുകളെ വെല്ലുവിളിക്കും:

---

ഓരോ [ദിവസങ്ങൾ / ആഴ്ചകൾ / മാസങ്ങൾ] ഒരിക്കൽ ഞാൻ പ്രെയർ സൈക്കിൾ ടൂൾ ഉപയോഗിക്കും.

---

ഞാൻ നയിക്കുന്ന ഒരു ലീഡർഷിപ്പ് സെല്ലിൻ്റെ ഭാഗമാകാൻ ഇനിപ്പറയുന്ന ആളുകളെ ഞാൻ ക്ഷണിക്കും:

---

ഈ Zúme പരിശീലന കോഴ്സിലൂടെ പോകാൻ ഞാൻ ഇനിപ്പറയുന്ന ആളുകളെ പ്രോത്സാഹിപ്പിക്കും:

---

മറ്റ് പ്രതിബദ്ധതകൾ:

---

## ചർച്ച ചെയ്യുക

**(10 മിനിറ്റ്)**

നിങ്ങളുടെ മൂന്ന് മാസത്തെ പ്ലാനുകൾ പരസ്പരം പങ്കുവെക്കുക.

ആഴ്ചതോറും നിങ്ങളുമായി ചെക്ക് ഇൻ ചെയ്യാൻ തയ്യാറുള്ള ഒരു പരിശീലന പങ്കാളിയെ(കളെ) കണ്ടെത്തുക. അവർക്കുവേണ്ടിയും അതുതന്നെ ചെയ്യാൻ പ്രതിജ്ഞാബദ്ധത കാട്ടുക.

## അവലോകനം

(1 മിനിറ്റ്)

**ഈ സെഷനിൽ കേട്ട ആശയം:**

- നെറ്റ്‌വർക്കുകളിലെ നേതൃത്വം

**ഈ സെഷനിൽ കേട്ട ഉപകരണങ്ങൾ:**

- പിയർ മെന്ററിംഗ് ഗ്രൂപ്പുകൾ
- മൂന്ന് മാസ പദ്ധതി

## അടുത്ത പടി

**കമ്മ്യൂണിറ്റിയിൽ ചേരുക**

Zúme-ൻ്റെ പരിശീലന ഭാഗം അവസാനിക്കുകയാണ്, എന്നാൽ ഉപകരണങ്ങളുടെയും ആശയങ്ങളുടെയും പരിശീലനം തുടരുന്നു.

ഒറ്റയ്ക്ക് ചെയ്യരുത്. പ്രോത്സാഹനത്തിനും വളർച്ചയ്ക്കുമായി ഒരു കമ്മ്യൂണിറ്റി കണ്ടെത്തുക.

QR കോഡ് ഉപയോഗിച്ച് Zume കമ്മ്യൂണിറ്റിയിൽ ചേരുക.

**സുമെ പരിശീലനം പൂർത്തിയാക്കിയതിന് അഭിനന്ദനങ്ങൾ!**

